# രക്ഷയുടെ പാതയിൽ

## സീറോമലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

## അധ്യാപക സഹായി

## സ്റ്റാൻഡേർഡ് - **12**

# ക്രൈസ്തവജീവിതം സഭയിലും സമൂഹത്തിലും

# Vol. 2

Published by

**THE SYNODAL COMMISSION FOR CATECHESIS**

**SYRO-MALABAR CATECHETICAL CENTRE**

Mount St. Thomas, Kakkanad, Kochi- 682 030

Title

**Rakshayude Pathayil - 12**
**Kraisthavajeevitham**
**Sabhayilum Samoohathilum**

Published and Distributed by

**The Synodal Commission for Catechesis**
**Syro-Malabar Catechetical Centre,**
**Mount St. Thomas**
**Kakkanad, Kochi -682030**
**E-mail: smcatechesis@gmail.com**

First Publication
**May 1st, 2025**

Printing

**St. Joseph's Press, Thiruvananthapuram**

# ഉള്ളടക്കം

ആമുഖം ........ 1
ആശംസ ........ 2
പാഠപുസ്തക സമീപനം ........ 3
പാഠകുറിപ്പ് തയ്യാറാക്കുമ്പോൾ ........ 5
മൂല്യനിർണ്ണയം ........ 6
പാഠപുസ്തക വിശകലനം ........ 8
അധ്യായം 1. എന്റെ ഈശോ ........ 13
അധ്യായം 2. എന്റെ സീറോമലബാർസഭ ........ 25
അധ്യായം 3. എന്റെ അമ്മയും വിശുദ്ധരും ........ 38
അധ്യായം 4. എന്റെ ക്രിസ്തീയവ്യക്തിത്വം ........ 50
അധ്യായം 5. ലൈംഗീകത, വിവാഹം, കുടുംബം ........ 56
അധ്യായം 6. ദൈവവിളിയും എന്റെ മറുപടിയും ........ 65
അധ്യായം 7. ക്രൈസ്തവവിശ്വാസവും ശാസ്ത്രവും ........ 77
അധ്യായം 8. ക്രൈസ്തവജീവിതവും പരിസ്ഥിതി സംരക്ഷണവും ........ 85
അധ്യായം 9. ക്രിസ്തീയജീവിതവും മാധ്യമങ്ങളും ........ 92
അധ്യായം 10. അധ്വാനത്തിന്റെ മഹത്വവും സമ്പത്തിന്റെ വിനിയോഗവും ........ 102
അധ്യായം 11. ക്രൈസ്തവ സംഭാവനകൾ ........ 113
അധ്യായം 12. ഞാൻ ഈശോയുടെ സാക്ഷി ........ 119

# ആമുഖം

"അപ്പസ്തോലൻമാരുടെ പ്രബോധനം, കൂട്ടായ്മ. അപ്പം മുറിക്കൽ. പ്രാർത്ഥന എന്നിവയിൽ അവർ താല്പര്യപൂർവം പങ്കുചേർന്നു" (അപ്പ 2:42) എന്നാണ് വിശുദ്ധ ബൈബിളിൽ ആദിമസഭയുടെ വളർച്ചയെക്കുറിച്ച് നമ്മൾ വായിക്കുന്നത്. പ്രബോധനമാണ് കൂട്ടായ്മയിലേക്കും അപ്പം മുറിയ്ക്കലിലേക്കും പ്രാർത്ഥനയിലേക്കും മനുഷ്യരെ നയിച്ചത്.

വിശ്വാസത്തിലേക്കും, ആരാധനയിലേക്കും പ്രാർത്ഥയിലേക്കും സഭാ കൂട്ടായ്മയിലേക്കും വ്യക്തികളെ വളർത്തി കൊണ്ടുവരണമെങ്കിൽ ശരിയായ പ്രബോധമാണ് ആദ്യം നല്കേണ്ടത്. ഈശോ അപ്പസ്തോലന്മാർക്ക് പകർന്ന് നൽകിയതാണ് ഈ പരിശീലനരീതി. അത് അനുഭവിച്ചവരും അതേ പരിശീലനരീതിയിലൂടെ സഭയെ വളർച്ചയിലേക്ക് നയിച്ചു. ഈ ദൗത്യം ഇന്ന് നിർവഹിക്കപ്പെടുന്നത് വിശ്വാസ പരിശീലനത്തിലൂടെയാണ്.

ഈശോയെ അനുഭവിച്ചറിഞ്ഞ് കൂടെ നടന്ന അപ്പസ്തോലൻമാരെ പോലെയായിരിക്കണം ഓരോ വിശ്വാസ പരിശീലകരും. അറിവ് പകർന്നു കൊടുക്കുന്ന കേവല അദ്ധ്യാപകരല്ല അവർ. അറിവും അനുഭവവും ആത്മ സമർപ്പണവും ഉള്ള മാതൃകാ വ്യക്തികളായിരിക്കണം. എങ്കിലേ വിശ്വാസ ജീവിതത്തിലേക്ക്; ക്രിസ്തീയ ജീവിതത്തിലേക്ക് പരിശീലിപ്പിക്കപ്പെടുന്നവർ വളരൂ.

വിശ്വാസപരിശീലകരായ നിങ്ങളുടെ ശരിയായ പ്രബോധനമാണ് കുട്ടികളെ ആരാധനയിലേക്കും പ്രാർത്ഥനയിലേക്കും സഭാ കൂട്ടായ്മയിലേക്കും നയിക്കേണ്ടത്. അതിനു സാധ്യമാകുന്ന വിധം പാഠപുസ്തകത്തിലെ ആശയങ്ങൾ അവതരിപ്പിക്കപ്പെടണം; വിശ്വാസ ബോധ്യങ്ങളിലേയ്ക്ക് പഠിതാക്കൾ നയിക്കപ്പെടണം.

ഈ ലക്ഷ്യം സാധിക്കാത്തക്കവിധമാണ് "ഫോർമേറ്റീവ് അപ്രോച്ചിൽ" ചോദ്യങ്ങളിലൂടേയും പ്രവർത്തനങ്ങളിലൂടേയും ചരിത്ര വസ്തുതകളിലൂടേയും സഭാ പ്രബോധനങ്ങൾ ഉറപ്പിച്ച് കൊണ്ട് പാഠപുസ്തകം തയ്യാറാക്കിയിരിക്കുന്നത്. ഒരു കുറവും വരാതെ ഈശോയെ പകർന്നു കൊടുക്കുന്നതിൽ അപ്പസ്തോലന്മാർ കാണിച്ചു തന്ന മാതൃകയിൽ വിശ്വാസ പരിശീലന പ്രവർത്തനങ്ങൾ നടത്താൻ ഈശോ നമ്മെ അനുഗ്രഹിക്കട്ടെ.

പന്ത്രണ്ടാം ക്ലാസ്സിലെ എല്ലാ വിശ്വാസപരിശീലകർക്കും ഈ അധ്യാപക സഹായി ഉപകരിക്കപ്പെടട്ടെ.

**മാർ ജോസ് പുളിക്കൽ**

വിശ്വാസപരിശീലന കമ്മീഷൻ ചെയർമാൻ

# ആശംസ

ഈശോ ദൈവത്തിന്റെ പുത്രൻ എന്ന് വിശ്വസിക്കാൻ മനുഷ്യരെ സഹായിക്കുകയും അവനോടൊത്തുള്ള ജീവിതം പഠിപ്പിക്കുകയും പരി ശീലിപ്പിക്കുകയും ചെയ്യുക, അങ്ങനെ അവിടുത്തെ ശരീരം (തിരുസഭ) പണിതുയർത്തുക ഇതിനായുള്ള പ്രവർത്തനങ്ങളെയാണ് മതബോധന മെന്ന് സഭ പ്രബോധിപ്പിക്കുന്നത്. ഇത് കുട്ടികൾക്ക് മാത്രമായുള്ളതല്ല, യുവാക്കൾക്കും മുതിർന്നവർക്കുമെല്ലാമുള്ളതാണ്.

കുട്ടികൾക്കായുള്ള വിശ്വാസ പരിശീലനത്തെയാണ് മതബോധന മെന്ന് പൊതുവെ നാം ധരിച്ചിരിക്കുന്നത്. ഭാവി സഭയായ കുഞ്ഞുങ്ങൾ ഈശോയെ അറിഞ്ഞും അനുഭവിച്ചും അനുഗമിച്ചും ജീവിക്കണം. അതിന് അവരെ പ്രാപ്തരാക്കുന്നതിൽ മതാധ്യാപകർക്ക് വലിയ പങ്കുണ്ട്.

കാലത്തിന്റെ പ്രത്യേകതകളും കുട്ടികളുടെ മാനസിക നിലയും മന സ്സിലാക്കി വേണം അവരെ പരിശീലിപ്പിക്കാൻ. ചോദ്യങ്ങളും, ചർച്ചകളും, വിശകലനങ്ങളുമെല്ലാം ക്ലാസ്സിൽ നടക്കണം. പഠിതാവിന്റെ യുക്തിയേയും സ്വതന്ത്ര ചിന്തയേയും തൃപ്തിപ്പെടുത്തുന്നതാകണം പരിശീലനം എങ്കിലേ അവരെ ബോധ്യങ്ങളിലേക്ക് നയിക്കാൻ സാധിക്കൂ. അതിനു സഹായകമാം വിധമാണ് പാഠപുസ്തകം തയ്യാറാക്കിയിരിക്കുന്നത്. പുസ്തക ലക്ഷ്യം സാധ്യമാകണമെങ്കിൽ അത് പഠിപ്പിക്കുന്നവർ ഉള്ളടക്കത്തേയും വിനിമയരീതിയേയും കൃത്യമായും സർഗാത്മകമായും സംയോജിപ്പിക്കേണ്ടതുണ്ട്. അതിന് അധ്യാപകരെ സഹായിക്കുകയാണ് ഈ പുസ്തകത്തിന്റെ ലക്ഷ്യം. ഇതിലൂടെ കൂടുതൽ അറിവുകൾ നേടി വിശ്വാസ വളർച്ച നേടാൻ അധ്യാപകർക്കും സാധിക്കും.

ഏതു വിധമാണ് ആശയങ്ങൾ അവതരിപ്പിക്കേണ്ടത്, വിശദീകരി ക്കേണ്ടത്, ക്രോഡീകരിക്കേണ്ടത്, തുടങ്ങിയ കാര്യങ്ങൾ ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എന്നാൽ ഇതിന്റെ കേവലമായ പകർത്തലല്ല; സ്ഥലത്തിനും സാഹചര്യത്തിനും യോജിച്ച വിധം അനുരൂപണം ന ടത്തി അവതരിപ്പിക്കുമ്പോഴാണ് അധ്യാപകൻ വിജയിക്കുന്നത്. അതിന് നിങ്ങളെ സഹായിക്കുക മാത്രമാണ് ലക്ഷ്യം. "മിശിഹാ നമ്മളിൽ രൂപീ കൃതമായാലേ" പഠിതാക്കളിലും രൂപീകൃതമാകൂ. വിശ്വാസപരിശീലന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ ജോസ് പുളിക്കൽ പിതാവിനും ഗ്രന്ഥ രചനയിൽ സഹായിച്ച എല്ലാവർക്കും സ്നേഹപൂർവം നന്ദി നേരുന്നു.

ഈശോ നമ്മുടെ ദൗത്യത്തെ വിജയിപ്പിക്കട്ടെ.

**ഫാ. തോമസ് മേൽവെട്ടത്ത്**
വിശ്വാസപരിശീലന കമ്മീഷൻ സെക്രട്ടറി

## പാഠപുസ്തക സമീപനം

ക്രൈസ്തവജീവിതം സഭയിലും സമൂഹത്തിലും എന്ന പാഠപുസ്തകത്തിന്റെ രണ്ടാം ഭാഗമാണ് പന്ത്രണ്ടാം ക്ലാസ്സിനു വേണ്ടിയുള്ള ഈ പുസ്തകം. എന്റെ ഈശോയെ അറിഞ്ഞ് എന്റെ സഭാ ചരിത്രത്തെയും മാതാവിനെയും വിശുദ്ധരെയും മനസ്സിലാക്കി എന്റെ വ്യക്തിത്വം രൂപീകരിച്ച് എന്റെ വിളി മനസ്സിലാക്കി ഈ ആധുനിക കാലഘട്ടത്തിൽ എങ്ങനെ ഈശോയുടെ സാക്ഷിയായി ജീവിക്കാമെന്ന് വ്യക്തമാക്കികൊടുക്കുകയാണ് ഈ പുസ്തകത്തിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

**ഫോർമേറ്റിവ് അപ്രോച്ച് (രൂപീകരണ സമീപനം)**

വിദ്യാഭ്യാസത്തിലൂടെ പഠിതാക്കൾക്ക് അറിവുകളിലേക്കും (information) അതിലൂടെ രൂപീകരണത്തിലേക്കും (Formation) തുടർന്ന് സമൂഹത്തിലേക്കും നന്മകൾ പകർന്ന് നല്കാൻ (Transformation) കഴിയണമെന്നാണല്ലോ വിവക്ഷിക്കുന്നത്. അതുപോലെ വിശ്വാസ പരിശീലനത്തിലെ അറിവുകൾ, വിശ്വാസരൂപീകരണത്തിലേക്കും (Faith formation) വിശ്വാസ അനുഭവത്തിലേക്കും ക്രിസ്തീയ ജീവിതത്തിലേക്കും നയിക്കുന്നതാകണം. ക്രിസ്തീയ ജീവിതമെന്നത് ഈശോയെക്കുറിച്ചുള്ള അറിവ്, സഭയെക്കുറിച്ചുള്ള അറിവ്, കൂദാശാ ജീവിതം, ധാർമ്മീക ജീവിതം, പ്രാർത്ഥനാ ജീവിതം, സാമൂഹ്യ ജീവിതം എന്നിവ ഉൾചേർന്നതാണ്.

പാഠപുസ്തകത്തിലൂടെ കടന്നുപോകുന്ന കുട്ടികൾ ഈ വിധം കാര്യങ്ങൾ ഗ്രഹിച്ച് സ്വാംശീകരിക്കാൻ പറ്റുന്ന വിധമാണ് അവതരിപ്പിക്കാൻ ശ്രമിച്ചിട്ടുള്ളത്. അത്തരം സമീപനത്തെയാണ് രൂപീകരണ സമീപനം, അഥവാ പരിവർത്തന സമീപനം (Formative Approch) എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

**ഫോർമേറ്റിവ് അപ്രോച്ചിന്റെ സവിശേഷതകൾ**

1. വിദ്യാർത്ഥി കേന്ദ്രീകൃതം (Student centered) അവരുടെ നൈപുണ്യകളെയും (Skills) സാഹചര്യത്തെയും, അറിവിനേയും പ്രയോജനപ്പെടുത്തി, പ്രവർത്തനങ്ങളിലൂടെ ആശയരൂപീകരണത്തിലേക്ക് എത്തുന്നു. തങ്ങളുടേതായ കഴിവുകൾ പ്രയോജനപ്പെടുത്താൻ കുട്ടികൾക്ക് സാധിക്കുന്നു.
2. അധ്യാപകൻ പ്രചോദകൻ (Teacher as a Facilitator): കുട്ടികളുടെ ചിന്തകളും കഴിവുകളും പുറത്തെടുക്കുന്നതിനുള്ള സാഹചര്യങ്ങൾ (പഠന പ്രവർത്തനങ്ങൾ) ഒരുക്കുകയും, ഇടപെടലുകളിലൂടെ ആശയത്തിലേക്ക് നയിക്കുകയും കൃത്യമായ ക്രോഡീകരണത്തിൽ എത്തിക്കുകയും ചെയുകയാണ് ടീച്ചറുടെ ഉത്തരവാദിത്വം.

3. പാഠപുസ്തകം: സ്വയം വിശദീകരിക്കുന്നതും കുട്ടിയോട് സംവദിക്കുന്നതുമായ ഭാഷയും (Self Conversation) കാണുമ്പോൾ തന്നെ മനസ്സിൽ പതിയത്തക്കവിധം (Auto Scanning) വിവരങ്ങൾ ഹ്രസ്വമായും ആകർഷണീയമായും അവതരിപ്പിക്കുന്നതും കൂടുതൽ അറിവിലേക്കും പഠനത്തിലേക്കും (Extended Study) നയിക്കാൻ സാധിക്കുന്നതുമാണ്.

4. വിലയിരുത്തൽ (Evaluation): ഓർമ്മയിൽ സൂക്ഷിക്കുന്ന അറിവുകൾ പരിശോധിക്കുന്നതിനപ്പുറം ആശയങ്ങളിൽ ധാരണ ഉണ്ടോ എന്ന് കണ്ടെത്തും വിധമുള്ള പരീക്ഷകളും (Term Evaluation) സ്വയം വിലയിരുത്താൻ കഴിയുന്ന പ്രവർത്തനങ്ങളും ചോദ്യങ്ങളും (Self Evaluation) പരസ്പരം വിലയിരുത്താൻ കഴിയുന്ന സംഘ പ്രവർത്തനങ്ങളും (Peer Evaluation) ഫോർമേറ്റീവ് സമീപനത്തിൽ ഉൾക്കൊള്ളുന്നുണ്ട്. ഇവയെല്ലാം പരിഗണിച്ച് നിലവാരം കണക്കാക്കുന്ന നിരന്തര വിലയിരുത്തലിനുള്ള (Continuous Evaluation) സാധ്യതയും ഇതിൽ ഉണ്ട്.

5. ഉദ്ഗ്രഥിതവും ഉൾച്ചേർന്നതുമായ ഉള്ളടക്കം. (Integrated and inclusive content): വിശുദ്ധ ബൈബിൾ, സഭാപ്രബോധനങ്ങൾ, അടിസ്ഥാനമതബോധനം (നമസ്കാരങ്ങൾ), ചരിത്ര വസ്തുതകൾ മുതലയാവയെ കോർത്തിണക്കി പാഠങ്ങളെ അവതരിപ്പിക്കുന്നതോടൊപ്പം വ്യത്യസ്ത നിലവാരത്തിലുള്ള കുട്ടികളേയും പരിഗണിച്ചായിരിക്കണം ആശയങ്ങൾ അവതരിപ്പിക്കേണ്ടത്.

6. പാഠാവതരണം (Class room process): മുന്നറിവുകളെ പ്രയോജനപ്പെടുത്തി പ്രശ്ന/ സാഹചര്യ വിശകലനത്തിന് സാധിക്കുന്നതും സ്വതന്ത്ര ചിന്തയെ (Praxis) ഉണർത്തുന്നതും കഴിവുകളേയും (Skills) സർഗാത്മകതയെയും (Creativity) പ്രയോജനപ്പെടുത്തുന്നതിനും പറ്റുന്ന വിധത്തിലുള്ള പ്രവർത്തനങ്ങളാണ് ക്ലാസ്സിൽ നടക്കേണ്ടത്. ആശയങ്ങളുടെ നഷ്ടം (Content drainage) സംഭവിക്കാതിരിക്കാൻ അധ്യാപകരുടെ ഇടപെടലുകളും ഉറപ്പാക്കപ്പെടണം.

സ്വയം ആശയങ്ങളെ തിരിച്ചറിഞ്ഞ് നിലപാടുകൾ സ്വീകരിച്ച് സാമൂഹ്യ ജീവിതത്തിൽ ആത്മീയവും ധാർമ്മികവുമായ വഴിയേ സഞ്ചരിക്കാൻ പ്രാപ്തി നേടാൻ സഹായിക്കുകയാണ് ഫോർമേറ്റീവ് അപ്രോച്ചിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

ടീച്ചർക്ക് നല്ല മുൻ ധാരണയും മുന്നൊരുക്കവും ഇതിന് ആവശ്യമാണ്. അത്യാവശ്യമായ റഫറൻസ് ഗ്രന്ഥങ്ങളുടെ ലഭ്യത സൺഡേ സ്കൂളുകളിലും ടീച്ചേർസിനും ഉണ്ടായിരിക്കേണ്ടതുണ്ട്. (ഉദാ കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം, യൂക്കാറ്റ് etc.) സങ്കേതിക വിദ്യകളുടെ (Technology) പ്രയോജനപ്പെടുത്തൽ അത്യന്താപേഷിതവുമാണ്.

# പാഠകുറിപ്പ് തയ്യാറാക്കുമ്പോൾ

തന്റെ മുമ്പിലുള്ള പഠിതാവിനെ ചിന്തയിലും അറിവിലും ഉണർത്തി ഉയർത്തുകയും യുക്തിഭദ്രമായി ആശയങ്ങളെ ഉൾകൊണ്ട് ബോധ്യങ്ങളിലേക്കും ഉത്തമശീലങ്ങളിലേക്കും നയിക്കുക എന്നതാണ് ഫോർമേറ്റിവ് അപ്രോച്ചിലൂടെ ലക്ഷ്യം വെയ്ക്കുന്നത്. ഈ ലക്ഷ്യം സാധ്യമാക്കുകയാണ് അധ്യാപകരുടെ ഉത്തരവാദിത്വം. പാഠപുസ്തകവും ടീച്ചർ ടെക്സറ്റുമെല്ലാം സഹായക സാമഗ്രികൾ മാത്രമാണ്. ടീച്ചറുടെ മുന്നൊരുക്കവും ആശയധാരണയും പഠിതാക്കളുടെ നിലവാരത്തെക്കുറിച്ചുള്ള ധാരണയുമാണ് ലക്ഷ്യ പ്രാപ്തിക്ക് അവശ്യം ഉണ്ടായിരിക്കേണ്ട കാര്യങ്ങൾ. ഇവക്കനുസൃതമായി പാഠത്തിലെ ആശയങ്ങളെ പഠിതാക്കളിലേക്ക് എത്തിക്കാനുള്ള ശ്രമങ്ങളെ ക്രമീകൃതമായി രേഖപ്പെടുത്തുന്നതാണ് പാഠക്കുറിപ്പ്.

ഇത് ഓരോ അധ്യാപകരുടേയും സ്വന്തമായതിനാൽ വ്യത്യസ്തവുമായിരിക്കും. എങ്കിലും ഒരു ഏകീകൃതരൂപം അനിവാര്യമാണ്.

**പാഠക്കുറിപ്പിന്റെ ഏകദേശ ഘടന**

- അധ്യായം
- ലക്ഷ്യം
- ബോധ്യങ്ങൾ
- ശീലം
- പ്രധാന ആശയങ്ങൾ

(1, 2... എണ്ണം. ടീച്ചർ ടെക്സ്റ്റിൽ പറയാത്തത്. തങ്ങളുടെ പഠിതാക്കൾക്ക് ആവശ്യമായത് പാഠത്തിൽ നിന്നും കൂട്ടിച്ചേർക്കാം.)

- പഠനോപകരണങ്ങൾ
- സഹായക ഗ്രന്ഥങ്ങൾ
- വിശദമാക്കേണ്ട പദങ്ങൾ
  (പഠിതാക്കളുടെ നിലവാരം, ധാരണ ഇവ പരിഗണിച്ച്)
- സമയം
- പാഠാവതരണം
- പഠനപ്രവർത്തനം

  a. ആമുഖ പ്രാർത്ഥന
  പ്രക്രിയ
  ക്രോഡീകരണം
- തുടർ പ്രവർത്തനം
- വിലയിരുത്തൽ കുറിപ്പ്

# മൂല്യനിർണ്ണയം

വിശ്വാസ ജീവിത പരിശീലനത്തിന്റെ അന്തിമലക്ഷ്യം പഠിതാക്കളുടെ ജീവിതനവീകരണവും സ്വർഗ്ഗാഭിമുഖ ജീവിതവുമാണ്. മൂല്യനിർണ്ണയ ത്തിൽ പാഠപുസ്തകത്തിലെ ആശയങ്ങൾക്കപ്പുറം ഈ ലക്ഷ്യങ്ങൾ കുട്ടി എത്ര മാത്രം നേടിയിരിക്കുന്നു എന്നാണ് പരിശോധിക്കേണ്ടത്. അതിന് മൂല്യനിർണ്ണയരീതിയിൽ സമഗ്രമായ മാറ്റം ഉണ്ടാകണമെന്ന ആവശ്യം എല്ലാ തലങ്ങളിൽ നിന്നും ഉയർന്നുവരാറുണ്ട്. മതബോധന ലക്ഷ്യത്തിനും പാഠപുസ്തകസമീപനത്തിനും ഉള്ളടക്കത്തിനും അനു സൃതമായിരിക്കേണ്ടതുണ്ട് മൂല്യനിർണ്ണയ രീതി.

ഫോർമേറ്റീവ് സമീപനരീതിയിലുള്ള വിലയിരുത്തലിൽ നിരന്തര മൂല്യനിർണ്ണയവും (Continuous Evaluation) വാർഷിക മൂല്യനിർണ്ണ യവും (Term Evaluation) അനിവാര്യ ഘടകങ്ങളാണ്.

## A **വാർഷിക മൂല്യനിർണ്ണയം**

വിശ്വാസപരമായ അറിവുകളും, ആശയങ്ങളും, സഭാ പീനങ്ങളും എത്രത്തോളം ഉൾകൊണ്ടിട്ടുണ്ടെന്നും, ജീവിത സാഹചര്യങ്ങളിൽ ക്രിസ്തീയ നിലപാടുകൾ സ്വീകരിക്കാൻ കഴിയുന്നുണ്ടോയെന്നതും വിലയിരുത്തുന്നതിന് ടേം മൂല്യനിർണ്ണയത്തിലൂടെ ലക്ഷ്യം വെയ്ക്കുന്നു. ഇതിനായി പ്രധാനമായും എഴുത്തുപരീക്ഷ രീതിയാണ് സ്വീകരിക്കുക.

1. പാദവാർഷിക പരീക്ഷകൾ
2. വാർഷിക പരീക്ഷ
3. യൂണിറ്റ് ടെസ്റ്റുകൾ എന്നിവ ഇതിന്റെ ഭാഗങ്ങളാണ്.

## **B നിരന്തര മൂല്യനിർണ്ണയം (CE)**

പഠിതാവിലുണ്ടാകുന്ന മാറ്റങ്ങളും മനോഭാവങ്ങളും നിരന്തര മൂല്യ നിർണ്ണയത്തിലൂടെ വിലയിരുത്തപ്പെടുത്തുന്നു. ക്ലാസ്സ് അധ്യാപകരാണ് ഇത് സാധ്യമാക്കേണ്ടത്. നിരന്തര മൂല്യനിർണ്ണയത്തിന് താഴെപ്പറയുന്ന മേഖലകൾ പരിഗണിക്കണം.

1. ക്ലാസ്സ് റൂം സാധ്യതകൾ: പ്രവർത്തനങ്ങളിലെ പങ്കാളിത്തം, തുടർ പ്രവർത്തനത്തിലൂടെ തയ്യാറാക്കപ്പെടുന്ന ഉല്പന്നങ്ങൾ, ഹാജർ എന്നിവയെല്ലാം ഇതിലെ മാനദണ്ഡങ്ങളാണ്.

2. കൂദാശാ ജീവിതം: വിശുദ്ധ കുർബാനയിലെ പങ്കാളിത്തം, അനുര ഞ്ജന കൂദാശ സ്വീകരണം, കൂദാശകളോടും സഭാ നിലപാടുകളോ ടുമുള്ള മനോഭാവം മുതലായവ ഇതിൽ ഉൾപ്പെടുന്നു.

3. സംഘടനാ പ്രവർത്തനം: ഇടവകാപ്രവർത്തനങ്ങളിലെ ഭാഗഭാഗിത്വവും സംഘടനകളിലെ സജീവതയും, ധാർമ്മീക നിലപാടുകൾ തുടങ്ങിയ മേഖലകളാണ് ഇവിടെ വിലയിരുത്തപ്പെടേണ്ടത്.

നിരന്തര മൂല്യനിർണ്ണയ രേഖപ്പെടുത്തലുകൾ ക്ലാസ്സ് അദ്ധ്യാപകർ കൃത്യമായി നടത്തിയാൽ മാത്രമേ നിരന്തര മൂല്യനിർണ്ണയം സാധ്യമാകൂ.

**C. സ്വയം വിലയിരുത്തൽ:**

പഠിതാക്കൾക്ക് സ്വയം വിലയിരുത്താനും, (Self Evaluation) സംഘമായി വിലിയിരുത്താനും (Peer Group Evaluation) ഉള്ള അവസരങ്ങളും ഫോർമേറ്റീവ് അപ്രോച്ചിന്റെ സവിശേഷതയാണ്.

- ☐ കുട്ടികൾക്ക് തന്നെ ഒഴുക്കോടെ വായിച്ച് പോകാൻ പറ്റുന്ന മോണോലോഗ് (Monologe) ഇന്ററാക്ടീവ് ശൈലി സ്വീകരിക്കാൻ ഈ പുസ്തകത്തിലൂടെ പരമാവധി ശ്രമിച്ചിട്ടുണ്ട്.
- ☐ ചുരുക്കത്തിൽ അധ്യാപകർ പാഠപുസ്തക ആശയങ്ങളെ തിരിച്ചറിഞ്ഞ് ശരിയായ കത്തോലിക്കാ നിലപാടുകൾ സ്വീകരിച്ച് സാമൂഹ്യ ജീവിതത്തിൽ ആത്മീയവും ധാർമ്മികവുമായ വഴിയേ സഞ്ചരിക്കാൻ പ്രാപ്തി നേടുന്നതിലൂടെയാണ് ഈ പാഠ പുസ്തകം കൂടുതൽ നന്നായി അവതരിപ്പിക്കുവാൻ സാധിക്കുക. ഈ പാഠപുസ്തകത്തിന്റെ ഫോർമേറ്റീവ് അപ്രോച്ച് നമ്മുടെ മനസ്സിൽ ഉണ്ടായിരിക്കണം ഇതിന് ടീച്ചർക്ക് നല്ല മുൻധാരണയും ഒരുക്കവും ആവശ്യമാണ്.

# പാഠപുസ്തക വിശകലനം

ഈശോയുടേയും സഭയുടേയും തനിമയും സംഭാവനയും തിരിച്ചറിഞ്ഞ് സ്നേഹിക്കുകയും സമകാലീനസമൂഹത്തിന്റെ സങ്കീർണ്ണതകൾ വിവേചിച്ചറിയുകയും ചെയ്ത് ജീവിതസാഹചര്യങ്ങളിൽ ഉത്തമ ക്രൈസ്തവജീവിതം നയിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക.

**12 പാഠങ്ങളെ നാല് ക്ലസ്റ്ററുകളായി ക്രമപ്പെടുത്തിയിരിക്കുന്നു:**

**I: അധ്യായം 1 – 3: എന്റെ ഈശോ, എന്റെ സീറോമലബാർ സഭ, എന്റെ അമ്മയും വിശുദ്ധരും**

ഈ അധ്യായങ്ങൾ കുട്ടികളുടെ മുന്നിൽ അവരുടെ ജീവിതലക്ഷ്യവും മാതൃകയും അവതരിപ്പിക്കുന്നു. ക്രൈസ്തവജീവിതത്തിന്റെ ലക്ഷ്യവും ഒരേയൊരു പൂർണ്ണമാതൃകയുമായ ഈശോ, ഈശോയുടെ തുടർച്ചയായ സഭ, മിശിഹാനുകരണത്തിന് മാതൃകകളായ മാതാവും വിശുദ്ധരും എന്നീ മൂന്നു കാര്യങ്ങളാണ് യഥാക്രമം 1, 2, 3 അദ്ധ്യായങ്ങൾ അവതരിപ്പിക്കുന്നത്. ഈശോയുടെ അനന്യതയും സിറോ മലബാർ സഭയുടെ സവിശേഷതയും മനസ്സിലാക്കി സ്നേഹിക്കാനും പരിശുദ്ധ അമ്മയുടെയും വിശുദ്ധരുടെയും മാതൃകകൾ ജീവിതത്തിൽ പകർത്താനും ഈ അധ്യായങ്ങൾ സഹായിക്കുന്നു. സ്വർഗ്ഗയാത്രയുടെ ലക്ഷ്യവും അതിനുള്ള ശക്തിയും അറിയാൻ ഈ ക്ലസ്റ്റർ സഹായിക്കുന്നു.

**II: അധ്യായം 4 – 6: എന്റെ ക്രിസ്തീയ വ്യക്തിത്വം, ലൈംഗികത വിവാഹം കുടുംബം, ദൈവവിളിയും എന്റെ മറുപടിയും**

ഒന്നാം ക്ലസ്റ്ററിൽ അറിഞ്ഞ ഈശോയെ പിഞ്ചെന്നു ജീവിക്കാനും അങ്ങനെ ജീവിതലക്ഷ്യം നേടാനും തന്റെ ക്രൈസ്തവ വ്യക്തിത്വം എങ്ങനെയായിത്തീരണം എന്നു വിശകലനം ചെയ്യാൻ വിദ്യാർത്ഥികളെ സഹായിക്കുന്നു. ആ വ്യക്തിത്വം ജീവിക്കേണ്ടതിനുള്ള ദൈവവിളി, അതിന്റെ തലങ്ങൾ, വിളി ജീവിക്കേണ്ട കുടുംബം, വിളിയുടെ തിരഞ്ഞെടുപ്പ് എന്നിവയാണ് പാഠങ്ങൾ കൈകാര്യം ചെയ്യുന്ന ഇതിവൃത്തങ്ങൾ. സ്വർഗ്ഗയാത്ര ചെയ്യാൻ സ്വയം നടത്തേണ്ട ക്രമീകരണം അറിയാനാണ് ഈ ക്ലസ്റ്റർ.

**III: അധ്യായം 7 – 10: ക്രൈസ്തവ വിശ്വാസവും ശാസ്ത്രവും, ക്രൈസ്തവ ജീവിതവും പരിസ്ഥിതി സംരക്ഷണവും, ക്രിസ്തീയജീവിതവും മാധ്യമങ്ങളും, അധ്വാനത്തിന്റെ മഹത്വവും സമ്പത്തിന്റെ വിനിയോഗവും**

വിദ്യാർത്ഥികൾ ക്രൈസ്തവജീവിതം നയിക്കേണ്ട സമകാലീന ലോകത്തെ രൂപപ്പെടുത്തുന്ന നാലു ചാലകശക്തികളായ ശാസ്ത്രം, പരിസ്ഥിതി, മാധ്യമങ്ങൾ, അധ്വാനവും സമ്പത്തും എന്നിവയെക്കുറിച്ചുള്ള ക്രൈസ്തവവീക്ഷണം ഈ ക്ലസ്റ്റർ വ്യക്തമാക്കുന്നു. സ്വർഗ്ഗയാത്രയുടെ പാതയെ അറിയാനാണ് ഈ ക്ലസ്റ്റർ.

**IV: അധ്യായം 11 – 12: ക്രൈസ്തവസംഭാവനകൾ, ഞാൻ ഈശോയുടെ സാക്ഷി**

ക്രൈസ്തവജീവിതത്തിലൂടെ സഭ ഇന്നത്തെ ലോകത്തിന്റെ നന്മകളെ രൂപപ്പെടുത്തിയതെങ്ങനെ എന്ന് വ്യക്തമാക്കുകയും സഭയോടൊത്ത് ഈശോയെ

പ്രഘോഷിച്ചും അനുകരിച്ചുമുള്ള ജീവിതത്തിന് സ്വയം അർപ്പിക്കുന്നതിന് വിദ്യാർത്ഥികളെ ക്ഷണിക്കുകയുമാണ് ഈ ക്ലസ്റ്റർ. സ്വർഗ്ഗയാത്രയെയും അതിന്റെ ഫലങ്ങളും അറിഞ്ഞ്, അതിനായി സ്വയം അർപ്പിക്കാനാണ് ഈ ക്ലസ്റ്റർ.


### നിറങ്ങളും ചിഹ്നങ്ങളും

വിവിധ നിറങ്ങളിലൂടെയും ചിഹ്നങ്ങളിലൂടെയും ലേ ഔട്ട് ചെയ്തിരിക്കുന്നു. അധ്യായത്തിന്റെ തലക്കെട്ടിൽ തന്നെ ആശയസൂചന നൽകുന്ന ചിത്രം ചേർത്തിട്ടുണ്ട്. കഴിയുന്നത്ര Icons ആണ് കൊടുത്തിട്ടുള്ളത്.

**a) നിറങ്ങൾ**

- ☐ ഇളം നീല: ക്രോഡീകരിക്കേണ്ടതും പഠിച്ചിരിക്കേണ്ടതുമായ ആശയങ്ങളും സഭാ നിലപാടുകളും സൂചിപ്പിക്കുന്നു.
- ☐ ചുവപ്പ്: വിശ്വാസമായി മാറേണ്ട വസ്തുതകളും സന്ദേശങ്ങളെയുമാണ് സൂചിപ്പിക്കുന്നത്.
- ☐ ഇളം പച്ച: ആശയങ്ങളുമായി ബന്ധപ്പെട്ട അധികവിവരങ്ങളാണ്. ഇവ നോൺ ഇവാലുവേറ്ററിയാണ്.
- ☐ ഇളം റോസ്: ആശയത്തെ സാധൂകരിക്കുന്ന ഉദ്ധരണികൾ, വ്യക്തികൾ എന്നിവയാണ്.
- ☐ ഇളം മഞ്ഞ: പാഠഭാഗവുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ, ചോദ്യങ്ങൾ, അധിക വിവരണങ്ങൾ, ഉദാഹരങ്ങങ്ങൾ എന്നിവയാണ്.

**b) ചിഹ്നങ്ങൾ**





നീല നിറത്തിലുള്ള ചോദ്യചിഹ്നം കുട്ടികളുടെ മുന്നറിവ് പരിശോധിച്ച് പാഠത്തിലേക്ക് നയിക്കാനുള്ളതാണ് (ടീച്ചിംഗ് ക്വസ്റ്റ്യൻ സാണ്).



ക്ലാസ്സ് മുറിയിലും പുറത്തുമായി കുട്ടികൾ നിർബന്ധമായും ചെയ്യേണ്ടതായ പ്രവർത്തനങ്ങളാണ്.



കുട്ടികൾ സാംശീകരിക്കേണ്ട പ്രധാന ആശയങ്ങളിലേക്ക് നയിക്കുന്ന മൂല്യനിർണ്ണയ ചോദ്യങ്ങളാണ്.



ബോധ്യങ്ങളെയും ബോധ്യങ്ങളിൽ നിന്നും ഉണ്ടാകേണ്ട തീരുമാനങ്ങളേയും സൂചിപ്പിക്കുന്നു. ഇവയിലേക്ക് കുട്ടികളെ നയിക്കുകയാണ് ടീച്ചറുടെ ഉത്തരവാദിത്വം.



ആശയങ്ങളുമായി ബന്ധപ്പെട്ട് വായിക്കേണ്ടതും മനസ്സിലാക്കേണ്ടതുമായ വചനഭാഗങ്ങളെ സൂചിപ്പിക്കുന്നു.



പാഠത്തിന്റെ അവസാനം നൽകിയിരിക്കുന്ന വചനം മനഃപ്പാഠമാക്കണമെന്ന് സൂചിപ്പിക്കുന്നു.



ഓരോ അധ്യായത്തിൽ നിന്നും ശീലമാക്കേണ്ട പ്രവർത്തികളെ സംബന്ധിച്ച പ്രായോഗികമായ തീരുമാനങ്ങളിലേക്ക് നയിക്കുന്നു.

**ചോദ്യങ്ങൾ**

- പാഠഭാഗം വിശദീകരിക്കുന്ന ഭാഗത്ത് ചോദ്യചിഹ്നമിട്ട് ചേർത്തിരിക്കുന്ന ചോദ്യങ്ങൾ ആശയാവതരണത്തിന് ടീച്ചർ ചോദിക്കേണ്ടവയാണ്. (Teaching question) ഇതിലൂടെ മുന്നറിവുകൾ പ്രകടിപ്പിക്കാനും ചിന്തയെ ഉണർത്താനും കഴിയും.
- വലുതുഭാഗത്തെ ചെറിയ കോളത്തിൽ പ്രത്യേക ചിഹ്നം നല്കിയിട്ടുള്ള ചോദ്യങ്ങൾ വിലയിരുത്തൽ ചോദ്യങ്ങളാണ്. (Learning/ Evaluatory questions)
- പാഠഭാഗവുമായി ബന്ധപ്പെട്ട മറ്റ് ചോദ്യങ്ങളും അധ്യാപകർക്ക് ചോദിക്കാവുന്നതാണ്.

**മൊഡ്യൂൾ**

പാഠഭാഗത്തെ പ്രവർത്തനങ്ങൾ/ ടീച്ചർ പ്ലാൻ ചെയ്യുന്ന പ്രവർത്തനങ്ങൾ എന്നിവയിലൂടെ പ്രധാന ആശയങ്ങൾ അവതരിപ്പിക്കുകയും ക്രോഡീകരിക്കുകയും ചെയ്ത് തുടർപ്രവർത്തനം നൽകുകയും ചെയ്യുമ്പോഴാണ് ഒരു മൊഡ്യൂൾ പൂർണമാകുക. ഇതാണ് അധ്യാപകരുടെ ടീച്ചിംഗ് നോട്ട്. മൊഡ്യൂളുകൾ ക്രമീകരിക്കാൻ അധ്യാപകർ ശ്രദ്ധിക്കണം. ആകെയുള്ള സമയവും ഓരോ പാഠത്തിനുള്ള സമയവും നിങ്ങളുടെ ശ്രദ്ധയിൽ ഉണ്ടായിരിക്കണം.

- **സുവിശേഷ പഠനം:** ദൈവവചനം വായിക്കാം എന്നത് പന്ത്രണ്ടാം ക്ലാസ്സ് കഴിയുമ്പോൾ കുട്ടികൾ, വി. യോഹന്നാന്റെ സുവിശേഷവും ശ്ലീഹന്മാരുടെ നടപടിയും ഒരു പ്രാവശ്യമെങ്കിലും വായിക്കുന്നുണ്ട്

എന്ന് ഉറപ്പുവരുത്താൻ വേണ്ടിയാണ്. അതിനുള്ള ക്രമീകരണങ്ങൾ അധ്യാപകർ ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ. ഇതിലൂടെ പഠിതാക്കൾ വി. യോഹന്നാന്റെ സുവിശേഷവും ശ്ലീഹന്മാരുടെ നടപടിയും പരിചയപ്പെട്ട് വിശുദ്ധ ശ്ലീഹന്മാരെപ്പോലെ ഈ ലോകത്തിൽ ഈശോയുടെ തീക്ഷ്ണതയുള്ള പ്രേക്ഷിതരായി മാറണം.

**ബൈബിൾ/നമസ്കാരങ്ങൾ/സഭാ പഠനങ്ങൾ**

- പാഠഭാഗത്ത് തന്ന ആശയങ്ങളുമായി ബന്ധപ്പെട്ട് നല്കിയിട്ടുള്ള വചനഭാഗങ്ങളും നമസ്കാരങ്ങളും മൂല്യനിർണ്ണയത്തിന് ബാധകമാണ്. ഓരോ അധ്യായത്തിന്റേയും അവസാനം ഹൃദയം ദീപ്തമാക്കാം എന്ന വചനവും കുട്ടികൾ പഠിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.
- എല്ലാ അധ്യായങ്ങളിലും തിരുവചനം, നമസ്കാരങ്ങൾ, ചരിത്ര വസ്തുതകൾ, വിശുദ്ധരായ വ്യക്തികൾ, സഭാ പ്രബോധനങ്ങൾ എന്നിവയെല്ലാം ഉൾകൊള്ളുന്നുണ്ട്. ഇവയിലൂടെ അധ്യാപകരും കുട്ടികളും കടന്നുപോകുന്നുണ്ടെന്ന് ടീച്ചർ ഉറപ്പാക്കുമ്പോഴാണ് പാഠലക്ഷ്യം പൂർണ്ണമായി മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ.
- ഈ പാഠഭാഗങ്ങൾ വ്യക്തമായി പഠിപ്പിക്കാൻ ഈ പുസ്തകം ഉപയോഗപ്പെടുത്തുന്ന സഭാ പ്രബോധന ഗ്രന്ഥങ്ങൾ (വ്യക്തിപരമായോ പൊതുവായോ) ഓരോ ഇടവകയിലും ഉണ്ടായിരിക്കാൻ ശ്രദ്ധ പതിപ്പിക്കണം.
- കുട്ടികൾക്ക് തന്നെ ഒഴുക്കോടെ വായിച്ച് പോകാൻ പറ്റുന്ന മോണോലോഗ് (Monologe) ഇന്ററാക്ടീവ് ശൈലി സ്വീകരിക്കാൻ ഈ പുസ്തകത്തിലൂടെ പരമാവധി ശ്രമിച്ചിട്ടുണ്ട്.
- ചുരുക്കത്തിൽ അധ്യാപകർ പാഠപുസ്തക ആശയങ്ങളെ തിരിച്ചറിഞ്ഞ് ശരിയായ കത്തോലിക്കാ നിലപാടുകൾ സ്വീകരിച്ച് സാമൂഹ്യ ജീവിതത്തിൽ ആത്മീയവും ധാർമ്മികവുമായ വഴിയേ സഞ്ചരിക്കാൻ പ്രാപ്തി നേടുന്നതിലൂടെയാണ് ഈ പാഠപുസ്തകം കൂടുതൽ നന്നായി അവതരിപ്പിക്കുവാൻ സാധിക്കുക. ഈ പാഠപുസ്തകത്തിന്റെ ഫോർമേറ്റീവ് അപ്രോച്ച് നമ്മുടെ മനസ്സിൽ ഉണ്ടായിരിക്കണം ഇതിന് ടീച്ചർക്ക് നല്ല മുൻധാരണയും ഒരുക്കവും ആവശ്യമാണ്.

## ഈ ഗ്രന്ഥ രചനയിൽ സഹായിച്ചവർ (റിസോഴ്സ് ടീം)

ഡോ. ബാബു ചിറ്റിലപ്പിള്ളി (പ്രിൻസിപ്പാൾ, മാർ ഒസ്താത്തിയോസ് കോളേജ്, പെരുമ്പിലാവ്, തൃശ്ശൂർ അതിരൂപത)

ഡോ. ഹണി ബാബു ചിറ്റിലപ്പിള്ളി (അധ്യാപിക, സെന്റ് തോമസ് എച്ച് എസ് എസ്, വല്ലച്ചിറ, തൃശ്ശൂർ അതിരൂപത)

ജോസ് മാത്യു പുഞ്ചയിൽ (പ്രിൻസിപ്പാൾ, ഗവ. എച്ച ് എസ് എസ് എടത്തണ, മാനന്തവാടി രൂപത)

സജി നരിവേലിൽ (റിട്ട. പ്രിൻസിപ്പാൾ, എച്ച് എസ് എസ് നടവയൽ, മാനന്തവാടി രൂപത)

സെബാസ്റ്റ്യൻ പാലംപറമ്പിൽ (റിട്ട. അധ്യാപകൻ,എച്ച് എസ് എസ് കല്പ്പറ്റ, മാനന്തവാടി രൂപത)

ബിനീഷ് ജോസഫ് കളപ്പുരയ്ക്കൽ (അധ്യാപകൻ, എച്ച് എസ് എസ്, കാഞ്ഞിരപ്പള്ളി രൂപത)

ഷാജി സി. മാണി ചൂരപ്പുഴയിൽ (അധ്യാപകൻ, സെന്റ് അലോഷ്യസ് എച്ച് എസ് എസ്, അതിരംപുഴ, ചങ്ങനാശ്ശേരി അതിരൂപത)

ബിനോ. പി. ജോസ് പെരുംതോട്ടത്തിൽ (അസി. പ്രൊഫസർ, ഹിസ്റ്ററി, സെന്റ് ഡൊമനിക് കോളേജ്, കാഞ്ഞിരപ്പള്ളി രൂപത)

ഷൈരാജ് വർഗീസ് കൊച്ചുപറമ്പിൽ (ഹെഡ്മാസ്റ്റർ, സെന്റ് പീറ്റർ എച്ച് എസ് എസ് കുറുമ്പനാടം, ചങ്ങനാശ്ശേരി അതിരൂപത)

രാജീവ് കുന്നുംകുളത്തിൽ (സൺഡേസ്കൂൾ അധ്യാപകൻ വാഴക്കുളം, റിസോഴ്സ് പേഴ്സൺ, കോതമംഗലം രൂപത)

ഫിലിപ്സൺ ജെ. മേടയിൽ (അധ്യാപകൻ, സെന്റ് പീറ്റർ എച്ച് എസ് എസ് കുറുമ്പനാടം, ചങ്ങനാശ്ശേരി അതിരൂപത)

അധ്യായം 1

# എന്റെ ഈശോ

## A. പാഠ വിശകലനം

അനന്യവും പൂർണവുമാണ് ഈശോയുടെ വ്യക്തിത്വം. കൃത്യമായ ദൈവികപദ്ധതിയുടെ ഭാഗമായിരുന്നു അവിടത്തെ ജനനവും ജീവിതത്തിലെ ഓരോ സംഭവവും. അവിടന്ന് അരുൾ ചെയ്ത വചനങ്ങൾ ചിരകാല പ്രസക്തവും അനന്യവുമാണ്. ഒരേസമയം പൂർണദൈവവും പൂർണമനുഷ്യനുമായ ഈശോ ലോകത്തിന്റെ രക്ഷകനും പിതാവിന്റെ കരുണയുടെ മുഖവുമാണ്. തന്റെ സ്വർഗാരോഹണത്തിനു ശേഷവും ഈശോ തിരുസഭയിലൂടെ ലോകത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അവിടത്തെ ജീവിതവും വാക്കുകളും ലോകത്ത് ചെലുത്തിയ സ്വാധീനവും അനന്യമാണ്. ഈശോയുടെയും അവിടത്തെ പ്രബോധനങ്ങളുടെയും ലോകത്തിൽ അവിടന്ന് ചെലുത്തിയ സ്വാധീനങ്ങളുടെയും അനന്യതയും മാധുര്യവുമാണ് ഈ അധ്യായം വിശകലനം ചെയ്യുന്നത്. ഈശോയുടെ അനന്യതകൾ സഭയുടെയും അനന്യതകളായതുകൊണ്ട് സഭാതനയരായ വിശ്വാസികൾ അവ സ്വാംശീകരിക്കണം. അവിടത്തെ സ്നേഹിക്കുകയും ആശ്രയിക്കുകയും അനുകരിക്കുകയും ചെയ്യുന്നവർക്ക് ഈശോ സ്വന്തമാകും; ജീവിതത്തിന്റെ നാഥനാകും.

**ലക്ഷ്യം:** പൂർണദൈവവും പൂർണമനുഷ്യനുമായ ഈശോയുടെ ജീവിതത്തിന്റെയും പ്രബോധനങ്ങളുടെയും സ്വാധീനത്തിന്റെയും അനന്യത തിരിച്ചറിഞ്ഞ് വിദ്യാർഥികൾ അവിടത്തെ സ്നേഹിക്കുകയും സ്വന്തം ജീവിതത്തിന്റെ നാഥനും ആശ്രയവുമായി സ്വീകരിക്കുകയും ചെയ്യുന്നു.

**ബോധ്യങ്ങൾ**

1. പൂർണ ദൈവവും പൂർണ മനുഷ്യനുമായ ഈശോ എന്നെ സ്നേഹിക്കുന്നു.
2. അവിടന്നാണ് ലോക രക്ഷകൻ, ഏകരക്ഷകൻ, എന്റെ രക്ഷകൻ.
3. ഈശോയാണ് വഴിയും സത്യവും ജീവനും.

**ശീലം:** ഈശോയുടെ ഭൗമിക ജീവിതവും പ്രബോധനങ്ങളും സഭയിലൂടെ അവിടന്നു ചെയ്യുന്ന പ്രവൃത്തികളും ലോകത്തിൽ അവിടന്ന് ചെലുത്തുന്ന സ്വാധീനവും പഠിതാക്കളുടെ നിരന്തരമായ ചിന്തക്ക് വിഷയമാകുന്നു. ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും അവിടത്തെ സുവിശേഷങ്ങളിൽ നിന്ന് അവർ മാർഗനിർദേശം സ്വീകരിക്കുന്നു. പ്രാർഥനയിലൂടെയും വചന

പാരായണത്തിലൂടെയും അവർ ഈശോയുമായി നിരന്തര സ്നേഹബന്ധത്തിൽ തുടരുന്നു.

**സഹായക ഗ്രന്ഥങ്ങൾ**

- വി. ബൈബിൾ
- കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം
- പാഠപുസ്തകം
- 'നസ്രത്തിലെ യേശു' വാല്യം 1, 2, 3, ബെനഡിക്ട് XVI
- ചരിത്രപുരുഷനായ ക്രിസ്തു, റിച്ചിയോത്തി
- യേശു മഹോന്നതൻ, ഡോ. ജെയിംസ് കിളിയനാനിക്കൽ

**പ്രധാന ആശയങ്ങൾ**

- ഈശോയെപ്പോലെ അവിടന്ന് മാത്രമേയുള്ളൂ.
- പ്രവചനങ്ങളുടെ പൂർത്തീകരണമായുള്ള ഈശോയുടെ ജനനം അവിടത്തെ അനന്യതയ്ക്ക് തെളിവാണ്.
- ഈശോയുടെ മനുഷ്യാവതാരരഹസ്യം അവിടത്തെ അനന്യത വെളിവാക്കുന്നു.
- മറ്റെല്ലാവരും തങ്ങൾക്ക് വെളിപ്പെടുത്തപ്പെട്ടത് പഠിപ്പിച്ചപ്പോൾ തന്നെക്കുറിച്ചുതന്നെ പഠിപ്പിച്ചതിനാൽ അവിടത്തെ പ്രബോധനങ്ങൾ പൂർണമാണ്.
- ഈശോയുടെ പ്രബോധനങ്ങളും അവിടന്ന് അവതരിപ്പിച്ച മൂല്യശ്രേണിയും കാലാതിവർത്തിയാണ്.
- ഈശോയുടെ പ്രബോധനങ്ങളുടെ വെളിച്ചത്തിൽ സമകാലിക ലോകത്തെ തിരിച്ചറിഞ്ഞു ജീവിക്കുമ്പോഴാണ് നമ്മുടെ ജീവിതം ക്രിസ്തീയമാകുന്നത്.
- ഈശോ ദൈവമാണ്, ദൈവപുത്രനാണ്, ലോകരക്ഷകനാണ്, ഏകരക്ഷകനാണ്, പാപവിമോചകനാണ്, പിതാവിന്റെ കരുണയുടെ മുഖമാണ്.
- ലോകചരിത്രത്തിൽ ഈശോ ചെലുത്തിയ സ്വാധീനം താരതമ്യമില്ലാത്തതാണ്.
- സഭയിലൂടെ ഇന്നും ജീവിക്കുന്ന ഈശോയും അവിടത്തെ സുവിശേഷവുമാണ് ആധുനികലോകത്തിന്റെ മാനവിക മൂല്യങ്ങളുടെ അടിത്തറ.
- നാം ഈശോയെ എത്ര സ്നേഹിക്കുന്നുവോ അത്രയ്ക്ക് ഈശോ നമ്മുടെ സ്വന്തമാകുന്നു.

• ഈശോയുടെ അനന്യതകൾ സഭയുടെയും അനന്യതകളായതുകൊണ്ട് സഭാതനയരായ വിശ്വാസികൾ അവ സ്വാംശീകരിക്കണം.

**വിശദമാക്കേണ്ട പദങ്ങൾ:** അനന്യത, രഹസ്യജീവിതം, പരസ്യജീവിതം, മൂല്യശ്രേണി

**അനന്യത**

Uniqueness എന്ന ഇംഗ്ലീഷ് വാക്കിനു തുല്യമായ മലയാള പദമാണ് അനന്യത. മറ്റെവിടെയും ഒന്നിലും ആരിലും ഇല്ലാത്ത ഗുണവിശേഷങ്ങളെയും സവിശേഷതകളെയും സൂചിപ്പിക്കാനാണ് 'അനന്യത' എന്ന വാക്കുപയോഗിക്കുന്നത്.

**രഹസ്യജീവിതം**

ഈശോ ജോർദാനിൽ വച്ച് മാമോദീസ സ്വീകരിച്ച് ദൈവരാജ്യം പരസ്യമായി പ്രസംഗിക്കുന്നതിനു മുമ്പുള്ള അവിടത്തെ മുപ്പതു വർഷത്തെ ഭൗമിക ജീവിതമാണ് 'ഈശോയുടെ രഹസ്യജീവിതം' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഈശോയുടെ ഈ ഭൗമികജീവിത കാലഘട്ടത്തെക്കുറിച്ച് ഒട്ടേറെ ഊഹാപോഹങ്ങൾ പ്രചരിക്കുന്നുണ്ടെങ്കിലും അവയൊന്നും സഭ ഔപചാരികമായി പഠിപ്പിക്കുന്നവയല്ല.

**പരസ്യജീവിതം**

സ്നാപകയോഹന്നാനിൽ നിന്ന് മാമോദീസ സ്വീകരിച്ചതുമുതൽ കുരിശുമരണം വരെയുള്ള മൂന്നുവർഷത്തെ ഈശോയുടെ ജീവിതഘട്ടത്തെയാണ് 'പരസ്യജീവിതം' എന്ന വാക്കുകൊണ്ട് സൂചിപ്പിക്കുന്നത്. ദൈവരാജ്യം പ്രസംഗിച്ചും അടയാളങ്ങളും അത്ഭുതങ്ങളും പ്രവർത്തിച്ചും സ്വയം വെളിപ്പെടുത്തിയും ഈശോ ജീവിച്ച ഈ കാലഘട്ടമാണ് സുവിശേഷങ്ങളുടെ ഏറിയഭാഗത്തും പരാമർശിക്കുന്നത്.

**മൂല്യശ്രേണി**

ഒരു വ്യക്തിയോ പ്രസ്ഥാനമോ തീരുമാനങ്ങൾ എടുക്കുമ്പോഴും മറ്റുള്ളവരോടുള്ള ഇടപെടലുകളിലും മാനദണ്ഡമായി സ്വീകരിക്കുന്ന പരസ്പരബന്ധിതമായ തത്ത്വങ്ങളുടെ ആകെത്തുകയാണ് മൂല്യശ്രേണി (value system). അടിസ്ഥാന വിശ്വാസങ്ങൾ, മൂല്യങ്ങൾ, മനോഭാവങ്ങൾ, കാഴ്ചപ്പാടുകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. വ്യക്തികളുടെയും സമൂഹങ്ങളുടെയും സ്വത്വം (identity) രൂപീകരിക്കുന്നതിൽ അവരുടെ മൂല്യശ്രേണികൾ പ്രധാനപ്പെട്ട പങ്കുവഹിക്കുന്നു. മൂല്യശ്രേണികൾ

സംസ്കാരങ്ങളെ തന്നെ രൂപപ്പെടുത്തുന്നു. അവ കാലത്തിനൊത്ത് വളരുകയും മാറുകയും ചെയ്യുന്നു.

## B. പാഠാവതരണം

രണ്ടു മണിക്കൂർ കൊണ്ടു പൂർത്തിയാക്കാവുന്ന രണ്ടു മൊഡ്യൂളുകളാണ് ഈ അധ്യായത്തിലുള്ളത്.

**പഠനോപകരണങ്ങൾ**

ദിനപത്രം, വെള്ളക്കടലാസ്

**മൊഡ്യൂൾ ഒന്ന്:** ഈശോമിശിഹായുടെ മനുഷ്യാവതാരവും പ്രബോധനങ്ങളും

**സമയം:** 1 മണിക്കൂർ

**ആമുഖ പ്രാർഥന:** ഈശോ പഠിപ്പിച്ച കർതൃപ്രാർഥനയും ഈശോയോടുള്ള വ്യക്തിപരമായ സ്നേഹവും ആശ്രയത്വവും വ്യക്തമാക്കുന്ന സ്വയം പ്രേരിത പ്രാർഥനയും ചൊല്ലിക്കൊണ്ട് പാഠഭാഗത്തിലേക്ക് പ്രവേശിക്കുന്നു.

**മുന്നൊരുക്കം**

**മൊഡ്യൂൾ 1**

പ്രവർത്തനം 2 ശ്രദ്ധിക്കുക. പ്രവർത്തനത്തിന് ആവശ്യമായ വിഭവങ്ങൾ ഗ്രൂപ്പുകളായി തിരിഞ്ഞ് സോഫ്റ്റ് കോപ്പി ആയി മുൻകൂട്ടി ശേഖരിച്ചുവയ്ക്കണം. അവതരണത്തിന് ആവശ്യമായ സങ്കേതങ്ങളും മുൻകൂട്ടി ക്രമീകരിക്കണം.

**മൊഡ്യൂൾ 1**

പ്രവർത്തനം 3 ശ്രദ്ധിക്കുക. കുട്ടികളുടെ ഇടയിലെ സമകാലീന പ്രവണതകളെക്കുറിച്ച് പത്രമാസികകളും മറ്റ് സ്രോതസ്സുകളും വഴി ടീച്ചർ വിവരം ശേഖരിച്ചു വരണം.

**മൊഡ്യൂൾ 1**

പ്രവർത്തനം 4 ശ്രദ്ധിക്കുക. ഈശോയുടെ ജീവിതം സമകാലീന ലോകത്തെ കുട്ടികളുടെ ജീവിതത്തിനു തികഞ്ഞ മാതൃകയാണ് എന്നു സ്ഥാപിച്ചു വേണം ഈ പ്രവർത്തനം സംഗ്രഹിക്കാൻ.

**മൊഡ്യൂൾ 1**

പ്രവർത്തനം 3 ശ്രദ്ധിക്കുക. ലോകഗുരുക്കന്മാരുടെ ആശയങ്ങളും അവയുടെ പരിമിതികളും ചുരുക്കി അവതരിപ്പിക്കാൻ ടീച്ചർ ഒരുങ്ങിവരണം. ക്ലാസ്സ് നടക്കുന്ന ദിവസത്തെ പത്രങ്ങൾ കരുതണം, ടീച്ചർ മുൻകൂട്ടി വായിച്ച് വേണ്ടത് കണ്ടെത്തണം. ഏതാനും ചാക്രികലേഖനങ്ങളെയും രൂപതയിലെ പിതാവിന്റെ ഇടയലേഖനങ്ങളെയും ഈ പശ്ചാത്തലത്തിൽ അവതരിപ്പിച്ചുകൊണ്ട് എങ്ങനെ സഭ ജീവിതത്തിന് വഴികാട്ടുന്നു എന്നു വിശദീകരിക്കാൻ ടീച്ചർ മുൻകൂട്ടി തയാറാകണം.

**മൊഡ്യൂൾ 2**

പ്രവർത്തനം 1 ശ്രദ്ധിക്കുക. അവതരിപ്പിക്കേണ്ട കുട്ടികളെ മുൻകൂട്ടി നിശ്ചയിച്ച് അവർക്ക് വേണ്ട പിന്തുണ നല്കാൻ ശ്രദ്ധിക്കണം.

**മൊഡ്യൂൾ 2**

പ്രവർത്തനം 2 ശ്രദ്ധിക്കുക. അവതരിപ്പിക്കേണ്ട കുട്ടികളെ മുൻകൂട്ടി നിശ്ചയിച്ച് അവർക്ക് വേണ്ട പിന്തുണ നല്കാൻ ശ്രദ്ധിക്കണം.

**പ്രവർത്തനം 1:** ഗ്രൂപ്പ് ചർച്ച

'ആരാണ് ഈശോ?' എന്ന ചോദ്യത്തിന് കുട്ടികൾ ഗ്രൂപ്പുകളായി തിരിഞ്ഞ് പരമാവധി ഉത്തരങ്ങൾ കണ്ടെത്തി മത്സരാടിസ്ഥാനത്തിൽ ക്ലാസ്സിൽ അവതരിപ്പിക്കുന്നു. 'രക്ഷകൻ', 'വിപ്ലവകാരി', 'ദൈവം', 'സ്നേഹം' എന്നിങ്ങനെ ഒറ്റവാക്കിലുള്ള ഉത്തരങ്ങളാണ് കണ്ടെത്തി അവതരിപ്പിക്കേണ്ടത്. ഈ പദങ്ങളുടെ സൂചന വിശകലനം ചെയ്തുകൊണ്ട് ഈശോയുടെ  അനന്യത എന്ന വിഷയത്തിലേക്ക് പ്രവേശിക്കാം.

ഈ പ്രവർത്തനത്തിന്റെ തുടർച്ചയായി സുവിശേഷങ്ങളിൽ കാണുന്ന മുന്തിരിവള്ളി, കുഞ്ഞാട് മുതലായ പ്രമേയങ്ങൾ ഈശോയുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്നു ചർച്ച നടത്തി അവതരിപ്പിക്കുകയും ചെയ്യാം.

കുട്ടികൾ ഈശോയുടെ അനന്യ സവിശേഷതകളെ തിരിച്ചറിയാനും അവിടത്തോടു വ്യക്തിബന്ധം വളർത്താനുമാണ് ഈ പ്രവർത്തനം ലക്ഷ്യം വയ്ക്കുന്നത്.

**ക്രോഡീകരണം:** ഈശോ ഒരു പൂർണമനുഷ്യനായിരുന്നു. എല്ലാവരിൽ നിന്നും വ്യത്യസ്തമായ ഒട്ടേറെ സവിശേഷതകൾ അവിടത്തേക്കുണ്ടായിരുന്നു.

**പ്രവർത്തനം 2:** ഡിജിറ്റൽ അവതരണം

**ഈശോയുടെ മനുഷ്യാവതാരം**

ഈശോയുടെ മനുഷ്യാവതാരത്തെക്കുറിച്ച് ഡിജിറ്റൽ അവതരണം നടത്തുക എന്ന പ്രവർത്തനം കുട്ടികൾ ഗ്രൂപ്പുകളായി തിരിഞ്ഞ് വിവരങ്ങൾ ശേഖരിച്ച് അവതരണം രൂപപ്പെടുത്തി അവതരിപ്പിക്കുകയാണു വേണ്ടത്. താഴെപ്പറയുന്ന രീതിയിലുള്ള വിഭവ വൈവിധ്യം ഉൾപ്പെടുത്താൻ ശ്രദ്ധിക്കുക.

PPT, ഷോർട്ട് വീഡിയോസ്, ചിത്രങ്ങൾ, പ്രഭാഷണശകലങ്ങൾ, സിനിമ ദൃശ്യങ്ങൾ, സ്വന്തമായി record ചെയ്ത വീഡിയോ/ഓഡിയോ

ഈശോയുടെ മനുഷ്യാവതാരത്തെ സംബന്ധിച്ച താഴെപ്പറയുന്ന കാര്യങ്ങൾ ഈ പ്രവർത്തനത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

- ഈശോയുടെ ജനനത്തെക്കുറിച്ചുള്ള മുൻകാല പ്രവചനങ്ങൾ
- ഈശോയെ സൂചിപ്പിക്കുന്ന പ്രതീകങ്ങൾ
- മനുഷ്യാവതാരചരിത്രം, ബന്ധപ്പെട്ട സംഭവങ്ങൾ

ഈശോയുടെ ജനനത്തെ സംബന്ധിച്ചുള്ള പ്രവചനങ്ങളുടെ പൂർത്തീകരണം മിശിഹാവതാരത്തിൽ ദൃശ്യമാണ് എന്നത് അവിടത്തെ ദൈവത്വത്തിന്റെ തെളിവായി കുട്ടികൾ കണ്ടെത്താൻ ഇടയാകണം. അങ്ങനെ ആയിരക്കണക്കിന് വർഷങ്ങൾ നീണ്ടുനിൽക്കുന്ന അനവധി പ്രവചനങ്ങളുടെ പൂർത്തീകരണമായി മറ്റൊരു ജനനം ഇല്ലെന്നും ഇത് രക്ഷാകര പദ്ധതി ഇതൾ വിരിയുന്നതിന്റെ ഭാഗമാണെന്നും കുട്ടികൾക്ക് വ്യക്തമാക്കണം.

**ക്രോഡീകരണം:** ഈശോയുടെ മനുഷ്യാവതാരം ആയിരക്കണക്കനു വർഷങ്ങളിൽ നടന്ന അനേകം പ്രവചനങ്ങളുടെ പൂർത്തീകരണമായിരുന്നു. അവിടന്ന് മാത്രമാണ് ഇങ്ങനെ ജനിച്ചത്. അത് ഈശോ ദൈവമായതുകൊണ്ടാണ്.

**പ്രവർത്തനം 3:** വിശകലനവും രേഖപ്പെടുത്തലും

**അനുസരണ ശീലം:** ഈശോയുടെ മാതൃകയും ഇന്നത്തെ തലമുറയും

കുട്ടികളിൽ ഈശോയെ അനുകരിക്കുന്ന ശീലങ്ങൾ വളരുന്നതിന് നേരിട്ട് ഉപയോഗപ്പെടുത്താവുന്ന പാഠഭാഗമാണിത്. ചർച്ചയും തുടർന്ന് രേഖപ്പെടുത്തലും ആണ് പ്രവർത്തനം. കുട്ടികളുടെ സമപ്രായക്കാരുടെ ഇടയിലെ സമകാലീന പ്രവണതകളും അവയെക്കുറിച്ചുള്ള വിശകലനങ്ങളും ചർച്ചയിൽ കടന്നുവരണം.

'ഈശോയുടെ രഹസ്യജീവിതം' എന്ന ഭാഗത്ത് ഈശോയുടെ ജീവിതമാതൃക എങ്ങനെ കുട്ടികൾക്ക് അനുകരിക്കാൻ കഴിയും, അവർ എങ്ങനെ അനുകരിക്കണം, എന്നതിന് ഊന്നൽ നൽകണം. കുട്ടികളെ സംബന്ധിച്ച് ഇപ്പോഴത്തെ പ്രായത്തിൽ ഏറ്റവും അധികം പ്രായോഗികമായ മിശിഹാനുകരണം സാധിക്കുന്നത് ഈ ഭാഗത്താണ് എന്നത് ശ്രദ്ധിക്കണം. താഴെപ്പറയുന്ന അഞ്ച് പഠഭാഗങ്ങൾ ഇതിനായി ഉപയോഗിക്കുക.

'ദരിദ്രനും വിനീതനുമായി ഈശോ പരിശുദ്ധാത്മാവിനാൽ കന്യകാമറിയത്തിൽനിന്നു കാലിത്തൊഴുത്തിൽ പിറന്നു (മത്താ 1:18-25). സകല ജീവിതസാഹചര്യങ്ങളിലുമുള്ള ഓരോ മനുഷ്യവ്യക്തിയോടും ചേർന്നു നിൽക്കുന്ന ദൈവത്തെ ഇവിടെ നാം കാണുന്നു. ഇങ്ങനെ മറ്റൊരു ജനനമില്ല; നമ്മോടുള്ള സ്നേഹം മൂലമായിരുന്നു അത്.'

'ദൈവവുമായുള്ള ബന്ധത്തിൽ ഒരു ശിശു ആയിത്തീരുകയെന്നതാണ് ദൈവരാജ്യത്തിൽ പ്രവേശിക്കുവാനുള്ള വ്യവസ്ഥ. ഇതിനായി നാം നമ്മെത്തന്നെ വിനീതരാക്കണം, ചെറിയവരായിത്തീരണം... ഈശോ നമ്മിൽ രൂപപ്പെടുമ്പോഴാണ് തിരുപ്പിറവിയുടെ രഹസ്യം നമ്മിൽ നിറവേറുന്നത് (CCC 526).

'ഈശോ തന്റെ മാതാപിതാക്കൾക്ക് വിധേയനായിരുന്നു (ലൂക്ക 2:51).

'ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു' (ലൂക്ക 2:52).

'നസ്രത്തിലെ രഹസ്യജീവിതം ജീവിതത്തിലെ വളരെ സാധാരണമായ പ്രവൃത്തികളിലൂടെ ഈശോയുമായി സ്നേഹത്തിൽ ആകുവാൻ എല്ലാവർക്കും അവസരം നൽകുന്നു. ഈശോയുടെ ജീവിതത്തെപ്പറ്റി നാം പഠിക്കാൻ തുടങ്ങുന്ന വിദ്യാലയമാണ് നസ്രത്തിലെ ഭവനം' (ccc 533).

**ക്രോഡീകരണം:** ഈശോയെ ആദ്യം മാതൃകയാക്കേണ്ടതും അനുകരിക്കേണ്ടതും മാതാപിതാക്കളെ അനുസരിച്ച് സ്വന്തം ഉത്തരവാദിത്വങ്ങൾ നിറവേറ്റി കുടുംബത്തിൽ ജീവിച്ചുകൊണ്ടാണ്. അനുദിന ജീവിത കാര്യങ്ങളാണ് മിശിഹാനുകരണത്തിന്റെ ആദ്യപടി.

**പ്രവർത്തനം 4:** കുറിപ്പ് തയ്യാറാക്കൽ

**ഈശോ പൂർണ മാതൃക**

ഈശോ താങ്കൾക്ക് എങ്ങനെ ഒരേയൊരു പൂർണമാതൃകയായിരിക്കുന്നു എന്ന് ഒരു കുറിപ്പ് തയ്യാറാക്കുക' എന്ന പ്രവർത്തനം ഈശോയുടെ അനന്യ

തയും പൂർണമാതൃകയും ബോധ്യപ്പെടുത്താൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. ഈശോയുടെ പരസ്യജീവിതം, പീഡാനുഭവം, കുരിശുമരണം, ഉത്ഥാനം, സ്വർഗാരോഹണം എന്നീ പാഠഭാഗങ്ങൾ ഈ പ്രവർത്തനവുമായി ബന്ധിപ്പിച്ച് അവതരിപ്പിക്കാം. ഈശോയുടെ ദൈവത്വം, അനന്യത, പൂർണത എന്നീ ആശയങ്ങൾ പാഠഭാഗത്തിന്റെ അവതരണത്തിലൂടെ കുട്ടികൾക്ക് വ്യക്തമാക്കേണ്ടതാണ്. ഈ പ്രവർത്തനത്തിന്റെ തുടർച്ചയാണ് 'സഹനങ്ങളിൽ ഈശോ എങ്ങനെ മാതൃകയാകുന്നു' എന്ന ചർച്ച. സംഗ്രഹിക്കുമ്പോൾ സഹനം ധീരതയാണ് എന്നു വ്യക്തമാക്കണം. അധ്യായം 12 ലെ ആശയങ്ങൾ ഇതിനായി ഉപയോഗിക്കാം. കുട്ടികളുടെ അനുദിനജീവിത സാഹചര്യങ്ങളിൽ സ്വന്തം ഉത്തരവാദിത്വത്തിൽ പെടാത്ത കാര്യങ്ങളുടെ ഉത്തരവാദിത്വമേൽക്കേണ്ടിവരുമ്പോഴും കുറ്റമാരോപിക്കപ്പെടുമ്പോഴും അതൊക്കെ എങ്ങനെ സ്വീകരിക്കണമെന്നും സഹനങ്ങളെ എങ്ങനെ ഈശോയുടെ സഹനത്തോടു ചേർത്ത് മനസ്സിലാക്കി ഉൾക്കൊള്ളണമെന്നും ഈ പ്രവർത്തനത്തിന്റെ ഭാഗമായി വ്യക്തമാക്കണം.

**ക്രോഡീകരണം:** ഈശോയാണ് എന്റെ മാതൃക, ഒരേയൊരു പൂർണ മാതൃക.

**പ്രവർത്തനം 5:** ദിനപത്രവിശകലനം

**ഈശോയുടെ പ്രബോധനങ്ങൾ**

കുട്ടികൾ വ്യക്തിപരമായി ഈ പാഠഭാഗം വായിച്ചശേഷം ഈശോയുടെ അനന്യതയെക്കുറിച്ച് ഇവിടെ പരാമർശിക്കുന്ന കാര്യങ്ങളും അവർ കണ്ടെത്തിയ മറ്റു കാര്യങ്ങളും പങ്കുവച്ചും ചർച്ച ചെയ്തും ഈ പാഠഭാഗം അവതരിപ്പിക്കാം. ഭൗതിക, ആധ്യാത്മിക, ശാസ്ത്ര മേഖലകളിൽ അറിയപ്പെടുന്ന ഇതര ലോകഗുരുക്കന്മാരുടെ ചിന്താ പദ്ധതികളുമായി താരതമ്യപ്പെടുത്തിയുള്ള വിശകലനവും നടത്താവുന്നതാണ്. ഈശോയുടെ പ്രബോധനം പൂർണതയുള്ളതും തെറ്റില്ലാത്തതും അനന്യവുമായിരിക്കുന്നത് അവിടത്തെ ദൈവത്വത്തിന്റെ ഫലമായിട്ടാണ് എന്ന് വ്യക്തമാക്കണം.

ഇതിന്റെ തുടർച്ചയായിട്ടാണ് "ഇന്നത്തെ പത്രം വായിക്കുക. ഈശോയാണ് എഡിറ്റോറിയൽ എഴുതുന്നതെങ്കിൽ എന്തെഴുതുമായിരുന്നു? ഗ്രൂപ്പുകളിൽ തയ്യാറാക്കി ക്ലാസ്സിൽ അവതരിപ്പിക്കുക" എന്ന പ്രവർത്തനം ചെയ്യേണ്ടത്. ഈശോയുടെ കണ്ണിലൂടെ സുവിശേഷത്തിന്റെ വെളിച്ചത്തിൽ ലോകത്തെ കണ്ട് മനസ്സിലാക്കി വേണം നാം ജീവിക്കാൻ എന്ന സന്ദേശമാണ് ഈ പ്രവർത്തനത്തിലൂടെ ലഭിക്കേണ്ടത്. സമകാലീന ലോകത്തെയും

ജീവിതത്തെയും സുവിശേഷത്തിന്റെ വെളിച്ചത്തിൽ വിശകലനം ചെയ്ത് മനസ്സിലാക്കുക എന്ന ശൈലി സ്വന്തമാക്കാനും കുട്ടികളെ ഈ പ്രവർത്തനം സഹായിക്കണം. സുവിശേഷ വെളിച്ചത്തിൽ ലോകത്തെ തിരിച്ചറിയാനാണ് മാർപാപ്പമാരുടെ അപ്പസ്തോലിക പ്രബോധനങ്ങളും ചാക്രിക ലേഖനങ്ങളും മറ്റു സഭാപ്രബോധനങ്ങളും ഞായറാഴ്ചകളിലെ വിശുദ്ധ ബലിമധ്യേയുള്ള വചനപ്രഘോഷണവും എല്ലാം വിശ്വാസികളെ സഹായിക്കുന്നത് എന്നും ഈ പ്രവർത്തന സമയത്ത് കുട്ടികൾ തിരിച്ചറിയണം. ബെനഡിക്ട് പാപ്പായുടെ 'സത്യത്തിൽ സ്നേഹം' ജി 8 രാജ്യങ്ങളെ എങ്ങനെ ചിന്തിപ്പിച്ചു എന്നും ജോൺ പോൾ രണ്ടാമൻ പാപ്പയുടെ 'ജീവന്റെ സുവിശേഷം' എങ്ങനെയാണ് ലോകത്തെ മുഴുവൻ തിരുത്തിയത് എന്നും ഉദാഹരണമായി കുട്ടികളോട് പറയാവുന്നതാണ്. സഭ നൽകുന്ന സുവിശേഷമാർഗദർശനം സ്വീകരിക്കാനും വ്യക്തിപരമായി വിശുദ്ധ ഗ്രന്ഥം വായിച്ചു മാർഗദർശനം സ്വീകരിക്കാനും കുട്ടികളെ ഈ പ്രവർത്തനം പ്രചോദിപ്പിക്കണം.

ഈശോ നൽകിയ പുത്തൻ മൂല്യശ്രേണി വിശകലനം ചെയ്യുന്ന പ്രവർത്തനവും ഇതിന്റെ തുടർച്ചയായി നടത്താവുന്നതാണ്. ഈശോയുടെ ജീവിതദർശനവും നമുക്ക് ഈശോ നൽകുന്ന മാർഗനിർദേശവുമാണ് ഈ മൂല്യശ്രേണി. അവിടത്തെ ജീവിതം തന്നെയാണ് ഈ മൂല്യശ്രേണിക്കൊത്തുള്ള ജീവിതത്തിനു മാതൃക. അത് സ്വീകരിച്ച് പാലിക്കേണ്ട ആവശ്യകത കുട്ടികളെ ബോധ്യപ്പെടുത്തുന്നതിനോടൊപ്പം അതിന്റെ പൂർണതയും അനന്യതയും വിശകലനം ചെയ്ത് ഉൾക്കൊള്ളാൻ അവരെ പ്രാപ്തരാക്കുകകൂടിയാണ് ഈ പ്രവർത്തനത്തിന്റെ ലക്ഷ്യം.

**ക്രോഡീകരണം:** ഈശോയുടെ പ്രബോധനങ്ങൾ കാലാതിവർത്തിയാണ്, പൂർണമാണ്, അവിടുത്തെ ദൈവത്വത്തിന്റെ അടയാളമാണ്. ആ വെളിച്ചത്തിൽ ലോകത്തെ മനസ്സിലാക്കിവേണം ഞാൻ ജീവിക്കാൻ.

**മൊഡ്യൂൾ 2**

ഈശോയുടെ അനന്യ സവിശേഷതകളും മഹാസ്വാധീനവും

**സമയം:** 1 മണിക്കൂർ

**പ്രവർത്തനം 1:** പാനൽ ഡിസ്കഷൻ

**ഈശോയുടെ അനന്യസവിശേഷതകൾ**

ഈശോ ദൈവവും ദൈവപുത്രനും ലോകരക്ഷകനും ഏകരക്ഷകനും പാപവിമോചകനും പിതാവിന്റെ കരുണയുടെ മുഖവുമാണെന്ന് കുട്ടികളെ

ബോധ്യപ്പെടുത്തുകയാണ് ഈ പ്രവർത്തനത്തിന്റെ ലക്ഷ്യം. ഈ ഭാഗത്ത് ആറ് ഉപ ആശയങ്ങൾ ആണല്ലോ ഉള്ളത്. ആറു കുട്ടികൾ മുൻകൂട്ടി ഓരോ ഭാഗം വീതം ഓരോരുത്തർ വിശദമായി പഠിച്ച് ഒരുങ്ങി പാനൽ ഡിസ്കഷന്റെ രൂപത്തിൽ അവതരിപ്പിക്കാം. രണ്ടുപേർ ആമുഖവും ഉപ സംഹാരവും അവതരിപ്പിക്കണം.

**ക്രോഡീകരണം:** ഈശോ ദൈവവും ദൈവപുത്രനും ലോകരക്ഷകനും ഏകരക്ഷകനും പാപവിമോചകനും പിതാവിന്റെകരുണയുടെ മുഖവുമാണ്.

**പ്രവർത്തനം 2:** സെമിനാർ

**ഈശോ ചെലുത്തിയ സ്വാധീനം**


ലോകചരിത്രത്തെ ഏറ്റവും ആഴത്തിൽ സ്വാധീനിച്ച വ്യക്തിയാണ് ഈശോ. ഈശോയുടെ ജീവിതവും വാക്കുകളും അവിടത്തെ തുടർച്ചയായ സഭയുടെ പ്രവർത്തനങ്ങളും ലോകത്തെ ഇരുപതു നൂറ്റാണ്ടുകൾ കൊണ്ട് അഗാധമായി സ്വാധീനിച്ചിട്ടുണ്ട് എന്നും അത് അവിടത്തെ ദൈവത്വത്തിന്റെ തെളിവാണ് എന്നും കുട്ടികളെ ബോധ്യപ്പെടുത്താനാണ് ഈ പാഠഭാഗം ലക്ഷ്യം വയ്ക്കുന്നത്. ഒപ്പം, ഈശോയുടെ സ്വാധീനത്തിന് സ്വയം വിധേയപ്പെടുന്നതിനും അവിടത്തേക്ക് ലോകത്തെ സ്വാധീനിക്കാൻ സ്വയം ഉപകരണമായിത്തീരുന്നതിനും കുട്ടികൾക്ക് ഈ പാഠഭാഗത്തിലൂടെ പ്രചോദനം ലഭിക്കണം.

അഞ്ച് തലങ്ങളിലാണ് ഈ പാഠഭാഗം ഈശോ ചെലുത്തുന്ന സ്വാധീനത്തിന്റെ അനന്യത അവതരിപ്പിക്കുന്നത്. കുട്ടികൾ തലേദിവസം തന്നെ അഞ്ചു ഗ്രൂപ്പുകളായി തിരിഞ്ഞ്, ഇതിൽ ഓരോ മേഖലയെക്കുറിച്ച് വിവരങ്ങൾ ശേഖരിച്ച്, ഓരോ ഗ്രൂപ്പിൽ നിന്നും ഓരോരുത്തർ വീതം ക്ലാസ്സിൽ പൊതുവായി പാഠഭാഗം അവതരിപ്പിക്കാവുന്നതാണ്. ഇന്നത്തെ ലോകത്തെ മനവീകമൂല്യങ്ങൾ, പ്രത്യേകിച്ച് ജീവകാരുണ്യം, എങ്ങനെ ഈശോയിലൂടെയും അവിടത്തെ തുടർച്ചയായ സഭയിലൂടെയും ലോകം മുഴുവൻ വ്യാപിച്ചു എന്നു വ്യക്തമാക്കണം.

**ക്രോഡീകരണം:** ഈശോ ദൈവമായതിനാൽ അവിടന്ന് ലോകചരിത്രത്തെ ഏറ്റവും ആഴത്തിൽ സ്വധീനിച്ചു. എന്റെ ജീവിതത്തെ അവിടന്ന് നയിക്കണം; അവിടത്തേക്ക് ലോകത്തെ സ്വാധീനിക്കാൻ ഞാൻ സ്വയം ഉപകരണമായി തീരുകയും വേണം.

## തുടർപ്രവർത്തനങ്ങൾ

അധ്യായത്തിൽ അവശേഷിക്കുന്ന പ്രവർത്തനങ്ങൾ തുടർപ്രവർത്തനങ്ങളായി ചെയ്യാം.



**ദൈവവചനം വായിക്കാം**

വി. യോഹന്നാന്റെ സുവിശേഷം

അധ്യായങ്ങൾ 1-4



**ഹൃദയം ദീപ്തമാക്കാം**

"“എന്റെ കർത്താവേ, എന്റെ ദൈവമേ”

(യോഹ 20:28).



**എന്റെ തീരുമാനം**

അനുദിന സംഭവങ്ങളെ ഞാൻ

ഈശോയുടെ കണ്ണിലൂടെ കാണും;

അവയോട് അവിടത്തെപ്പോലെ പ്രതികരിക്കും.

## ചില ചോദ്യമാതൃകകൾ

1. താങ്കൾക്ക് ഈശോ ആരാണ്?
2. ഈശോയുടെ വാക്കുകളും ജീവിതവും താങ്കളെ സ്വാധീനിക്കുന്നതെങ്ങനെയെന്ന് വിശദീകരിക്കുക.
3. ഈശോയുടെ ദൈവത്വം നിഷേധിക്കുന്നവർക്കു മുമ്പിൽ താങ്കൾ എങ്ങനെ ആ സത്യം സ്ഥാപിക്കും?
4. ഈശോയെക്കുറിച്ചുള്ള പ്രവചനങ്ങൾ വിശകലനം ചെയ്ത് അവിടത്തെ ദൈവത്വം സ്ഥാപിക്കുക.
5. താങ്കളുടെ പ്രായത്തിലുള്ളവർക്ക് ഈശോയിൽനിന്നു സ്വീകരിക്കാവുന്ന ജീവിതമാതൃക വിശദീകരിക്കുക.
6. ഈശോയുടെ വാക്കുകളിൽ താങ്കളെ സ്വാധീനിച്ച ഏതെങ്കിലും ഒന്ന് എഴുതുക. ആ വാക്കുകളുടെ അടിസ്ഥാനത്തിൽ താങ്കളുടെ സാഹചര്യത്തിലെ അർഥം വിശകലനം ചെയ്യുക.
7. ഈശോയുടെ അനന്യത വിശകലനം ചെയ്യുക.
8. ഈശോയുടെ സഹനം ധീരതയാണ്; കുരിശ് വിജയവും.' വിശദീകരിക്കുക.

9. ഈശോയുടെ വ്യക്തിത്വത്തിൽ താങ്കളെ ഏറ്റവും സ്വാധീനിക്കുന്ന സവിശേഷത ഏത്?
10. താങ്കൾ ഈശോയെ സ്നേഹിക്കുന്നുണ്ടോ? എന്തുകൊണ്ട്?
11. ഈശോ ലോകചരിത്രത്തെ എങ്ങനെ സ്വാധീനിച്ചുവെന്ന് നിങ്ങൾ പഠിച്ച ലോകചരിത്രത്തിന്റെ വെളിച്ചത്തിൽ വിലയിരുത്തുക.
12. ഇന്നത്തെ യുവാക്കളുടെ മിശിഹാനുകരണം എങ്ങനെയായിരിക്കണം?
13. അക്രൈസ്തവർ പോലും ഈശോയെ സ്നേഹിക്കുന്നത് എന്തു കൊണ്ടായിരിക്കും?
14. മൊബൈൽ ഫോണിന്റെ ഉപയോഗത്തെക്കുറിച്ച് ഈശോ എന്ത് പറയുമായിരുന്നു?
15. ഇന്നത്തെ മലയാളം സിനിമകളെക്കുറിച്ച് ഈശോ എന്ത് പറയുമായിരുന്നു?
16. തൊഴിൽ തിരഞ്ഞെടുക്കുന്നതിൽ ഈശോയെ മാതൃകയാക്കാൻ കഴിയുമോ? എങ്ങനെ?

## അധ്യായം 2
# എന്റെ സീറോമലബാർസഭ

### A. പാഠവിശകലനം

നമ്മുടെ മാതൃസഭയായ സീറോമലബാർസഭയുടെ തനിമയും സവിശേഷതയും അറിയുമ്പോഴാണ് ആ സഭയെ നമ്മൾക്ക് സ്നേഹിക്കാൻ സാധിക്കുന്നത്. സീറോമലബാർസഭയുടെ ചരിത്രം ആരംഭിക്കുന്നത് ഈശോയിലും ഈശോ സ്ഥാപിച്ച തിരുസഭയിലുമാണ്. വ്യത്യസ്ത വ്യക്തിസഭകളുടെ കൂട്ടായ്മയാണ് തിരുസഭ. മാർതോമാശ്ലീഹായുടെ അപ്പസ്തോലിക പാരമ്പര്യമാണ് സീറോമലബാർസഭയ്ക്കുള്ളത്. ഈശോയുടെ തിരുസഭാ സ്ഥാപനവും മാർതോമാശ്ലീഹായുടെ ഭാരത സന്ദർശനവും മുതൽ സീറോമലബാർസഭയുടെ ചരിത്രത്തിലെ പ്രധാനപ്പെട്ട നാഴിക കല്ലുകളെ ഈ അധ്യായത്തിൽ അവതരിപ്പിച്ചിരിക്കുന്നു. കൂടാതെ സീറോമലബാർസഭയുടെ തനിമയിലെ പ്രധാന ഘടകങ്ങളായ പൗരസ്ത്യ പാരമ്പര്യം, ആരാധനാക്രമം, ഭാഷ, ഭരണസംവിധാനം, സാംസ്കാരികാനുരൂപണം, ജീവിതശൈലി തുടങ്ങിയവയെയും ഈ അധ്യായം പരിചയപ്പെടുത്തുന്നു.

**ലക്ഷ്യം:** തങ്ങളുടെ മാതൃസഭയായ സീറോമലബാർസഭ, തോമാശ്ലീഹയുടെ മിശിഹാനുഭവത്തിൽ നിന്നും ആരംഭിച്ചതാണെന്നും ആ സഭയുടെ അനന്യതയും തനിമയും ചരിത്രവും അമൂല്യമാണെന്നും തിരിച്ചറിഞ്ഞ് ആ സഭയെ സ്നേഹിക്കാനും അതിലെ ഒരു അംഗമായിരിക്കുന്നതിൽ അഭിമാനിക്കാനും, സീറോമലബാർസഭയുടെ സമ്പന്ന പാരമ്പര്യം അടുത്ത തലമുറയിലേക്ക് കൈമാറാനും കുട്ടികൾക്ക് സാധിക്കുന്നു.

**ബോധ്യങ്ങൾ**

1. സീറോമലബാർസഭ എന്റെ അമ്മയാണ്.
2. ഈശോയിൽ ആരംഭിച്ചതും ഭാരതത്തിലെത്തിയ തോമാശ്ലീഹായാൽ സ്ഥാപിതവുമാണ് സീറോമലബാർസഭ.
3. എന്റെ മാതൃസഭയുടെ പാരമ്പര്യം അന്തസുറ്റതും അഭിമാനകരവും തനിമയാർന്നതുമാണ്.

**ശീലം:** എന്റെ മാതൃസഭയായ സീറോമലബാർസഭയുടെ ചരിത്രവും ആധികാരികമായി അറിയാൻ ഞാൻ ശ്രമിക്കും. അറിഞ്ഞ അറിവുകളെ വിലമതിക്കുകയും ആദരിക്കുകയും അങ്ങനെ എന്റെ സഭയെ ഞാൻ മനസ്സറിഞ്ഞ് സ്നേഹിക്കുകയും ചെയ്യും. എന്റെ മാതൃസഭയുടെ തനിമയാർന്ന ആരാധനാക്രമവും ആത്മീയ പാരമ്പര്യവും ജീവിതശൈലിയും

എന്റെ ജീവിതത്തിൽ ഞാൻ പാലിക്കുകയും അവ എന്റെ അടുത്ത തല മുറയ്ക്കായി കുറവു കൂടാതെ കൈമാറ്റം ചെയ്യുകയും ചെയ്യും.

**സഹായക ഗ്രന്ഥങ്ങൾ**

- വിശുദ്ധബൈബിൾ
- കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം
- യൂകാറ്റ്
- പാഠപുസ്തകം
- ഭാരതസഭാചരിത്രം, തിരുസഭാചരിത്രം (ഡോ.സേവ്യർ കൂടപ്പുഴ)
- Apostolate of St. Thomas in India, Edited by Pius Malekandathil, K.S Mathew, James Kurikilamkatt, Jenee Peter

**പ്രധാന ആശയങ്ങൾ**

- സീറോമലബാർസഭ അനന്യവും തനിമയാർന്നതുമായ ഒരു വ്യക്തി സഭയാണ്.
- സീറോമലബാർസഭയുടെ ചരിത്രം ഈശോമിശിഹായിലും, അവിടത്തെ പ്രിയ ശിഷ്യനായ മാർതോമാശ്ലീഹായുടെ മിശിഹാ അനുഭവത്തിൽ നിന്നുമാണ് ആരംഭിക്കുന്നത്.
- ഈശോയുടെ മൗതീക ശരീരമായ തിരുസഭ വ്യത്യസ്ത വ്യക്തി സഭകളുടെ ഒരു കൂട്ടായ്മയാണ്.
- വ്യക്തിസഭകളെ വ്യത്യസ്തമാക്കുന്നത് ആരാധനാക്രമം, ദൈവശാസ്ത്രം, അധ്യാത്മിക പൈതൃകം, ഭരണക്രമം തുടങ്ങിയവയാണ്.
- സീറോമലബാർസഭയുടെ തനതു വ്യക്തിത്വത്തിനു മാർതോമാ ശ്ലീഹായുടെ അപ്പോസ്തോലിക പാരമ്പര്യവും ഭാരതസഭയുടെ പ്രത്യേക സാംസ്കാരിക സവിശേഷതകളും കാരണമാണ്.
- AD 52 ൽ തോമാശ്ലീഹാ കൊടുങ്ങല്ലൂരിൽ എത്തുകയും AD 72 ൽ മൈലാപ്പൂരിൽ രക്തസാക്ഷിത്വം വരിക്കുകയും ചെയ്തു.

സീറോമലബാർസഭയുടെ ചരിത്രത്തിലെ നാഴിക കല്ലുകളാണ്; മാർ തോമാശ്ലീഹായുടെ ഭാരതസന്ദർശനം, നസ്രാണികളുടെ ആദിമകാലം, പേർഷ്യൻ സഭയുമായുള്ള ബന്ധം, പോർച്ചുഗീസ് ബന്ധം, ഉദയം പേരൂർ സൂനഹദോസ്, കൂനൻകുരിശ് സത്യം, സീറോമലബാർ വികാരി യത്തുകളുടെ സ്ഥാപനം, സീറോമലബാർസഭ ഹയരാർക്കി സ്ഥാപനം, മേജർ ആർക്കിഎപ്പിസ്കോപ്പൽസഭ, ഭാരതം മുഴുവനുമുള്ള അജപാലന അധികാരം, ഇന്നത്തെ സീറോമലബാർസഭ തുടങ്ങിയവ. സീറോമല ബാർസഭയുടെ തനിമയ്ക്ക് താഴെപ്പറയുന്ന സവിശേഷതകളുണ്ട്;

സീറോമലബാർസഭയുടെ പൗരസ്ത്യ പാരമ്പര്യത്തിന്റെ തനിമ, ആരാധനാക്രമത്തിന്റെ തനിമ, ഭാഷയിലെ തനിമ, ഭരണസംവിധാനത്തിന്റെ തനിമ, തനിമയാർന്ന സാംസ്കാരികാനുരൂപണം, ജീവിതശൈലിയുടെ തനിമ.

**വിശദമാക്കേണ്ട പദങ്ങൾ**

വ്യക്തിസഭ, ഏഴരപ്പള്ളികൾ, ശ്ലീഹായുടെ രക്തസാക്ഷിത്വം, കബറിടം, പദ്രുവാദോ, മേജർ ആർക്കിഎപ്പിസ്കോപ്പൽസഭ

**1. വ്യക്തിസഭ:** സഭ സഭകളുടെ കൂട്ടായ്മയാണ്. കത്തോലിക്കാസഭയിലെ വിവിധ സഭകളെ വ്യക്തിസഭകൾ എന്ന് വിളിക്കുന്നു. രണ്ടാം വത്തിക്കാൻ സൂനഹദോസിനു ശേഷം പരിഷ്കരിച്ച പൗരസ്ത്യ കാനോൻ നിയമ സംഹിത വ്യക്തിഗത സഭകളെ Sui Juris Churches എന്നാണ് വിളിക്കുന്നത്. കത്തോലിക്ക സഭയുടെ മതബോധനഗ്രന്ഥം 1201 ഇങ്ങനെ പഠിപ്പിക്കുന്നു. 'മിശിഹാ രഹസ്യം ഏതെങ്കിലുമൊരു ആരാധന പാരമ്പര്യത്തിൽ മാത്രം പൂർണമായി പ്രകാശിതമാകാനാകാത്ത വിധം അഗാധമായ വിധത്തിൽ സമ്പന്നമാണ്. റീത്തുകളുടെ ഉത്ഭവത്തിന്റെയും വികസനത്തിന്റെയും ചരിത്രം ശ്രദ്ധേയമായ ഒരു പരസ്പരപൂരകത്വത്തിനു സാക്ഷ്യംവഹിക്കുന്നു. സഭകൾ അവയുടെ ആരാധന പാരമ്പര്യങ്ങൾ വിശ്വാസത്തിലും വിശ്വാസത്തിന്റെ കൂദാശകളുടെ ഐക്യത്തിലും ജീവിച്ചപ്പോൾ അവർ പരസ്പരം സമ്പന്നമാക്കുകയും പാരമ്പര്യത്തോടും സഭ മുഴുവന്റെയും പൊതുദൗത്യത്തോടുള്ള വിശ്വസ്തതയിൽ വളരുകയും ചെയ്തു.' 'നിയമപരമായി അംഗീകൃതമായ എല്ലാ റീത്തുകളെയും തുല്യമായ അവകാശവും ബഹുമാനവും ഉള്ളവയായി പരിശുദ്ധ സഭാമാതാവ് പരിഗണിക്കുന്നു' (Sacrosanctum Concilium 4).

**2. ഏഴരപ്പള്ളികൾ:** കൊടുങ്ങല്ലൂർ (മുസീരിസിൽ) തുടങ്ങിയ പ്രേക്ഷിത പ്രവർത്തനം മലബാർ തീരത്തെ അക്കാലത്തെ മറ്റ് പ്രധാന പട്ടണങ്ങളിലേക്കും വ്യാപിച്ചു. ശ്ലീഹാ അങ്ങനെ ഏഴ് ക്രൈസ്തവ സമൂഹങ്ങൾക്ക് രൂപം നൽകി. 7 പ്രധാന സമൂഹങ്ങൾ എന്ന അർഥത്തിൽ ഏഴ് പള്ളിയും ഒരു അരപ്പള്ളിയും സ്ഥാപിച്ചു. അങ്ങനെ ഏഴരപ്പള്ളികൾ എന്ന് അവ അറിയപ്പെടുന്നു. തന്റെ നീണ്ട 20 വർഷത്തെ സുവിശേഷ വേലയ്ക്കിടയിൽ ഇവ കൂടാതെ മറ്റ് പല സ്ഥലങ്ങളിലും അദ്ദേഹം ക്രൈസ്തവ കൂട്ടായ്മകൾ സ്ഥാപിച്ചിട്ടുണ്ട്. തോമാശ്ലീഹായാൽ സ്ഥാപിതമായ ഏഴ് പ്രധാന സമൂഹങ്ങൾ അഥവാ ഏഴ് പള്ളികൾ കൊടുങ്ങല്ലൂർ (മുസീരിസ്), പാലയൂർ (ചാവക്കാട്), കോട്ടക്കാവ് (പറവൂർ), കോക്കമംഗലം, നിരണം (തൃപ്പാലേശ്വരം), നിലയ്ക്കൽ (ചായൽ), കൊല്ലം, തിരുവാങ്കോട് എന്നിവയാണ്. ഏഴരപ്പള്ളികൾ എന്ന പാരമ്പര്യത്തെപ്പറ്റി പല അഭിപ്രായങ്ങൾ നിലവിലുണ്ട്.

a) മാർ തോമാശ്ലീഹ സ്ഥാപിച്ച ഏഴ് പള്ളികൾക്ക് അഥവാ ക്രൈസ്തവ സമൂഹങ്ങൾക്ക് അവയുടെ പ്രാധാന്യം പരിഗണിച്ച് ലഭിച്ച പേരാണ് അരപ്പള്ളികൾ (അര=പ്രധാനപ്പെട്ട) എന്നതാണ് അവയിൽ ഒന്നാമത്തെ അഭിപ്രായം.

b) അരപള്ളി എന്നതുകൊണ്ട് അരചപ്പള്ളി അഥവാ രാജാവിന്റെ പള്ളി എന്നാണ് അർഥമാക്കുന്നത് എന്ന ഒരു അഭിപ്രായവുമുണ്ട്.

c) മാർ തോമാശ്ലീഹായാൽ പൂർത്തീകരിക്കപ്പെട്ട ഏഴു പള്ളികളും പൂർത്തീകരിക്കാത്ത ഒരു പള്ളിയും (1/2 പള്ളി) ചേർന്നതാണ് ഏഴര പ്പള്ളികൾ എന്നതാണ് മറ്റൊരു അഭിപ്രായം. കന്യാകുമാരിക്കടുത്തുള്ള തിരുവാങ്കോട് പള്ളിയാണ് അരപ്പള്ളിയായി പൊതുവിൽ കരുതപ്പെടുന്നത്.

**3. ശ്ലീഹായുടെ രക്തസാക്ഷിത്വം, കബറിടം:** കേരളത്തിൽനിന്ന് തമിഴ്നാട്ടിലേക്ക് യാത്രയായ ശ്ലീഹ അവിടെയും സുവിശേഷം പ്രസംഗിച്ചു. അവിടെ ചിന്നമലയിൽ വച്ച് വധഭീഷണി ഉണ്ടായതിനെത്തുടർന്ന് അടുത്തുള്ള പെരിയമലയിൽ അഭയം പ്രാപിച്ചെങ്കിലും ശത്രുക്കൾ ശൂലം കൊണ്ട് കുത്തി ശ്ലീഹായെ വധിച്ചു. AD 72 ജൂലൈ 3 നു ആണ് മാർ തോമാശ്ലീഹാ രക്തസാക്ഷിമകുടം ചൂടിയത്. വിശുദ്ധന്റെ മരണത്തിന്റെ തിരുനാളാണ് നാം ആഘോഷിക്കുന്ന ദുക്റാന തിരുനാൾ. മൈലാപ്പൂരിൽ ശ്ലീഹായുടെ പൂജ്യശരീരം സംസ്കരിക്കപ്പെട്ട സ്ഥലത്താണ് സാന്തോം കത്തീഡ്രൽ ദൈവാലയം പണി ചെയ്യപ്പെട്ടിരിക്കുന്നത്. വിശുദ്ധന്റെ തിരുശേഷിപ്പ് മൂന്നാം നൂറ്റാണ്ടിൽ എദ്ദേസയിലേക്കും അവിടെനിന്ന് AD 1241 ൽ കിയോസ് ദ്വീപിലേക്കും AD 1257 ൽ ഇറ്റലിയിലെ ഓർത്തോണയിലേക്കും കൊണ്ടുപോയി. തോമാശ്ലീഹായുടെ കബറിടം മൈലാപ്പൂരിൽ സ്ഥിതിചെയ്യുന്നു എന്ന വസ്തുത ആദ്യ നൂറ്റാണ്ടുകൾ മുതലേ ബാഹ്യ ലോകം അറിഞ്ഞിരുന്നു. റോമിൽ വിശുദ്ധ പത്രോസിന്റെ കബറിടം വണങ്ങപ്പെടുന്നതുപോലെ ഇന്ത്യയിൽ തോമാശ്ലീഹായുടെ കബറിടം വണങ്ങപ്പെടുന്നു എന്നാണ് സഭാപിതാവായ വിശുദ്ധ ജോൺ ക്രിസോസ്തം സാക്ഷ്യപ്പെടുത്തുന്നത്. ലോകത്തിൽ വേറൊരു സ്ഥലവും വിശുദ്ധന്റെ കബറിടം ഉണ്ടെന്ന് അവകാശപ്പെടുന്നില്ല. പ്രാചീനകാലം മുതൽ തന്നെ ഭാരതത്തിന്റെ ഇതര ഭാഗങ്ങളിൽ നിന്നും വിദേശത്തു നിന്നും ഒട്ടനേകം പേർ ഈ കബറിടം സന്ദർശിക്കുകയും നേർച്ച കാഴ്ചകൾ സമർപ്പിക്കുകയും ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. AD 883 ൽ ഇംഗ്ലണ്ടിലെ ആൽഫ്രഡ് രാജാവ് തനിക്ക് ലഭിച്ച വിജയത്തിനു നന്ദി എന്നവണ്ണം തോമാശ്ലീഹായുടെ കബറിടത്തിങ്കൽ സമർപ്പിക്കുന്നതിനായി കാഴ്ചവസ്തുക്കൾ കൊടുത്തയച്ചതായി (ആംഗ്ലോ സാക്സൺ ക്രോണിക്കിൾ) സാക്ഷ്യപ്പെടുത്തുന്നു. AD 1295 ൽ ഇന്ത്യയിൽ എത്തിയ

ഇറ്റാലിക്കാരനായ സഞ്ചാരി മാർക്കോപോളോ മൈലാപൂരിൽ വിശുദ്ധ തോമാശ്ലീഹായുടെ കബറിടം സന്ദർശിക്കുന്നുണ്ട്. 1324 ൽ വാഴ്ത്തപ്പെട്ട ഒഡറിക്കും AD 1346 ൽ മാർപാപ്പായുടെ പ്രതിനിധിയായി ഇന്ത്യയിൽ എത്തിയ ജോൺ മരിഞ്ഞോളിയും AD 1425 ൽ നിക്കോളോ ദേ കോന്റി എന്ന യൂറോപ്യൻ സഞ്ചാരിയും മൈലാപ്പൂരിൽ ചെന്ന് വിശുദ്ധ തോമാശ്ലീഹായുടെ കബറിടം സന്ദർശിച്ചതായും രേഖകളുണ്ട്.

**സഭാ പിതാക്കന്മാർ:** മാർ തോമാശ്ലീഹായുടെ പ്രവർത്തനം ഭാരതത്തിൽ ആയിരുന്നു എന്ന് ലത്തീൻ, ഗ്രീക്ക്, സുറിയാനി സഭാപിതാക്കന്മാർ വ്യത്യാസമില്ലാതെ ഒരുപോലെ സാക്ഷ്യപ്പെടുത്തുന്ന ഒരു കാര്യമാണ്. മാർ അപ്രേം അസന്ദിഗ്ധമായി പറയുന്നത് തോമാശ്ലീഹാ ഭാരതത്തിൽ രക്തസാക്ഷിത്വം വഹിച്ചു എന്നും അദ്ദേഹത്തിന്റെ തിരുശേഷിപ്പ് ഒരു എദ്ദേസിയക്കാരനായ കച്ചവടക്കാരൻ എദ്ദേസായിൽ കൊണ്ടുവന്നു എന്നുമാണ്. നസിയാൻസൂസിലെ വി. ഗ്രിഗറി, ടൂറിലെ ഗ്രിഗറി, മിലാനിലെ അംബ്രോസ്, അലക്സാണ്ട്രിയായിലെ ഒരിജൻ, സെവിലിലെ ഇസിദോർ തുടങ്ങിയ സഭാപിതാക്കന്മാർ എല്ലാം മാർതോമാ ശ്ലീഹായുടെ മൈലാപൂരിലെ രക്തസാക്ഷിത്വത്തെയും കബറിടത്തെയും കുറിച്ചെഴുതുന്നുണ്ട്.

**4. പദ്രുവാദോ:** കണ്ടുപിടിക്കുന്ന രാജ്യങ്ങളിലെല്ലാം ക്രൈസ്തവ വിശ്വാസം പ്രചരിപ്പിക്കുവാനും രൂപതകൾ സ്ഥാപിക്കുവാനും മെത്രാന്മാരെ നിയമിക്കുവാനും മാർപാപ്പമാർ പോർച്ചുഗീസ് രാജാക്കന്മാർക്ക് അധികാരവും അവകാശവും കൊടുത്തു. ഈ സഭാ ഭരണാധികാരത്തെയാണ് പദ്രുവാദോ എന്നു വിളിക്കുന്നത്. AD 1500 ൽ കേരളത്തിൽ വന്ന കബ്രാൾ എന്ന പോർച്ചുഗീസ് നാവികന്റെ കൂടെ 7 ഫ്രാൻസിസ്കൻ മിഷനറിമാരും ഉണ്ടായിരുന്നു. തുടർന്ന് കൂടുതൽ മിഷനറിമാർ ഇവിടെയെത്തി പ്രേഷിതപ്രവർത്തനം നടത്തി. ഫ്രാൻസിസ്കൻ മിഷനറിമാരെ കൂടാതെ ഈശോ സഭക്കാർ, ഡൊമിനിക്കൻ, അഗസ്റ്റിനിയൻ വൈദികരും ഇവിടെയെത്തി. കൊച്ചി, കൊടുങ്ങല്ലൂർ, കൊല്ലം എന്നിവയായിരുന്നു കേരളത്തിലെ പോർച്ചുഗീസുകാരുടെ കേന്ദ്രങ്ങൾ. AD 1510 ൽ ഗോവയിലെത്തിയ അവർ AD 1530 മുതൽ ഗോവയെ ഇന്ത്യയിലെ പോർച്ചുഗീസ് ഭരണകേന്ദ്രമാക്കിത്തീർത്തു. AD 1534 ൽ ഗോവയിൽ ഇന്ത്യയിലെ ആദ്യത്തെ ലത്തീൻ രൂപത സ്ഥാപിച്ചു. AD 1558 ൽ ഗോവ അതിരൂപതയാക്കുകയും സാമന്ത രൂപതയായി കൊച്ചി സ്ഥാപിക്കുകയും ചെയ്തു. ആദ്യകാലങ്ങളിൽ പോർച്ചുഗീസുകാർ മാർതോമാക്രിസ്ത്യാനികളുമായും അവരുടെ ആധ്യാത്മിക പിതാക്കന്മാരായിരുന്ന പൗരസ്ത്യ സുറിയാനി സഭയിൽ നിന്നുള്ള മെത്രാന്മാരുമായും സൗഹൃദത്തിലാണ്

കഴിഞ്ഞത്. എന്നാൽ ക്രമേണ ഈ ബന്ധത്തിനു ഉലച്ചിൽ സംഭവിച്ചു. ഭാരതസഭയുടെ വിശ്വാസവും ആരാധന രീതികളും ആചാരാനുഷ്ഠാനങ്ങളും ഭരണക്രമവും അടങ്ങുന്ന 'തോമായുടെ നിയമം' റോമിലെ 'പത്രോസിന്റെ നിയമ'വുമായി ചേർന്ന് പോകാത്തതാണ് എന്ന ധാരണ അവർ പുലർത്താൻ തുടങ്ങി. പോർച്ചുഗീസുകാരുടെ വരവിനുശേഷം, മാർ യാക്കോബ്, മാർ ദെൻഹാ, മാർ യൗസേപ്പ്, മാർ അബ്രാഹം എന്നീ നാല് പേർഷ്യൻ മെത്രാന്മാരാണ് മാർ തോമക്രിസ്ത്യാനികൾക്ക് ആത്മീയ നേതൃത്വം കൊടുത്തത്. മാർ യാക്കോബിന്റെ കാലം മുതൽതന്നെ പോർച്ചുഗീസ് പേർഷ്യൻ ബന്ധത്തിൽ ഉലച്ചിൽ അനുഭവപ്പെട്ടു തുടങ്ങി.

**5. മേജർ ആർക്കിഎപ്പിസ്കോപ്പൽസഭ:** 1991 ഒക്ടോബർ 1 നു പൗരസ്ത്യ സഭകൾക്കായുള്ള കാനോൻ നിയമം നിലവിൽ വന്നു. തുടർന്ന് പൗരസ്ത്യ കാനോൻ നിയമം അനുശാസിക്കുന്ന രീതിയിലുള്ള സഭാതലവനെയും ഭരണക്രമവും സീറോമലബാർസഭയ്ക്ക് നല്കുവാൻ പരിശുദ്ധ സിംഹാസനം തീരുമാനിച്ചു. 1992 ഡിസംബർ 16 നു 'ക്വേ മയോറി' എന്ന ശ്ലൈഹിക രേഖ വഴി വി. ജോൺപോൾ രണ്ടാമൻ മാർപാപ്പ സീറോമലബാർസഭയെ ഒരു മേജർ ആർക്കിഎപ്പിസ്കോപ്പൽസഭയായി ഉയർത്തി. എറണാകുളം അതിരൂപതയുടെ മെത്രാപ്പോലീത്തായായിരുന്ന മാർ ആന്റണി പടിയറയെ ആദ്യത്തെ മേജർ ആർച്ചുബിഷപ്പായി മാർപാപ്പ നിയമിച്ചു. തുടർന്ന് മേജർ ആർച്ചുബിഷപ്പും മെത്രാന്മാരുടെ സിനഡും അടങ്ങുന്ന സഭാഭരണക്രമം നിലവിൽ വന്നു. 2017 ൽ മേജർ ആർച്ചുബിഷപ്പ് മാർ ജോർജ് ആലഞ്ചേരി പിതാവിന്റെ കാലത്ത് സീറോമലബാർസഭയ്ക്ക് ഇന്ത്യ മുഴുവനും അജപാലന അധികാരം ലഭിച്ചു. 2024 ജനുവരി മുതൽ മാർ റാഫേൽ തട്ടിൽ സീറോമലബാർസഭയുടെ നാലാമത്തെ മേജർ ആർച്ചു ബിഷപ്പായി സേവനമനുഷ്ഠിക്കുന്നു.

## B. പാഠാവതരണം

ഈ മൊഡ്യൂളിലെ പാഠാവതരണത്തിനു ഒരാഴ്ചക്ക് മുമ്പെങ്കിലും ചെയ്യേണ്ട മുന്നൊരുക്കങ്ങൾ.

രണ്ടു മണിക്കൂർകൊണ്ടു പൂർത്തിയാക്കാവുന്ന രണ്ടു മൊഡ്യൂളുകളാണ് ഈ അധ്യായത്തിൽ ഉള്ളത്

**പാഠോപകരണങ്ങൾ**

ലോക ഭൂപടം, പവർ പോയിന്റ് പ്രസന്റേഷനുവേണ്ട സജ്ജീകരണങ്ങൾ, റൂട്ടു മാപ്പുകൾ

**മൊഡ്യൂൾ 1:** ഈശോയും തിരുസഭയും, സീറോമലബാർസഭയുടെ സവിശേഷ വ്യക്തിത്വം, മാർ തോമാശ്ലീഹായുടെ മക്കൾ, സീറോ മലബാർ സഭയുടെ ചരിത്രപാത.

**1. മാർ തോമാശ്ലീഹായുടെ രണ്ട് പ്രേക്ഷിത യാത്രകളുടെ റൂട്ട് മാപ്പ്:** ക്ലാസ്സിനെ വിവിധ ഗ്രൂപ്പുകൾ ആയി തിരിച്ച് ഒരു ഗ്രൂപ്പ് പാഠപുസ്തകത്തിൽ തന്നിരിക്കുന്ന മാർ തോമാശ്ലീഹായുടെ രണ്ട് പ്രേഷിത യാത്രകളുടെ ഭൂപടം പരിശോധിച്ച് അതിലെ പ്രധാനപ്പെട്ട സ്ഥലങ്ങളെയും, അവിടെ നടന്ന സംഭവങ്ങളെയും പരിചയപ്പെടുത്തുകയും അവയുടെ പ്രാധാന്യം വിവരിക്കുകയും ചെയ്യുക.

**2. ഏഴര പള്ളികളെ അറിയാൻ; ഒരു ഗൈഡ്:** ക്ലാസ്സിലെ അടുത്ത ഗ്രൂപ്പ് ഏഴര പള്ളികളിലെ ഓരോ പള്ളികളെക്കുറിച്ചുമുള്ള ചെറിയ ഒരു വിവരണം തയ്യാറാക്കുകയും ഒരു ടൂറിസ്റ്റ് ഗൈഡിനെപോലെ ക്ലാസ്സിൽ ആ പള്ളിയെക്കുറിച്ചും അതിന്റെ സവിശേഷതകളെക്കുറിച്ചും അവതരിപ്പിക്കുക.

**3. സീറോ മലബാർ സഭയുടെ ചരിത്രപാത ഒരു സെമിനാർ:** പാഠപുസ്തകത്തിൽ തന്നിരിക്കുന്ന സീറോ മലബാർ സഭയുടെ ചരിത്രപാതയിലെ 13 നാഴികക്കല്ലുകളെ 13 വിദ്യാർഥികൾ പവർ പോയിന്റ് പ്രസന്റേഷന്റെ സഹായത്തോടെ അവതരിപ്പിക്കുന്ന ഒരു സെമിനാർ തയ്യാറാക്കുക. സീറോമലബാർസഭാചരിത്രവും മറ്റ് റഫറൻസ് ഗ്രന്ഥങ്ങളും ഉപയോഗിച്ചുകൊണ്ട് ഓരോ ചരിത്ര ഘട്ടങ്ങളുടെയും കൂടുതൽ വിവരങ്ങൾ അവതരണങ്ങളിൽ ഉൾപ്പെടുത്തുക.

**പ്രവർത്തനം 1:** തിരുസഭ സഭകളുടെ കൂട്ടായ്മ

ക്ലാസ് വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് കേരളത്തിലെ ഇതര കത്തോലിക്കാ സഭകളായ സീറോമലങ്കര, ലത്തീൻ സഭകളിലെ വിശുദ്ധ കുർബാനയർപ്പണം, കൂദാശ പരികർമങ്ങൾ, കൂദാശാനുകരണങ്ങൾ, മറ്റ് ആചാരാനുഷ്ഠാനങ്ങൾ തുടങ്ങിയവ നിരീക്ഷിച്ച് ഇവയുടെ ആചരണത്തിൽ സീറോമലബാർസഭ എങ്ങനെ വ്യത്യസ്തമായിരിക്കുന്നു എന്ന് കണ്ടെത്തുക.

**ക്രോഡീകരണം:** ഈശോയുടെ മൗതിക ശരീരമായ തിരുസഭ വിവിധ സഭാസമൂഹങ്ങളുടെ ഒരു കൂട്ടായ്മയാണ്. ഈശോയിൽ ഒന്നായിരിക്കുമ്പോഴും ഓരോ സഭയ്ക്കും തനതായ വ്യക്തിത്വമുണ്ട്. വ്യക്തിസഭകളെ വ്യത്യസ്തമാക്കുന്ന ഘടകങ്ങൾ ആരാധനാക്രമം, ദൈവശാസ്ത്രം, ആധ്യാത്മിക പൈതൃകം, ഭരണക്രമം തുടങ്ങിയവയാണ്.

**പ്രവർത്തനം 2 :** മാർ തോമാശ്ലീഹായുടെ രണ്ട് പ്രേക്ഷിത യാത്രകൾ റൂട്ടുമാപ്പ് അവതരണം മുൻകൂട്ടി തയ്യാറായ ഗ്രൂപ്പ് മാർ തോമാശ്ലീഹായുടെ രണ്ട് പ്രേഷിത യാത്രകളുടെയും റൂട്ടുമാപ്പും അതിലെ പ്രധാനപ്പെട്ട സ്ഥലങ്ങളുടെയും സംഭവവികാസങ്ങളുടെയും വിവരങ്ങളും ക്ലാസ്സിൽ അവതരിപ്പിക്കുന്നു.

| |
|---|
| **ക്രോഡീകരണം:** സുവിശേഷപ്രഘോഷണ ദൗത്യം ഏറ്റെടുത്ത മാർത്തോമാ ശ്ലീഹാ രണ്ടുതവണ ഇന്ത്യയിലേക്ക് പ്രേഷിതയാത്ര നടത്തി AD 44-50 കാലഘട്ടത്തിൽ പേർഷ്യയിലേക്കും സിറിയയിലേക്കും. എഡി 52-ൽ ഇന്നത്തെ കൊടുങ്ങല്ലൂരിലേക്കും. |

**പ്രവർത്തനം 3:** ഏഴര പള്ളികളിലേക്ക് ഒരു ഗൈഡ്

മുൻകൂട്ടി തയ്യാറായ ഗ്രൂപ്പിലെ കുട്ടികൾ ഏഴരപള്ളികളെക്കുറിച്ചും അങ്ങോട്ടുള്ള തങ്ങളുടെ ഇടവകയിൽ നിന്നുള്ള റൂട്ടിനെക്കുറിച്ചും ആ പള്ളിയുടെ ചരിത്രസവിശേഷതകളെക്കുറിച്ചും വിവരിക്കുന്ന ഒരു അവതരണം നടത്തുന്നു.

| |
|---|
| **ക്രോഡീകരണം:** എഡി 52 കൊടുങ്ങല്ലൂരിൽ എത്തിയ മാർതോമാശ്ലീഹ ചരിത്രപ്രസിദ്ധമായ ഏഴര പള്ളികൾ (വിശ്വാസ സമൂഹങ്ങൾ) സ്ഥാപിച്ചു. |

**പ്രവർത്തനം 4:** സീറോമലബാർസഭയുടെ ചരിത്രപാത

മുൻകൂട്ടി തയ്യാറായ 13 വിദ്യാർഥികൾ സീറോമലബാർസഭയുടെ ചരിത്രപാതയിലെ 13 നാഴികക്കല്ലുകളെക്കുറിച്ചും ഓരോ ഘട്ടങ്ങളുടെയും പ്രത്യേകതകളെക്കുറിച്ചും പവർ പോയിന്റിന്റെ സഹായത്തോടെ ഒരു സെമിനാർ അവതരിപ്പിക്കുന്നു.

| |
|---|
| **ക്രോഡീകരണം:** ഈശോ സ്ഥാപിച്ച തിരുസഭ ശിഷ്യന്മാരുടെ സുവിശേഷപ്രഘോഷത്തിലൂടെ ലോകമെങ്ങും വളർന്നു. ഭാരത സഭാസ്ഥാപനം, നസ്രാണികളുടെ ആദിമകാല ജീവിതം, പേർഷ്യൻ സഭയുമായുള്ള ബന്ധം, പോർച്ചുഗീസ് ബന്ധം, ഉദയംപേരൂർ സൂനഹദോസ്, കൂനൻ കുരിശ് സത്യം, സീറോമലബാർ വികാരിയാത്തുകൾ, സീറോമലബാർസഭാ ഹയരാർക്കി, മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭ, വളരുന്ന സീറോമലബാർസഭ, ഇന്നത്തെ സീറോമലബാർസഭ തുടങ്ങിയ 13 നാഴികക്കല്ലുകൾ സീറോമലബാർസഭയുടെ ചരിത്രത്തിൽ രേഖപ്പെടുത്താം. |

**പ്രവർത്തനം 4:** സീറോമലബാർ സഭാചരിത്ര ക്വിസ്

കുട്ടികൾ നടത്തിയ അവതരണത്തിന്റെയും അവർ കണ്ടെത്തിയ വസ്തുതകളുടെയും വെളിച്ചത്തിൽ ഇടവകയിലെ ചെറിയ ക്ലാസ്സിലെ കുട്ടികൾക്കുമായി വിപുലമായ ഒരു ക്വിസ് മത്സരം കുട്ടികൾ ഇടവക തലത്തിൽ സംഘടിപ്പിക്കുന്നു.

| |
|---|
| **ക്രോഡീകരണം:** സീറോമലബാർസഭയുടെ ചരിത്രത്തിലെ പ്രധാന ഘട്ടങ്ങളെക്കുറിച്ച് അവബോധമുള്ളവരായി കുട്ടികൾ മാറുകയും തങ്ങളുടെ ഇടവക സമൂഹത്തെ അത് പരിചയപ്പെടുത്തുകയും ചെയ്യുന്നു. |

**മൊഡ്യൂൾ 2:** സീറോമലബാർസഭയുടെ തനിമ

**പ്രവർത്തനം 1:** സീറോമലബാർസഭയുടെ തനിമ ഒരു സിമ്പോസിയം

സീറോമലബാർസഭയുടെ ആരാധനാക്രമം, പള്ളി നിർമാണ ശൈലി, സ്ലീവാ ഭക്തി, മാർഗംകളി, റമ്പാൻ പാട്ട് തുടങ്ങിയ വിവിധ പ്രാചീന കലകളിൽ വിവരിക്കുന്ന നസ്രാണി ജീവിതശൈലി തുടങ്ങിയവയെ പവർ പോയിന്റിന്റെ സഹായത്തോടെ ക്ലാസിൽ അവതരിപ്പിക്കുകയും ഇവയിലൂടെ വെളിവാക്കപ്പെടുന്ന സീറോമലബാർസഭയുടെ തനിമയുടെ പ്രധാന സവിശേഷതകളെ പരിചയപ്പെടുത്തുകയും ചെയ്യുന്നു.

| |
|---|
| **ക്രോഡീകരണം:** സീറോമലബാർസഭയുടെ തനിമകളുടെ സവിഷേതകളാണ്: പൗരസ്ത്യ പാരമ്പര്യം, ആരാധനാക്രമം, ഭാഷ, ഭരണ സംവിധാനം, സാംസ്കാരിക അനുരൂപണം, ജീവിതശൈലി തുടങ്ങയവ. |



**ദൈവവചനം വായിക്കാം**

വി യോഹന്നാന്റെ സുവിശേഷം

അധ്യായങ്ങൾ 5-8



**ഹൃദയം ദീപ്തമാക്കാം**

"ദീദിമോസ് എന്ന തോമാ അപ്പോൾ മറ്റു ശിഷ്യന്മാരോടു പറഞ്ഞു: അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം "

(യോഹ 11:16).



**എന്റെ തീരുമാനം**

ഞാൻ സീറോമലബാർ സഭാപൈതൃകം കാത്തുസൂക്ഷിക്കുകയും അടുത്ത തലമുറയ്ക്ക് വിശ്വസ്തതയോടെ കൈമാറുകയും ചെയ്യും.

## ചില ചോദ്യമാതൃകകൾ

1. നിങ്ങളുടെ മാതൃസഭയായ സീറോമലബാർസഭയിലൂടെ നിങ്ങൾക്കു ലഭിച്ച ആത്മീയ നന്മകളെക്കുറിച്ച് ഒരു നന്ദി പ്രകാശനക്കുറിപ്പ് തയ്യാറാക്കുക?
2. തിരുസഭ, സഭകളുടെ കൂട്ടായ്മയാണെന്നു പറയുമ്പോൾ നിങ്ങൾ എന്താണ് അർഥമാക്കുന്നത്?
3. ലത്തീൻ, സീറോമലങ്കരസഭകളുടെ ആരാധനാക്രമം, മറ്റ് ആചാരാനുഷ്ഠാനങ്ങൾ തുടങ്ങിയവയിൽ നിന്നും സീറോമലബാർസഭ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു എന്ന് പറയാമോ?
4. ഏഴര പള്ളികൾ സന്ദർശിക്കാനെത്തിയ ഒരു സന്ദർശകനെ ഏതെങ്കിലും ഒരു പള്ളിയെ പരിചയപ്പെടുത്തുന്ന ഒരു ടൂറിസ്റ്റ് ഗൈഡിന്റെ സംഭാഷണമെഴുതുക?
5. എന്താണ് മേജർ ആർക്കിഎപ്പിസ്കോപ്പൽസഭ എന്ന് ചോദിക്കുന്ന നിങ്ങളുടെ ഇളയ സഹോദനു നിങ്ങൾ എങ്ങനെ മറുപടി നൽകും?
6. സീറോമലബാർസഭയുടെ ചരിത്രപാതകളെക്കുറിച്ചുള്ള ഒരു പവർ പോയിന്റ് പ്രസന്റേഷൻ ആവശ്യമായ സ്ക്രിപ്റ്റ് തയ്യാറാക്കുക?
7. ഇന്നത്തെ സീറോമലബാർസഭയുടെ വളർച്ചയെക്കുറിച്ചും ഭാവി ദൗത്യങ്ങളെക്കുറിച്ചും ഒരു പ്രസംഗം തയ്യാറാക്കുക?
8. എന്തുകൊണ്ട് ഒരു സീറോമലബാർസഭാംഗമായിരിക്കുന്നതിൽ അഭിമാനിക്കുന്നു എന്ന ചോദ്യത്തിന് സഭയുടെ തനിമയുടെ വെളിച്ചത്തിൽ ഒരു മറുപടി തയ്യാറാക്കുക?

## ഭാരതത്തിലെ കത്തോലിക്കാസഭകൾ

### 1. സീറോമലബാർസഭ

മാർ തോമ്മാശ്ലീഹായുടെ ഭാരതപ്രേഷിതപ്രവർത്തനത്തിന്റെ ഫലമായി രൂപംകൊണ്ട സഭാസമൂഹത്തിന്റെ തുടർച്ചയാണ് സീറോമലബാർസഭ. 11-ാം പിയൂസ് മാർപാപ്പ 1923-ൽ സീറോമലബാർ ഹയരാർക്കി സ്ഥാപിച്ചു. 1992-ൽ സീറോമലബാർസഭയെ സ്വയം ഭരണാധികാരമുള്ള മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തി. സഭാതലവനായ മേജർ ആർച്ചുബിഷപ്പിന്റെ നേതൃത്വത്തിലുള്ള മെത്രാന്മാരുടെ സൂനഹദോസ്സാണ് ഇന്ന് സഭാഭരണം നിർവ്വഹിക്കുന്നത്. ഭാരതത്തിലെ രണ്ടാമത്തെ വലിയ വ്യക്തിസഭയായ സീറോമലബാർസഭയുടെ ആസ്ഥാനം എറണാകുളം കാക്കനാട് മൗണ്ട് സെന്റ് തോമസിലാണ്.

**2. സീറോമലങ്കരസഭ**

മാർതോമാക്രിസ്ത്യാനികളുടെ സഭയിൽ 1653-ലെ കൂനൻകുരിശുസത്യത്തെ തുടർന്ന് യാക്കോബായ വിശ്വാസവും അന്തോക്യൻ ആരാധനക്രമവും സ്വീകരിച്ച പുത്തൻകൂറ്റുകാരിൽ ഒരു വിഭാഗം 1930-ൽ ഗീവർഗ്ഗീസ് മാർ ഇവാനിയോസ് മെത്രാപ്പോലീത്തയുടെ നേതൃത്വത്തിൽ കത്തോലിക്കാ വിശ്വാസത്തിലേക്ക് പുനരൈക്യപ്പെട്ടു. ഇപ്രകാരം കത്തോലിക്കാസഭയിലേക്ക് തിരികെവന്നവർ സീറോമലങ്കരസഭ എന്നറിയപ്പെടുന്നു. 2005-ൽ ഈ സഭയെ സ്വയംഭരണാവകാശമുള്ള മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി വി. ജോൺപോൾ രണ്ടാമൻ മാർപാപ്പ ഉയർത്തി. മലങ്കര കത്തോലിക്കാസഭയുടെ ആസ്ഥാനം തിരുവനന്തപുരത്താണ് സ്ഥിതി ചെയ്യുന്നത്.

**3. ലത്തീൻ സഭ**

16-ാം നൂറ്റാണ്ടിൽ ഭാരതത്തിൽ എത്തിയ യൂറോപ്യൻ മിഷനറിമാരാണ് ഇവിടുത്തെ റോമൻ സഭയ്ക്ക് തുടക്കമിട്ടത്. വി. ഫ്രാൻസിസ് സേവ്യറിന്റെയും മറ്റു മിഷനറിമാരുടെയും പ്രേഷിതത്വത്തിന്റെ ഫലമായി രൂപം കൊണ്ട പുതിയ ക്രൈസ്തവ സമൂഹം ലത്തീൻ ആരാധനക്രമവും വിശ്വാസരീതികളും സ്വീകരിച്ചു പാലിച്ചുപോന്നു. 1886-ൽ ഭാരതത്തിലെ ലത്തീൻ കത്തോലിക്കർക്കായി ലെയോ പതിമൂന്നാമൻ മാർപാപ്പ ഒരു ഹയരാർക്കി സ്ഥാപിച്ചു. ലോകത്തെമ്പാടുമെന്നപോലെ ഭാരതത്തിലും റോമൻ കത്തോലിക്കാസഭയുടെ തലവൻ റോമിലെ മാർപാപ്പ തന്നെയാണ്. ഭാരതത്തിലെ ഏറ്റവും വലിയ വ്യക്തിസഭ ലത്തീൻ സഭയാണ്. 1599 ലെ ഉദയംപേരൂർ സൂനഹദോസ് വരെ കാൽദായ സഭയിലെ മെത്രാന്മാരാണ് മാർ തോമക്രിസ്ത്യാനികളെ നയിച്ചിരുന്നത് ഉദയംപേരൂർ സൂനഹദോസിനുശേഷം ലത്തീൻ സഭയിലെ മെത്രാന്മാരാണ് മാർ തോമാക്രിസ്ത്യാനികളെ നയിച്ചത് 1886 വികാരിയത്ത് സ്ഥാപിക്കുന്നത് വരെ ഈ രീതി തുടർന്നു.

**ഇതര ക്രൈസ്തവസമൂഹങ്ങൾ**

ചരിത്രത്തിന്റെ ഗതിവിഗതികളിൽ പലവിധ കാരണങ്ങളാൽ കത്തോലിക്കാസഭയിൽ നിന്ന് അകന്നുപോയ നിരവധി ക്രൈസ്തവസമൂഹങ്ങൾ ഇന്ന് ലോകത്തിലുണ്ട്. പ്രസ്തുത സമൂഹങ്ങളെയാണ് ഇതര ക്രൈസ്തവ സമൂഹങ്ങൾ എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. ഇവയിൽപ്പെട്ട ഭാരതത്തിലെ ഇതര ക്രൈസ്തവ സമൂഹങ്ങളെപ്പറ്റി താഴെ പ്രതിപാദിക്കുന്നു.

**മലങ്കരസിറിയൻഓർത്തഡോക്സ്സഭ**

1653 ജനുവരി 3-ാം തീയതി നടന്ന കൂനൻ കുരിശ് സത്യത്തെത്തുടർന്ന് കേരളത്തിലെ മാർ തോമാനസ്രാണികളുടെ ഇടയിലുണ്ടായ ഭിന്നതമൂലം മാതൃസഭയിൽനിന്നും ഒരു വിഭാഗം അകന്നു 1665-ൽ കേരളത്തിലെത്തിയ അന്ത്യോകൃൻ യാക്കോബായസഭ മെത്രാൻ മാർ ഗ്രിഗോറിയോസ് വഴി അവർ യാക്കോബായസഭയുമായി ബന്ധം സ്ഥാപിച്ചു. പടിപടിയായി ആ ബന്ധം വളരുകയും അന്ത്യോകൃൻ ആരാധനക്രമം സ്വീകരിക്കുകയും, അന്ത്യോക്യാ പാത്രിയാർക്കീസിനോട് ഹയരാർക്കിക്കൽബന്ധം സ്ഥാപിക്കുകയും ചെയ്തു. ഇവരാണ് മലങ്കര സിറിയൻ ഓർത്തഡോക്സ് സഭ അല്ലെങ്കിൽ യാക്കോബായ സഭ എന്ന പേരിൽ അറിയപ്പെടുന്നത്. ഈ സഭയുടെ ആസ്ഥാനം എറണാകുളം ജില്ലയിൽ പുത്തൻകുരിശ് എന്ന സ്ഥലത്താണ്.

**മലങ്കര ഓർത്തഡോക്സ് സിറിയൻ സഭ**

1876-ൽ മുളന്തുരുത്തിയിൽവച്ച് പത്രോസ് മൂന്നാമൻ എന്ന അന്ത്യോകൃൻയാക്കോബായ പാത്രിയാർക്കീസിന്റെ നേതൃത്വത്തിൽ നടന്ന സൂനഹദോസ് വഴി പുത്തൻകൂറ്റ് സമുദായം പൂർണമായും അന്ത്യോകൃൻസഭയുടെ കീഴിലായി. ഇതിൽ എതിർപ്പുണ്ടായിരുന്ന ഒരു വിഭാഗം വട്ടശ്ശേരിയിൽ മാർ ദിവന്ന്യാസിയോസ് മെത്രാന്റെ നേതൃത്വത്തിൽ 1912-ൽ ഒരു കാതോലിക്കേറ്റ് സ്ഥാപിച്ചു. അതോടുകൂടി യാക്കോബായസഭ പിളരുകയും അന്ത്യോകൃൻ പാത്രിയാർക്കീസിനെ അനുകൂലിക്കുന്ന വിഭാഗം ബാവാകക്ഷിയെന്നും, മാർ ദിവന്ന്യാസിയോസ് മെത്രാനെ അനുകൂലിക്കുന്ന വിഭാഗം മെത്രാൻകക്ഷിയെന്നും വിളിക്കപ്പെടുകയും ചെയ്തു. ഇതിൽ ആദ്യവിഭാഗം മലങ്കരസിറിയൻഓർത്തഡോക്സ്സഭ (യാക്കോബായസഭ) എന്നും രണ്ടാം വിഭാഗം മലങ്കരഓർത്തഡോക്സ്സിറിയൻസഭ (ഓർത്തഡോക്സ്സഭ) എന്നും അറിയപ്പെടുന്നു. വിശ്വാസങ്ങളിലോ, ആചാരങ്ങളിലോ, ആരാധനാക്രമത്തിലോ യാതൊരു വ്യത്യാസവും ഇവർ തമ്മിലില്ല. മലങ്കരസിറിയൻഓർത്തഡോക്സ്സഭ ആസ്ഥാനം കോട്ടയത്തിനടുത്തുള്ള ദേവലോകമാണ്.

**അസ്സീറിയൻ ചർച്ച് ഓഫ് ദി ഈസ്റ്റ്**

1874-ൽ ഏലിയാസ് മേലൂസ് എന്ന കൽദായ മെത്രാനെ തങ്ങളുടെ തലവനായി സ്വീകരിച്ച്, കത്തോലിക്കാസഭയുടെ കൂട്ടായ്മയിൽ നിന്ന് അകന്ന ഒരു വിഭാഗം മാർതോമക്രിസ്ത്യാനികൾ നെസ്തോറിയൻസഭയുടെ ഭാഗമായിമാറി. അതാണ് കേരളത്തിലെ അസ്സീറിയൻ ചർച്ച് ഓഫ് ദി ഈസ്റ്റ് അഥവാ ശൂറായി സഭ.

**മാർത്തോമാസുറിയാനിസഭ (മാർത്തോമ്മാസഭ)**

19-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ആംഗ്ലിക്കൻ മിഷനറിമാർ കേരളത്തിലെത്തുകയും ഇവിടത്തെ പുത്തൻകൂറ്റ് സുറിയാനിക്കാരുടെ ഇടയിൽ പ്രവർത്തനങ്ങൾക്ക് ആരംഭം കുറിക്കുകയും ചെയ്തു. ഇത് യാക്കോബായസഭയിൽ പ്രൊട്ടസ്റ്റന്റ് ആശയങ്ങൾ പ്രചരിക്കുവാൻ കാരണമായി. അന്നത്തെ ബ്രിട്ടീഷ് റസിഡന്റായിരുന്ന കേണൽമൺറോ ഈ സംരംഭത്തെ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്തിരുന്നു. പ്രൊട്ടസ്റ്റന്റ് ആശയങ്ങളെ അനുകൂലിക്കുന്ന വിഭാഗവും എതിർക്കുന്ന വിഭാഗവും എന്ന രീതിയിൽ യാക്കോബായസഭയിൽ ഒരു ചേരിതിരിവ് ഉണ്ടായപ്പോൾ അന്നത്തെ യാക്കോബായ മെത്രാപ്പോലീത്ത ചേപ്പാട്ട് മാർ ദിവന്ന്യാസിയോസിന്റെ നേതൃത്വത്തിൽ മാവേലിക്കരയിൽ 1836-ൽ ഒരു സൂനഹദോസ് കൂടി. ഈ സൂനഹദോസ് ആംഗ്ലിക്കൻ സഭയുമായുള്ള ബന്ധം യാക്കോബായസഭയ്ക്ക് ദോഷകരമാണെന്ന് തീരുമാനിക്കുകയും ആംഗ്ലിക്കൻ മിഷനറിമാരുമായുള്ള ബന്ധം അവസാനിപ്പിക്കുകയും ചെയ്തു.

പ്രൊട്ടസ്റ്റന്റ് ആശയങ്ങളിൽ ആകൃഷ്ടരായ ഒരു വിഭാഗം പുത്തൻകൂറ്റുകാർ പാലക്കുന്നത്ത് അബ്രാഹം മല്പാന്റെ നേതൃത്വത്തിൽ യാക്കോബായസഭയുടെയും പ്രോട്ടസ്റ്റന്റ് സഭയുടെയും ആശയങ്ങൾ സമന്വയിപ്പിച്ച് മാർത്തോമാസുറിയാനിസഭയ്ക്ക് രൂപം നൽകി. മാർത്തോമ്മാസഭയുടെ ആസ്ഥാനം തിരുവല്ലയിലാണ്.

**സി. എസ്. ഐ (Church of South India) സഭ**

ആംഗ്ലിക്കൻസഭ, ബ്രിട്ടീഷ്മെത്തഡിസ്റ്റ്, സൗത്ത് ഇന്ത്യാ മെത്തഡിസ്റ്റ് ചർച്ച്, ബാസൽ മിഷൻ, എന്നീ പ്രൊട്ടസ്റ്റൻഡ് സഭകൾ ചേർന്ന് ഇന്ത്യൻ സ്വാതന്ത്ര്യത്തിനുശേഷം ദക്ഷിണേന്ത്യൻ സഭയ്ക്ക് (സി.എസ്.ഐ) 1947-ൽ മദ്രാസിൽ രൂപമെടുത്തു. ഈ സഭയ്ക്ക് കേരളത്തിൽ ഇന്ന് 6 മഹാഇടവകകൾ ഉണ്ട്. ഇവ മലബാർ, കൊച്ചി, മധ്യകേരള, ഈസ്റ്റ്, തിരുവനന്തപുരം, കൊല്ലം-കൊട്ടാരക്കര മഹാഇടവകകൾ ആണ്.

അധ്യായം 3

# എന്റെ അമ്മയും വിശുദ്ധരും

## A. പാഠവിശകലനം

സഭയിൽ ഇന്ന് പരിശുദ്ധ കന്യകാമറിയത്തിനുള്ള സ്ഥാനം, പരിശുദ്ധ കന്യകാമറിയത്തെക്കുറിച്ചുള്ള സഭാപ്രബോധനങ്ങൾ, പരിശുദ്ധ കന്യ കാമറിയത്തോടുള്ള വണക്കം, വിശുദ്ധരോടുള്ള വണക്കം, വിശുദ്ധരുടെ ജീവിതങ്ങളെ എങ്ങനെയാണ് നാം മനസ്സിലാക്കേണ്ടത്, പുണ്യവാന്മാ രുടെ ഐക്യം എന്നിവയെക്കുറിച്ച് ഈ പാഠം വിശകലനം ചെയ്യുന്നു.

**ലക്ഷ്യം:** കത്തോലിക്കാസഭ പരിശുദ്ധ കന്യകാമറിയത്തെ എന്തുകൊണ്ടാ ണ് ഏറ്റവും കൂടുതൽ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന തെന്നും, സഭയിൽ വിശുദ്ധർക്കുള്ള സ്ഥാനം എന്താണെന്നും തിരിച്ചറി യാൻ ഏവരേയും പ്രാപ്തമാക്കുകയാണ് ഈ പാഠത്തിന്റെ ലക്ഷ്യം.

### ബോധ്യങ്ങൾ

1. പരിശുദ്ധ കന്യകാമറിയം അമലോത്ഭവയും ദൈവമാതാവും നിത്യ കന്യകയും സ്വർഗാരോപിതയുമാണ്.
2. വിശുദ്ധർ എന്നും നമ്മുടെ മാതൃകയും മധ്യസ്ഥരുമാണ്.
3. വിശുദ്ധരെ നമ്മൾ ആരാധിക്കുന്നില്ല. മറിച്ച് വണങ്ങുക മാത്രമേ ചെയ്യുന്നുള്ളൂ.

പരിശുദ്ധ കന്യകാമറിയത്തിനു സഭയിൽ സമുന്നത സ്ഥാനമുണ്ടെന്നും, അതുപോലെ വിശുദ്ധരെ നമ്മൾ ബഹുമാനിക്കുകയും ചെയ്യേണ്ടവരാ ണെന്ന ബോധ്യം ഈ പാഠത്തിലൂടെ കുട്ടികൾക്ക് നല്കുന്നു.

**ശീലം:** പരിശുദ്ധ കന്യകാമറിയത്തെ സ്നേഹിക്കാനും അനുകരിക്കാനു മുള്ള ഒരു ശീലം കുട്ടികളിൽ ഉണ്ടാക്കുന്നതോടൊപ്പം, വിശുദ്ധരെ വണ ങ്ങാനും, ബഹുമാനിക്കാനും, അവരുടെ മാധ്യസ്ഥ്യം തേടാനും കുട്ടികൾ തയ്യാറാകുന്നു.

### സഹായക ഗ്രന്ഥങ്ങൾ

- വി.ഗ്രന്ഥം
- കത്തോലിക്ക സഭയുടെ മതബോധനഗ്രന്ഥം
- യൂകാറ്റ്
- രണ്ടാംവത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ

### പ്രധാന ആശയങ്ങൾ

- സഭയിൽ സമുന്നതസ്ഥാനം അലങ്കരിക്കുന്ന പരിശുദ്ധമറിയം നിത്യ

കന്യകയും ദൈവമാതാവും അമലോത്ഭവയും സ്വർഗാരോപിതയുമാണ്.

- ഈശോയുടെ അമ്മയായ പരിശുദ്ധ കന്യകാമറിയം നമ്മുടെയും അമ്മയാണ്.
- സഭ പരിശുദ്ധ കന്യകാമറിയത്തിന് പ്രത്യേക വണക്കം നല്കുന്നുണ്ട്.
- പരിശുദ്ധ കന്യകാമറിയത്തോടുള്ള ഭക്തി നമ്മുടെ സഭയിൽ പല വിധത്തിൽ പ്രകടിപ്പിക്കുന്നുണ്ട്.
- വിശുദ്ധരെ ക്രൈസ്തവർ വളരെയധികം ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നുണ്ട്.
- സഭയിൽ ഒരു വ്യക്തിയെ വിശുദ്ധ പദവിയിലേക്ക് ഉയർത്തുന്നതിന് കൃത്യമായ നടപടിക്രമങ്ങൾ ഉണ്ട്.
- മാർ യൗസേപ്പിതാവിനെയും മാർ തോമാശ്ലീഹായെയും ക്രൈസ്തവർ പ്രത്യേകമാംവിധം വണങ്ങുന്നുണ്ട്.
- സഭ പുണ്യവാന്മാരുടെ ഐക്യത്തിനു വളരെ വലിയ പ്രാധാന്യം നല്കുന്നുണ്ട്.

**B. പാഠാവതരണം**

മൂന്നു മണിക്കൂർകൊണ്ടു പൂർത്തിയാക്കാവുന്ന മൂന്നു മൊഡ്യൂളുകളാണ് ഈ അധ്യായത്തിൽ ഉള്ളത്.

**പഠനോപകരണങ്ങൾ**

കുടുംബപ്രാർഥനാപുസ്തകം, ചാർട്ട്, യൂകാറ്റ്, വീഡിയോക്ലിപ്പുകൾ

**മൊഡ്യൂൾ 1:** (സമയം 1 മണിക്കൂർ)

ആമുഖം മുതൽ സഭയുടെയും മനുഷ്യവംശം മുഴുവന്റെയും സംരക്ഷകയായ പരിശുദ്ധ മറിയം വരെ.

**ആമുഖ പ്രാർഥന:** ആമുഖ പ്രാർഥന പാഠവുമായി ബന്ധിപ്പിച്ച് ടീച്ചർ ചൊല്ലുക.

ടെക്സ്റ്റ് ബുക്കിലെ ആമുഖഭാഗത്തെ മൂന്ന് ചോദ്യങ്ങൾ ചോദിച്ചുകൊണ്ട് ടീച്ചർ ക്ലാസ്സിലേക്ക് പ്രവേശിക്കുന്നു. കുട്ടികൾ നല്കുന്ന ഉത്തരത്തിലൂടെ നമ്മെ സ്നേഹിക്കുന്ന അമ്മയാണ് പരിശുദ്ധ മറിയം എന്നു കുട്ടികൾ മനസ്സിലാക്കുന്നു.

**പ്രവർത്തനം 1:** വിശേഷണങ്ങൾ കണ്ടെത്തൽ

ടീച്ചർ കുട്ടികളെ വിവിധ ഗ്രൂപ്പുകളാക്കി ഓരോ ഗ്രൂപ്പിനും കുടുംബ പ്രാർഥനാപുസ്തകം നല്കുന്നു. അതിലെ ലുത്തിനിയയിൽ മാതാവി

നെക്കുറിച്ചുള്ള വിശേഷണങ്ങൾ കണ്ടെത്തി ക്ലാസ്സിൽ അവതരിപ്പിക്കാൻ ആവശ്യപ്പെടുന്നു.

**ക്രോഡീകരണം:** ഈശോയുടെ അമ്മയായ പരിശുദ്ധ കന്യകാമറിയം നമ്മുടെയും അമ്മയാണ്, ആ അമ്മയെ സഭ പ്രത്യേകമാംവിധം ബഹുമാനിക്കുന്നുണ്ട്.

**പ്രവർത്തനം 2:** ഗ്രൂപ്പ് ചർച്ച

ടീച്ചർ കൊണ്ടുവന്ന ചാർട്ട് ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു. പരിശുദ്ധ കന്യകാമറിയത്തെക്കുറിച്ചുള്ള സഭാപ്രബോധനങ്ങൾ പ്രധാനമായും 4 എണ്ണമാണെന്ന് കുട്ടികളെ ബോധ്യപ്പെടുത്തുന്നു. തുടർന്ന് കുട്ടികളെ 4 ഗ്രൂപ്പാക്കി ഓരോ ഗ്രൂപ്പിനും യൂകാറ്റ് പുസ്തകത്തിലെ 80, 81, 82, 83 എന്നീ ചോദ്യങ്ങൾ യഥാക്രമം നല്കുന്നു. തുടർന്ന് ഗ്രൂപ്പിൽ ചർച്ചചെയ്ത് കണ്ടെത്തിയ കാര്യങ്ങൾ ഗ്രൂപ്പ് ലീഡർ ക്ലാസ്സിൽ അവതരിപ്പിക്കുന്നു.

**ക്രോഡീകരണം:** സഭ ഔദ്യോഗികമായി പഠിപ്പിക്കുന്ന പരിശുദ്ധ കന്യകാമറിയത്തെക്കുറിച്ചുള്ള പ്രബോധനങ്ങൾ 4 എണ്ണമാണ് 1. അമലോത്ഭവ, 2. ദൈവമാതാവ്, 3. നിത്യകന്യക, 4. സ്വർഗാരോപിത.

**പ്രവർത്തനം 3:** ചോദ്യോത്തരനിർമാണം

ടീച്ചർ കുട്ടികളെ 4 ഗ്രൂപ്പുകളാക്കി ഓരോരുത്തർക്കും മാതാവിനെക്കുറിച്ചുള്ള ഓരോ സഭാപ്രബോധനങ്ങൾ വായിക്കാൻ കൊടുക്കുന്നു. ഓരോ പ്രബോധനങ്ങളിൽ നിന്നും ചോദ്യോത്തരങ്ങൾ നിർമിക്കാൻ ആവശ്യപ്പെടുന്നു. അവ ക്ലാസ്സിൽ അനുയോജ്യമായ രീതിയിൽ അവതരിപ്പിക്കാൻ ആവശ്യപ്പെടുന്നു.

**ക്രോഡീകരണം:** പരിശുദ്ധ അമ്മയെക്കുറിച്ച് സഭ ഔദ്യോഗികമായി പഠിപ്പിച്ച 4 സഭാപ്രബോധനങ്ങൾ വിശ്വാസികൾക്ക് ഒരുപോലെ ബാധകമാണ്.

**പ്രവർത്തനം 4:** സെമിനാർ അവതരണം

"പരിശുദ്ധ അമ്മ നമ്മുടെയും അമ്മയാണ് ". ഈ വസ്തുതയെ എങ്ങനെ സാധൂകരിക്കുമെന്ന് സെമിനാറിലൂടെ വിശദീകരിക്കുവാൻ കുട്ടികളോട് ആവശ്യപ്പെടുന്നു.

**ക്രോഡീകരണം:** മക്കളായ നമുക്ക് പരിശുദ്ധ അമ്മ നിത്യരക്ഷാകരമായ ദാനങ്ങൾ നൽകി വിവിധ തരത്തിലുള്ള മാധ്യസ്ഥ്യം വഴി നമ്മുടെ രക്ഷക്കുവേണ്ടി പല സ്ഥലങ്ങളിലും പ്രത്യക്ഷപ്പെട്ട് വിവിധങ്ങളായ സന്ദേശങ്ങൾ നൽകിക്കൊണ്ടിരിക്കുന്നു.

**തുടർപ്രവർത്തനം**

ക്ലാസ്സിനെ വിവിധ ഗ്രൂപ്പുകളാക്കി തിരിച്ച് ഓരോ ഗ്രൂപ്പിനും സഭ അംഗീകരിച്ച പരിശുദ്ധ അമ്മയുടെ വിവിധ പ്രത്യക്ഷീകരണങ്ങൾ കണ്ടെത്തി ഒരു ഡിജിറ്റൽ അവതരണം തയ്യാറാക്കി ക്ലാസ്സിൽ അവതരിപ്പിക്കാൻ ആവശ്യപ്പെടുന്നു.

**മൊഡ്യൂൾ 2 (സമയം 1 മണിക്കൂർ)**

പരിശുദ്ധകന്യകാമറിയത്തോടുള്ള പ്രത്യേകവണക്കം മുതൽ നമ്മുടെ സഭയിലെ പരിശുദ്ധ കന്യകാമറിയത്തിന്റെ തിരുനാളുകൾ വരെ.

കഴിഞ്ഞ ക്ലാസ്സിലെ തുടർപ്രവർത്തനമായ ഡിജിറ്റൽ അവതരണം ക്ലാസ്സിൽ അവതരിപ്പിക്കുന്നു. മക്കളായ നമുക്ക് നിത്യസഹായമായി വർത്തിക്കുന്ന അമ്മയെ ബഹുമാനിക്കാനുമുള്ള കടമയെക്കുറിച്ച് ബോധ്യമുള്ളവരാക്കുന്നു.

**പ്രവർത്തനം 1:** പൊതുചർച്ച

ടീച്ചർ ക്ലാസ്സിൽ CCC 494 കുട്ടികളെകൊണ്ട് വായിപ്പിക്കുന്നു. തുടർന്ന് ഇന്നത്തെ നമ്മുടെ വിശ്വാസവും, അനുസരണയും പരിശുദ്ധമറിയത്തിന്റെ വിശ്വാസപരമായ അനുസരണവും എന്ന വിഷയത്തെ ആസ്പദമാക്കി ഒരു ചർച്ച സംഘടിപ്പിക്കുന്നു.

**ക്രോഡീകരണം:** പരിശുദ്ധ അമ്മ ദൈവത്തോട് അത്രമേൽ വിശ്വസ്തയും അനുസരണയുള്ളവളുമായിരുന്നു. ദൈവം തന്നെ ഭരമേൽപിച്ച ദൗത്യം നിറഞ്ഞ സന്തോഷത്തോടെ ഏറ്റെടുത്ത് ലോകത്തിന് രക്ഷ പ്രദാനം ചെയ്യുന്നതിൽ പങ്കാളിയായി. ഈ വിശ്വാസവും വിശ്വസ്തതയും മക്കളായ നാം ഓരോരുത്തർക്കും ഉണ്ടാകേണ്ടതാണ്. അതിനാൽ തന്നെ സഭ പരിശുദ്ധ മറിയത്തെ ബഹുമാനപുരസരം വണങ്ങുന്നു.

**പ്രവർത്തനം:** 2 കുറിപ്പ് തയ്യാറാക്കുക

ടീച്ചർ ക്ലാസ്സിൽ മാതാവിന്റെ ജീവിതത്തിലെ ഏതെങ്കിലും ഒരു ജീവിതാനുഭവം ഹ്രസ്വചിത്രമായി പ്രദർശിപ്പിക്കുന്നു. തുടർന്ന് നമ്മുടെ അമ്മയായ പരിശുദ്ധ മറിയത്തിന്റെ ഏതെല്ലാം സ്വഭാവ ഗുണങ്ങളാണ് നിങ്ങളുടെ ജീവിതത്തിൽ അനുവർത്തിക്കുവാൻ ആഗ്രഹിക്കുന്നതെന്ന് ഒരു കുറിപ്പ് തയ്യാറാക്കാൻ ഓരോ കുട്ടിയോടും ആവശ്യപ്പെടുന്നു.

**ക്രോഡീകരണം:** സർവഗുണങ്ങളുടെയും വിളനിലമായ പരിശുദ്ധ അമ്മയുടെ സവിശേഷ ഗുണങ്ങൾ നമ്മൾക്ക് അനുകരിക്കാവുന്നതാണ്.

**പ്രവർത്തനം 3:** പട്ടിക തയ്യാറാക്കൽ

പരിശുദ്ധ അമ്മയോടുള്ള ഭക്തി സഭാംഗങ്ങളായ നാമോരോരുത്തരും എങ്ങനെയെല്ലാം പ്രകടിപ്പിക്കുന്നുവെന്ന് ആലോചിച്ച് പട്ടിക തയ്യാറാക്കി ക്ലാസ്സിൽ പങ്കുവയ്ക്കാൻ ആവശ്യപ്പെടുന്നു.

**ക്രോഡീകരണം:** പരിശുദ്ധ കന്യാകാമറിയത്തെ സഭ അത്യധികം ബഹുമാനിക്കുന്നുണ്ട്. അമ്മയോടുള്ള ഭക്തി വിവിധ രീതിയിൽ സഭയിൽ പ്രകടിപ്പിക്കപ്പെടുന്നു. മാതാവിനോടുള്ള ഭക്തി ഈശോയിലേക്ക് നയിക്കുന്നതായിരിക്കണം.

**പ്രവർത്തനം 4:** കർമപദ്ധതിരൂപീകരണം

സഭയിലെ പരിശുദ്ധ കന്യകാമാതാവിന്റെ വിവിധ തിരുനാളുകളെ ജനകീയമാക്കാൻ ഇടവക ദേവാലയത്തിൽ എന്തെല്ലാം ചെയ്യാമെന്നാലോചിച്ച് ഒരു കർമപദ്ധതി രൂപീകരിച്ച് ഗ്രൂപ്പടിസ്ഥാനത്തിൽ ക്ലാസ്സിൽ പങ്കുവയ്ക്കാൻ ആവശ്യപ്പെടുന്നു.

**ക്രോഡീകരണം:** നമ്മുടെ സഭയിലെ പരിശുദ്ധ കന്യകാമറിയത്തിന്റെ തിരുനാളുകൾ അതീവപ്രാധാന്യത്തോടെ കൊണ്ടാടാൻ എനിക്ക് കടമയുണ്ട്.

**തുടർപ്രവർത്തനം**

പരിശുദ്ധ കന്യകാമറിയത്തിന്റെ നാമധേയം സ്വന്തമാക്കിയ കുട്ടികൾ ആരെല്ലാമുണ്ടെന്ന് ചോദിക്കുന്നു. മറ്റുള്ളവരുടെ മാമോദീസാ പേരുകൾ എന്താണെന്നും ചോദിക്കുന്നു. ഓരോരുത്തരുടെയും നാമഹേതുക തിരുനാൾ ദിനങ്ങൾ കണ്ടെത്തി ആ വിശുദ്ധന്റെ/വിശുദ്ധയുടെ ജീവചരിത്രം പഠിച്ച് അടുത്തക്ലാസ്സിൽ എഴുതികൊണ്ടുവരാൻ ആവശ്യപ്പെടുന്നു.

**മൊഡ്യൂൾ 3 (സമയം 1 മണിക്കൂർ)**

മാർ യൗസേപ്പിതാവിനോടുള്ള വണക്കം മുതൽ പാഠത്തിന്റെ അവസാനം വരെ കഴിഞ്ഞ ക്ലാസ്സിലെ തുടർപ്രവർത്തനം ക്ലാസ്സിൽ അവതരിപ്പിച്ച് അവലോകനം നടത്തുന്നു.

**പ്രവർത്തനം 1:** വി. ഗ്രന്ഥാടിസ്ഥാനത്തിലുള്ള കണ്ടെത്തൽ

നിശ്ശബ്ദതയുടെ കണ്ണാടിയായ വിശുദ്ധ യൗസേപ്പിതാവ് എങ്ങനെയാണ് വിശുദ്ധിയുടെ പടവുകൾ കയറിയതെന്ന് വിശുദ്ധ ബൈബിളിന്റെ സഹായത്തോടെ കുട്ടികൾ കണ്ടെത്താൻ ടീച്ചർ ആവശ്യപ്പെടുന്നു.

**ക്രോഡീകരണം:** നീതിമാനായ ജോസഫ് പ്രതിസന്ധികളുടെ നടുവിൽ ദൈവവിശ്വാസത്തിന്റെ വെളിച്ചത്തിലും ദൈവപ്രേരണയുടെ അടിസ്ഥാനത്തിലും ത്യാഗപൂർവം തന്റെ കടമകൾ നിർവഹിക്കാൻ തയ്യാറായി. മറിയമല്ലാതെ ജോസഫിനെപ്പോലെ മനുഷ്യാവതാര രഹസ്യങ്ങളിൽ പങ്കുചേരാൻ മറ്റാരുമില്ല.

**പ്രവർത്തനം 2:** ആത്മപരിശോധന

ടീച്ചർ ക്ലാസ്സിൽ "എന്റെ കർത്താവേ, എന്റെ ദൈവമേ" എന്ന് എഴുതിയ ഒരു ചാർട്ട് ക്ലാസ്സിൽ കാണിക്കുന്നു. തുടർന്ന് ഇത് ഏത് വിശുദ്ധന്റെ ഉദ്ധരണി ആണെന്ന് ചോദിക്കുന്നു. പിന്നീട് ഈ വിശുദ്ധന്റെ സ്വഭാവസവിശേഷതകൾ നമ്മുടെ ജീവിതവുമായി എങ്ങനെ ബന്ധിപ്പിക്കാമെന്ന് ആത്മപരിശോധന നടത്തി ക്ലാസ്സിൽ അവതരിപ്പിക്കാൻ ആവശ്യപ്പെടുന്നു.

**ക്രോഡീകരണം:** തോമാശ്ലീഹായെപ്പോലെ മറ്റ് വിശുദ്ധരെയും സഭ പ്രത്യേകം വണങ്ങുന്നുണ്ട്. അതുകൊണ്ടാണ് ഓരോ ക്രിസ്ത്യാനിക്കും മാമോദീസ പേര് നല്കുന്നതും നാമഹേതുക തിരുനാൾ ദിനം ആഘോഷിക്കുന്നതും.

**പ്രവർത്തനം 3:** വ്യക്തത വരുത്തൽ

സഭയുടെ വിശ്വാസപ്രമാണത്തിലെ പുണ്യവാന്മാരുടെ ഐക്യം എന്താണെന്നാണ് നിങ്ങൾ മനസ്സിലാക്കിയിട്ടുള്ളതെന്ന് ചോദിച്ചുകൊണ്ട് ഈ ഐക്യം നമ്മെ എങ്ങനെ സഹായിക്കുന്നു എന്ന് വ്യക്തമാക്കാൻ കുട്ടികളോട് ആവശ്യപ്പെടുന്നു.

**ക്രോഡീകരണം:** ഈശോമിശിഹായിൽ പ്രത്യാശ വയ്ക്കുകയും മാമോദീസായിലൂടെ അവിടത്തേതായിരിക്കുകയും ചെയ്യുന്ന ജീവിക്കുന്നവരുടെയും മരിച്ചവരുടെയും ഐക്യമാണ് പുണ്യവാന്മാരുടെ ഐക്യം. നിത്യശിക്ഷാവിധിയായ നരകത്തിൽ നിപതിച്ചവർ ഒഴികെയുള്ള എല്ലാവരുമായി നമ്മുടെ ബന്ധം തുടരുന്നുണ്ട്. ഇതിൽ സ്വർഗീയ മഹത്വം പ്രാപിച്ചവർ നമുക്കുവേണ്ടി ദൈവസന്നിധിയിൽ മാധ്യസ്ഥ്യം വഹിക്കും.

**പ്രവർത്തനം 4:** ഗ്രൂപ്പ് ചർച്ച

"വിശുദ്ധരോടുള്ള വണക്കം വിഗ്രഹാരാധനയാണോ?" ഗ്രൂപ്പടിസ്ഥാനത്തിൽ ചർച്ച ചെയ്ത് കണ്ടെത്താൻ ടീച്ചർ ആവശ്യപ്പെടുന്നു.

**ക്രോഡീകരണം:** പൂർണ്ണമായി സ്വയം സമർപ്പിച്ച വ്യക്തികളിൽ ദൈവം നടത്തിയ പ്രവർത്തനങ്ങളെ വിശ്വാസികൾ സ്തുതിക്കുമ്പോൾ തിരുശേഷിപ്പുകൾ ശരിയായവിധം വണങ്ങപ്പെടുകയാണ്. അതുവഴി ദൈവത്തെ സ്തുതിക്കുകയാണ് ചെയ്യുന്നത്. അതിനാൽത്തന്നെ വിശുദ്ധരോടുള്ള വണക്കം വിഗ്രഹാരാധനയാകുന്നില്ല.

**പ്രവർത്തനം 5:** ആശയം പങ്കുവയ്ക്കൽ

നിങ്ങളുടെ നാമഹേതുക വിശുദ്ധന്റെ/വിശുദ്ധരുടെ ഏതെല്ലാം ഗുണങ്ങൾ നിങ്ങൾ സ്വാംശീകരിച്ചിട്ടുണ്ടെന്ന് കണ്ടെത്തി നിങ്ങൾക്കും ഒരു വിശുദ്ധനോ വിശുദ്ധയോ ആകാൻ സാധിക്കുമോ എന്ന് ചിന്തിച്ച് ആശയങ്ങൾ ക്ലാസ്സിൽ പങ്കുവയ്ക്കുക.


**ക്രോഡീകരണം:** വിശുദ്ധരുടെ മാതൃകകളൾക്കൊണ്ട് വിശുദ്ധരാകാൻ വിളിക്കപ്പെട്ട നമുക്കെല്ലാവർക്കും തീർച്ചയായും വിശുദ്ധരാകാൻ സാധിക്കും. എന്റെ പേര് ഒരു വിശുദ്ധന്റേതാണെങ്കിൽ എനിക്ക് ദൈവസന്നിധിയിൽ മാധ്യസ്ഥ്യം വഹിക്കാൻ ഒരു സുഹൃത്തുണ്ട്. വിശുദ്ധർ സ്വർഗത്തിൽ മിശിഹായോട് കൂടുതൽ ഐക്യപ്പെട്ടിരിക്കുന്നതുകൊണ്ട് നമ്മുടെ സഭയെ മുഴുവനും കൂടുതൽ ദൃഢമായി വിശുദ്ധിയിൽ ഉറപ്പിക്കുന്നു.

**തുടർപ്രവർത്തനം**

1. വിശുദ്ധരെ വിശുദ്ധിയിലേക്ക് നയിച്ചത് അവർ സഹനങ്ങളെ ലാഭകരമായി കണക്കാക്കിയതിനാലാണ്. സഹനങ്ങൾ ലാഭകരം എന്ന വിഷയത്തെ ആസ്പദമാക്കി ഒരു ജീവിതാനുഭവകുറിപ്പ് തയ്യാറാക്കാൻ ആവശ്യപ്പെടുന്നു. അത് ടീച്ചർ ക്ലാസ്സിൽ വായിപ്പിക്കുന്നു.
2. ഇടവകയിലെ വിശ്വാസപരിശീലന വിദ്യാർഥികൾക്കായി വിശുദ്ധരുടെ ജീവിതത്തെ അധികരിച്ച് ഒരു ക്വിസ്സ് മത്സരം നടത്താനുള്ള ചോദ്യങ്ങൾ തയ്യാറാക്കി കൊണ്ടുവരാൻ ആവശ്യപ്പെടുന്നു.
3. വിശുദ്ധ പദവിയിലേക്കുള്ള സഭയുടെ ഔദ്യോഗിക നടപടി ക്രമങ്ങൾ കണ്ടെത്തി എഴുതിവരുക.

**പ്രത്യേക ശ്രദ്ധയ്ക്ക്**

ടീച്ചർ എടുക്കാൻ പോകുന്ന പാഠഭാഗങ്ങൾ മുൻക്കൂട്ടി വായിച്ച്, അടുത്ത ക്ലാസ്സിലേക്ക് വേണ്ട പ്രവർത്തനങ്ങൾ കുട്ടികൾക്ക് മുൻകൂട്ടി കൊടുക്കാവുന്നതാണ്. തുടർപ്രവർത്തനങ്ങൾ വിവിധ ഗ്രൂപ്പുകൾക്കായി നൽകുന്നത് നന്നായിരിക്കും. അടുത്ത ക്ലാസ്സിൽ ഈ തുടർപ്രവർത്തനങ്ങളുടെ അവലോകനം നടത്തേണ്ടത് അഭികാമ്യം.



**ദൈവവചനം വായിക്കാം**
വി. യോഹന്നാന്റെ സുവിശേഷം
അധ്യായങ്ങൾ 9-12



**ഹൃദയം ദീപ്തമാക്കാം**
"കർത്താവ് അരുളിച്ചെയ്ത കാര്യങ്ങൾ നിറവേറുമെന്ന്
വിശ്വസിച്ചവർ ഭാഗ്യവതി" (ലൂക്കാ 1:45).



**എന്റെ തീരുമാനം**
പരിശുദ്ധ ദൈവമാതാവിന്റെയും,
വിശുദ്ധരുടെയും മാതൃക അനുകരിച്ച്
ഞാനും ഒരു വിശുദ്ധനും/വിശുദ്ധയും ആകും.

## നമ്മുടെ സഭയിലെ വിശുദ്ധർ, വാഴ്ത്തപ്പെട്ടവർ, ധന്യർ, ദൈവദാസി/ദാസൻ

### 1. വിശുദ്ധർ

വി. അൽഫോൻസാ, ദൈവദാസി-02.12.1953, ധന്യ- 09.11.1984, വാഴ്ത്തപ്പെട്ടവൾ- 08.02.1986, വിശുദ്ധ- 12.10.2008,

വി. കുര്യാക്കോസ് ഏലിയാസ് ചവറ, ദൈവദാസൻ- 09.12.1955, ധന്യൻ- 07.04.1984, വാഴ്ത്തപ്പെട്ടവൻ 08.02.1986, വിശുദ്ധൻ- 23.11.2014

വി. എവുപ്രാസ്യാ, ദൈവദാസി-15.08.1987, ധന്യ- 05.07.2002, വാഴ്ത്തപ്പെട്ടവൾ- 03.12.2006, വിശുദ്ധ- 13.10.2019

വി. മറിയം ത്രേസ്യാ, ദൈവദാസി-03.01.1981, ധന്യ- 28.06.1999, വാഴ്ത്തപ്പെട്ടവൾ- 09.04.2000, വിശുദ്ധ- 13.10.2019

### 2. വാഴ്ത്തപ്പെട്ടവർ

വാ. തേവർപ്പറമ്പിൽ കുഞ്ഞച്ചൻ (1891-1973) ദൈവദാസൻ- 11.08.1987, ധന്യൻ- 22.08.2004, വാഴ്ത്തപ്പെട്ടവൻ - 30.04.2006

വാ. സി. റാണി മരിയ (1954-1995) ദൈവദാസി-5.02.2003- വാഴ്ത്തപ്പെട്ടവൾ- 04.11.2017

**3. ധന്യർ**

മാർ. തോമസ് കുര്യാളശ്ശേരി (1873-1925) ദൈവദാസൻ- 25.01.1955, ധന്യൻ- 02.04.2011

ഫാ. മാത്യൂ കദളിക്കാട്ടിൽ (1872-1935) ദൈവദാസൻ- 12.11.1989, ധന്യൻ- 27.06.2011

ഫാ. ജോസഫ് വിതയത്തിൽ (1865-1964) ദൈവദാസൻ- 18.05.2004, ധന്യൻ- 14.12.2015

ഫാ. വർഗ്ഗീസ് പയ്യപ്പിള്ളി (1876-1929) ദൈവദാസൻ- 05.08.2009, ധന്യൻ- 14.04.2018

ഫാ. അഗസ്റ്റിൻ ജോൺ ഊക്കൻ (1880-1956) ദൈവദാസൻ- 24.08.2008, ധന്യൻ- 21.12.2018

സി. സെലിൻ കണ്ണനായിക്കൽ (1931-1957) ദൈവദാസി- 29.07.2007- ധന്യ- 10.08.2022

**4. ദൈവദാസി/ദാസൻ**

മാർ മാത്യൂ കാവുകാട്ട് (1904-1969) ദൈവദാസൻ- 25.09.1994

മാർ മാത്യൂ മാക്കിൽ (1851-1914) ദൈവദാസൻ- 26.01.2009

മാർ തോമസ് പൂതത്തിൽ (1871-1943) ദൈവദാസൻ- 26.01.2009

ഫാ. ജോസഫ് സി. പഞ്ഞിക്കാരൻ (1888-1949) ദൈവദാസൻ- 18.06.2010

ഫാ. ആന്റണി തച്ചുപറമ്പിൽ (1894-1963) ദൈവദാസൻ- 09.06.2009

ശ്രീ. പുത്തൻപറമ്പിൽ തൊമ്മച്ചൻ (1836-1908) ദൈവദാസൻ- 29.06.2012

ഫാ. കനീഷ്യസ് തെക്കേക്കര (CMI) (1914-1998) ദൈവദാസൻ- 29.03.2014

ബ്ര. ഫോർത്തുണാത്തൂസ് താൻഹോയിസർ (OH) (1918-2005) ദൈവദാസൻ- 22.11.2014

മദർ മേരി സെലിൻ പയ്യപ്പിള്ളി (1906-1993) ദൈവദാസി- 09.04.2018

മദർ മേരി ഫ്രാൻസിസ്ക ദെ. ഷന്താൾ (1880-1972) ദൈവദാസി- 04.08.2018

മോൺ. ജോസഫ് K.W. തോമസ് കണ്ടത്തിൽ (1904-1991) ദൈവദാസൻ- 24.10.2019

ഫാ. വർക്കി കാട്ടാറാത്ത് (V.C) (1851-1931) ദൈവദാസൻ- 14.11.2019

സി. ഫിദേലീസ് തളിയത്ത് (1929-2008) ദൈവദാസി- 14.07.2021

ഫാ. ബ്രൂണോ കണിയാറകത്ത് (CMI) (1894-1991) ദൈവദാസൻ- 28.09.2021

സി. മേരി കൊളെള്ളറ്റ് (FCC) (1904-1984) ദൈവദാസി- 28.09.2021

ഫാ. ആർമണ്ട് മാധവത്ത് (OFM CAP) (1930-2001) ദൈവദാസൻ- 13.07.2024

## പ്രത്യേക മാധ്യസ്ഥ്യത്തിനുള്ള വിശുദ്ധർ

| | | |
|---|---|---|
| 1. | വാസ്തു ശില്പികളുടെ മധ്യസ്ഥർ | വി. തോമസ് അപ്പസ്തോലൻ, വി. ബർബരാ |
| 2. | ഗ്ലാസ്സ് പണിക്കാരുടെ മധ്യസ്ഥൻ | വി. ലൂക്ക |
| 3. | വനപാലകരുടെ മധ്യസ്ഥൻ | വി. ജോൺ ഗിൽബെർട്ട് |
| 4. | ബാങ്കുകാരുടെ മധ്യസ്ഥൻ | വി. മത്തായി ശ്ലീഹ |
| 5. | കച്ചവടക്കാരുടെ മധ്യസ്ഥൻ | വി. ഫ്രൻസിസ് അസ്സീസി |
| 6. | നികുതി പിരിവുകാരുടെ മധ്യസ്ഥൻ | വി. മത്തായി |
| 7. | ചായം പൂശലുകാരുടെ മധ്യസ്ഥൻ | വി. ലൂക്ക |
| 8. | തൊഴിലാളികളുടെ മധ്യസ്ഥൻ | വി. യൗസേപ്പ് |
| 9. | കൃഷിക്കാരുടെ മധ്യസ്ഥൻ | വി. ബെനഡിക്ട് വി. ഇസിദോർ, വി. നോട്ബുർ വി. വാൽസ്ററാൻ |
| 10. | ശവക്കുഴി കുഴിക്കുന്നവരുടെ മധ്യസ്ഥൻ | മഠാധിപതി വി. അന്തോണി, അരിമത്തിയായിലെ വി. ജോസഫ് |
| 11. | പോസ്റ്റാഫീസ് തൊഴിലാളികളുടെ മധ്യസ്ഥൻ | വി. ഗബ്രിയേൽ മുഖ്യദൂതൻ |
| 12. | പരസ്നേഹ പ്രവർത്തനങ്ങളുടെ മധ്യസ്ഥൻ | വി. വിൻസന്റ് ഡി. പോൾ |
| 13. | മീൻ പിടുത്തക്കാരുടെ മധ്യസ്ഥൻ | വി. അന്ത്രയോസ് |
| 14. | രാഷ്ട്രിയക്കാരുടെ മധ്യസ്ഥൻ | വി. തോമസ് മൂർ |
| 15. | തപാൽ സേവനത്തിന്റെ മധ്യസ്ഥൻ | വി. മിഖായേൽ മുഖ്യദൂതൻ |
| 16. | സാമൂഹിക പ്രവർത്തകരുടെ മധ്യസ്ഥൻ | വി. ലൂയിസ് |
| 17. | അഭിഭാഷകരുടെ മധ്യസ്ഥൻ | വി. തോമസ് മൂർ |
| 18. | തടവുകാരുടെ മധ്യസ്ഥൻ | വി. ബർബരാ |
| 19. | വിജാതിയരുടെ അപ്പസ്തോലൻ | വി. പൗലോസ് |
| 20. | മനസ്സ് തളർന്നവരുടെ മധ്യസ്ഥൻ | വി. ജൂഡ് |
| 21. | അഗതികളുടെ മധ്യസ്ഥൻ | വി. ആൽബാൻ |
| 22. | പൈശാചിക ആക്രമണത്തിൽ നിന്ന് രക്ഷനേടാൻ- | വി. ബെനഡിക്ട് |
| 23. | കർഷകരുടെ മധ്യസ്ഥൻ | വി. ഇസിദോർ, വി. ഗീവർഗ്ഗീസ് |
| 24. | കൂലിവേലക്കാരുട മധ്യസ്ഥൻ | വി. ഇസിദോർ |
| 25. | പാൽ വിതരണക്കാരുടെ മധ്യസ്ഥൻ | വി. ബ്രിജിത്ത |
| 26. | പട്ടി കടിയേറ്റവരുടെ മധ്യസ്ഥൻ | ലീജിലെ വി. ഹ്യൂബർട്ട്, വി. വിട്ട്സ്, വി. വുൽബുർഗ |

| | |
|---|---|
| 27. പ്രാണിക്കടിയിൽ നിന്നും സംരക്ഷകൻ | വി. മർക്കോസ് അപ്പസ്തോലൻ, വി. നാർസിസ്സസ് |
| 28. വിഷപ്പാമ്പുകളിടെ മധ്യസ്ഥൻ | വി. പോൾ അപ്പസ്തോലൻ, |
| 29. താറാവുകളുടെ മധ്യസ്ഥൻ | ലിങ്കനിലെ വി. ഹ്യൂഗ് |
| 30. കച്ചവടക്കാരുടെ മധ്യസ്ഥൻ | വി. നിക്കോളാസ് |
| 31. പുസ്തക വ്യപാരികളുടെ മധ്യസ്ഥൻ | വി. ജോൺ |
| 32. എൻജിനീയർമാരുടെ മധ്യസ്ഥൻ | ഫെർഡിനാന്റ് 111 വി. പാട്രിക്ക് |
| 33. സാഹിത്യകാരന്മാരുടെ മധ്യസ്ഥൻ | വി. ഫ്രാൻസിസ് ഡി. സാലസ് |
| 34. കവികളുടെ മധ്യസ്ഥൻ- വേൽസിലെ | വി. ഡേവിഡ്, വി. കൊളുമ്പ |
| 35. പണ്ഡിതന്മാരുടെ മധ്യസ്ഥൻ | വി. ബ്രിജീത്ത |
| 36. കത്തോലിക്ക കലാകാരന്മാരുടെ സ്വർഗ്ഗീയ മധ്യസ്ഥൻ- | വാ. ആഞ്ചലിക്കോ |
| 37. ചിത്രകാരന്മാരുടെ മധ്യസ്ഥൻ | വി. ലൂക്ക |
| 38. ശിൽപികളുടെ മധ്യസ്ഥൻ | വി. വിൻസെന്റ് ഫെറർ |
| 39. ഗാന രചയിതാക്കളുടെ മധ്യസ്ഥൻ | വി. സിസിലിയ |
| 40. കലാകാരികളുടെ മധ്യസ്ഥ | ബൊളോഞ്ഞായിലെ വി. കാതറിൻ |
| 41. കലാകാരന്മാരുടെ മധ്യസ്ഥൻ- വി. ലൂക്ക, | വി. കാതറൈൻ |
| 42. ഡാൻസുകാരുടെ മധ്യസ്ഥൻ | വി. വിട്ട്സ് |
| 43. രസതന്ത്ര ശാസ്ത്രജ്ഞൻമ്രുടെ മധ്യസ്ഥൻ | വി. കോസ്മോസ് |
| 44. പുരാവസ്തു ശാസ്ത്രജ്ഞൻമാരുടെ മധ്യസ്ഥൻ | വി. ഡമാസ്കസ് |
| 45. പ്രകൃതി ശാസ്ത്രത്തിന്റെ മധ്യസ്ഥൻ | വി. ആൽബർട്ട് |
| 46. കായിക താരങ്ങളുടെ മധ്യസ്ഥൻ | വി. സെബസ്ത്യാനോസ് |
| 47. ജലപ്രളയത്തിൽപ്പെടുന്നവരുടെ മധ്യസ്ഥൻ | വി. ക്രിസ്ററഫർ |
| 48. തടവുകാരുടെ മധ്യസ്ഥൻ | വി. മാക്സ്മില്യൻ കോൾബേ |
| 49. പട്ടാളക്കാരുടെ മധ്യസ്ഥൻ | വി. ഗീവർഗീസ് |
| 50. യാചകരുടെ മധ്യസ്ഥൻ | വി. മാർട്ടിൻ, വി. ഗെൽസ്, വി.അബ്രോസ് |

**ചില ചോദ്യമാതൃകകൾ**

1. മറിയത്തെ ദൈവമാതാവ് എന്ന് വിളിക്കുന്നത് ശരിയല്ല എന്ന് പറയുന്ന വ്യക്തികളോട് നിങ്ങൾ എന്തു മറുപടി നൽകും? (പേജ് 28)

2. പരിശുദ്ധ മറിയത്തിന്റെ നിത്യകന്യകാത്വത്തെ ചോദ്യം ചെയ്യുന്നവരെ തിരുത്താൻ നിങ്ങൾക്ക് എന്തെല്ലാം വസ്തുതകൾ വ്യക്തമാക്കും? (പേജ്-29,30)
3. ഇന്ന് പല സെക്റ്റുകളിലും പരിശുദ്ധ മറിയത്തെ തെറ്റായി വ്യാഖ്യാനിക്കുന്നു. ഇവരെ എങ്ങനെ പ്രതിരോധിക്കും? (പേജ് 32,33)
4. മാർ യൗസേപ്പിതാവ് നീതിമാനായിരുന്നുവെന്ന് ബൈബിൾ പറയുന്നു. ഇത് ശരിയാണെന്ന് നിങ്ങൾ ഇങ്ങനെ സമർഥിക്കും? (പേജ് 34,35)
5. മാർ തോമാശ്ലീഹായാണ് ഭാരതത്തിൽ ക്രൈസ്തവസഭ സ്ഥാപിച്ചത് എന്ന് നിങ്ങൾ എങ്ങനെ ഒരു അക്രൈസ്തവ സഹോദരനെ ബോധ്യപ്പെടുത്തും? (പേജ് 35)
6. മരണംമൂലം വേർപിരിഞ്ഞു പോയവരുമായി ജീവിച്ചിരിക്കുന്നവരായ നമുക്ക് ഐക്യപ്പെടാൻ ആകുമോ. സാധൂകരിക്കുക? (പേജ് 36)
7. ഇന്ന് സഭയിൽ വിശുദ്ധരോടുള്ള ബഹുമാനാർഥം നടത്തപ്പെടുന്ന തിരുനാൾ ആഘോഷങ്ങൾ പലപ്പോഴും ആർഭാടങ്ങളും ആഭാസങ്ങളുമായി മാറുന്നു. ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുവോ ഉണ്ടെങ്കിൽ എങ്ങനെ പ്രശ്നത്തെ പരിഹരിക്കാൻ ആകും? (പേജ് 36,37)
8. സൗഹൃദ സംഭാഷണത്തിലേക്ക് ഒന്ന് ശ്രദ്ധ കൊടുക്കാം.
   റൂത്ത്: ഞാൻ എല്ലാ ദിവസവും നമ്മുടെ പള്ളിയിൽ കുർബാനയ്ക്ക് പോകുന്നുണ്ട്. എസ്തേർ നീ പോകാറുണ്ടോ?
   **എസ്തേർ:** ഞാൻ ഓൺലൈൻ കുർബാനയും വിശുദ്ധ അന്തോണിസിന്റെ നൊവേനയും മുടക്കാറില്ല.
   നൊവേനക്ക് മാത്രമായി പള്ളിയിൽ പോവുകയും അരൂപിയ്ക്കടുത്ത ദിവ്യകാരുണ്യസ്വീകരണം ഓൺലൈനിലൂടെ നടത്തുകയും ചെയ്യുന്ന കൂട്ടുകാരിയോട് പാഠപുസ്തകത്തെ അടിസ്ഥാനപ്പെടുത്തി എന്തു തിരുത്തലാണ് നൽകാൻ സാധിക്കുക.
9. സാധാരണക്കാരായ വ്യക്തികൾക്ക് വിശുദ്ധരാകാൻ സാധിക്കുമോ? വിശുദ്ധർ സാധാരണക്കാരിൽ നിന്നും നാം ഓരോരുത്തരിൽ നിന്നും വളരെ വ്യത്യസ്തരായിരിക്കുന്നുവോ?
   വിശുദ്ധിയിലേക്ക് വളരാൻ ഞാൻ എന്തെല്ലാം ചെയ്യും?
   ഈ മൂന്ന് ചോദ്യങ്ങളുടെ അടിസ്ഥാനത്തിൽ ഇടവക ബുള്ളറ്റിനിലേക്ക് ഒരു ചെറു ലേഖനം തയ്യാറാക്കുക
10. സഭയിലെ വിശുദ്ധ പദവിയുടെ വിവിധ ഘട്ടങ്ങൾ ഏവ? നമ്മുടെ സഭയിലെ വിശുദ്ധ പദവിയിലെ വിവിധ ഘട്ടങ്ങളിലുള്ള ഏതാനും വ്യക്തികളുടെ പേരുകൾ കണ്ടെത്തി എഴുതുക?

### അധ്യായം 4

# എന്റെ ക്രിസ്തീയവ്യക്തിത്വം

## A. പാഠവിശകലനം

ക്രൈസ്തവവ്യക്തിത്വത്തിന്റെ സവിശേഷതകളായ ക്രിസ്തീയ ജീവിത ദർശനം, ക്രിസ്തീയ മനോഭാവം, ക്രിസ്തീയ ജീവിതശൈലി എന്നിവ ഉൾക്കൊണ്ട് നമുക്കും ക്രൈസ്തവവ്യക്തിത്വത്തിൽ വളരാം. നമ്മുടെ വ്യക്തിത്വം രൂപപ്പെടുന്നതിൽ ഈശോയെ നാം മാതൃകയാക്കണം. ക്രിസ്തീയ വ്യക്തിത്വത്തിൽ വളരുമ്പോൾ നമ്മുടെയും സമൂഹത്തിന്റെയും നന്മ ഉറപ്പാക്കുന്നു.

**ലക്ഷ്യം:** ഈശോയുടെ സമഗ്രവ്യക്തിത്വത്തിന്റെ സവിശേഷതകൾ മനസ്സിലാക്കി ക്രൈസ്തവ വ്യക്തിത്വം രൂപപ്പെടുത്തുവാൻ കുട്ടികൾ പരിശ്രമിക്കുന്നു.

**ബോധ്യങ്ങൾ**

1. ഈശോ സമ്പൂർണവും സമഗ്രവുമായ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു.
2. നമ്മുടെ വ്യക്തിത്വം രൂപപ്പെടുത്തുന്നതിൽ ഈശോയെ നാം മാതൃകയാക്കണം.
3. ക്രിസ്തീയ വ്യക്തിത്വത്തിൽ വളരുമ്പോൾ നമ്മുടെയും സമൂഹത്തിന്റെയും നന്മ ഉറപ്പാക്കുന്നു.

**ശീലം:** ഈശോയുടെ വ്യക്തിത്വത്തിന്റെ സവിശേഷതകൾ കുട്ടിയുടെ ജീവിതത്തിൽ പ്രാവർത്തികമാക്കാൻ ശ്രമിക്കുന്നു. ജീവിതത്തിലെ ഓരോ സന്ദർഭത്തിലും ഈശോയെപോലെ പ്രതികരിക്കുവാനും പ്രവർത്തിക്കുവാനും കുട്ടി ശ്രമിക്കുന്നു.

**സഹായകഗ്രന്ഥങ്ങൾ**

- വി ബൈബിൾ
- യൂകാറ്റ്
- കത്തോലിക്ക സഭയുടെ മതബോധനഗ്രന്ഥം
- പാഠപുസ്തകം
- എലിസബത്ത് ഹർലോക്കിന്റെ 'വ്യക്തിത്വവികസനം' എന്ന പുസ്തകം

**പ്രധാന ആശയങ്ങൾ**

- ഒരു വ്യക്തിയുടെ ചിന്തയെയും പെരുമാറ്റത്തെയും നിർണയിക്കുന്ന ശാരീരികവും മാനസികവുമായ ഘടകങ്ങളുടെ ക്രമവത്കരണമാണ് വ്യക്തിത്വം.
- പാരമ്പര്യം (heredity) ചുറ്റുപാടുകൾ (environment) എന്നിവയാണ് വ്യക്തിത്വത്തെ രൂപപ്പെടുത്തുന്നത്.
- ശാരീരികം, ബൗദ്ധികം, വൈകാരികം, സാമൂഹികം, ആത്മീയം എന്നീ 5 മേഖലകളിലാണ് വ്യക്തിത്വം പ്രകാശിതമാകുന്നത്.
- സമഗ്രമായ വ്യക്തിത്വത്തിന്റെ ലക്ഷണങ്ങളായ സ്വയാവബോധം, ലക്ഷ്യബോധം, വൈകാരിക പക്വത, പ്രശ്ന പരിഹാരശേഷി, കരുണ, തുറവി (openness) ആത്മനിയന്ത്രണം, ആത്മവിശ്വാസം, ശുഭാപ്തി വിശ്വാസം, സ്ഥിരത, അനുരൂപണം ചെയ്യാനുള്ള ശേഷി എന്നിവ യല്ലാം അതിന്റെ പൂർണതയിൽ ഈശോയുടെ വ്യക്തിത്വത്തിൽ ഉണ്ടായിരുന്നു.
- ക്രൈസ്തവവ്യക്തിത്വത്തിന്റെ സവിശേഷതകളാണ് ക്രിസ്തീയ ജീവിതദർശനം, ക്രിസ്തീയ ജീവിതശൈലി, ക്രിസ്തീയ മനോഭാവം എന്നിവ.
- ക്രിസ്തീയവ്യക്തിത്വത്തിൽ വളരാൻ ഈശോയെ അനുഗമിക്കുക, ദൈവകൃപയിൽ വളരുക, സഭാത്മക ജീവിതം നയിക്കുക, വിശുദ്ധരുടെ ജീവിതം പിന്തുടരുക.
- ക്രൈസ്തവവ്യക്തിത്വം രൂപപ്പെടുത്തിയ വ്യക്തി ശരിയായ അർഥത്തിൽ മറ്റൊരു മിശിഹായാണ്.

B. **പാഠാവതരണം**

ഒരു മണിക്കൂർ വീതമുള്ള 2 മൊഡ്യൂളുകളായാണ് പാഠം അവതരിപ്പി ക്കേണ്ടത്.

**പഠനോപകരണങ്ങൾ**

വി. ബൈബിൾ, യൂകാറ്റ്, കത്തോലിക്ക സഭയുടെ മതബോധനഗ്രന്ഥം, ചാർട്ട്.

**മൊഡ്യൂൾ 1:** ആമുഖം മുതൽ ഈശോയുടെ വ്യക്തിത്വം വരെ
(സമയം 1 മണിക്കൂർ)

**ആമുഖ പ്രാർഥന:** സുവിശേഷഭാഗ്യങ്ങളെയും അന്ത്യവിധിയെക്കുറി ച്ചുള്ള പ്രബോധനത്തെയും (മത്താ 25: 35-38) അധികരിച്ച് സ്വയം പ്രേരിത പ്രാർഥന ചെല്ലുന്നു.

**പ്രവർത്തനം 1 (കുറിപ്പ് തയ്യാറാക്കുക)**

നിങ്ങൾ ഏറ്റവുമധികം ഇഷ്ടപ്പെടുന്നത് എങ്ങനെയുള്ള വ്യക്തികളെയാണ്? നിങ്ങളെ ആകർഷിച്ച വ്യക്തിത്വസവിശേഷതകൾ പേപ്പറിൽ കുറിച്ച് കുട്ടികളുടെ പ്രതികരണം തേടുന്നു. തുടർന്ന് ബാഹ്യമായ സവിശേഷതകൾകൊണ്ട് നമുക്കവരെ വിലയിരുത്താൻ സാധിക്കുമോ എന്ന ചോദ്യം ചോദിക്കുന്നു.

**ക്രോഡീകരണം:** ഗോർഡൻ ആൾപ്പോർട്ടിന്റെയും ഹാൻസ് ഐസൻകിന്റെയും വ്യക്തിത്വത്തിന്റെ നിർവചനം പറഞ്ഞ് ചർച്ച ക്രോഡീകരിക്കുന്നു.

**പ്രവർത്തനം 2 (ഗ്രൂപ്പ് ചർച്ച )**

ഗോൾഡൻ ആൾപ്പോർട്ടിന്റെയും ഹാൻസ് ഐസൻകിന്റെയും വ്യക്തിത്വത്തിന്റെ നിർവചനങ്ങൾ വിശകലനം ചെയ്ത് വ്യക്തിത്വത്തിന്റെ സവിശേഷതകൻ കണ്ടെത്താൻ പറയുന്നു. അവ ചാർട്ടിൽ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു. ഈ നിർവചനങ്ങളുടെ വിശകലനത്തിൽനിന്ന് നമ്മുടെ വ്യക്തിത്വത്തെ നിർണ്ണയിക്കുകയും പ്രകടിപ്പിക്കുകയും ചെയ്യുന്ന മേഖലകൾ കണ്ടെത്തുന്നു. അവ ശാരീരികം, ബൗദ്ധികം, വൈകാരികം, സാമൂഹികം, ആത്മീയം എന്നിങ്ങനെ 5 മേഖലകളാണ്.

**ക്രോഡീകരണം**

- പ്രായത്തിനനുസരിച്ചുള്ള ശാരീരിക വളർച്ചയും കായികക്ഷമതയുമാണ് ഫിസിക്കൽ കോഷ്യന്റ്.
- പ്രായത്തിനനുസരിച്ചുള്ള ബൗദ്ധിക വളർച്ചയുടെ അളവാണ് ഇന്റലെക്ചൽ കോഷ്യന്റ്.
- പ്രായത്തിനുനുസരിച്ചുള്ള വികാരങ്ങളുടെ വളർച്ചയും വൈകാരിക പക്വതയുടെയും അളവാണ് ഇമോഷണൽ കോഷ്യന്റ്.
- പ്രായത്തിനനുസരിച്ചുള്ള സമൂഹബന്ധങ്ങളുടെയും ശേഷികളുടെയും അളവാണ് സോഷ്യൽ കോഷ്യന്റ്.
- പ്രായത്തിനനുസരിച്ചുള്ള ധാർമിക ആധ്യാത്മിക വളർച്ചയുടെ അളവാണ് സ്പിരിച്ചൽ കോഷ്യന്റ്.
- നമ്മുടെ സ്പിരിച്ചൽ കോഷ്യന്റ് വളർന്ന് ശാരീരിക ബൗദ്ധിക, സാമൂഹിക, വൈകാരിക മേഖലകളിലേക്ക് വികസിക്കുമ്പോൾ നമ്മുടെ വ്യക്തിത്വം ഉദാത്തവും പരിപക്വമാക്കുന്നു.
- വ്യക്തിത്വത്തിന്റെ മുകളിൽ പറഞ്ഞ മേഖലകളെല്ലാം പൂർണതകാണാൻ സാധിക്കുന്നത് ഈശോയിലാണ്.

**പ്രവർത്തനം 3 (സ്കിറ്റ് അവതരണം)**

പൊതുവേ മനഃശാസ്ത്രജ്ഞൻ സമഗ്ര വ്യക്തിത്വത്തിന്റെ സവിശേഷത കളായി സ്വയാവബോധം, ജീവിതലക്ഷ്യം, വൈകാരിക പക്വത, പ്രശ്ന പരിഹാരശേഷി, സഹഭാവവും കരുണയും (Empathy-Mercy) തുറവി, ആത്മനിയന്ത്രണം, ആത്മവിശ്വാസവും ശുഭാപ്തി വിശ്വാസവും, സ്ഥിരത, ജീവിതസാഹചര്യങ്ങളുമായി അനുരൂപണം ചെയ്യാനുള്ള കഴിവ് (Adaptability) എന്നിവയാണെന്ന് പറയുന്നു. ഈ 9 സവിശേഷതകൾ ഓരോന്നായി ഓരോ ഗ്രൂപ്പിനും നൽകി നൽകിയിരിക്കുന്ന വ്യക്തിത്വ സവിശേഷത എങ്ങനെ ഈശോയിൽ പ്രകടമാക്കുന്നു എന്നത് 2 മിനിറ്റിൽ ഒതുങ്ങുന്ന സ്കിറ്റായി ക്ലാസ്സിൽ അവതരിപ്പിക്കുവാൻ പറയുക. സ്കിറ്റിനു ശേഷം ഓരോ സവിശേഷതയും ഒരിക്കൽകൂടി എടുത്തു പറഞ്ഞ് ഉറപ്പാക്കുക.

**ക്രോഡീകരണം:** സമഗ്രതയുള്ളതും പക്വവും വികസിതവുമായ വ്യക്തി ത്വത്തിന്റെ ഉടമയായിരുന്നു ഈശോ. മനുഷ്യൻ എങ്ങനെയായിരിക്കണ മെന്നാണ് ദൈവം ആഗ്രഹിക്കുന്നത് ഈശോ തന്റെ വ്യക്തിത്വ മാതൃക യിലൂടെ നമുക്ക് കാണിച്ചുതന്നു.

**മോഡ്യൂൾ 2:** ക്രൈസ്തവവ്യക്തിത്വത്തിന്റെ സവിശേഷതകൾ മുതൽ അവസാനഭാഗം വരെ
(സമയം 1 മണിക്കൂർ)

**പ്രവർത്തനം 1:** (ഗ്രൂപ്പ് പ്രവർത്തനം)

ക്രൈസ്തവവ്യക്തിത്വം ഈശോയിൽ കേന്ദ്രീകൃതമായ ഒരു ജീവിതാ വസ്ഥയാണ്. ഈശോയുടെ വചനങ്ങളും ജീവിതമാതൃകയും മനോഭാ വങ്ങളും സ്വന്തമാക്കി ജീവിക്കുന്നവരാണ് ക്രൈസ്തവർ. ഈശോയുടെ വ്യക്തിത്വത്തിന്റെ സവിശേഷകതകൾ സ്വജീവിതത്തിൽ പകർത്തിയ വരാണ് വിശുദ്ധർ. വിശുദ്ധർ സ്വന്തമാക്കിയ ഈശോയുടെ സവിശേഷത കൾ എന്തൊക്കെയായിരുന്നുവെന്ന് 3 ഗ്രൂപ്പായി തിരിഞ്ഞ് ചർച്ച ചെയ്യുക ക്ലാസ്സിൽ അവതരിപ്പിക്കുക.

**ക്രോഡീകരണം**

- ക്രൈസ്തവവ്യക്തിത്വത്തിന് ക്രിസ്തീയ ദർശനം, ക്രിസ്തീയ മനോഭാവം, ക്രിസ്തീയ ജീവിതശൈലി എന്നീ 3 തലങ്ങളാണുള്ളത്.
- ദൈവദർശനം, ആത്മദർശനം, മനുഷ്യദർശനം, ലോകദർശനം, സ്വർഗദർശനം എന്നിവ ഉൾക്കൊള്ളുന്നതാണ് ക്രൈസ്തവ ജീവിതദർശനം.
- ദൈവാശ്രയത്വം, വിശ്വസാഹോദര്യം, നന്മ, പ്രത്യാശ, കാരുണ്യം, എന്നിവ ഉൾച്ചേരുന്നതാണ് ക്രൈസ്തവജീവിത മനോഭാവം.
- ദൈവാരാധന, ദൈവസ്നേഹം, പരസ്നേഹം, ശത്രുസ്നേഹം, ശുശ്രൂഷസന്നദ്ധത, ധാർമികജീവിതം, പ്രേഷിതത്വം എന്നിവ ചേരുന്നതാണ് ക്രിസ്തീയ ജീവിതശൈലി.

**പ്രവർത്തനം 2:** (ഗ്രൂപ്പ് പ്രവർത്തനം)

ക്രിസ്തീയവ്യക്തിത്വത്തിൽ വളരാൻ നമ്മൾ ഇന്നഭിമുഖീകരിക്കുന്ന തടസ്സങ്ങൾ ഗ്രൂപ്പിൽ ചർച്ച ചെയ്യുക. ഇതിന് പരിഹാരമായി ക്രിസ്തീയവ്യക്തിത്വത്തിൽ വളരാൻ എന്ന പാഠഭാഗം അവതരിപ്പിക്കുക.

**ക്രോഡീകരണം:** ഈശോയെ അനുഗമിക്കുക, സഭാത്മക ജീവിതം നയിക്കുക, ദൈവകൃപയിൽ വളരുക, വിശുദ്ധരുടെ മാതൃക പിന്തുടരുക, ദൈവം തന്ന കഴിവുകൾ പരിപോഷിപ്പിക്കുക, സമൂഹത്തിൽ ക്രിയാത്മകമായി ഇടപെടുക എന്നിവയാണ് ക്രിസ്തീയവ്യക്തിത്വത്തിൽ വളരാൻ വേണ്ട കാര്യങ്ങൾ.



**ദൈവവചനം വായിക്കാം**

വി യോഹന്നാന്റെ സുവിശേഷം

അധ്യായങ്ങൾ 5-8

**ഹൃദയം ദീപ്തമാക്കാം**



"നിങ്ങളുടെ അധരങ്ങളിൽനിന്ന് തിന്മയുടെ വാക്കുകൾ പുറപ്പെടാതിരിക്കട്ടെ കേൾവിക്കാർക്ക് ആത്മീയ ചൈതന്യം പ്രദാനം ചെയ്യുന്നതിനായി, അവരുടെ ഉന്നതിക്കുതകുംവിധം നല്ലകാര്യങ്ങൾ സന്ദർഭമനുസരിച്ച് സംസാരിക്കുവിൻ"

(എഫേ 4:29).



**എന്റെ തീരുമാനം**

ക്രിസ്തീയ വ്യക്തിത്വത്തിൽ വളരാൻ
ഞാൻ നിരന്തരം പരിശ്രമിക്കും.

**ചില ചോദ്യമാതൃകകൾ**

1. കൂട്ടുകാർ തമ്മിലുള്ള സംഭാഷണത്തിൽ വിവിധ മതങ്ങളുടെ സവിശേഷതകളും ജീവിത ദർശനങ്ങളും ചർച്ചയാകുന്നു. സുഹൃത്തുക്കൾ നിങ്ങളോട് നിങ്ങളുടെ ജീവിത ദർശനമെന്താണ് എന്നു ചോദിക്കുമ്പോൾ നിങ്ങൾ എങ്ങനെ പ്രതികരിക്കും.

2. പരീക്ഷയുടെ റിസൾട്ട് വന്നുകഴിയുമ്പോൾ ചിലപ്പോഴെല്ലാം നിരാശ ബാധിച്ച് കുട്ടികൾ ആത്മഹത്യ ചെയ്യുന്നത് പത്രങ്ങളിൽ വായിക്കാറുണ്ടല്ലോ. അങ്ങനെ നിരാശ ബാധിച്ച ഒരു സുഹൃത്ത് നിങ്ങളെ സമീപിച്ചാൽ നിങ്ങൾ എന്ത് ഉപദേശമാണ് കൊടുക്കുക. (ക്രൈസ്തവ മനോഭവത്തെ അടിസ്ഥാനമാക്കി)

3. വിവിധ മതങ്ങളിൽ വിശ്വസിക്കുന്നവരെ അവരുടെ ജീവിതശൈലി കൊണ്ടു മനസ്സിലാക്കാം. (ഉദാ: മുസ്ലീം 5 നേരം നിസ്ക്കരിക്കുന്നു. ഹിന്ദുക്കൾ ക്ഷേത്രദർശനവും പൂജകളും നടത്തുന്നു.) നിങ്ങൾ ക്രിസ്ത്യാനിയാണെന്ന് മറ്റുള്ളവർ മനസ്സിലാക്കാൻ ഉതകുന്ന ഏതെല്ലാം ജിവിതശൈലികളാണ് നിങ്ങളിലുള്ളത്.

4. നിങ്ങളുടെ ഒരു സുഹൃത്ത് ക്രൈസ്തവ വിശുദ്ധിയിൽ വളരാൻ ആഗ്രഹിക്കുന്നു. അവർ എന്തെല്ലാം കാര്യങ്ങൾ ചെയ്യണമെന്നാണ് നിങ്ങൾ പറഞ്ഞു കൊടുക്കുക.

5. ക്രൈസ്തവ വിശ്വാസത്തിൽ ജീവിച്ച ഒരു വ്യക്തി അന്യമതത്തിൽപ്പെട്ട ഒരു വ്യക്തിയെ പ്രണയിച്ച് വിവാഹം കഴിച്ചു. കുറച്ചുകാലത്തിനുശേഷം വിദ്യാഭ്യാസത്തിലും തൊഴിൽപരവും സാമൂഹികവുമായ ജീവിത ലക്ഷ്യങ്ങളെല്ലാം നഷ്ടപ്പെട്ട് മൂല്യസംഘർഷത്തിലും നിരാശയിലുംപെട്ട് ജീവിതം ദുസ്സഹമായിത്തീരുന്നു. ആ വ്യക്തിയുടെ വിശ്വാസാധഃപതനത്തിനും തകർച്ചക്കും കാരണമായ വ്യക്തിത്വ സവിശേഷതകൾ എന്തൊക്കെയാണെന്ന് ഒരു കുറിപ്പു തയ്യാറാക്കുക.

## അധ്യായം 5
# ലൈംഗികത, വിവാഹം, കുടുംബം

### A. പാഠവിശകലനം

യൗവന ഘട്ടത്തിലേക്ക് പ്രവേശിക്കുന്നരാണ് നമ്മുടെ മുമ്പിലുള്ള കുട്ടികൾ. ലൈംഗികത, പ്രണയം, വിവാഹം, കുടുംബം, ജീവിതാന്തസ് തിരഞ്ഞെടുക്കൽ, തൊഴിൽ തുടങ്ങിയവയെക്കുറിച്ച് ഗൗരവമായി ആലോചിക്കുന്ന ഘട്ടമാണിത്. അതിനാൽ തന്നെ ഈ വിഷയങ്ങളെക്കുറിച്ച് ചിന്തിക്കുകയും വിവരശേഖരണ സാധ്യതകൾ പ്രയോജനപ്പെടുത്തുകയും ചെയ്യുന്നവരാണിവർ. സാങ്കേതിക വിദ്യകളിലൂടെ ലഭ്യമാകുന്ന വിവരങ്ങളിൽ ധാർമികതക്ക് ഊന്നൽ ഉണ്ടാകണമെന്നില്ല. യുക്തിക്ക് മുൻതൂക്കം നല്കുന്ന വളർച്ചാഘട്ടത്തിൽ വിശ്വാസം, ധാർമികത, വിശുദ്ധി എന്നിവയെ ചോദ്യം ചെയ്തെന്നുവരാം. പക്ഷേ കാര്യകാരണസഹിതം വിശദീകരിക്കാനും ഉത്തരംനല്കാനും സാധിച്ചാൽ അത് ഉൾക്കൊള്ളുന്നവരുമാണ് ഈ വളർച്ചാഘട്ടത്തിലുള്ളവർ. ഈ അധ്യായത്തിലൂടെ കുടുംബത്തിന്റെ പ്രാധാന്യവും പവിത്രതയും ബോധ്യമാകുംവിധം വിവാഹം, ലൈംഗികത എന്നിവയെ വിശകലനം ചെയ്യുകയാണ്.

**ലക്ഷ്യം:** കുടുംബത്തിന്റെ പ്രാധാന്യവും വിശുദ്ധിയും കാത്തുസൂക്ഷിക്കാൻ വിവാഹത്തിന്റെ പവിത്രതയും ലൈംഗികവിശുദ്ധിയും അനിവാര്യമാണെന്ന തിരിച്ചറിവിലേക്ക് നയിച്ച് വിശ്വാസ ധാർമികജീവിതത്തിനു പഠിതാക്കളെ പ്രാപ്തരാക്കുക.

**ബോധ്യങ്ങൾ**

1. ദൈവം നല്കിയിരിക്കുന്ന വിശുദ്ധവും മഹനീയവുമായ ദാനമാണ് ലൈംഗികത.
2. ദൈവികമായ വിളിയിലൂടെയും തിരഞ്ഞെടുപ്പിലൂടെയും വിശുദ്ധീകരിക്കുന്ന കൂദാശയാണ് വിവാഹം.
3. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും സാന്നിധ്യമുള്ള ക്രൈസ്തവ കുടുംബം സഭയുടെ അടിസ്ഥാന ഘടകമാണ്.

**ശീലം:** ധാർമികതയ്ക്കും വിശുദ്ധിക്കും എതിരായ പ്രവൃത്തികളിലേക്ക് നയിക്കുന്ന സാഹചര്യങ്ങളിൽ നിന്ന് അകന്നുനില്ക്കും; അതിനായി നിരന്തരം പ്രാർഥിക്കുന്നത് ശീലമാക്കും.

**സഹായക ഗ്രന്ഥങ്ങൾ**

- വി. ബൈബിൾ
- കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം
- യൂകാറ്റ്
- ക്രിസ്തീയധാർമികത
- ലൈംഗികധാർമികത
- ക്രൈസ്തവ കുടുംബം etc
- അനന്ത മാഹാത്മ്യം, അപ്പസ്തോലിക ഉദ്ബോധനങ്ങൾ

**പ്രധാനാശയങ്ങൾ**

- സൗഹൃദം, പ്രണയം സ്നേഹം എന്നിവ പരസ്പരബന്ധിതമാണെങ്കിലും പ്രകടമായ വ്യത്യാസങ്ങൾ ഉണ്ട്.
- സ്നേഹത്തിലൂടെയുള്ള സമർപ്പണം വഴി സൃഷ്ടികർമത്തിൽ പങ്കുചേരുന്നതിനായി ദൈവം മനുഷ്യനിൽ നിക്ഷേപിച്ചിരിക്കുന്ന സവിശേഷ സർഗശക്തിയും അനുഗ്രഹവും ശുദ്ധതയിൽ നില നിൽക്കാനുള്ള വിളിയുമാണ് ലൈംഗികത.
- ലൈംഗികവിശുദ്ധി പാലിച്ചുകൊണ്ടും നന്മയെ സംരക്ഷിച്ചു കൊണ്ടും ലൈംഗികതയെ സമീപിക്കുന്നതാണ് ലൈംഗികധാർമികത.
- വിവാഹം ദൈവത്തിന്റെ തെരഞ്ഞെടുപ്പും തീരുമാനവുമാണ്.
- ക്രൈസ്തവ വിവാഹത്തിന്റെ മഹത്ത്വവും സാരാംശ ഘടകങ്ങളും മറ്റുള്ളവയിൽ നിന്നും വ്യത്യസ്തമാണ്.
- ക്രൈസ്തവ കുടുംബദർശനവും കുടുംബത്തോടുള്ള ഉത്തരവാദിത്വങ്ങളും ഏറെ പ്രാധാന്യമർഹിക്കുന്നു.
- വിവിധ തിരഞ്ഞെടുപ്പുകളിൽ ജാഗ്രത പുലർത്തേണ്ടതുണ്ട്.

**വിശദമാക്കേണ്ട പദങ്ങൾ**

- ഫീലിയ, ഈറോസ്, സ്റ്റോർജ്, അഗാപ്പെ. (പാഠപുസ്തകത്തിൽ ഉണ്ട്) എന്നിവയിലൂടെ സൗഹൃദം സ്നേഹം.
- **ആസക്തി:** നിയന്ത്രിക്കാനാകാത്തതും അമിതമായതുമായ ഉപഭോഗ ചിന്ത.
- ലിംഗം, ലിംഗഭേദം, ലൈംഗികത (പാഠഭാഗത്ത് നല്കിയിട്ടുണ്ട്).
- **ഹോർമോൺ:** ശരീരത്തിന്റെ വളർച്ചയ്ക്കും ക്രമീകരണത്തിനുമായി ഗ്രന്ഥികൾ പുറപ്പെടുവിക്കുന്ന രാസവസ്തു.
- **ധാർമികത:** നന്മയായിട്ടുള്ളതിനെ സ്വീകരിക്കുകയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുന്ന മനോഭാവം.

- **കൃപാവരം:** ദൈവത്തിന്റെ ജീവനിലുള്ള ഭാഗഭാഗിത്വം (CCC 1997).
- **നിഷിദ്ധവിവാഹം:** രക്തബന്ധത്താലോ, വിവാഹം വിലക്കപ്പെട്ട പരിധിക്കുള്ളിൽ വരുന്നവർ തമ്മിലുള്ള വിവാഹം/സംഗമം.
- **മതാന്തരവിവാഹം:** ക്രൈസ്തവ മതത്തിനു വെളിയിൽ ഇതരമതത്തിൽപെട്ടവരുമായുള്ള വിവാഹം.

LGBTQ+: സ്ത്രീ, പുരുഷ ലൈംഗികതയല്ലാതെ വ്യത്യസ്തമായ ലൈംഗിക താത്പര്യങ്ങൾ പ്രകടിപ്പിക്കുന്ന വ്യക്തികളെ സൂചിപ്പിക്കുന്ന വാക്കാണിത്. സ്വവർഗപ്രണയനി (Lesbian), സ്വവർഗ പ്രണയം (Gay), ട്രാൻസ്ജൻഡർ (Transgender), ഭിന്നലിംഗം (Bisexual), മിശ്രലിംഗം (Intersexual), അലൈംഗികർ (Asexual) തുടങ്ങിയവർ (+) എന്നതാണ് ഈ വാക്കുകൊണ്ട് അർഥമാക്കുന്നത്. ജനിതകവും മസ്തിഷ്കവും മനഃശാസ്ത്രപരവുമായ കാരണങ്ങൾ ഇതിനുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ലിംഗമാറ്റം നടത്തിയവരെ ട്രാൻസ് സ്ത്രീ, ട്രാൻസ് പുരുഷൻ എന്നുമാണ് അറിയപ്പെടുന്നത്.

### സാധ്യതയുള്ള ചില ചോദ്യങ്ങൾ

**1. ആദിപിതാക്കൻമാരുടെ ലൈംഗിക ധാർമികത?**

ആദിമ മനുഷ്യന് പ്രകൃതി നിയമങ്ങളെ ഉണ്ടായിരുന്നുള്ളൂ. മോശയിലൂടെ ദൈവം കല്പനകൾ നല്കിയതിലൂടെയാണ് ലൈംഗിക ധാർമികത പ്രസക്തമാകുന്നത്. കല്പനകൾ ഈശോയിലൂടെ പൂർത്തീകരിച്ചു. ആസക്തിയോടെ സ്ത്രീയെ നോക്കുന്നവൻ അവളുമായി ഹൃദയത്തിൽ വ്യഭിചാരം ചെയ്യുന്നു (മോഹപാപം). ഇന്നത്തെ ധാർമികതയിൽ ആദിസമൂഹത്തെ കാണാൻ പറ്റില്ല.

**2. ക്ലോണിംഗ് പോലുള്ള ശാസ്ത്രീയമാർഗങ്ങളുടെ സ്വീകരണം?**

ശാസ്ത്രത്തിന്റെ നന്മകളെ സ്വീകരിക്കുന്നതിൽ തെറ്റില്ല. ഇത് മനുഷ്യമഹത്വത്തെ ഹനിക്കുന്നതിനാൽ സഭ അംഗീകരിക്കുന്നില്ല. ക്രോമസോമുകൾ/ജീനുകൾ വഴിയുള്ള പാരമ്പര്യ കൈമാറ്റത്തെ സ്വാധീനിക്കുവാൻ നടത്തുന്ന ഇടപെടലുകൾ ചികത്സാപരമല്ല. ഇത് ലിംഗമോ അല്ലെങ്കിൽ മുൻ നിശ്ചയിക്കപ്പെട്ട മറ്റു ഗുണങ്ങളോ അനുസരിച്ച് മനുഷ്യജീവികളെ ഉത്പാദിപ്പിക്കാനുള്ള ശ്രമമാണ്. ഇത്തരം കൃത്രിമ കൈകടത്തലുകൾ മനുഷ്യന്റെ സമഗ്രതക്കും തനിമക്കും വിരുദ്ധമാണ് (CCC 2275).

**3. ഏകമാതാപിതാക്കളിൽ നിന്നുള്ള വംശ വർധന?**

ആദം എന്നാൽ മനുഷ്യവർഗം. ഹവ്വ മനുഷ്യവർഗത്തിന്റെ അമ്മ. മനുഷ്യരെ സമൂഹമായി സൃഷ്ടിച്ചെന്നും അതിൽ ദൈവത്തിന്റെ നന്മയും വിശുദ്ധിയും പങ്കുപറ്റുന്ന ഉത്ഭവവിശുദ്ധി (നീതി) യുടെ കൃപാവരം ലഭിച്ച പുരുഷനും സ്ത്രീയും (CCC 372 to 380, ബൈബിൾ വ്യാഖ്യാനം page 3943, വിശ്വാസവഴിയിലെ സംശയങ്ങൾ ചോദ്യങ്ങൾ 6,7,8 etc.)

ഇനി കായേൻ സഹോദരിയെ വിവാഹം കഴിച്ചെന്നായാലും ഇന്നത്തെ ലൈംഗിക ധാർമികതയുമായി ആദിമമനുഷ്യരുടെ ലൈംഗിക പ്രവൃത്തികളെ താരതമ്യപ്പെടുത്താനാകില്ല. ഏകമാതാപിതാക്കളിലൂടെയുള്ള (Monogamy) സമൂഹസൃഷ്ടിയാണ് സഭ അംഗീകരിച്ചിട്ടുള്ളത്.

**B. പാഠാവതരണം**

**പഠനോപകരണങ്ങൾ**

ചോദ്യാവലി, പത്ര വാർത്തകൾ, ക്രോഡീകരണ ചാർട്ടുകൾ.
**മൊഡ്യൂൾ 1** (സമയം: 75 മിനിറ്റ്) (പാഠാരംഭം മുതൽ വിവാഹവും ലൈംഗികതയും വരെ)
ആമുഖ പ്രാർഥന പാഠവുമായി ബന്ധിപ്പിച്ച് ടീച്ചർ ചെല്ലുക.
**പ്രവർത്തനം 1:** (പൊതു ചർച്ച) (intro activity)

**ചിറക് നഷ്ടമായ പക്ഷിക്ക് എന്തു സംഭവിക്കും?**

**ക്രോഡീകരണം:** പഠിതാക്കൾ പറയുന്ന ഉത്തരങ്ങൾ ചാർട്ടിൽ/ബോർഡിൽ രേഖപ്പെടുത്തുകയും വിശദീകരണത്തോടെ പാഠപുസ്തകത്തിലെ ക്രോഡീകരണം രേഖപ്പെടുത്തുന്നു.

**പ്രവർത്തനം2:** (പ്രീ ടെസ്റ്റ്)

മുൻകൂട്ടി തയ്യാറാക്കിയ ചോദ്യാവലി കുട്ടികൾക്കു നൽകി ഉത്തരമെഴുതിക്കുന്നു (വ്യക്തിപരമായി നല്കാനുള്ള കോപ്പികൾ കരുതണം) തുടർന്ന് പ്രതികരണങ്ങൾ പറയിപ്പിച്ച് ടീച്ചർ ക്രോഡീകരണ ചാർട്ട് തയ്യാറാക്കുന്നു (ഓരോ ചോദ്യത്തിലേയും ഓപ്ക്ഷനുകൾക്ക് എത്ര പേർ വീതം ഉത്തരം നല്കിയെന്ന് തീർച്ചപ്പെടുത്തുന്നു). തുടർന്ന് ഓരോ ചോദ്യത്തിന്റെയും ശരിയായ നിലപാടുകൾ പുസ്തക സഹായത്തോടെ കണ്ടെത്തുന്നു.

**ചോദ്യങ്ങൾ**

1. സ്ത്രീ പുരുഷൻമാർക്ക പരസ്പരം തോന്നുന്ന ആകർഷണീയത? (സ്നേഹം/പ്രണയം/സൗഹൃദം/ഇഷ്ടം.)

2. പരിശുദ്ധ സ്നേഹത്തിന്റെ ആദ്യപടി? (ഫീലിയ/ഈറോസ്/സ്റ്റോർജ്/അറിയില്ല)
3. മറ്റൊരാളോട് തോന്നുന്ന നന്മയിലധിഷ്ഠിതമായ ബന്ധം? (സ്നേഹം/സൗഹൃദം/പ്രണയം/കരുണ)
4. ശരീരത്തിലുണ്ടാകുന്ന രാസപ്രവർത്തനങ്ങൾ പ്രണയത്തെ സ്വാധീനിക്കുന്നു? (ശരി/തെറ്റ് )
5 മറ്റൊരാളോട് തോന്നുന്ന നന്മയിലധിഷ്ഠിതമായ വികാരം? (സ്റ്റോർജ്/ഫീലിയ/അഗാപ്പെ)

സൗഹൃദം, പ്രണയം സ്നേഹം എന്നിവയുടെ സവിശേഷതകൾ പുസ്തകത്തിൽ നിന്നും പരിശോധിക്കുന്നു. പ്രണയത്തിൽ സംഭവിക്കുന്ന കാര്യങ്ങൾ ചർച്ച ചെയ്യുന്നു

**ക്രോഡീകരണം :** സൗഹൃദം, പ്രണയം സ്നേഹം എന്നിവയ്ക്ക് തനതായ സവിശേഷതകൾ ഉണ്ട്. അവയുടെ വിശുദ്ധിയെ കളങ്കപ്പെടുത്തരുത്.

**പ്രവർത്തനം 3:** കൊളാഷ് പ്രദർശനം/കേസ് സ്റ്റഡി

കൗമാരക്കാർക്ക് സംഭവിച്ചിട്ടുള്ളഅപകടങ്ങൾ/വഴിവിട്ട ബന്ധങ്ങൾ etc.. പത്രവാർത്താതലക്കെട്ടുകൾ ചേർത്ത് ടീച്ചർ തയ്യാറാക്കിയ കൊളാഷ്/പത്രിക പ്രദർശിപ്പിക്കുന്നു. അല്ലെങ്കിൽ ഇത്തരത്തിലുള്ള ഒരു വാർത്ത വായിക്കുന്നു.

എന്തുകൊണ്ട് ഇത്തരം അപകടങ്ങളിൽപ്പെടുന്നു? എന്ന് ഗ്രൂപ്പ് ചർച്ച നടത്തി കാരണങ്ങൾ അവതരിപ്പിക്കുന്നു.

**ക്രോഡീകരണം:** ലൈംഗികതയുടെ അർഥം, ലക്ഷ്യം/ലൈംഗികതയുടെ സവിശേഷതകൾ ഇവയെക്കുറിച്ചുള്ള ശരിയായധാരണ ഇല്ലാത്തത് തെറ്റുകളിൽ വീഴാൻ കാരണമാകുന്നു.

തുടർന്ന് ലൈംഗികതയുടെ അർഥവും ലക്ഷ്യവും, ലൈംഗികതയുടെ സവിശേഷതകൾ എന്നീ രണ്ട് ചാർട്ടുകൾ പ്രദർശിപ്പിക്കുന്നു (ടീച്ചർ ഇത് മുന്നേ തയ്യാറാക്കിയിരിക്കണം). തുടർന്ന് ടെക്സ്റ്റ് ഭാഗം പഠിതാക്കൾ വായിച്ച് സംശയനിവൃത്തി വരുത്തുന്നു.

**തുടർ പ്രവർത്തനം**

എന്റെ ശരീരം കൊണ്ട് ഞാൻ ആസ്വാദ്യകരമായി ജീവിക്കുന്നതിൽ എന്താണ് തെറ്റ്? നിലപാട് വ്യക്തമാക്കി കുറിപ്പ് തയ്യാറാക്കുക.

**മൊഡ്യൂൾ 2:** (സമയം 75 മിനിറ്റ്) (വിവാഹവും ലൈംഗികതയും മുതൽ പാഠാവസാനം വരെ)

**പഠനോപകരണങ്ങൾ:** വിവാഹ ഫോട്ടോ/വീഡിയോ ക്ലിപ്/വാർത്ത (വിവിധ മതങ്ങൾ/മിക്സഡ് etc ആകാം.) ക്രോഡീകരണ ചാർട്ടുകൾ.

**പ്രവർത്തനം 1:** (ഡിബേറ്റ്)

വിവാഹം അനിവാര്യതയാണോ? ആണെങ്കിൽ തന്നെ മതവും വിശ്വാസവും നോക്കേണ്ടതുണ്ടോ? വിവാഹത്തിന്റെ ഫോട്ടോ/ വാർത്ത/വീഡിയോ കാണിച്ച് വിവാഹം എന്തിന്? ആഘോഷമാക്കുന്നത് എന്തിന്? എന്ന ചോദ്യങ്ങളിലൂടെ വിഷയാവതരണം നടത്തുന്നു.

| |
|---|
| **ക്രോഡീകരണ സൂചന:** വധൂവരൻമാർ, മാതാപിതാക്കൾ, ബന്ധുക്കൾ, സുഹൃത്തുക്കൾ, സമുദായം etc സന്തോഷിക്കുന്നു. |

വിവാഹമെന്തിന് എന്ന പുസ്തകത്തിലുള്ള ഉത്തരങ്ങൾ

തുടർന്ന് പഠിതാക്കളെ രണ്ട് ഗ്രൂപ്പ് ആക്കി ഡിബേറ്റ് സംഘടിപ്പിക്കുന്നു. മോഡറേറ്ററെ നിശ്ചയിക്കുന്നു. നിബന്ധനകൾ പറയുന്നു. (ഉദാ: ഒരു ഗ്രൂപ്പിൽ നിന്നും ഒരാൾ വീതം വാദഗതി അവതരിപ്പിക്കാം). അതിനു ശേഷം ഓരോ ഗ്രൂപ്പിനും മറ്റു ഗ്രൂപ്പിനോട് വിശദീകരണങ്ങൾ ചോദിക്കാം. ഉത്തരങ്ങൾ കൂട്ടമായി പറയരുത്, എഴുന്നേറ്റ് നിന്ന് ഒരാൾക്ക് പറയാം. etc.. വിഷയത്തിൽ നിന്നും വ്യതിചലിച്ചാൽ മോഡറേറ്റർ നിയന്ത്രിക്കണം 'ഇല്ലെങ്കിൽ ടീച്ചർ ഇടപെടണം'

| |
|---|
| **ക്രോഡീകരണം:** ക്രൈസ്തവ വിവാഹത്തിന്റെ മഹത്വം/ലക്ഷ്യങ്ങൾ, സാരാംശഘടകങ്ങൾ എന്നീ പാഠഭാഗത്തുള്ള ഉള്ളടക്കം. |

**പ്രവർത്തനം 2:** (ചാർട്ട് പൂർത്തിയാക്കൽ)

കുടുംബം എന്ന തലക്കെട്ടു നൽകിയ ചാർട്ട് പ്രദർശിപ്പിച്ച് കുട്ടികൾക്ക് തങ്ങളുടെ ആശയം എഴുതി ചേർക്കാൻ അവസരം നൽകുന്നു. ആവശ്യമെങ്കിൽ ടീച്ചർക്ക് കൂട്ടിചേർക്കലുകൾ നടത്താം.

തുടർചർച്ചയിൽ കുടുംബമെന്ന പാഠഭാഗം വായിക്കാൻ അവസരം നല്കുന്നു ശേഷം ചാർട്ട് എഡിറ്റ് ചെയ്യാൻ അവസരം നല്കുന്നു. (പുസ്തകത്തിലെ ആശയങ്ങൾ വന്നിട്ടില്ലെങ്കിൽ കൂട്ടിച്ചേർക്കുന്നു. പ്രസക്തമല്ലാത്തത് ഒഴിവാക്കുന്നു.)

**ക്രോഡീകരണം:** ഏകനായിരിക്കുന്ന മനുഷ്യനെ ഭാര്യ/ഭർത്താവ് എന്ന നിയമാനുസൃത ബന്ധത്തിലൂടെ മാതാവും പിതാവുമായി, സാഹോദര്യ ബന്ധങ്ങൾ സൃഷ്ടിച്ച് വികസിതമാകുന്ന മനുഷ്യബന്ധങ്ങളുടെയും വിശ്വാസത്തിന്റെയും ധാർമികതയുടെയും പരിശീലനവേദിയും ഗാർഹീകസഭയുമാണ് കുടുംബം.

**പ്രവർത്തനം 3:** (ചർച്ച) കുടുംബം കൂട്ടുത്തരവാദിത്വത്തിന്റെ ഇടം

കുടുംബത്തോടുള്ള ഉത്തരവാദിത്വങ്ങൾ എന്ന ഭാഗം ചർച്ച ചെയ്യുന്നു. ക്രോഡീകരണ ചാർട്ട് തയ്യാറാക്കുന്നു.

**ക്രോഡീകരണം:** കുടുംബത്തിനോട് മാതാപിതാക്കൾ/മക്കൾ/രാഷ്ട്രം/ സമൂഹം എന്നിവർക്ക് ഉത്തരവാദിത്വം ഉണ്ട്. നിങ്ങളുടെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞിട്ടുണ്ടോ? നിർവഹിക്കുന്നുണ്ടോ?

**പ്രവർത്തനം 4:** (പഴമൊഴി) ആശയ വിപുലനം

'നിങ്ങൾ ഒരു കുതിരയെ തിരഞ്ഞെടുക്കുമ്പോൾ രണ്ടിൽ ഒന്നിനെ എടുക്കുക; സുഹൃത്തിനെ തിരഞ്ഞെടുക്കുമ്പോൾ പത്തിൽ ഒന്നിനെ തിരഞ്ഞെടുക്കുക; ജീവിത പങ്കാളിയെ ആണെങ്കിൽ നൂറിൽ നിന്നാ യിരിക്കുക. ഈ ചൈനീസ് പഴമൊഴിയുടെ സന്ദേശം എന്ത്?


- ഏതൊരു കാര്യത്തിനും അതിന്റേതായ പ്രാധാന്യമുണ്ട്.
- തെരഞ്ഞെടുപ്പുകൾ നടത്തേണ്ടി വരുമ്പോൾ ജാഗ്രത ഉണ്ടാകണം.
- വസ്തുക്കളെയും, സുഹൃത്തുക്കളെയും, ഇണയേയും തിരഞ്ഞെടുക്കുമ്പോൾ എടുക്കേണ്ട കരുതൽ

ജീവിത പങ്കാളിയുടെ തിരഞ്ഞെടുപ്പിന്റെ പ്രാധാന്യം etc...

**ക്രോഡീകരണം:** തുടർന്ന് ഒരോ പഠിതാവും തങ്ങളുടെ സുഹൃത്തുക്കൾക്കും, പ്രതീക്ഷിക്കുന്ന പങ്കാളിക്കുമുണ്ടായിരിക്കേണ്ട അഞ്ച് ഗുണങ്ങൾ വ്യക്തിഗതമായി എഴുതുന്നു. പൊതുചർച്ചയിലൂടെ ടീച്ചർ ക്രോഡീകരണം നടത്തുന്നു. ക്രോഡീകരിച്ച ആശയങ്ങൾ പാഠപുസ്തകത്തിലെ കരുതലുള്ളവരാകാം എന്ന ഭാഗവുമായി ബന്ധപ്പെടുത്തി മെച്ചപ്പെടുത്തുന്നു. ദൈവ വിശ്വാസവും ധാർമികതയുമുള്ള വ്യക്തികളായി തീരേണ്ടതിന്റെയും കുടുംബത്തിന്റെയും പ്രാധാന്യം വ്യക്തമാക്കുന്നു.

**തുടർ പ്രവർത്തനം**

കരുതലിന്റെ കാലമായിരിക്കണം കൗമാരം; പ്രബന്ധം തയ്യാറാക്കുക.



### ദൈവവചനം വായിക്കാം

വി. യോഹന്നാന്റെ സുവിശേഷം

അധ്യായങ്ങൾ 17–21



### ഹൃദയം ദീപ്തമാക്കാം

"കണ്ണാണ് ശരീരത്തിന്റെ വിളക്ക്, കണ്ണ് കുറ്റമറ്റതെങ്കിൽ ശരീരം മുഴുവൻ പ്രകാശിക്കും, കണ്ണ് ദുഷിച്ചതെങ്കിൽ ശരീരം മുഴുവൻ ഇരുട്ടുപോകും. അതിനാൽ നിന്നിലുള്ള വെളിച്ചം ഇരുളാകാതിരിക്കാൻ സൂക്ഷിച്ചുകൊള്ളുക"

(ലൂക്ക 11:34–35).



### എന്റെ തീരുമാനം

ആത്മാവിന്റെയും, ശരീരത്തിന്റെയും വിശുദ്ധിയെ പരിപോഷിപ്പിക്കുന്ന ബന്ധം തിരഞ്ഞെടുക്കുന്നതിൽ ഞാൻ ശ്രദ്ധിക്കുകയും ദൈവത്തോട് ചേർന്നു നിൽക്കുകയും ചെയ്യും.

### ചില ചോദ്യമാതൃകകൾ

1. പ്രസ്താവനകളെ സാധൂകരിക്കുക.

a. കുടുംബം ഗാർഹിക സഭയാണ് (പാഠഭാഗം ക്രൈസ്തവ കുടുംബം)

b. സൗഹൃദം, പ്രണയം, സ്നേഹം എന്നിവയുടെ സമഗ്രത കുടുംബത്തിലാണ് (പാഠഭാഗം സൗഹൃദം, പ്രണയം, സ്നേഹം & എന്താണ് കുടുംബം)

c. ലിംഗമാറ്റം തിന്മയാണ്. (പാഠഭാഗം; ലൈംഗീകതയുടെ സവിശേഷതകൾ)

2. LGBTQ+ നെക്കുറിച്ച് നടക്കുന്ന സംവാദത്തിൽ നിങ്ങളുടെ വാദഗതികൾ എന്തായിരിക്കും? (ലൈംഗികതയുടെ സവിശേഷതകൾ)

3. 'വസ്ത്രധാരണം, സംസാരം etc എന്റെ സ്വാതന്ത്ര്യമാണ്' അതിൽ മറ്റുള്ളവർ ഇടപെടേണ്ടതില്ല. ഈ സമീപനത്തോടുള്ള നിങ്ങളുടെ നിലപാടെന്ത്? (പാഠഭാഗം ശുദ്ധതയിലേക്കുള്ള വിളി)

4. കുടുംബമെന്നത് പരസ്പരം ഉത്തരവാദിത്വങ്ങളും അവകാശങ്ങളുമുള്ള ഇടമാണ്; നിങ്ങളുടെ കുടുംബത്തോടുള്ള ഉത്തരവാദിത്വങ്ങൾ എന്ത്? എങ്ങനെ നിർവഹിക്കും? (പാഠഭാഗം; കുടുംബത്തോടുള്ള ഉത്തരവാദിത്വങ്ങൾ )

5. വിവാഹം പള്ളിയിൽ വച്ച് നടത്തണമെന്ന് എന്തിനാണ് നിർബന്ധിക്കുന്നത്; അത് വധൂവരൻമാരുടെ സ്വാതന്ത്ര്യത്തിന് വിട്ടാൽ പോരെ? എന്ന് വാദിക്കുന്നവർക്ക് ഒരു മറുപടി തയ്യാറാക്കുക. (ക്രൈസ്തവ വിവാഹത്തിന്റെ മഹത്ത്വം)

6. എന്റെ ശരീരം എന്റെ അവകാശമാണ് (my body is my right) സോഷ്യൽ മീഡിയായിൽ നടക്കുന്ന ഈ ചർച്ചയിൽ എന്ത് നിലപാട് സ്വീകരിക്കും? (പാഠഭാഗം: എന്റെ ശരീരം എനിക്ക്...)

7. വളരെ അടുത്ത ബന്ധുവായ വ്യക്തിയെ വിവാഹം ചെയ്യണമെന്ന് ആഗ്രഹമറിയിച്ച വ്യക്തിയെ വികാരിയച്ചൻ സഭാനിലപാട് പറഞ്ഞ് പിന്തിരിപ്പിച്ചു. 'എന്തായിരിക്കാം വികാരിയച്ചൻ പറഞ്ഞിട്ടുണ്ടാകുക? (ക്രൈസ്തവ വിവാഹത്തിന്റെ മഹത്ത്വത്തിലെ... നിഷിദ്ധവിവാഹം)

8. ജീവശാസ്ത്രപരമായ ഒരു കാര്യമെന്നതിലുപരി ലൈംഗികതയ്ക്ക് മഹത്ത്വമുണ്ട്. ഈ വിഷയത്തിൽ തയ്യാറാക്കുന്ന സെമിനാർ പേപ്പറിൽ ഉൾപ്പെടുത്തുന്ന ആശയങ്ങൾ എന്തായിരിക്കും? (ലൈംഗികതയുടെ സവിശേഷതകൾ)

9. പ്രണയ തകർച്ചയിൽ പ്രതികാരം ചെയ്യുന്ന വാർത്തകൾ കേൾക്കാറുണ്ടല്ലോ? ഇത്തരം ചിന്തയുടെ കാരണങ്ങളും പ്രതിവിധികളും വ്യക്തമാക്കുക. (പ്രണയം തലച്ചോറിന്റെ പ്രവൃത്തി)

10. വിവാഹിതരാകാനുള്ള ആഗ്രഹം നിങ്ങളിൽ ഉണ്ടോ? എന്തുകൊണ്ട്? എന്തിന്? (പാഠഭാഗം: വിവാഹം എന്ത്? എന്തിന്?)

അധ്യായം 6

# ദൈവവിളിയും എന്റെ മറുപടിയും

മൊഡ്യൂൾ ഒന്ന് അവതരിപ്പിക്കുന്നതിനായി ഒരാഴ്ച മുമ്പ് നടത്തേണ്ട മുന്നൊരുക്കങ്ങൾ

1. പേജ് 60-ലെ വിവാഹത്തിന്റെ വിവിധ ലക്ഷ്യങ്ങളെക്കുറിച്ച് നാല് ഗ്രൂപ്പുകൾ ഒരുങ്ങി ക്ലാസ്സിൽ അവതരിപ്പിക്കാൻ തയ്യാറായി വരുക.
2. പേജ് 60-ലെ പ്രവർത്തനമായ 'വിവാഹ പരിശുദ്ധിക്കെതിരെയുള്ള സമകാലീന വെല്ലുവിളികൾ' എന്ന വിഷയത്തിൽ സെമിനാർ തയ്യാറായി വരാൻ കുട്ടികളെ ഏല്പിക്കുക. ഈ വിഷയത്തിൽ നാല് അവതരണങ്ങളാകാം. ഉദാഹരണത്തിന്; സമൂഹമാധ്യമങ്ങളുടെ അമിതമായ ഉപയോഗം, കുടുംബ പരിശുദ്ധിക്ക് വെല്ലുവിളിയായ നിയമനിർമാണങ്ങൾ (വ്യഭിചാരം കുറ്റകൃത്യമല്ലാതാക്കൽ, സ്വവർഗ വിവാഹത്തിന് നിയമസാധ്യത etc.), ലിവിംഗ് ടുഗതർ ബന്ധങ്ങൾക്കുള്ള സമൂഹത്തിന്റെ സ്വീകാര്യത, വിവാഹേതര/വിവാഹപൂർവ ലൈംഗിക ബന്ധങ്ങളോടുള്ള ഉദാര സമീപനം etc.
3. പേജ് 61-ലെ ഇടവകയിലെ വലിയ കുടുംബങ്ങളിലുള്ളവരെ കണ്ടെത്തി നടത്തേണ്ട അഭിമുഖം തയ്യാറാക്കി വരാൻ വിദ്യാർഥികളെ ഏൽപിക്കുന്നു.

## A. പാഠവിശകലനം

ദൈവം എല്ലാവരെയും പ്രത്യേക ദൗത്യങ്ങൾക്കായി വിളിക്കുന്നുണ്ട്. ഈ ദൈവവിളി നമ്മുടെ സന്തോഷത്തിനും നിത്യനന്മയ്ക്കും വേണ്ടിയാണ്. തിരുസഭയിലൂടെ വെളിപ്പെടുത്തപ്പെട്ട ദൈവവിളികൾ വിവാഹജീവിതം, പൗരോഹിത്യജീവിതം, സന്ന്യസ്തജീവിതം, ഏകസ്ഥ ജീവിതം തുടങ്ങിയവയാണ്. വിവാഹ ജീവിതത്തിന്റെ ലക്ഷ്യങ്ങളെയും പൗരോഹിത്യ, സന്യാസ ധർമങ്ങളെയും ഏകസ്ഥ ജീവിതത്തിന്റെ വിവിധ അർഥങ്ങളെയും കുറിച്ച് ഈ അധ്യായം പ്രതിപാദിക്കുന്നു. കൂടാതെ ദൈവവിളി തിരിച്ചറിയാനുള്ള വിവിധ മാർഗങ്ങളെയും ഈ അധ്യായം അവതരിപ്പിക്കുന്നു.

**ലക്ഷ്യം:** ദൈവം ഓരോരുത്തരെയും വ്യക്തിപരമായി ഒരു പ്രത്യേക ദൗത്യത്തിനായി വിളിക്കുന്നുണ്ടെന്നു തിരിച്ചറിയാനും ആ ദൈവവിളി തന്റെ നിത്യനന്മയ്ക്കും സന്തോഷത്തിനും വേണ്ടിയുള്ളതാണെന്നു മനസ്സിലാക്കി ആ ദൈവവിളി യഥാസമയം കണ്ടെത്താനും അത് സ്വീകരിക്കാനും ആ ദൈവവിളിയോട് വിശ്വസ്തത പുലർത്തിക്കൊണ്ട് ജീവിക്കാനും കുട്ടികൾ പ്രാപ്തരാകുന്നു.

**ബോധ്യങ്ങൾ**

1. എന്റെ ദൈവവിളി ദൈവം എന്റെ നന്മയ്ക്കും സന്തോഷത്തിനുമായി ഒരുക്കിയ ഒരു പദ്ധതി.
2. ദൈവവിളി സ്വീകരിച്ച് ജീവിക്കുന്നതിലൂടെ ഞാൻ ദൈവത്തെ മഹത്ത്വപ്പെടുത്തുന്നു.
3. ആ ദൈവവിളി തിരിച്ചറിയാനായി ഞാൻ പ്രാർഥനയോടെ ഒരുങ്ങണം.

**ശീലം:** തിരുസഭയിലെ നാലു ദൈവവിളികളെക്കുറിച്ചും ഗൗരവമായി ഞാൻ പഠിക്കുകയും അവയെക്കുറിച്ച് അറിയാൻ ശ്രമിക്കുകയും ചെയ്യും.

എന്റെ ദൈവവിളി കണ്ടെത്താനായി പ്രാർഥന, ആത്മീയഉപദേശങ്ങൾ, ദൈവവചന വായന തുടങ്ങിയവ വലിയ പ്രാധാന്യത്തോടെ ഞാൻ സ്ഥിരമായി ചെയ്യും.

എന്റെ പ്രത്യേക ദൈവവിളിയെക്കുറിച്ച് ഉത്തമ ബോധ്യം ലഭിച്ചാൽ എന്തുവിലകൊടുത്തും ആ ദൈവവിളി സ്വീകരിക്കാനും ആ ദൈവവിളി യിൽ വിശ്വസ്തതയോടെ ജീവിക്കാനുമുള്ള ധൈര്യം ഞാൻ കാണിക്കും.

**സഹായക ഗ്രന്ഥങ്ങൾ**

- വി. ബൈബിൾ
- കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം
- പാഠപുസ്തകം
- യൂകാറ്റ്
- Sacerdotalis Celibatus- പൗരോഹിത്യ ബ്രഹ്മചര്യത്തെക്കുറിച്ചുള്ള പോൾ ആറാമൻ മാർപാപ്പയുടെ ചാക്രിക ലേഖനം.
- സ്നേഹത്തിന്റെ സന്തോഷം- ഫ്രാൻസിസ് മാർപാപ്പയുടെ അപ്പസ്തോലിക പ്രബോധനം.
- ക്രിസ്തു ജീവിക്കുന്നു- ഫ്രാൻസിസ് മാർപാപ്പയുടെ അപ്പസ്തോലിക പ്രബോധനം.
- നവമാലിക- വിശുദ്ധ കൊച്ചുത്രേസ്യായുടെ ആത്മകഥ.
- വിശുദ്ധ ഫ്രാൻസിസ് അസ്സീസി, വിശുദ്ധ സെലിൻ മാർട്ടിൻ ദമ്പതികൾ, വിശുദ്ധ ഡോൺ ബോസ്കോ തുടങ്ങിയവരുടെ ജീവചരിത്രങ്ങൾ.

**പ്രധാന ആശയങ്ങൾ**

- ദൈവം എല്ലാവരെയും വ്യക്തിപരമായി ഒരു പ്രത്യേക ദൗത്യത്തിനായി വിളിക്കുന്നുണ്ട്. ഇതാണ് ദൈവവിളി.

- ദൈവവിളി ഓരോരുത്തരുടെയും സന്തോഷത്തിനും നിത്യനന്മയ്ക്കും വേണ്ടിയാണ്.
- ദൈവവിളി ആന്തരികമായ ഒരു പ്രചോദനവും വിശുദ്ധിയിലേക്കുള്ള വിളിയുമാണ്.
- തിരുസഭയിലെ ദൈവവിളികൾ വിവാഹജീവിതം, പൗരോഹിത്യ ജീവിതം, സന്ന്യസ്തജീവിതം, ഏകസ്ഥജീവിതം, തുടങ്ങിയവയാണ്.
- വിവാഹ ജീവിതത്തിന്റെ ലക്ഷ്യങ്ങൾ ദമ്പതിമാരുടെ നന്മ, സന്താനങ്ങൾ, മക്കളുടെ വിദ്യാഭ്യാസം, സുവിശേഷവത്കരണം തുടങ്ങിയവയാണ്.
- മാമോദീസ സ്വീകരിച്ച എല്ലാവർക്കും പൊതുപൗരോഹിത്യവും തിരുപ്പട്ടം എന്ന കൂദാശ സ്വീകരിച്ച വൈദികർക്കും മെത്രാന്മാർക്കും ശുശ്രൂഷാപൗരോഹിത്യവും ഉണ്ട്. ഇവ രണ്ടും മിശിഹായുടെ ഏക പൗരോഹിത്യത്തിലെ പങ്കുചേരലാണ്.
- പ്രവാചക വിശുദ്ധീകരണ ഇടയ ദൗത്യങ്ങളാണ് ഒരു പുരോഹിത നുള്ളത്.
- അനുസരണം, ബ്രഹ്മചര്യം, ദാരിദ്ര്യം തുടങ്ങിയ വ്രതങ്ങളുടെ വാഗ്ദാനം വഴി ഈശോയെ ലോകത്തിൽ സ്ഥിരമായി ദൃശ്യമാക്കുന്ന ജീവിതാവസ്ഥയാണ് സന്ന്യാസം.
- പ്രാർഥനയും പ്രേഷിതപ്രവർത്തനവും അജപാലനപ്രവർത്തനങ്ങളും ജീവകാരുണ്യപ്രവർത്തനങ്ങളുമാണ് വിവിധ സന്ന്യാസ ധർമങ്ങൾ.
- സന്ന്യസ്തജീവിതത്തിന് ഏകാന്തജീവിതം, ആശ്രമപ്രസ്ഥാനം, കന്യകാജീവിതം, സമർപ്പിത വിധവകൾ, സന്ന്യാസജീവിതം, സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടുകൾ, അപ്പോസ്തോലികജീവിത സംഘങ്ങൾ തുടങ്ങിയ വ്യത്യസ്ത രൂപങ്ങളുണ്ട്.
- വിവാഹം, പൗരോഹിത്യജീവിതം, സമർപ്പിതജീവിതം തുടങ്ങിയവ സ്വീകരിച്ചിട്ടില്ലെങ്കിലും സഭാ ശുശ്രൂഷയ്ക്കായി സ്വയം സമർപ്പിച്ചവരും സഭ അംഗീകരിച്ചവരുമായ അല്മായപ്രേഷിതരാണ് ഏകസ്ഥർ.
- ദൈവവിളി ഒരാളുടെ ജീവിതസാക്ഷാത്കാരത്തിലേക്ക് നയിക്കുന്നു.
- ദൈവവിളി സമൂഹത്തിലും സഭയിലും ഉള്ള ഒരു വ്യക്തിയുടെ കടമ നിർവഹണമാണ്.
- ദൈവവിളി തിരിച്ചറിയാൻ പരിശുദ്ധാത്മാവിന്റെ സഹായം ആവശ്യമാണ്.

- ദൈവവിളി തിരിച്ചറിയാനുള്ള മാർഗങ്ങളാണ് ആന്തരിക പ്രചോദനം, നിശബ്ദ പ്രാർഥന, ആത്മീയ ഉപദേശം, ദൈവവചന വായന, വിശുദ്ധരുടെ ജീവിത മാതൃകകൾ തുടങ്ങിയവ.

**വിശദമാക്കേണ്ട പദങ്ങൾ**

സന്ന്യാസം, ബ്രഹ്മചര്യം

**1. സന്ന്യാസം**

സമർപ്പിത ജീവിതം (Consecrated Life) തുടങ്ങിയ പൊതു നാമങ്ങളിൽ അറിയപ്പെടുന്ന സഭയിലെ ഒരു ദൈവവിളിയാണ് സന്ന്യാസം. എന്നാൽ സന്ന്യാസമെന്നത് വിവിധ സമർപ്പിത ജീവിതങ്ങളെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന വിശാലമായ ഒരു പദമാണ്. സന്ന്യസ്തർ, ഏകാന്തജീവിതം നയിക്കുന്നവർ, ആശ്രമപ്രസ്ഥാനം, കന്യകാജീവിതം, സമർപ്പിത വിധവകൾ, ബ്രദർഹുഡ്, സ്ഥിരംഡീക്കന്മാർ തുടങ്ങിയ ജീവിതാവസ്ഥകളെല്ലാം സന്ന്യാസം എന്ന പദത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നു. പ്രധാനമായും ദാരിദ്ര്യം, ബ്രഹ്മചര്യം, അനുസരണം തുടങ്ങിയ വ്രതങ്ങളുടെ വാഗ്ദാനം വഴി മിശിഹായെ അനുകരിച്ച് ജീവിതം സമർപ്പിച്ച് ജീവിക്കുന്നതിനെയാണ് ഈ വാക്ക് സൂചിപ്പിക്കുന്നത്. 'സത്യം' എന്ന അർഥമുള്ള സത്, 'ജീവിക്കുക' എന്നർഥമുള്ള ന്യാസ് തുടങ്ങിയ രണ്ട് സംസ്കൃത പദങ്ങളിൽ നിന്നാണ് സന്ന്യാസം എന്ന മലയാള പദം ഉത്ഭവിച്ചത്.

**2. ബ്രഹ്മചര്യം**

സന്ന്യാസവ്രതങ്ങളിൽ ഒന്നാണ് ബ്രഹ്മചര്യം. Celibacy അല്ലെങ്കിൽ Chastity തുടങ്ങിയ ഇംഗ്ലീഷ് പദങ്ങളുടെ തത്തുല്യ മലയാള പദമാണ് ബ്രഹ്മചര്യം. ശുദ്ധത എന്നാണ് പൊതുവായ അർഥം. വിഭജിക്കപ്പെടാത്ത ഹൃദയത്തോടെ ദൈവത്തെ സ്നേഹിക്കാനും ദൈവത്തിനും ദൈവജനത്തിനും ശുശ്രൂഷ ചെയ്യാനുമുള്ള സമർപ്പണമാണിത്.

B. **പാഠാവതരണം**

മൂന്ന് മണിക്കൂർ കൊണ്ട് പൂർത്തിയാക്കാവുന്ന രണ്ടു മൊഡ്യൂളുകളാണ് ഈ അധ്യായത്തിലുള്ളത്.

പഠനോപകരണങ്ങൾ PPT, ചാർട്ട് പേപ്പർ, മാർക്കർ, പേപ്പർ കട്ടിങ്ങ്സ്, ബ്ലാക്ക് ബോർഡ്

**മൊഡ്യൂൾ 1** (സമയം: 1.30 മണിക്കൂർ)

മോഡ്യൂൾ ഒന്നിൽ പൂർത്തിയാക്കേണ്ട പ്രധാന ആശങ്ങൾ

ദൈവവിളിക്ക് ആമുഖം, എന്താണ് ദൈവവിളി, വിവാഹജീവിതം, പൗരോഹിത്യ ജീവിതം

**ആമുഖ പ്രാർഥന:** ധ്യാനാത്മകമായി, ശാന്തമായി ആവർത്തിക്കാൻ സാധിക്കുന്ന ഭജൻരൂപത്തിലുള്ള  പാട്ടുകൾ പാടി പരിശുദ്ധാത്മാവിന്റെ സഹായവും പരിശുദ്ധ അമ്മയുടെ മധ്യസ്ഥതയും വിശുദ്ധരുടെ പ്രാർഥന കളും അപേക്ഷിച്ചുകൊണ്ടുള്ള സ്വയംപ്രേരിത പ്രാർഥനയോടെ ക്ലാസ്സിലേക്ക് പ്രവേശിക്കുന്നു.

**പ്രവർത്തനം 1:** വിളിയും മറുപടിയും

കുട്ടികൾ തങ്ങളെ സാധാരണ ആരൊക്കെ വിളിക്കും, ഏതു മാധ്യമത്തി ലൂടെ വിളിക്കും, ഓരോ വിളികളോടുള്ള അവരുടെ പ്രത്യുത്തരങ്ങൾ തുടങ്ങിയവ ക്ലാസ്സിൽ ഒരുനല്ലസൗഹൃദ സംഭാഷണമെന്ന രീതിയിൽ പങ്കുവെക്കുന്നു.

**ക്രോഡീകരണം:** ഓരോ വിളിയിലും വിളിക്കുന്നയാൾ, കേൾക്കുന്നയാൾ, പറയാനുള്ള സന്ദേശം, കേൾക്കുന്നയാളുടെ മറുപടി തുടങ്ങിയവയുണ്ട്. വി. ഗ്രന്ഥത്തിൽ ദൈവം ഓരോരുത്തരെയും വിളിക്കുകയും അവർ ദൈവത്തിന്റെ വിളിയ്ക്ക് പ്രത്യുത്തരം നൽകുകയും ചെയ്തിട്ടുണ്ട്.

**പ്രവർത്തനം 2:** വി. ഗ്രന്ഥത്തിലെ ദൈവവിളികളും മറുപടികളും

ക്ലാസ്സ് വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് വി. ഗ്രന്ഥത്തിൽ ദൈവം വിളിച്ച ആളുകളെ പരിചയപ്പെടുത്തുന്നു.

**ക്രോഡീകരണം:** വി. ഗ്രന്ഥത്തിൽ ദൈവം വിളിച്ചവർ വിളികേൾക്കുകയും വിശ്വസ്തതയോടെ ദൈവമേൽപിച്ച ദൗത്യം നിറവേറ്റുകയുംചെയ്തു. അതവരുടെ നന്മയ്ക്കു കാരണമായി.

**പ്രവർത്തനം 3:** തിരുസഭയിലെ ദൈവവിളികൾ

ഈ പ്രവർത്തനത്തിന് PPT പ്രസന്റേഷനോ പേപ്പർ കട്ടിങ്ങുകളോ ഉപ യോഗിക്കാം. തിരുസഭയിലെ നാലു ദൈവവിളികളിലുമുള്ള ആളുകൾ അവരുടെ ശുശ്രൂഷകൾ ചെയ്യുന്ന ചിത്രങ്ങളോ വാർത്തകളോ കുട്ടികളെ കാണിക്കുകയും അത് ഏത് ദൈവവിളിയാണെന്ന് കുട്ടികൾ തിരിച്ചറി യുകയും ചെയ്യുന്നു.

**ക്രോഡീകരണം:** തിരുസഭയിലെ ദൈവവിളികളാണ് വിവാഹജീവിതം, പൗരോഹിത്യജീവിതം, സന്ന്യസ്തജീവിതം, ഏകസ്ഥജീവിതം തുടങ്ങിയവ.

**പ്രവർത്തനം 4:** വിവാഹജീവിതം

പുസ്തകം അല്ലെങ്കിൽ PPT അല്ലെങ്കിൽ ബ്ലാക്ക് ബോർഡ് ഇവയിൽ ഏതിന്റെയെങ്കിലും സഹായത്തോടെ വിവാഹ ജീവിതത്തിന്റെ നാല് പ്രത്യേകതകൾ കുട്ടികൾ മനസ്സിലാക്കുന്നു.

**ക്രോഡീകരണം:** വിവാഹം; കൂട്ടായ്മയുടെ ശുശ്രൂഷ, ഒരു കൂദാശ, ആത്മസമർപ്പണത്തിന്റെ ഉടമ്പടി, ദൈവവും മനുഷ്യനും തമ്മിലുള്ള ഉടമ്പടിയുടെ ഭാഗം.

**പ്രവർത്തനം 5:** വിവാഹത്തിന്റെ ലക്ഷ്യങ്ങൾ

വിവാഹത്തിന്റെ ലക്ഷ്യങ്ങളായ ദമ്പതിമാരുടെ നന്മ, സന്താനങ്ങൾ, മക്കളുടെ വിദ്യാഭ്യാസം, സുവിശേഷവത്കരണം തുടങ്ങിയ നാലു വിഷയങ്ങളും നാലു കുട്ടികൾ അല്ലെങ്കിൽ ഗ്രൂപ്പുകൾ ഒരു സിമ്പോസിയം രൂപത്തിൽ തയ്യാറായി വന്ന് ക്ലാസ്സിൽ അവതരിപ്പിക്കുന്നു. ഓരോ ഗ്രൂപ്പിനും 3 മിനിറ്റ് സമയം നൽകുന്നു.

**ക്രോഡീകരണം:** വിവാഹത്തിലൂടെ ദമ്പതികൾ ശുദ്ധീകരിക്കപ്പെടുകയും ശക്തിപ്പെടുകയും ക്രൈസ്തവ മൂല്യങ്ങളാൽ സമ്പന്നമാക്കപ്പെടുകയും ചെയ്യുന്നു. വിവാഹത്തിലൂടെ മനുഷ്യൻ ദൈവത്തിന്റെ സൃഷ്ടികർമത്തിൽ പങ്കുചേർന്ന് മക്കൾക്ക് ജന്മംനൽകുന്നു. ദൈവം നൽകുന്ന മക്കളെ ദൈവേഷ്ടമനുസരിച്ച് വളർത്തുകയെന്നത് ദമ്പതികളുടെ കടമയാണ്. മാതാപിതാക്കൾ മക്കളെ ശൈശവത്തിൽതന്നെ സഭാത്മകമായ ചിന്ത വളർത്തി സുവിശേഷമൂല്യങ്ങളാൽ പരിപോഷിപ്പിക്കുക.

**പ്രവർത്തനം 6:** ക്രൈസ്തവ കുടുംബം എത്ര ആനന്ദദായകം (5 മിനിറ്റ്)

ക്രൈസ്തവ കുടുംബജീവിതം എത്ര ആനന്ദദായകം എന്ന പുസ്തകത്തിൽ നൽകിയിരിക്കുന്ന വായനാ ഭാഗം വായിക്കുകയും അവനവന്റെ കുടുംബത്തിന്റെ വ്യത്യസ്ത സാഹചര്യങ്ങളുടെ വെളിച്ചത്തിലും കുടുംബത്തെക്കുറിച്ച് മനോഹരമായ ഒരു ചിത്രീകരണം നടത്തുക. തങ്ങളുടെ കുടുംബത്തിലൂടെ തങ്ങൾക്ക് ലഭിച്ച അനുഗ്രഹങ്ങൾ കുട്ടികൾ പേപ്പറിൽ എഴുതുക.

**ക്രോഡീകരണം:** ക്രൈസ്തവ കുടുംബജീവിതം ആനന്ദദായകമാണ്. ജഡികമായ അഭിലാഷമല്ല, നിഷ്കളങ്കമായ പ്രേമമാണ് വിവാഹത്തിന്റെ അടിസ്ഥാനം. ക്രൈസ്തവ കുടുംബം ദൈവിക പുണ്യങ്ങളുടെ വിള നിലമാണ്.

**പ്രവർത്തനം 7:** പൗരോഹിത്യ ജീവിതം: പൊതുപൗരോഹിത്യവും ശുശ്രൂഷാപൗരോഹിത്യവും മിശിഹായുടെ ഏക പൗരോഹിത്യത്തിൽ പങ്കുപറ്റിക്കൊണ്ട് മാമോദീസ സ്വീകരിച്ച എല്ലാവരും പൊതുപൗരോഹിത്യവും തിരുപ്പട്ടം എന്ന കൂദാശ സ്വീകരിച്ചവർ ശുശ്രൂഷാപൗരോഹിത്യവും എങ്ങനെ വ്യത്യസ്തമായി നിർവഹിക്കുന്നുവെന്ന് വായനാ സാമഗ്രിയുടെ സഹായത്തോടെ ഗ്രൂപ്പുകൾ ചർച്ച ചെയ്ത് അവതരിപ്പിക്കുന്നു.

**ക്രോഡീകരണം:** ക്രിസ്തുവിന്റെ ഏകപൗരോഹിത്യത്തിലെ വ്യത്യസ്തമായ പങ്കുചേരലാണ് പൊതുപൗരോഹിത്യവും ശുശ്രൂഷാപൗരോഹിത്യവും. മാമോദീസ സ്വീകരിച്ച് എല്ലാവരും പൊതുപൗരോഹിത്യത്തിലും തിരുപ്പട്ടം എന്ന കൂദാശ സ്വീകരിച്ച വൈദികരും മെത്രാന്മാരും ശുശ്രൂഷാപുരോഹിത്യത്തിലും പങ്കുചേരുന്നു. പൊതുപൗരോഹിത്യം ദൈവിക പുണ്യങ്ങൾ അഭ്യസിക്കുന്ന ജീവിതത്തിലൂടെ ഒരാൾ നിർവഹിക്കുമ്പോൾ ശുശ്രൂഷാപൗരോഹിത്യം പൗരോഹിത്യ ധർമങ്ങൾ പാലിച്ചുകൊണ്ട് നിർവഹിക്കപ്പെടുന്നു.

**പ്രവർത്തനം 8:** പൗരോഹിത്യധർമങ്ങൾ

പൗരോഹിത്യധർമങ്ങളായ പ്രവാചക വിശുദ്ധീകരണ ഇടയ ദൗത്യങ്ങളെക്കുറിച്ച് വിദ്യാർഥികൾ PPT വഴിയോ അല്ലെങ്കിൽ പത്രകട്ടിങ്ങുകൾ ഉപയോഗിച്ചോ ഒരു ചിത്രപ്രദർശനം നടത്തി ഈ മൂന്നു ദൗത്യങ്ങളും പൗരോഹിത്യത്തിൽ എങ്ങനെ നിർവഹിക്കപ്പെടുന്നുവെന്ന് ക്ലാസ്സിനെ പരിചയപ്പെടുത്തുന്നു.

**ക്രോഡീകരണം:** പൗരോഹിത്യത്തിന് പ്രവാചക വിശുദ്ധീകരണ ഇടയ ദൗത്യങ്ങൾ ഉണ്ട്. ഈശോമിശിഹാ ഈ മൂന്നു ദൗത്യങ്ങളും നിറവേറ്റിയ നിത്യപുരോഹിതനാണ്. ഈശോ ജനങ്ങളെ പഠിപ്പിക്കുകയും സുവിശേഷം പ്രഘോഷിക്കുകയും ചെയ്തതുപോലെ ഓരോ പുരോഹിതനും ഈ പ്രവാചക ദൗത്യം നിറവേറ്റുന്നു. ഈശോ തന്റെ ബലിയർപ്പണത്തിലൂടെ എല്ലാവരുടെയും രക്ഷസാധ്യമാക്കിയതുപോലെ വൈദികരും കൂദാശ പരികർമങ്ങളിലൂടെ ഈ വിശുദ്ധീകരണ ദൗത്യം പൂർത്തിയാക്കുന്നു. നല്ല ഇടയനായ ഈശോയെപ്പോലെ ദൈവജനത്തെ കാലാനുസൃതമായി നയിക്കാനുള്ള ഇടയദൗത്യവും പുരോഹിതർക്കുണ്ട്.

**പ്രവർത്തനം 9:** പൗരോഹിത്യത്തിന്റെ ആനന്ദം

പൗരോഹിത്യത്തിന്റെ ആനന്ദത്തെക്കുറിച്ചുള്ള പാഠപുസ്തക വായനാഭാഗം വായിച്ചതിന്റെ വെളിച്ചത്തിൽ കുട്ടികൾ പൗരോഹിത്യത്തിന്റെ ആനന്ദത്തെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുന്നു.

**ക്രോഡീകരണം:** ലോക ദൃഷ്ടിയിൽ വെല്ലുവിളികൾ നിറഞ്ഞ പൗരോഹിത്യജീവിതം അനേകം ആളുകൾ വലിയ സന്തോഷത്തോടെ സ്വീകരിക്കുന്നതിന്റെ പിന്നിൽ ഒരു ദൈവികരഹസ്യമുണ്ട്. അത് പൗരോഹിത്യം നൽകുന്ന വലിയ ആനന്ദമാണ്.

മൊഡ്യൂൾ 2 (സമയം 1.30 മണിക്കൂർ)

സന്ന്യസ്ത ജീവിതം, ഏകസ്ഥജീവിതം, ദൈവവിളി തിരിച്ചറിയൽ

**പ്രവർത്തനം 1:** സന്ന്യസ്ത ജീവിതം (വ്രതബദ്ധ ജീവിതം)

അനുസരണം, ദാരിദ്ര്യം, ബ്രഹ്മചര്യം തുടങ്ങിയ വ്രതങ്ങൾ എങ്ങനെ ഈശോയുടെ ജീവിതത്തിൽ പൂർണമായിരുന്നതുപോലെ സമർപ്പിതർ അതെങ്ങനെ ജീവിതത്തിൽ അനുകരിക്കുന്നുവെന്നും ഗ്രൂപ്പുകൾ ചർച്ചചെയ്തു കണ്ടെത്തി ക്ലാസ്സിൽ പൊതുവായി അവതരിപ്പിക്കുന്നു.

**ക്രോഡീകരണം:** സമർപ്പിതർ ഈശോയെ ലോകത്തിൽ സ്ഥിരമായി ദൃശ്യമാക്കുന്നു. വ്രതങ്ങൾ സ്നേഹത്തിന്റെ ഉടമ്പടിയാണ്. അനുസരണം ഇച്ഛാശക്തിയുടെ പൂർണമായ സമർപ്പണമാണ്. ദാരിദ്ര്യം മിശിഹായുടെ ദാരിദ്ര്യത്തിലുള്ള പങ്കുചേരലാണ്. ബ്രഹ്മചര്യ ജീവിതം വിഭജിക്കപ്പെടാത്ത ഹൃദയത്തോടെയുള്ള ദൈവസ്നേഹമാണ്.

**പ്രവർത്തനം 2:** സന്ന്യാസ ധർമങ്ങൾ

തങ്ങളുടെ ഇടവകയിൽ സമർപ്പിതർ ചെയ്യുന്ന വിവിധ ശുശ്രൂഷാ മേഖലകൾ ഗ്രൂപ്പടിസ്ഥാനത്തിൽ വിശകലനം ചെയ്ത് സന്യാസ ധർമങ്ങളായ പ്രാർഥന, പ്രേഷിതപ്രവർത്തനം, അജപാലനപ്രവർത്തനം, ജീവകാരുണ്യപ്രവർത്തനം തുടങ്ങിയവ കുട്ടികൾ ക്ലാസ്സിൽ കൃത്യമായ ഉദാഹരണങ്ങളോടെ മനസ്സിലാക്കുന്നു. തങ്ങൾ കണ്ടെത്തിയ ഓരോ ഉദാഹരണങ്ങളും ഈ നാല് ധർമങ്ങളിൽ ഏത് ഗണത്തിൽപ്പെടുത്താമെന്ന് മനസ്സിലാക്കി ചാർട്ട്പേപ്പറിൽ എഴുതുന്നു.

**ക്രോഡീകരണം:** പ്രാർഥന, പ്രേഷിതപ്രവർത്തനം, അജപാലനപ്രവർത്തനം, ജീവകാരുണ്യപ്രവർത്തനം തുടങ്ങിയവയാണ് സന്യാസ ധർമങ്ങൾ. പ്രഥമസ്ഥാനം പ്രാർഥനയ്ക്കാണ്. പ്രാർഥന വഴി സന്ന്യസ്തർ ദൈവവുമായുള്ള ഐക്യത്തിൽ വളരുന്നു. ദൈവരാജ്യം വ്യാപിപ്പിക്കുവാൻ പ്രേഷിതപ്രവർത്തനങ്ങളിൽ സമർപ്പിതർ സജീവമായി ഇടപെടുന്നു. ഇടവകയുടെ കൗദാശിക, ആത്മീയജീവിതത്തെ പരിപോഷിപ്പിക്കുന്നതിൽ സമർപ്പിതർക്ക് വലിയ പങ്കുണ്ട്. ചെറിയവരിലും ഈശോയെകണ്ട് അവരെ സ്നേഹിച്ച് ശുശ്രൂഷിക്കുന്ന ജീവകാരുണ്യപ്രവർത്തനം സമർപ്പിതരുടെ പ്രധാന ശുശ്രൂഷാമേഖലയാണ്.

**പ്രവർത്തനം 3:** സന്ന്യസ്ത ജീവിതത്തിന്റെ വ്യത്യസ്ത രൂപങ്ങൾ

PPT പ്രസന്റേഷൻ വഴിയോ, ചിത്രവിശകലനത്തിലൂടെയോ സന്ന്യസ്ത ജീവിതത്തിന്റെ വ്യത്യസ്ത രൂപങ്ങളെയും അവരുടെ ദൗത്യങ്ങളെയും കുട്ടികൾ ക്ലാസ്സിൽ പരിചയപ്പെടുത്തുന്നു.

**ക്രോഡീകരണം:** സന്ന്യസ്ത വൈദികർ, സന്ന്യാസിനികൾ തുടങ്ങിയവർ കൂടാതെ ഏകാന്തജീവിതം, ആശ്രമപ്രസ്ഥാനം, കന്യകാജീവിതം, സമർപ്പിതവിധവകൾ, സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടുകൾ, അപ്പോസ്തോലിക ജീവിതസംഘങ്ങൾ, സഭയിലെ സ്ഥിരംഡീക്കന്മാർ, ബ്രദർഹുഡ് തുടങ്ങിയവയും സന്ന്യസ്ത ജീവിതത്തിന്റെ വിവിധരൂപങ്ങളാണ്.

**പ്രവർത്തനം 4:** ഏകസ്ഥജീവിതം

ബഹു. വികാരിയച്ചനോട് കുട്ടികൾ ചോദിച്ച് ഇടവകയിലെ ഏകസ്ഥജീവിതം ജീവിക്കുന്ന ഏതെങ്കിലും വ്യക്തികളുണ്ടെങ്കിൽ അവരുമായി ഒരു അഭിമുഖം നടത്തി റിപ്പോർട്ട് ക്ലാസ്സിൽ അവതരിപ്പിച്ച് ഏകസ്ഥജീവിതത്തിന്റെ പ്രത്യേകതകൾ കണ്ടെത്തുക.

**ക്രോഡീകരണം:** വിവാഹം, പൗരോഹിത്യം, സന്ന്യാസം തുടങ്ങിയ ദൈവവിളികൾ സ്വീകരിച്ചിട്ടില്ലെങ്കിലും മിശിഹായെ അടുത്ത് അനുഗമിച്ചുകൊണ്ട് സഭാശുശ്രൂഷയ്ക്കായി സ്വയം സമർപ്പിച്ചവരും സഭ അംഗീകരിച്ചവരുമായ അല്മായ പ്രേഷിതരാണ് ഏകസ്ഥർ. പ്രേഷിതപ്രവർത്തനങ്ങളിലൂടെയും വിശ്വാസപരിശീലന പ്രവർത്തനങ്ങളിലൂടെയും സഭയെ കെട്ടിപ്പടുക്കുന്നതിൽ അവർക്ക് നിർണായക പങ്കുണ്ട്.

**പ്രവർത്തനം 5:** ഞാൻ എന്തിന് ദൈവവിളി സ്വീകരിക്കണം?

കരിയറും ദൈവവിളിയും തമ്മിലുള്ള വ്യത്യാസം കണ്ടെത്താൻ ക്ലാസ്സി

നോട് ആവശ്യപ്പെടുകയും അവരുടെ കണ്ടെത്തലുകൾ ബോർഡിൽ അധ്യാപകർ പട്ടികപ്പെടുത്തുകയും ചെയ്യുക. അതിനുശേഷം കരിയറും ദൈവവിളിയും ഒരു വ്യക്തിക്ക് എത്രമാത്രം പ്രധാനമാണെന്ന് തിരിച്ചറിയുകയും കരിയറിനു വേണ്ടി നാം നടത്തുന്ന ഒരുക്കം ദൈവവിളി സ്വീകരിക്കുന്നതിന് വേണ്ടി ചെയ്യുന്നുണ്ടോയെന്ന് അവരോട് പങ്കുവയ്ക്കുകയും ചെയ്യുക. ദൈവവിളി തിരിച്ചറിയേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് ഗ്രൂപ്പുകൾ ചർച്ച ചെയ്ത് കണ്ടെത്തലുകൾ ക്ലാസ്സിൽ അവതരിപ്പിക്കുന്നു.

**ക്രോഡീകരണം:** ദൈവവിളി ഒരാളുടെ നന്മയ്ക്കും സന്തോഷത്തിനുമായി ദൈവം ഒരുക്കിയ പദ്ധതിയാണ്. ഇത് അയാളുടെ ജീവിത സാക്ഷാത്കാരത്തിലേക്ക് നയിക്കുന്നു. ഇതുവഴി ദൈവികപദ്ധതി അവരിലൂടെ നിറവേറുന്നു. അതിനാൽ ദൈവവിളി തിരിച്ചറിയാൻ നമ്മൾ ശ്രമിക്കണം.

**പ്രവർത്തനം 6:** ദൈവവിളി തിരിച്ചറിയൽ വിശുദ്ധരുടെ മാതൃക

വിശുദ്ധർ തങ്ങളുടെ ദൈവവിളി തിരിച്ചറിഞ്ഞ സംഭവങ്ങൾ വളരെ ഹ്രസ്വമായ ഒരു സ്കിറ്റ് രൂപത്തിൽ ഓരോ ഗ്രൂപ്പുകളും ക്ലാസ്സിൽ അവതരിപ്പിക്കുന്നു.

അല്ലെങ്കിൽ ഒരു റോൾപ്ലേ രൂപത്തിൽ ഓരോ വിശുദ്ധർ വന്നു തങ്ങൾ എങ്ങനെ ദൈവവിളി കണ്ടെത്തിയെന്ന് ക്ലാസ്സിനോട് സംസാരിക്കുന്നതായും അവതരിപ്പിക്കാം.


**ക്രോഡീകരണം:** വിശുദ്ധ ഫ്രാൻസിസ് അസ്സീസി, വിശുദ്ധ കൊച്ചുത്രേസ്യ, വിശുദ്ധ ഡോൺ ബോസ്കോ, വിശുദ്ധ സെലിൻ മാർട്ടിൻ തുടങ്ങിയവർ തങ്ങളുടെ ദൈവവിളികൾ പ്രാർഥനയിലൂടെയും വിചിന്തനത്തിലൂടെയും ആത്മീയ ഉപദേശത്തിലൂടെയുമായിരുന്നു കണ്ടെത്തിയത്.

**പ്രവർത്തനം 7:** ദൈവവിളി തിരിച്ചറിയാനുള്ള മാർഗങ്ങൾ

വിശുദ്ധർ തങ്ങളുടെ ദൈവവിളി തിരിച്ചറിഞ്ഞത് എങ്ങനെയെന്ന് മനസ്സിലാക്കിയതിന്റെ വെളിച്ചത്തിൽ ദൈവവിളി തിരിച്ചറിയാനുള്ള മാർഗങ്ങളും അതിലെ വിവിധ ഘട്ടങ്ങളും കുട്ടികൾ വിശകലനം ചെയ്ത് ക്രോഡീകരിക്കുന്നു.

**ക്രോഡീകരണം:** ദൈവവിളി തിരിച്ചറിയാൻ പരിശുദ്ധാത്മാവിന്റെ സഹായം ആവശ്യമാണ്. ഫ്രാൻസിസ് മാർപാപ്പ പറയുന്ന തിരിച്ചറിയൽ, വ്യാഖ്യാനിക്കൽ, തെരഞ്ഞെടുക്കൽ തുടങ്ങിയവ ഏത് ദൈവവിളി വിവേചനത്തിലും ഉണ്ടായിരിക്കണം. ദൈവവിളി തിരിച്ചറിയാനുള്ള മാർഗങ്ങളാണ് ആന്തരിക പ്രചോദനം, നിശ്ശബ്ദ ധ്യാനം, പ്രാർഥന, ആത്മീയ ഉപദേശം, ദൈവവചന വായന, വിശുദ്ധരുടെ മാതൃക തുടങ്ങിയവ.

അധ്യായത്തിൽ അവശേഷിക്കുന്ന പ്രവർത്തനങ്ങൾ തുടർപ്രവർത്തനങ്ങളായി ചെയ്യാം



**ദൈവവചനം വായിക്കാം**

ശ്ലീഹന്മാരുടെ പ്രവർത്തനങ്ങൾ

അധ്യായങ്ങൾ 1-4



**ഹൃദയം ദീപ്തമാക്കാം**

"ദീദിമോസ് എന്ന തോമസ് അപ്പോൾ മറ്റു ശിഷ്യന്മാരോടു പറഞ്ഞു: അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം" (യോഹ 11:16).

**എന്റെ തീരുമാനം**



ചെറുപ്രായത്തിൽ തന്നെ വലിയ ഉത്തരവാദിത്വങ്ങൾ യുവാക്കളെ ഏല്പിച്ച ദൈവം എന്നെയും വിളിക്കുന്നുണ്ട്. ആ വിളി തിരിച്ചറിയാൻ ഞാൻ ശ്രമിക്കും. തിരിച്ചറിഞ്ഞ ദൈവവിളി ഞാൻ സ്വീകരിക്കും.

### ചില ചോദ്യമാതൃകകൾ

1. എന്തുകൊണ്ടാണ് ദൈവവിളി നമ്മുടെ നന്മയ്ക്കും സന്തോഷത്തിനും വേണ്ടിയുള്ളതാണെന്ന് പറയുന്നത്?
2. വിവാഹം വേണ്ട എന്ന നിലപാട് എടുക്കുന്ന സുഹൃത്തുക്കൾക്കുള്ള നിങ്ങളുടെ മറുപടി എന്തായിരിക്കും?

3. ജീവിതാന്തസിന്റെ ദൗത്യങ്ങൾ നിർവഹിക്കുന്നതിന് നമ്മെ സഹായിക്കുന്ന ഉപാധികളും മേഖലകളുമാണ് കരിയർ. വിശദീകരിക്കുക?

4. മക്കളുടെ വിദ്യാഭ്യാസം എന്നാൽ സ്കൂൾ കോളേജ് പഠനം മാത്രമാണെന്ന് കരുതുന്ന മാതാപിതാക്കളോട് ക്രൈസ്തവ വിവാഹത്തിന്റെ ലക്ഷ്യത്തെക്കുറിച്ച് ഒരു കത്ത് എഴുതുക.

5. പൊതു പൗരോഹിത്യത്തിൽ പങ്കുചേരുവാൻ ഒരാൾ എന്തൊക്കെയാണ് ചെയ്യേണ്ടത്.

6. ഈ കാലഘട്ടത്തിൽ വൈദികർ തങ്ങളുടെ പ്രവാചക ദൗത്യം എങ്ങനെ നിർവഹിക്കണം എന്നതാണ് നിങ്ങളുടെ അഭിപ്രായം.

7. നിങ്ങളുടെ ജീവിതത്തിൽ വൈദികരുടെ വിശുദ്ധീകരണ ദൗത്യം നിങ്ങൾക്ക് എത്രമാത്രം ആത്മീയ ഫലങ്ങൾ തന്നിട്ടുണ്ട് ?

8. 'ആടുകൾക്ക് വേണ്ടി സ്വജീവൻ അർപ്പിക്കുന്ന നല്ലയിടയനായ ഈശോയുടെ മാതൃകയാണ് ഓരോ പൗരോഹിത്യ ജീവിതവും'. ഉദാഹരണങ്ങളിലൂടെ വിശദീകരിക്കാമോ?.

9. വ്രതങ്ങളായി അനുഷ്ഠിക്കുന്നില്ലെങ്കിലും ദാരിദ്ര്യം, ബ്രഹ്മചര്യം, അനുസരണം തുടങ്ങിയ വ്രതങ്ങളുടെ ചൈതന്യം നിങ്ങളുടെ ജീവിതത്തിൽ എത്രമാത്രം പ്രസക്തമാണ്?

10. എന്തുകൊണ്ടാണ് സന്ന്യസ്ഥരുടെ ആധ്യാത്മിക ജീവിതത്തിൽ പ്രഥമ സ്ഥാനം പ്രാർഥനയ്ക്ക് ആണെന്നു പറയുന്നത്?

11. ഏകസ്ഥ ജീവിതത്തിന്റെ അർഥതലത്തെക്കുറിച്ച് വിശദീകരിച്ചുകൊണ്ട് ഒരു കത്തെഴുതുക?.

വിശുദ്ധർ ദൈവവിളി തിരിച്ചറിഞ്ഞ വിവിധ സന്ദർഭങ്ങളെ മാതൃകയാക്കിക്കൊണ്ട് എങ്ങനെ ദൈവവിളി തിരിച്ചറിയാമെന്ന് നിങ്ങളുടെ സുഹൃത്തുക്കളോട് സംസാരിക്കാനായി ഒരു പ്രസംഗം തയ്യാറാക്കുക.

## അധ്യായം-7

# ക്രൈസ്തവ വിശ്വാസവും ശാസ്ത്രവും

### A. പാഠവിശകലനം

ദൈവവിശ്വാസവും ശാസ്ത്രവും പരസ്പര പൂരകങ്ങളാണന്നും ശാസ്ത്രം ദൈവദാനമാണെന്നും അവ തമ്മിലുള്ള സഹകരണം മാനവരാശിയുടെ സമഗ്രപുരോഗതി അനിവാര്യമാണെന്നും സഭ പഠിപ്പിക്കുന്നു. മനുഷ്യനിൽ വിശ്വാസം ജനിപ്പിക്കുന്ന ദൈവം തന്നെയാണ് അവനിൽ ബുദ്ധിയുടെ/ യുക്തിയുടെ പ്രകാശം നിക്ഷേപിച്ചതും. ശാസ്ത്രീയ കണ്ടെത്തലുകളി ലേക്കു നയിച്ചതും. തന്മൂലം ദൈവത്തിന് തന്നെത്തന്നെ നിഷേധിക്കാ നാവില്ല. സത്യം ഒരിക്കലും സത്യത്തിനു വിരുദ്ധമാവുകയില്ല. ശാസ്ത്ര സാങ്കേതിക മേഖലകളിലെ വളർച്ചയ്ക്ക് കത്തോലിക്കാസഭ കാതലായ സംഭാവനകൾ നൽകിയിട്ടുണ്ട്. ശാസ്ത്രത്തിന്റെ പുരോഗതിയിൽ സംഭ വിച്ച തെറ്റായ സമീപനങ്ങളെയും അധാർമിക നിലപാടുകളെയും സത്യത്തിന്റെ സംവാഹക എന്ന നിലയിൽ സഭ തിരുത്താൻ ശ്രമിക്കുന്നു.

**ലക്ഷ്യം:** മതവും ശാസ്ത്രവും, വിശ്വാസവും യുക്തിയും തമ്മിൽ വൈരുദ്ധ്യമുണ്ടെന്നുള്ള നിലപാട് തിരുത്തണം. യുക്തിയും ബുദ്ധിയും ശാസ്ത്രീയ നേട്ടങ്ങളും ദൈവപരിപാലനയുടെ ഫലമായി സംഭവിക്കു ന്നതിനാൽ അവയെ വിശ്വാസികൾ ആദരവോടെ കരുതണം. വിശ്വാസം വ്യക്തിക്ക് ഉപരിയാകയാൽ വിശ്വാസത്തെ വിമർശിക്കാനുള്ള മാധ്യമമായി യുക്തിയെ ദുരുപയോഗിക്കരുത്. വിശ്വാസം പൂർണസത്യത്തെ വെളിപ്പെ ടുത്തുമ്പോൾ ശാസ്ത്രത്തിന്റെ സത്യങ്ങൾ മാറ്റത്തിനു വിധേയമാണ്; എന്ന ബോധ്യത്തിലേക്ക് വളരുക.

**ബോധ്യങ്ങൾ**

1. ശാസ്ത്രം സത്യത്തെ അന്വേഷിക്കുന്നു; ബൈബിൾ പരമമായ സത്യത്തെ വെളിപ്പെടുത്തുന്നു.
2. യുക്തിയും വിശ്വാസവും പരസ്പര പൂരകങ്ങളാണ്; ശാസ്ത്രവും മതവും പരസ്പര വിരുദ്ധമല്ല.
3. ശാസ്ത്ര സാങ്കേതിക മേഖലകളിലെ വളർച്ചക്ക് കത്തോലിക്ക സഭ കാതലായ സംഭാവനകൾ നൽകിയിട്ടുണ്ട്.

**ശീലം:** വിനയത്തോടും വിശ്വാസത്തോടും കൂടെ പ്രപഞ്ചരഹസ്യങ്ങളെ കണ്ടെത്താനും യുക്തിപൂർവം മനസ്സിലാക്കാനും പരിശ്രമിക്കുന്നു.

**സഹായക ഗ്രന്ഥങ്ങൾ**

- വി. ബൈബിൾ
- കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം
- രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ
- യൂകാറ്റ്
- വിശ്വാസത്തിന്റെ കവാടം- Pope Benedict XVI, അപ്പസ്തോലിക ഉദ്ബോധനം
- വിശ്വാസത്തിന്റെ വെളിച്ചം- Pope Francis, ചാക്രിക ലേഖനം
- വിശ്വാസവും യുക്തിയും- Pope John Paul II, ചാക്രിക ലേഖനം
- Antiqua et Nova, Declaration on AI

**പ്രധാന ആശയങ്ങൾ**

- പ്രപഞ്ചത്തിന്റെയും മനുഷ്യന്റെയും ഉദ്ഭവത്തെപ്പറ്റിയും അന്ത്യത്തെപ്പറ്റിയും മനുഷ്യൻ നടത്തിയ അന്വേഷണങ്ങളിൽ നിന്നാണ് മതവും ശാസ്ത്രവും രൂപംകൊണ്ടത്.
- വിശ്വാസവും യുക്തിയും പരസ്പര പൂരകങ്ങളാണ്.
- ശാസ്ത്രം പ്രപഞ്ചസത്യങ്ങളുടെ പൊരുൾതേടിയുള്ള തുടർച്ചയായ അന്വേഷണമാണെങ്കിൽ വിശുദ്ധ ഗ്രന്ഥം പൂർണസത്യങ്ങളുടെ ദൈവിക വെളിപ്പെടുത്തലാണ്.
- ദൈവത്തിന്റെ വചനത്താൽ ലോകം സൃഷ്ടിക്കപ്പെട്ടതെന്നും അങ്ങനെ കാണപ്പെടുന്നവയെല്ലാം ശൂന്യതയിൽ നിന്നും ഉണ്ടായതാണെന്നും ബൈബിളിലെ സൃഷ്ടി വിവരണം നൽകുന്ന സന്ദേശം.
- പ്രപഞ്ചത്തിന്റെയും ജീവന്റെയും ആദ്യകാരണം ദൈവമാണ് എന്നതിനാൽ പരിണാമസിദ്ധാന്തം വിശ്വാസത്തിനു എതിരല്ല.
- നിർമിത ബുദ്ധി ശാസ്ത്രപുരോഗതിയുടെ ഒരു ഉത്പന്നമാണ്.
- ശാസ്ത്രത്തിന്റെ വളർച്ചയ്ക്കു സഭ ധാരാളം സംഭാവനകൾ നൽകിയിട്ടുണ്ട്.

**വിശദമാക്കേണ്ട പദങ്ങൾ**

ഗലീലിയോ സംഭവം- സഭാ നിലപാട്, (നോട്ട് നോക്കുക)

B. **പാഠാവതരണം**

**പഠനോപകരണങ്ങൾ**

ചാർട്ട് പേപ്പർ, മാർക്കർ, PPT അവതരിപ്പിക്കാനുള്ള ഉപകരണങ്ങൾ, സഹായകഗ്രന്ഥങ്ങൾ, ശാസ്ത്രജ്ഞന്മാരുടെ ചിത്രങ്ങൾ, Short Videos

**മൊഡ്യൂൾ 1** (സമയം 45 മിനിറ്റ്)

ആമുഖ പ്രാർഥന അധ്യാപകൻ നേതൃത്വം നൽകുന്നു.

**പ്രവർത്തനം 1:** പരീക്ഷണം- ചർച്ച

ക്ലാസ്സിൽ കുട്ടികളുടെ മുൻപിൽ കത്തിച്ചുവച്ച മെഴുകുതിരി ഗ്ലാസുകൊണ്ടു മൂടുന്നു. തീനാളം കെട്ടുപോകുന്നു. തിരികെട്ടതിന്റെ കാരണങ്ങൾ കുട്ടികൾ ക്ലാസ്സിൽ പങ്കുവയ്ക്കുന്നു.

**ക്രോഡീകരണം:** ഓക്സിജന്റെ അഭാവമാണ് തിരികെട്ടുപോകുന്നതിനുള്ള കാരണം എന്നത് ശാസ്ത്രത്തിന്റെ അറിവിൽനിന്നുള്ള മുൻധാരണകളും വിശ്വാസവുമാണ് ആ നിഗമനത്തിൽ എത്താൻ കുട്ടികളെ പ്രേരിപ്പിച്ചത്.

- ഇവിടെ Sensory Experience -> Reasoning -> Faith -> Intuition എന്നീ ഘടകങ്ങൾ ഈ അറിവിലേക്ക് എങ്ങനെ നയിച്ചു എന്ന് കുട്ടികൾ കണ്ടെത്തുന്നു.
- തുടർന്ന് അസ്തിത്വപരമായ ചോദ്യങ്ങളും സത്യം കണ്ടെത്താനുള്ള മാർഗങ്ങളും അവതരിപ്പിക്കുന്നു.

**പ്രവർത്തനം 2**

പഞ്ചമാർഗങ്ങൾ ഓരോന്നും ഓരോ കാർഡിൽ എഴുതി കുട്ടികൾക്ക്/ ഗ്രൂപ്പിൽ നൽകുക. പ്രതികരണം അവതരിപ്പിക്കാൻ ആവശ്യപ്പെടുക.

**ക്രോഡീകരണം:** വിശ്വാസവും യുക്തിയും പരസ്പര പൂരകങ്ങളാണ്. യുക്തിയിലൂടെ വിശ്വാസത്തിലേക്ക് പ്രവേശിക്കാം. മതവും ശാസ്ത്രവും, വിശ്വാസവും യുക്തിയും തമ്മിൽ വൈരുധ്യമുണ്ടെന്നുള്ള നിലപാട് തിരുത്തപ്പെടേണ്ടതാണ്. വിശുദ്ധ ആഗസ്റ്റിനോസ് പറയുന്നു. 'വിശ്വസിക്കാൻ വേണ്ടി ഗ്രഹിക്കുക; ഗ്രഹിക്കാൻ വേണ്ടി വിശ്വസിക്കുക.'"I believe there for I understand; I understand there for I believe" (ccc 158).

**മൊഡ്യൂൾ 2** (സമയം 45 മിനിറ്റ്)

**പ്രവർത്തനം 1**

ഉത്പത്തി ഒന്നാം അധ്യായം (സൃഷ്ടിയുടെ വിവരണം) കുട്ടികൾ/ഗ്രൂപ്പുകൾ ക്ലാസിൽ വായിക്കുന്നു.

- ആധുനിക കാലഘട്ടത്തിലെ മനുഷ്യന്റെ സാമാന്യബുദ്ധിക്ക് ചേർന്നു പോകാത്ത കാര്യങ്ങൾ ക്രോഡീകരിച്ച് എഴുതാൻ ആവശ്യപ്പെടുന്നു.
- കുട്ടികൾ എഴുതിയ ചോദ്യങ്ങൾ/പൊരുത്തക്കേടുകൾ ക്ലാസ്സിൽ വായിക്കുന്നു.
- എന്തുകൊണ്ടു പൊരുത്തക്കേടുകൾ എന്ന് ചർച്ചനടത്തപ്പെടുന്നു.

**ക്രോഡീകരണം**

- നിത്യസത്യങ്ങളുടെ വെളിപ്പെടുത്തലായ വിശുദ്ധ ഗ്രന്ഥവും, ശാസ്ത്രത്തിന്റെ അന്വേഷണങ്ങളും കണ്ടെത്തലുകളും പരസ്പര വിരുദ്ധമല്ല.
- ശാസ്ത്രത്തിന്റെ ലക്ഷ്യമല്ല ബൈബിളിന്റേത്. ദൈവിക വെളിപാടുകൾ പകർന്നു നൽകുകയെന്നതാണ് ബൈബിളിന്റെ ദൗത്യം ശാസ്ത്രീയ അറിവുകൾ കൈമാറുകയാണ് ശാസ്ത്രത്തിന്റെ ലക്ഷ്യം.
- ഉത്പത്തി പുസ്തകത്തിലെ സൃഷ്ടിവിവരണം അക്ഷരാർഥത്തിൽ വ്യാഖ്യാനിക്കേണ്ടതല്ല. പ്രപഞ്ചത്തിന്റെയും ജീവന്റെയും ആദ്യ കാരണം ദൈവമാണ് (CCC 31-35).

**പ്രവർത്തനം 2**

നിർമിത ബുദ്ധിയുടെ പ്രാധാന്യം, നിർമിത ബുദ്ധിയുടെ ഉപയോഗത്തിൽ സഭയുടെ ദർശനം വ്യക്തമാക്കുന്നു. പേജ് 75- ലെ ആദ്യ ചർച്ചാവിഷയം ചെയ്യുന്നതിനു വേണ്ട കാര്യങ്ങൾ നിർദേശിക്കുന്നു.


**ക്രോഡീകരണം:** നിർമിത ബുദ്ധിയുടെ കാലഘട്ടത്തിലൂടെയാണ് നാം കടന്നു പോകുന്നത്. നിർമിത ബുദ്ധിയുടെ ആവശ്യകത എത്രതന്നെ പ്രയോജനപ്പെടുത്തിയാലും ദൈവിക മാനുഷിക മൂല്യങ്ങൾക്ക് നാം പ്രാധാന്യം നൽകണം.

**പ്രവർത്തനം 3**

കുട്ടികൾ/ഗ്രൂപ്പുകൾ ശാസ്ത്ര സാങ്കേതിക മേഖലയിലെ വളർച്ചയ്ക്ക് സഭ നൽകിയ സംഭാവനകളുടെ ചാർട്ട് തയ്യാറാക്കുന്നു.

ദൈവവിശ്വാസികളായിരുന്ന പ്രശസ്ത ശാസ്ത്രജ്ഞന്മാരുടെ ചിത്രങ്ങളും ലഘുജീവചരിത്രക്കുറിപ്പും തയ്യാറാക്കി ക്ലാസ്സിൽ അവതരിപ്പിക്കുന്നു.

**ക്രോഡീകരണം:** ശാസ്ത്രത്തിന്റെ ശരിയായ സമീപനങ്ങളെയും വളർച്ചയും സഭ പിന്തുണയ്ക്കുന്നു. ശാസ്ത്രത്തിന്റെ പുരോഗതിയിൽ സംഭവിച്ച തെറ്റായ സമീപനങ്ങളെയും അധാർമിക നിലപാടുകളെയും സത്യത്തിന്റെ സംവാഹക എന്ന നിലയിൽ സഭ തിരുത്താൻ ശ്രമിക്കുന്നു.



**ദൈവവചനം വായിക്കാം**

ശ്ലീഹന്മാരുടെ പ്രവർത്തനങ്ങൾ

അധ്യായങ്ങൾ 5-8



**ഹൃദയം ദീപ്തമാക്കാം**

"സൂര്യചന്ദ്രന്മാരെയും നക്ഷത്രങ്ങളെയും അവിടന്ന് എന്നേക്കും സുസ്ഥിരമാക്കി; അലംഘനീയമായ അതിർത്തികൾ അവിടന്ന് അവയ്ക്ക് നിശ്ചയിച്ചു"

(സങ്കീ 148:6)



**എന്റെ തീരുമാനം**

സൃഷ്ടി വൈവിധ്യങ്ങളിൽ ഞാൻ അങ്ങയെ കണ്ട് മഹത്ത്വപ്പെടുത്തും.

**ചില ചോദ്യമാതൃകകൾ**

1. താഴെ തന്നിരിക്കുന്നപ്രസ്താവനകൾ ശരിയോ/തെറ്റോ എന്നെഴുതി അതിന് ആധാരമായ ക്രൈസ്തവപഠനങ്ങൾ പാഠത്തെ ആസ്പദമാക്കി വിശദീകരിക്കുക?

- യുക്തിയും വിശ്വാസവും പൊരുത്തപ്പെടുന്നതല്ല.
- പഞ്ചമാർഗങ്ങൾ ആത്യന്തിക സത്യത്തെ വെളിപ്പെടുത്തുന്നു.
- ബൈബിൾ ഒരു മതഗ്രന്ഥത്തിനപ്പുറം ശാസ്ത്രീയത അവകാശപ്പെടുന്നില്ല

2. സംവാദത്തിനിടെ വേദപാഠക്ലാസ്സിൽ ഉയർന്നുവന്ന സംഭാഷണം ശ്രദ്ധിക്കുക.

**ടെസ്സാ:** പ്രപഞ്ചം ദൈവത്തിന്റെ സൃഷ്ടിയാണ്.

**നോയൽ:** ഹൈസ്കൂൾ ക്ലാസ്സുകളിൽ നമ്മൾ പ്രപഞ്ചത്തിന്റെ ഉത്ഭവം പരിണാമത്തിലൂടെ എന്നാണല്ലോ പഠിച്ചത്.

**ജോസുകുട്ടി:** ഉത്പത്തി പുസ്തകത്തിലെ സൃഷ്ടി വിവരണവും പരിണാമസിദ്ധാന്തവും പൊരുത്തപ്പെടുന്നില്ലല്ലോ.

മോഡറേറ്റർ എന്ന നിലയിൽ പാഠപുസ്തകത്തെ അടിസ്ഥാനപ്പെടുത്തി നിങ്ങളുടെ ഈ കൂട്ടുകാർക്ക് മറുപടി തയ്യാറാക്കുക?

3. ഇടവകയിലെ കയ്യെഴുത്ത് മാസികയ്ക്ക് ഒരു എഡിറ്റോറിയൽ തയ്യാറാക്കുക?

**വിഷയം:** 'ശാസ്ത്രത്തിന്റെ വളർച്ചയ്ക്ക് സഭ നൽകിയ സംഭാവനകൾ'

4. ഗണത്തിൽ പെടാത്തത് അടയാളപ്പെടുത്തുക?

| | |
|---|---|
| വിശ്വാസം | - മതം |
| യുക്തി | - ശാസ്ത്രം |
| വസ്തുനിഷ്ഠത | - കൃത്യത |
| ദൈവശാസ്ത്രം | - വിശ്വാസ സത്യങ്ങൾ |

5. സെമിനാർ പേപ്പർ തയ്യാറാക്കുക?

'നിർമിത ബുദ്ധി ഉയർത്തുന്ന വെല്ലുവിളികളും അവയെ സമീപിക്കേണ്ട ക്രൈസ്തവദർശനങ്ങളും'

6. നിർമിത ബുദ്ധിയുടെ തെരഞ്ഞെടുപ്പുകൾ (തീരുമാനങ്ങൾ) ധാർമിക ഗുണങ്ങൾ/ഉത്തരവാദിത്വം ആരിൽ നിക്ഷിപ്തമായിരിക്കും?

- മനുഷ്യൻ
- മതങ്ങൾ
- സാമൂഹിക/രാഷ്ട്രീയ വ്യവസ്ഥിതികൾ
- ശാസ്ത്രം

നിങ്ങൾ ശരിയായി കാണുന്ന ഉത്തരം എന്തുകൊണ്ട് എന്നതിന്റെ കാരണങ്ങൾ എഴുതുക?

### ഗലീലിയോ ഗലീലി

1564 ഫെബ്രുവരി 15-ന് ഇറ്റലിയിലെ പിസായിൽ ജനിച്ച ഗലീലിയോ 1589-ൽ കത്തോലിക്കാ സർവകലാശാലയിൽ നിന്ന് ഗണിതശാസ്ത്രത്തിൽ ബിരുദമെടുത്ത് അതേ സർവകലാശാലയിൽ അധ്യാപകനായി. ജ്യോമെട്രി, മെക്കാനിക്സ്, ജ്യോതിശാസ്ത്രം എന്നിവയായിരുന്നു ഈ വിഷയങ്ങൾ. തികഞ്ഞ കത്തോലിക്കാവിശ്വാസിയായിരുന്ന ഗലീലിയോയുടെ മൂന്നു മക്കളിൽ രണ്ടുപേർ വിശുദ്ധ മത്തായിയുടെ മഠത്തിൽ ചേർന്ന് സന്ന്യാസവ്രതങ്ങൾ സ്വീകരിച്ചു. ടോളമിയും (BC 150), അരിസ്റ്റോട്ടിലും (BC 378-322)

മുൻപോട്ടുവച്ച ഭൂമികേന്ദ്രീകൃതമായ പ്രപഞ്ചവീക്ഷണത്തിൽനിന്ന് വ്യത്യസ്തമായി കോപ്പർനിക്കസിന്റെ (AD 1423-1453) സൂര്യകേന്ദ്രീകൃതമായ പ്രപഞ്ചവീക്ഷണം വസ്തുനിഷ്ഠതകളുടെ അടിസ്ഥാനത്തിൽ ശരിയാണെന്ന് ഗലീലിയോ തെളിയിച്ചു. റോമിലെ ഈശോസഭാ സർവകലാശാല 'കോളേജിയോ റൊമാന' അദ്ദേഹത്തിന്റെ കണ്ടെത്തലുകളിൽ മതിപ്പ് പ്രകടിപ്പിക്കുകയും ബഹുമതിമുദ്രകൾ സമ്മാനിക്കുകയും ചെയ്തു. 1630-ൽ ഗലീലിയോ തന്റെ വിഖ്യാതഗ്രന്ഥമായ dialouge on two great systems പ്രസിദ്ധീകരിച്ചു. ഭൂമിയാണ് പ്രപഞ്ചത്തിന്റ കേന്ദ്രമെന്നായിരുന്നു അന്നുവരെ നിലവിലുണ്ടായിരുന്ന വിശ്വാസം. കോപ്പർനിക്കസിന്റെ ആശയമായ സൂര്യനാണ് സൗരയൂഥത്തിന്റെ കേന്ദ്രം എന്ന തത്ത്വം ഗലീലിയോ തെളിയിച്ചു. ഇത് വിശ്വാസവിരുദ്ധമാണെന്നു തെറ്റിദ്ധരിച്ച തിരുസംഘം ഗലീലിയോയ്ക്ക് ശിക്ഷ വിധിച്ചു.

- മുട്ടിന്മേൽ നിന്ന് വിശ്വാസപ്രമാണം ചെല്ലുക
- സൂര്യകേന്ദ്രീകൃത പ്രപഞ്ചസിദ്ധാന്തം തള്ളിപ്പറയുക
- വീട്ടുതടങ്കലിലായിരിക്കുക

1634 വരെ വീട്ടുതടങ്കലിൽ ആയിരുന്ന ഗലീലിയോ രോഗബാധിതനായതിനെ തുടർന്ന് സഭാ അധികാരികൾ അദ്ദേഹത്തിന്റെ വീട്ടുതടങ്കൽ പിൻവലിച്ചു. 1638-ൽഹെർണിയ രോഗചികിത്സാർഥം ഫ്ളോറൻസിലേക്ക് പോവുകയും അവിടെ പഠനത്തിലും ഗവേഷണത്തിലും മുഴുകിക്കഴിയവെ 1642-ൽ ഹൃദയാഘാതം മൂലം മരണപ്പെടുകയും ചെയ്തു.

തിരുസംഘത്തിന്റെ ഗലീലിയോക്കെതിരെയുള്ള ശിക്ഷ തെറ്റായിരുന്നുവെന്ന് വി. ജോൺപോൾ രണ്ടാമൻ മാർപാപ്പ പ്രസ്താവിച്ചിട്ടുണ്ട്. ഗലീലിയോയുടെ മൃതദേഹം ഫ്ളോറൻസിലെ വി. ക്രോച്ചേയുടെ ദേവാലയത്തിലാണ് സംസ്കരിച്ചത്. 1737-ൽ അദ്ദേഹത്തിന്റെ കബറിടത്തിന് മുകളിൽ സ്മാരകം പണിത് മഹാനായ ഈ ശാസ്ത്രജ്ഞനെ സഭ ആദരിക്കുകയും ചെയ്തു. പരീക്ഷണ നിരീക്ഷണങ്ങളും ഗണിതശാസ്ത്രവും സംയോജിപ്പിച്ച് ശാസ്ത്രത്തിനു നവീനപാത വെട്ടിത്തുറന്ന ഗലീലിയോ ആധുനിക ശാസ്ത്രത്തിന്റെ പിതാവായി പരിഗണിക്കപ്പെട്ടു. നിലവിലുള്ളതിൽനിന്ന് തികച്ചും വ്യത്യസ്തമായ പഠനങ്ങൾ അവതരിപ്പിക്കുന്നവർ നേരിടേണ്ടി വന്ന സ്വാഭാവികമായി എതിർപ്പുകൾ ഗലീലിയോയും നേരിടേണ്ടി വന്നുവെന്നുമാത്രം. സഭയെ തകർക്കാൻ ശ്രമിക്കുന്ന ശക്തികൾ ഗലീലിയോയെ സഭ പീഡിപ്പിച്ചു കൊന്നുവെന്ന തരത്തിൽ പ്രചരിപ്പിക്കുന്ന കഥകൾക്ക് സത്യവുമായി ബന്ധമില്ല. ഗലീലിയോയെ സംബന്ധിക്കുന്ന എല്ലാരേഖകളും ഇന്ന് റോമൻ ആർക്കീവ്സിൽ സൂക്ഷിച്ചിട്ടുണ്ട്. സത്യത്തോടുള്ള സഭയുടെ തുറവിയാണ് ഇത് സൂചിപ്പിക്കുന്നത് (Ref. Encyclopedia Britanica).

**ഡോ. മാത്യു തെക്കേക്കര എസ് ജെ**

1914 മാർച്ച് 14 നു ചങ്ങനാശേരിയിൽ ജനനം. ചങ്ങനാശേരി എസ്ബി കോളജിലും മദ്രാസ് സർവകലാശാലയിലുമായി വിദ്യാഭ്യാസം. 1946 ൽ ഹിമാലയൻ താഴ്വാരത്തിലുള്ള കെഴ്സംഗിലെ ഈശോസഭ സെമിനാരിയിൽ പൗരോഹിത്യം സ്വീകരിച്ചു. 1948 മുതൽ 1952 വരെ മദ്രാസ് ലെയോള കോളജിൽ ഫിസിക്സ് അധ്യാപകനും വകുപ്പ് അധ്യക്ഷനായി ജോലി ചെയ്തു. തുടർന്ന് അമേരിക്കയിൽ ബാൾട്ടിമോറിൽ വൈദികവൃത്തിയും ശാസ്ത്ര വിഷയങ്ങളിൽ എഴുത്തും പഠനവും. 1956 ൽ ജോൺസ് ഹോപ്കിൻസ് സർവകലാശാലയിൽനിന്ന് അറ്റോമിക് സ്പെക്ട്രോസ്കോപിയിൽ ഡോക്ടർ ബിരുദം നേടി. ജോർജ് ടൗൺ സർവകലാശാലയിലെ ഫിസിക്സ് വകുപ്പ് അധ്യക്ഷൻ. 1962 ൽ അമേരിക്കൻ പൗരത്വം. സൗരനിയതാങ്കം (Solar constant) അളക്കുന്നതിനായി ഇതിനു മുൻപും നടന്ന പരീക്ഷണങ്ങളെ വിലയിരുത്തി കൃത്യമായി നിർണയിക്കാൻ അമേരിക്കൻ ഗവൺമെന്റ് ഡോ. തെക്കേക്കരയുടെ നേതൃത്വത്തിലുള്ള ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തി. എല്ലാവിധ വിലയിരുത്തലുകൾക്കുശേഷം സൗരനിയതാങ്കം 1.940 കലോറി ആയി നിർണയിച്ചു.

1962 മുതൽ 1964 വരെ ഗോഡറാഡ് ബഹിരാകാശ സഞ്ചാരകേന്ദ്രത്തിൽ കോളജ് പ്രഫസർമാർക്കായി ഗ്രീഷ്മകാല സമ്മേളനങ്ങൾക്ക് നേതൃത്വം നല്കി. ഈ കേന്ദ്രത്തിൽ ബഹിരാകാശ ഊർജഗവേഷണങ്ങളിൽ നടത്തിയ പഠനങ്ങൾ ലോകശ്രദ്ധനേടി (1970 ൽ ഗോഡാർഡിൽ പ്രവർത്തിച്ചതിനുള്ള അമേരിക്കൻ പ്രസിഡന്റിന്റെ പ്രത്യേക അവാർഡും 1971 ൽ നാഷണൽ സ്പേസ് എൺവയൺമെന്റൽ അവാർഡും നേടി. 1973 മുതൽ എടിഎസ് എഫ് ഉപഗ്രഹത്തിന്റെ വിക്ഷേപണത്തിനായി പരീക്ഷണങ്ങളിൽ ഏർപ്പെട്ടു. ഒട്ടേറെ ഗവേഷണലേഖനങ്ങൾ പ്രസിദ്ധീകരിച്ചു. 1976 നവംബർ 25 ന് അന്തരിച്ചു.

## അധ്യായം 8
## ക്രൈസ്തവജീവിതവും പരിസ്ഥിതി സംരക്ഷണവും

### A. പാഠവിശകലനം

പരിസ്ഥിതിയുടെ പ്രാധാന്യത്തെക്കുറിച്ചും പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ചും അത് സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ക്രിസ്തീയ വീക്ഷണത്തിൽ വിശകലനം ചെയ്തിരിക്കുന്നു.

**ലക്ഷ്യം:** പരിസ്ഥിതി സംരക്ഷണത്തിനായി നാം സ്വീകരിക്കുന്ന നിലപാടുകൾ ദൈവതിരുമുമ്പിൽ സ്വീകാര്യമായ നന്മകളാണെന്നും പ്രപഞ്ചത്തിന്റെ സ്വസ്ഥിതിക്കും ജീവന്റെ നിലനിൽപിനും വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ ഭാഗഭാക്കാകുവാൻ ക്രൈസ്തവരായ നാം ഓരോരുത്തരും കടപ്പെട്ടിരിക്കുന്നുവെന്ന ബോധ്യത്തിലേക്ക് കുട്ടികളെ നയിക്കുന്നു.

### ബോധ്യങ്ങൾ

1. പ്രകൃതി നിയമം നിഷേധിക്കുമ്പോൾ, വസ്തുക്കൾ അവയുടെ ആന്തരികക്രമത്തിനു വിരുദ്ധമായി ഉപയോഗിക്കുമ്പോൾ പരിസ്ഥിതിയുടെ ക്രമം തകരുന്നു.
2. ഭാവി തലമുറകൾക്കുവേണ്ടിയുള്ള ഭൂമി, അതിനെ സംരക്ഷിക്കുകയെന്നത് ദൈവം എന്നിലേല്പിച്ച കർത്തവ്യമാണ്.
3. ദൈവത്തിന്റെ കരവേലയായ പ്രകൃതിയെ ഞാൻ സ്നേഹിക്കണം.

**ശീലം:** പരിസ്ഥിതി മലിനമാക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടാതെ പരിസ്ഥിതി സൗഹൃദ ജീവിതശൈലി വളർത്തിയെടുക്കുന്നു.

### സഹായക ഗ്രന്ഥങ്ങൾ

- വി. ഗ്രന്ഥം
- കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം
- യുകാറ്റ്
- രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ
- ലൗദാത്തോസി– Pope Francis, ചാക്രിക ലേഖനം
- ലൗദാത്തേ ദേവും– Pope Francis, അപ്പസ്തോലിക ഉദ്ബോധനം

### പ്രധാന ആശയങ്ങൾ

1. പാരിസ്ഥിതിക പ്രശ്നങ്ങൾ ഇന്ന് അതീവരൂക്ഷമായിക്കൊണ്ടിരിക്കുകയാണ്.
2. പരിസ്ഥിതിയെ മലിനമാക്കുന്നത് കുമ്പസാരത്തിൽ ഏറ്റുപറയേണ്ട പാപമാണ്.

3. പാരിസ്ഥിതിക പ്രശ്നങ്ങൾ പലതാണ്. അതിന്റെ അനന്തരഫലങ്ങൾ പലപ്പോഴും പ്രവചനാതീതമാണ്.
4. പരിസ്ഥിതി സംരക്ഷണം മനുഷ്യന്റെ കടമയാണെന്ന് വി. ഗ്രന്ഥം നമ്മെ ഓർമിപ്പിക്കുന്നു.
5. പ്രകൃതിയുമായി സ്ഥിരവും നിരന്തരവുമായ ബന്ധം ഈശോയ്ക്കുണ്ടായിരുന്നു.
6. സഭാപിതാക്കന്മാരുടെ വീക്ഷണമനുസരിച്ച് പ്രകൃതി ദൈവത്തെ വെളിപ്പെടുത്തുന്നു.
7. പരിസ്ഥിതി സംരക്ഷണപ്രക്രിയയിൽ കത്തോലിക്കാസഭ വളരെയധികം ശ്രദ്ധിക്കുന്നുണ്ട്.
8. സൃഷ്ടപ്രപഞ്ചത്തോടുള്ള ആദരവ് ഏഴാം പ്രമാണത്തിന്റെ ഭാഗമാണ്.
9. പ്രപഞ്ചത്തിന്റെ സുസ്ഥിതിക്കും ജീവന്റെ നിലനിൽപിനുംവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ ഭാഗഭാഗക്കാകുവാൻ ക്രൈസ്തവരായ നാം ഓരോരുത്തരും കടപ്പെട്ടിരിക്കുന്നു.

B. **പാഠാവതരണം**

രണ്ടു മണിക്കൂർ കൊണ്ടു പൂർത്തിയാക്കാവുന്ന രണ്ടു മൊഡ്യൂളാണ് ഈ അധ്യായത്തിലുള്ളത്.

**പഠനോപകരണങ്ങൾ:** വീഡിയോ, ചിത്രങ്ങൾ, കുറിപ്പുകൾ, ചാർട്ടുപേപ്പറുകൾ

**മൊഡ്യൂൾ 1** (സമയം: 1 മണിക്കൂർ) ആമുഖം മുതൽ പരിസ്ഥിതി പ്രശ്നങ്ങളുടെ കാരണങ്ങൾ വരെ

**പ്രവർത്തനം 1:** പൊതുചർച്ച, വീഡിയോ പ്രദർശനം

A letter written in the year 2070 (2070-ൽ നിന്ന് ഒരു കത്ത്)

ഈ പവർ പോയിന്റ് പ്രസന്റേഷൻ ഇന്റർനെറ്റിൽ ലഭ്യമാണ്. അത് കുട്ടികളെ കാണിക്കുന്നു. അതിനുശേഷം പാഠപുസ്തകത്തിൽ തന്നിരിക്കുന്ന ചോദ്യങ്ങളിലൂടെ ചർച്ചനടത്തുന്നു. കുട്ടികളിൽ നിന്നുകിട്ടുന്ന ആശയങ്ങൾ ക്രോഡീകരിക്കുന്നു.

**ക്രോഡീകരണം:** മാനവരാശി അഭിമുഖീകരിക്കുന്ന വലിയ വിപത്താണ് പരിസ്ഥിതി പ്രശ്നങ്ങൾ. ഈ വിപത്തിനെ തടയിടാൻ ക്രിയാത്മകമായ ഇടപെടലുകൾ നടത്തണം.

**പ്രവർത്തനം 2:** ചിത്രവായന

കുട്ടികളെ ആഗോളതാപനവുമായി ബന്ധപ്പെട്ട കുറേ ചിത്രങ്ങൾ കാണിക്കുന്നു. അതിനുശേഷം രണ്ടു ഗ്രൂപ്പായി തിരിക്കുന്നു. ഓരോ ഗ്രൂപ്പും ഈ ചിത്രങ്ങൾ എന്താണെന്നും അതിന്റെ അനന്തരഫലങ്ങളും റിപ്പോർട്ടായി അവതരിപ്പിക്കുന്നു.

| |
|---|
| **ക്രോഡീകരണം :** ആഗോളതാപനം, ഇതിനു കാരണമാകുന്ന വാതകങ്ങൾ, പ്രത്യാഘാതങ്ങൾ |

കാർബൺഡൈഓക്സൈഡിന്റെ അളവ് എടുക്കുന്ന നിരീക്ഷണ കേന്ദ്രം- മൗനലോവ (Mauna Loa)

**പ്രവർത്തനം 3:** ചേർത്തെടുക്കൽ

വായുമലിനീകരണം, ശബ്ദമലിനീകരണം, പ്രകാശമലിനീകരണം, ജലമലിനീകരണം, ആണവമലിനീകരണം, മണ്ണ്മലിനീകരണം എന്നീ കുറിപ്പുകൾ കുട്ടികൾക്ക് കൊടുക്കുന്നു.

ഈ മലിനീകരണങ്ങളുടെ കാരണങ്ങളും പ്രത്യാഘാതങ്ങളും എഴുതിയ കാർഡുകളും ഗ്രൂപ്പിൽ ഇടകലർത്തി കൊടുക്കുന്നു. കുട്ടികൾ തങ്ങൾക്ക് കിട്ടിയ മലിനീകരണത്തിന് ചേർന്ന കാർഡുകൾ മറ്റു ഗ്രൂപ്പുകളിൽ നിന്ന് അന്വേഷിച്ചുകൊണ്ടുവന്ന് റെഡിയാക്കുന്നു. ഓർക്കുക, തങ്ങളുടെ കൈയിലെ ഒരു കാർഡു കൊടുത്താലേ മറ്റ് ഗ്രൂപ്പുകളിൽ നിന്ന് ഒരു കാർഡ് കിട്ടൂ.

| |
|---|
| **ക്രോഡീകരണം:** പരിസ്ഥിതി മലിനമാകുന്നതിന്റെ പ്രധാന കാരണം, മനുഷ്യനാണെന്നും അതിന്റെ അനന്തരഫലങ്ങൾ മനുഷ്യൻ തന്നെ അനുഭവിക്കുകയും ചെയ്യുന്നു. |

തുടർപ്രവർത്തനം

പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് പോസ്റ്റർ നിർമിച്ച് അടുത്ത ഞായറാഴ്ച ദൈവാലയപരിസരത്ത് പ്രദർശിപ്പിക്കുക.

മൊഡ്യൂൾ 2 (സമയം: 1 മണിക്കൂർ) പരിസ്ഥിതിയെപ്പറ്റിയുള്ള സഭയുടെ കാഴ്ചപ്പാടുകൾ മുതൽ വി. ഫ്രാൻസിസ് അസ്സീസിയുടെ കീർത്തനം വരെ

**പ്രവർത്തനം 1:** വചനവായന

പുസ്തകത്തിൽ തന്നിരിക്കുന്ന വചനഭാഗങ്ങൾ വി. ഗ്രന്ഥത്തിൽ നിന്നും എടുത്തുവായിക്കാൻ ഓരോ ഗ്രൂപ്പിനോടും ആവശ്യപ്പെടുന്നു. ഓരോ വചന

ഭാഗവും വായിച്ചശേഷം ടീച്ചർ അതിനെക്കുറിച്ച് വിശദീകരിക്കുന്നു. (ദൈവ വചനഭാഗങ്ങൾ ഉത്പത്തി 1:31, ഉത്പത്തി 2:15, നിയമാവർത്തനം 10:14, ജ്ഞാനം 13:5)

**ക്രോഡീകരണം:** പ്രകൃതിയോട് മനുഷ്യന് ഉത്തരവാദിത്വമുണ്ടെന്ന് വി. ഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നു.

**പ്രവർത്തനം 2:** വചനഭാഗം കണ്ടെത്തൽ

വയലിന്റെ ചിത്രം, കടുകുമണിയുടെ ചിത്രം, കുരുവികളുടെ ചിത്രം വിവിധ ഗ്രൂപ്പുകളിൽ ഈ മൂന്ന് ചിത്രങ്ങളും കൊടുക്കുന്നു. ഇതുമായി ബന്ധപ്പെട്ട വചനഭാഗങ്ങൾ ചിത്രത്തിന്റെ താഴെ എഴുതാൻ ആവശ്യപ്പെടുന്നു. ഈ പ്രവർത്തനത്തിനുശേഷം ഈശോയും പ്രകൃതിയുമായുള്ള ബന്ധം ടീച്ചർ വിശദീകരിക്കുന്നു. തുടർന്ന് സഭാപിതാക്കന്മാരുടെ പഠനം അവതരിപ്പിക്കുന്നു.

**ക്രോഡീകരണം:** എല്ലാ സൃഷ്ടികളും ദൈവദൃഷ്ടിയിൽ പ്രാധാന്യമുള്ളതാണെന്ന് ഈശോ ഓർമിപ്പിക്കുന്നു.

**പ്രവർത്തനം 3:** പൊതുചർച്ച

ലൗദാത്തോ സി (ചാക്രികലേഖനം), ലൗദാത്തേ ദേവും (അപ്പോസ്തോലിക ഉദ്ബോധനം) രണ്ടു പുസ്തകങ്ങളും കുട്ടികൾക്ക് കൊടുക്കുന്നു. ഈ രണ്ടു പുസ്തകങ്ങളുടെയും അനുബന്ധം ശ്രദ്ധിക്കുവാൻ പത്ത് മിനിട്ട് കൊടുക്കുന്നു. (അനുബന്ധത്തിന്റെ ഫോട്ടോകോപ്പിയും എടുത്തുകൊടുക്കാം). തുടർന്ന് സഭാപ്രബോധനങ്ങളെക്കുറിച്ച് കൂട്ടായ ചർച്ച നടത്തുന്നു.

പ്രവർത്തനം 3 ലെ പൊതുചർച്ചക്ക് ആവശ്യമായ സൂചകങ്ങൾ

1. 'നമ്മൾ ഉണ്ടാക്കിയ വലിയ നാശനഷ്ടങ്ങൾ തടയാൻ ഇപ്പോൾ നമ്മൾക്ക് കഴിയുന്നില്ല. കൂടുതൽ ദുഖകരമായ നാശങ്ങൾ തടയാൻ നമ്മൾക്ക് സമയം തീരെയില്ല '(ലൗദാത്തെ ദേവും)

2. ഫോസിൽ ഫ്യൂവലിന്റെ ഉപയോഗം കുറയ്ക്കുകയും ശുദ്ധമായ ഊർജ സ്രോതസ്സ് വികസിപ്പിച്ചെടുക്കുകയും ചെയ്യുന്നത് തൊഴിൽ സാധ്യത കുറയ്ക്കുമെന്ന് പലപ്പോഴും കേൾക്കാറുണ്ട്. എന്താണ് സംഭവിക്കുന്നത് എന്ന് വച്ചാൽ കാലാവസ്ഥ വ്യതിയാനം കൊണ്ട് ലക്ഷക്കണക്കിന് ആൾക്കാർക്കാണ് തൊഴിൽ നഷ്ടമാകുന്നത്. സമുദ്രനിരപ്പ് ഉയരുന്നതും വരൾച്ച ഉണ്ടാകുന്നതും പോലുള്ള പ്രതിഭാസങ്ങൾ ഭൂമിയെ ബാധിക്കു

കയും നിരവധി പേരുടെ തൊഴിൽ നഷ്ടമാക്കുകയും ചെയ്യുന്നു. മറിച്ച് പുനരുജീവിപ്പിക്കാവുന്ന ഊർജത്തിലേക്കുള്ള പരിവർത്തനം ശരിയായി കൈകാര്യം ചെയ്യുകയും കാലാവസ്ഥ വ്യതിയാനം കൊണ്ടുള്ള നഷ്ടങ്ങൾ നികത്താനുള്ള ശ്രമങ്ങൾ ഉണ്ടാകുകയും ചെയ്യുകയാണെങ്കിൽ വിവിധ മേഖലകളിലായി എണ്ണമറ്റ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ കഴിയും.

3. ഈ ഭൂമി വരും തലമുറകൾക്കും വേണ്ടിയുള്ളതാണ്. അതിനെ സംരക്ഷിക്കുക എന്നത് മനുഷ്യന്റെ കർത്തവ്യമാണ്.

4. വിവിധ സംഘടനകളുടെയും ഗ്രൂപ്പുകളുടെയും ഏകോപിച്ചുള്ള സമീപനം പ്രകൃതി സംരക്ഷണത്തിന് അനിവാര്യമാണ്

5. മനുഷ്യപരിസ്ഥിതി ആദരിക്കപ്പെടുന്ന സമൂഹത്തിൽ പ്രകൃതി സംബന്ധമായ പരിസ്ഥിതിയും മാനിക്കപ്പെടും. സമൂഹത്തിന്റെ ആരോഗ്യം പ്രകൃതിയുമായുള്ള ബന്ധത്തെ ആശ്രയിച്ചാണ് ഇരിക്കുന്നത്.

6. പരിസ്ഥിതി സംരക്ഷണത്തിന് ദീർഘവീക്ഷണം ആവശ്യമാണ്. പെട്ടെന്ന് ലാഭമുണ്ടാക്കാൻ ആഗ്രഹിക്കുന്നവർക്ക് പരിസ്ഥിതി സംരക്ഷണത്തിന് യഥാർഥ താത്പര്യമുണ്ടാവില്ല ഈ ഭൂമി വളരെക്കാലം നിലനിൽക്കുമെന്നും ഇപ്പോൾ ഒന്നും സംഭവിക്കില്ലയെന്നുമുള്ളത് മുടന്തൻ ന്യായമാണ്

**ക്രോഡീകരണം:** പ്രപഞ്ചത്തിന്റെ ധാതുസസ്യമൃഗസമ്പത്തുകളുടെ ഉപയോഗത്തിൽ ധാർമികത പാലിക്കണമെന്ന് സഭ പഠിപ്പിക്കുന്നു.

**പ്രവർത്തനം 4:** സങ്കീർത്തനാലാപനം

സങ്കീർത്തനം 65:9–13 ഒരാൾ ചൊല്ലുന്നു, മറ്റുള്ളവർ ഏറ്റു ചൊല്ലുന്നു. തുടർന്ന് പരിസ്ഥിതി ധാർമികതയെക്കുറിച്ച് ചർച്ചനടത്തുന്നു. അതിനുശേഷം പരിസ്ഥിതി സംരക്ഷണത്തിനു നാം ചെയ്യേണ്ട കാര്യങ്ങൾ പവർപോയിന്റ് തയ്യാറാക്കി അവതരിപ്പിക്കുന്നു.


**ക്രോഡീകരണം:** പ്രപഞ്ചത്തിന്റെ സുസ്ഥിതിക്കും ജീവന്റെ നിലനിൽപിനുംവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ ക്രൈസ്തവന് പ്രത്യേകമായ ഉത്തരവാദിത്വം ഉണ്ട്.

**പ്രാർഥന**

ക്ലാസ്സിന്റെ അവസാനം പുസ്തകത്തിൽ തന്നിരിക്കുന്ന ഫ്രാൻസിസ് അസ്സീസിയുടെ കീർത്തനം ആലപിക്കുന്നു.

### തുടർപ്രവർത്തനം

പരിസ്ഥിതി സംരക്ഷണം മുഖ്യവിഷയമായി എടുത്ത് ഒരു ഫ്ളാഷ്മോബ്/ സ്കിറ്റ് ഇടവകയിൽ തൊട്ടടുത്ത ഞായറാഴ്ച അവതരിപ്പിക്കുക.



**ദൈവവചനം വായിക്കാം**

ശ്ലീഹന്മാരുടെ പ്രവർത്തനങ്ങൾ
അധ്യായങ്ങൾ 9-12



**ഹൃദയം ദീപ്തമാക്കാം**

"വയലിലെ ലില്ലികൾ എങ്ങനെ വളരുന്നു എന്ന് നോക്കുക; അവ അധ്വാനിക്കുന്നില്ല, നൂൽനൂല്ക്കുന്നില്ല. സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: സോളമൻ പോലും തന്റെ സർവമഹത്ത്വത്തിലും ഇവയിൽ ഒന്നിനെപ്പോലെ അലംകൃതനായിരുന്നില്ല" (മത്താ 6:28-29).



**എന്റെ തീരുമാനം**

ഞാൻ പ്രകൃതിയെ സ്നേഹിക്കുന്നു. കാരണം, അത് ദൈവത്തിന്റെ കരവേലയാണ്. പ്രകൃതിയെ മലിനമാക്കുന്ന ഒരു പ്രവർത്തനങ്ങളിലും ഞാൻ ഏർപ്പെടുകയില്ല.

### ചില ചോദ്യമാതൃകകൾ

1. 'പരിസ്ഥിതി സംരക്ഷണം രോഗി ശുശ്രൂഷ പോലെയോ വിശക്കുന്നവന് അന്നം കൊടുക്കുന്നത് പോലെയോ പരമപ്രധാനമായ ഒരു ഉപവി പ്രവൃത്തിയായി ഓരോ വിശ്വാസിയും കാണണം' (ഫ്രാൻസിസ് മാർപാപ്പ). രോഗപ്രതിരോധമാണ് രോഗചികിത്സയെക്കാൾ നല്ലത് (പഴമൊഴി).

   മുകളിൽ നൽകിയിരിക്കുന്ന രണ്ട് വാക്യങ്ങളും മനസ്സിലാക്കിയശേഷം പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകതയെ കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക?

2. 'ദുരമൂത്ത് നമ്മൾക്ക് പുഴ കറുത്തു
   ചതി മൂത്തു നമ്മൾക്ക് മല വെളുത്തു
   തിര മുത്തമിട്ടൊരു കരിമണൽ തീരത്ത്

വരയിട്ടു നമ്മൾ പൊതിഞ്ഞെടുത്തു പകയുണ്ട് ഭൂമിക്കു പുഴകൾക്ക് മലകൾക്ക് പുക തിന്ന പകലിനും ദേഷ്യം ഉണ്ട്' (മുരുകൻ കാട്ടാക്കട "പക")

പരിസ്ഥിതിപ്രശ്നങ്ങളുടെയെല്ലാം കാരണം മനുഷ്യനാണെന്ന് തെളിയിക്കുന്ന ഒരു കവിതാ ഭാഗമാണിത്. പരിസ്ഥിതിയെ മലിനമാക്കുന്ന മനുഷ്യന്റെ പ്രവർത്തനങ്ങൾ എന്തെല്ലാം? ഏതൊക്കെ വിധമുള്ള മലിനീകരണം ആണ് ഇപ്പോൾ നടക്കുന്നത്?

3. 'ദൈവത്തിന്റെ ജീവദായകമായ ശക്തി സൃഷ്ടിജാലങ്ങളിൽ നിന്നും അകന്നാൽ കണ്ണിമചിമ്മുന്ന നിമിഷംകൊണ്ട് ഈ പ്രപഞ്ചം ജീവരഹിതവും ശൂന്യവും ആകും' (വിശുദ്ധ ആഗസ്തീനോസ്).

ദൈവവചനത്തിലൂടെ ഉരുവായ പ്രപഞ്ചത്തിൽ വ്യാപരിക്കുമ്പോൾ മനുഷ്യർ കൂടുതൽ ദൈവാവബോധമുള്ളവരായി വർധിക്കണം. വിശുദ്ധ വചനങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കുക?

4. 'എനിക്ക് എന്ത് ചെയ്യണമെന്നറിയാം. പക്ഷേ രാജ്യത്തിനു മുഴുവൻ മഴ നൽകാൻ കഴിയാത്തതുകൊണ്ട് ഞാനെന്റെ തോട്ടം മാത്രം നനയ്ക്കുന്നു' (ഗോയ്ഥെ).

പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട നമുക്ക് ചെയ്യാവുന്ന കാര്യങ്ങൾ എന്തെല്ലാം?

5. ഭാവി തലമുറകൾക്കും വേണ്ടിയുള്ളതാണ് ഭൂമി. അതിനെ സംരക്ഷിക്കുക എന്നത് ദൈവം എന്നിൽ ഏൽപിച്ച കർത്തവ്യമാണ്. വിശദമാക്കുക?

6. വാത്സല്യവും വിസ്മയവും നിറഞ്ഞ ശ്രദ്ധയാണ് ഈശോ പ്രകൃതിക്ക് നൽകിയത്. ഈശോയുടെ പ്രകൃതി അവബോധത്തെക്കുറിച്ച് വിശുദ്ധ ഗ്രന്ഥഭാഗങ്ങളുടെ അടിസ്ഥാനത്തിൽ കുറിപ്പ് തയ്യാറാക്കുക?

7. സൃഷ്ട പ്രപഞ്ചത്തെ സംരക്ഷിക്കുക മനുഷ്യന്റെ ഉത്തരവാദിത്വമാണ്. സഭാപിതാക്കന്മാരുടെ പഠനങ്ങളുടെ വെളിച്ചത്തിൽ വിശദമാക്കുക?

## അധ്യായം 9
# ക്രിസ്തീയ ജീവിതവും മാധ്യമങ്ങളും

## A. പാഠവിശകലനം

ദൈനംദിന ജീവിതത്തിൽ മനുഷ്യന് ഒഴിച്ചുകൂടാനാവാത്ത ഒന്നാണ് മാധ്യമങ്ങൾ. നമ്മുടെ കാഴ്ചപ്പാടുകളെ സ്വാധീനിക്കുകയും ജീവിതത്തെ നിയന്ത്രിക്കുകയും ചെയ്യുന്ന മുഖ്യഘടകങ്ങളിൽ ഒന്നായി ഇവ മാറുന്നു. മറുവശത്ത് അക്രമവാസനയും ലൈംഗിക അരാജകത്വവും വളർത്തുകയും പരിപോഷിപ്പിക്കുകയും വ്യാപകമാക്കുകയും ചെയ്യുന്നതിൽ അവയ്ക്ക് വലിയ പങ്കുണ്ട്. മാധ്യമങ്ങളെ ഒന്നാകെ തള്ളിക്കളയുന്നതിനു പകരം, അവയെ ക്രിയാത്മകമായി നന്മയുടെ വശത്തുനിന്ന് ഉപയോഗിക്കാൻ നാം പ്രാപ്തരാവണം. ആധുനിക കാലത്ത് മാധ്യമങ്ങളുടെ ധർമങ്ങൾ, അവയുടെ നിഷേധാത്മകമായ സ്വാധീനങ്ങൾ, മാധ്യമങ്ങളുടെ ഉപയോഗത്തിൽ നാം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, സാമൂഹ്യപ്രതിബദ്ധതയോടുകൂടി മാധ്യമങ്ങളെ ഉപയോഗിക്കേണ്ടതിന്റെ ആവശ്യകത, സുവിശേഷമൂല്യങ്ങളുടെ വ്യാപനത്തിനായി മാധ്യമങ്ങളെ എപ്രകാരം ഉപയോഗിക്കാം എന്നിവയെല്ലാം ഈ പാഠം പ്രതിപാദിക്കുന്നു.

**ലക്ഷ്യം:** സമൂഹത്തിലും വ്യക്തിജീവിതങ്ങളും മാധ്യമങ്ങൾ ചെലുത്തുന്ന നല്ലതും മോശവുമായ സ്വാധീനങ്ങളെ വിദ്യാർഥികൾ വേർതിരിച്ചറിയുന്നു. മാധ്യമങ്ങളുടെ ക്രിയാത്മകവും പോസിറ്റീവുമായ സാധ്യതകളെ വ്യക്തികളുടെയും സമൂഹത്തിന്റെയും ക്രൈസ്തവവിശ്വാസത്തിന്റെയും വളർച്ചയ്ക്കായി അവർ ഉപയോഗിക്കുന്നു. മാധ്യമങ്ങളുടെ തെറ്റായഉപയോഗത്തിലേക്കും മാധ്യമഅടിമത്തത്തിലേക്കും വ്യക്തിപരമായും സാമൂഹ്യമായും അധഃപതിക്കാതിരിക്കാൻ അവർ ജാഗരൂകരാവുകയും മറ്റുള്ളവർക്ക് അതിനായുള്ള പരിശീലനവും മുന്നറിയിപ്പും നൽകുകയും ചെയ്യുന്നു.

### ബോധ്യങ്ങൾ

1. ദൈവമഹത്ത്വവും മനുഷ്യനന്മയും ലക്ഷ്യമാക്കിയാവണം ഞാൻ മാധ്യമങ്ങൾ ഉപയോഗിക്കേണ്ടത്.
2. മാധ്യമങ്ങളിൽ കാണുന്നതും കേൾക്കുന്നതും എല്ലാം പൂർണമായും ശരിയല്ല. മാധ്യമങ്ങളിലെ നന്മയും തിന്മയും വേർതിരിച്ചറിഞ്ഞ്, നന്മമാത്രം സ്വീകരിക്കണം.
3. മാധ്യമങ്ങളെ സുവിശേഷപ്രഘോഷണത്തിനും സമൂഹനിർമിതിക്കും പ്രയോജനപ്പെടുത്തണം.

**ശീലം:** സമൂഹസമ്പർക്ക മാധ്യമങ്ങളെ ക്രൈസ്തവമൂല്യങ്ങൾക്ക് അനുസൃതമായ രീതിയിൽ മാത്രം ഞാൻ ഉപയോഗിക്കും. മാധ്യമങ്ങളിൽ കാണുകയും കേൾക്കുകയും ചെയ്യുന്ന കാര്യങ്ങളെ കണ്ണടച്ച് ഞാൻ സ്വീകരിക്കില്ല. മറിച്ച്, അവയെ വിമർശനാത്മകമായി അപഗ്രഥിച്ച്, അവയിലെ കതിരും പതിരും വേർതിരിച്ചറിയും. ഇതിനായി എന്റെ ക്രൈസ്തവ വിശ്വാസത്തിന്റെ അരിപ്പകൊണ്ടു ഞാൻ അവയെ അപഗ്രഥിക്കും. മാധ്യമങ്ങളെ വിമർശനാത്മകമായി ഉപയോഗിക്കാൻ മറ്റുള്ളവരെ പ്രേരിപ്പിക്കുകയും ചെയ്യും.

**സഹായക ഗ്രന്ഥങ്ങൾ**

- വി. ബൈബിൾ
- കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം
- പാഠപുസ്തകം
- യൂകാറ്റ്

**പ്രധാന ആശയങ്ങൾ**

- മാധ്യമങ്ങൾക്ക് നമ്മുടെ ജീവിതത്തിൽ ക്രിയാത്മകമായ പല കാര്യങ്ങളും ചെയ്യുവാൻ കഴിയും.
- ചുറ്റുപാടും നടക്കുന്ന കാര്യങ്ങളെക്കുറിച്ച് അവ നടക്കുമ്പോൾത്തന്നെ നമുക്ക് വിവരങ്ങൾ നൽകുകയും കൂടുതൽ ആഴത്തിൽ കാര്യങ്ങളെക്കുറിച്ചുള്ള അറിവ് നൽകുന്നതിലൂടെ പഠിപ്പിക്കാനും കഴിയും.
- വിനോദോപാധിയായും മനുഷ്യരെ അകലങ്ങൾക്കപ്പുറം പരസ്പരം ബന്ധപ്പെടുത്താനും മാധ്യമങ്ങൾക്ക് വിശേഷകഴിവുണ്ട്.
- വിവരങ്ങളെയും വാർത്തകളെയും സംഭവങ്ങളെയും സമഗ്രതയിൽ കാണുന്നതിനും പൊതുവിഷയങ്ങളെക്കുറിച്ച് പൊതുബോധം ഉണ്ടാക്കുന്നതിനും മാധ്യമങ്ങൾ വ്യാഖ്യാനധർമം നിർവഹിക്കുന്നു.
- സമൂഹം ജാഗ്രത പുലർത്തേണ്ട കാര്യങ്ങളിൽ പൊതുവായ ശ്രദ്ധ പതിപ്പിക്കുന്നതിനും നല്ല കാര്യങ്ങളെ കൂടുതൽ ആളുകളിൽ എത്തിക്കുന്നതിനും മാധ്യമങ്ങൾക്ക് ക്രിയാത്മകമായി ഇടപെടാൻ കഴിയും.
- നന്മയുള്ളതുപോലെതന്നെ മാധ്യമങ്ങളെ തിന്മയുടെ ഫലങ്ങൾക്കായി ഉപയോഗിക്കാറുണ്ട്.
- പ്രത്യേക താല്പര്യങ്ങളെ (തിന്മയായതും മനുഷ്യന്റെ ധാർമികവും ആത്മീയവും വൈകാരികവുമായ അധഃപതനത്തിനു കാരണമാവുന്നതുമായവ) ബോധപൂർവം വ്യാപിപ്പിക്കുവാൻ മാധ്യമങ്ങളെ ഉപയോഗിക്കാറുണ്ട്.

- അക്രമവാസനയും ലൈംഗിക അരാജകത്വവും പടർത്തി, വ്യക്തിബന്ധങ്ങളെ വികലമാക്കുന്നതിനും മാധ്യമങ്ങളെ ഉപയോഗിക്കുന്നുണ്ട്.
- തെറ്റായ സൗന്ദര്യസങ്കല്പങ്ങളെ വളർത്തിയെടുക്കുന്നതിനും ഉപഭോഗസംസ്കാരം വളർത്തുന്നതിനും മാധ്യമങ്ങൾ പ്രധാന പങ്കുവഹിക്കുന്നുണ്ട്.
- അനിയന്ത്രിതവും തെറ്റായ രീതിയിലുള്ളതുമായ മാധ്യമ ഉപയോഗം ധാരാളം മാനസിക വൈകല്യങ്ങളിലേയ്ക്കും മാനസികപ്രശ്നങ്ങളിലേയ്ക്കും നയിക്കുന്നുണ്ട്.
- മാധ്യമങ്ങളെ ഒഴിവാക്കുകയല്ല, മറിച്ച്, അവയെ നന്മയ്ക്കായി ഉപയോഗിക്കാൻ പഠിക്കുകയും അപ്രകാരം ചെയ്യുകയും വേണം. അതിനായി അവയെ വിമർശനാത്മകമായി സമീപിക്കുകയും മാധ്യമ അടിമത്തം ഉണ്ടാവാതിരിക്കാൻ ശ്രദ്ധിക്കുകയും വേണം.
- സൈബർ കുറ്റകൃത്യങ്ങൾ ചെയ്യാതിരിക്കുകയും അവയിൽപ്പെടാതിരിക്കുകയും വേണം.
- മാധ്യമങ്ങളുടെ ക്രിയാത്മകമായ സാധ്യതകളെ ക്രിസ്തീയമൂല്യങ്ങൾ വ്യാപിപ്പിക്കുന്നതിനും പരിശീലിപ്പിക്കുന്നതിനും ഉപയോഗിക്കണം.
- നന്മയുടെയും ക്രൈസ്തവമൂല്യങ്ങളുടെയും ഭാഗത്തുനിന്നുകൊണ്ട് മാധ്യമമേഖലയിൽ യുവജനങ്ങൾ ക്രിയാത്മകമായി ഇടപെടണം.

**വിശദമാക്കേണ്ട പദങ്ങൾ**

വളർത്തിയെടുക്കൽ സിദ്ധാന്തം (Cultivation theory), അധമലോക സിൻഡ്രോം, ഫോമോ (Fear of missing out), നോമോഫോബിയ

**വളർത്തിയെടുക്കൽ സിദ്ധാന്തം (Cultivation theory)**

മാധ്യമങ്ങൾ അവരുടെ അജണ്ട അനുസരിച്ച്, അവർക്കാവശ്യമുള്ള മനോഭാവങ്ങളും മൂല്യങ്ങളും മനുഷ്യരുടെ മനസ്സിൽ രൂപപ്പെടുത്തിയെടുക്കുന്നുവെന്ന സിദ്ധാന്തമാണിത്. തുടർച്ചയായ കാഴ്ചകളിലൂടെ നാമറിയാതെതന്നെ നമ്മിൽ പ്രസ്തുത മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെട്ടുവരുന്നു. ഒരു കർഷകൻ തനിക്ക് ആവശ്യമുള്ള വിളവിന്റെ വിത്ത് വിതച്ച്, വെള്ളമൊഴിച്ച്, വളമിട്ട്, വളർത്തിയെടുക്കുന്നതുപോലെ, മാധ്യമങ്ങളും ചെയ്യുന്നു. അതിനാൽ ഇതിനെ വളർത്തിയെടുക്കൽ സിദ്ധാന്തം എന്നു പറയുന്നു.

**അധമലോക സിൻഡ്രോം**

മാധ്യമങ്ങളിൽ വരുന്ന ഉള്ളടക്കങ്ങൾ പ്രത്യേകിച്ചും അക്രമത്തെയും അശ്ലീലതയെയും അനുകൂലിക്കുന്ന ഉള്ളടക്കങ്ങൾ, കാണുന്നവർ തങ്ങളുടെ ചുറ്റുമുള്ള സാഹചര്യങ്ങളെ ഈ കാണുന്ന കാഴ്ചകളുമായി താദാത്മ്യപ്പെടുത്തുന്നു. സ്ഥിരമായി അക്രമകാഴ്ചകൾ കാണുന്നവർ ലോകത്തെ അപകടകരമായ ഒരു സ്ഥലമായി കാണുന്നു. അതുകൊണ്ടുതന്നെ, അങ്ങനെയുള്ളവരുടെ പ്രതികരണങ്ങൾ അക്രമാസക്തവും ആവശ്യമായതിൽ കൂടുതൽ ഗുരുതരവുമായിരിക്കും. അശ്ലീലക്കാഴ്ചകൾ കാണുന്നവർ ഇത് എല്ലാവരും ചെയ്യുന്നതാണ് എന്ന കാഴ്ചപ്പാടിലേക്കെത്തുന്നു. ലോകം തന്നെ പ്രശ്നകലുഷിതമായ ഒരു സ്ഥലമായി ഇത്തരക്കാർ കാണുന്നു. ലോകം നല്ലതല്ല എന്ന വീക്ഷണത്തിൽ എത്തുന്നു.

**ഫോമോ (Fear of missing out)**

തങ്ങളുടെ ജീവിതത്തെ കൂടുതൽ രസകരവും ആനന്ദദായകവുമാക്കുന്ന അവസരങ്ങൾ തനിക്ക് നഷ്ടമാവുന്നുണ്ടോ എന്നുള്ള അനിയന്ത്രിതമായ ആകാംക്ഷയാണ് ഇതിനു കാരണം. മറ്റുള്ളവർ ചെയ്യുന്നതുമായി നിരന്തരം ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നതിനും, അവർ ചെയ്യുന്ന കാര്യങ്ങൾ അറിയുന്നതിനും, അങ്ങനെ അവരുടെ അനുഭവങ്ങൾ തനിക്കും ഉണ്ടാവുന്നതിനുള്ള അമിതമായ പ്രേരണ ഇതിനു കാരണമാണ്. ആധുനിക കാലത്ത് സാമൂഹ്യ സമ്പർക്ക മാധ്യമങ്ങൾ ഫോമോ സൃഷ്ടിക്കാറുണ്ട്. സാമൂഹ്യവും പ്രൊഫഷണലുമായ മേഖലകളിൽ മറ്റുള്ളവരുമായി നിരന്തര സമ്പർക്കത്തിന് സോഷ്യൽ മീഡിയ ഒരാളെ പ്രാപ്തമാക്കുന്നുണ്ട്. ഫോമോ ഉണ്ടാവാതിരിക്കാൻ നിരന്തരം മെസ്സേജുകൾ നോക്കുന്നതിനും 'സ്റ്റാറ്റസ്' പുതുക്കുന്നതിനും നമ്മെ പ്രേരിപ്പിക്കുന്നു. ഇത് പരിധി വിടുമ്പോൾ, സോഷ്യൽ മീഡിയയിൽ ആവശ്യത്തിലധികം സമയം ചെലവഴിക്കുന്നതിലേക്കു നമ്മെ നയിക്കാം. ഇടക്കിടയ്ക്കെല്ലാം സോഷ്യൽ മീഡിയ നോക്കുന്നതിനുള്ള പ്രവണത ഇതിന്റെ സൂചനയാവാം. തനിക്ക് എന്തൊക്കെയോ മെസേജുകൾ വരാനുണ്ടെന്നുള്ള ഭാവേന ഇടക്കിടയ്ക്കെല്ലാം സോഷ്യൽ മീഡിയ നോക്കുന്ന സ്ഥിതി ഉണ്ടാവാം. സോഷ്യൽ മീഡിയ വ്യക്തിയെ നിയന്ത്രിക്കുന്ന സ്ഥിതിയിലേക്ക് ഇത് കൊണ്ടെത്തിക്കാം.

**നോമോഫോബിയ:** ഇന്റർനെറ്റോ മൊബൈൽ ഫോണോ ഇല്ലാതിരിക്കുന്ന സാഹചര്യത്തിൽ നിന്ന് ഉണ്ടാകുന്ന അതിയായ ഭയത്തിന്റെ സ്ഥിതിവിശേഷമാണിത്. No-mobile-phone phobia എന്നതിന്റെ ചുരുക്കപ്പേരാണ്

നോമോഫോബിയ. മൊബൈൽ ഫോണിന്റെയും ഇന്റർനെറ്റിന്റെയും അമിതമായ ഉപയോഗമാണ് ഇതിനു പ്രധാനകാരണം.

**B. പാഠാവതരണം**

രണ്ടു മണിക്കൂർ കൊണ്ട് പൂർത്തിയാവുന്ന രണ്ടു മൊഡ്യൂളുകൾ ഉൾക്കൊള്ളുന്നതാണ് ഈ അധ്യായം.

**പഠനോപകരണങ്ങൾ**

ദിനപത്രങ്ങൾ, പ്രസന്റേഷൻ സ്ലൈഡുകൾ, വീഡിയോകൾ, പി. പി. റ്റി അല്ലെങ്കിൽ ചാർട്ട്

**മൊഡ്യൂൾ 1** (സമയം 1 മണിക്കൂർ)

ആമുഖം മുതൽ മാധ്യമങ്ങളുടെ മാസ്മരിക ശക്തിവരെയുള്ള പാഠഭാഗം

ആമുഖ പ്രാർഥന: പാഠബന്ധിതമായ ഒരു പ്രാർഥന അധ്യാപികയുടെ നേതൃത്വത്തിൽ ചൊല്ലുന്നു.

**പ്രവർത്തനം 1:** ഗ്രൂപ്പ് ചർച്ച

കുട്ടികളെ മൂന്ന് ഗ്രൂപ്പുകളായി തിരിച്ച് ചർച്ചയ്ക്കായി വിഷയങ്ങൾ നൽകുന്നു. ഒന്നാമത്തെ ഗ്രൂപ്പ്, സോഷ്യൽ മീഡിയയിൽ ഏതെങ്കിലും ഉള്ളടക്കം പോസ്റ്റ് ചെയ്തതിനുശേഷം, അതിനുള്ള ലൈക്കുകളും കമന്റുകളും നമ്മൾ തുടർച്ചയായി പരിശോധിക്കുന്നത് എന്തുകൊണ്ട് എന്നതും; രണ്ടാമത്തെ ഗ്രൂപ്പ്, കൊല്ലരുത് എന്ന് വിശ്വസിക്കുന്ന നമ്മൾ, കാണുന്ന സിനിമയിൽ രണ്ട് കഥാപാത്രങ്ങൾ തമ്മിൽ ഏറ്റുമുട്ടുമ്പോൾ, ഒരാൾ മറ്റൊരാളെ കൊല്ലണം എന്ന് ആഗ്രഹിക്കാറുണ്ടോ? ഉണ്ടെങ്കിൽ കാരണമെന്ത്? എന്നതും; മൂന്നാമത്തെ ഗ്രൂപ്പ്, വാർത്തകളിൽ കാണുന്നതും കേൾക്കുന്നതും മുഴുവൻസത്യമാണെന്ന് കരുതുന്നുണ്ടോ? ഇപ്രകാരം ചിന്തിക്കാൻ കാരണമെന്ത്? എന്നതും ചർച്ചചെയ്യുന്നു. ചർച്ചയുടെ കണ്ടെത്തലുകൾ പൊതുവായി ക്ലാസ്സിൽ ഓരോ ഗ്രൂപ്പും അവതരിപ്പിക്കുന്നു.

**ക്രോഡീകരണം:** മാധ്യമങ്ങൾ നമ്മുടെ ജീവിതത്തിന്റെ ഒരു ഭാഗമായി മാറിയിരിക്കുന്നു. നമ്മുടെ കാഴ്ചപ്പാടുകളെ സ്വാധീനിക്കുകയും ജീവിതത്തെ നിയന്ത്രിക്കുന്ന മുഖ്യ ഘടകങ്ങളിൽ ഒന്നായി മാറുകയും ചെയ്യുന്നു. ശരിയും തെറ്റും തങ്ങളുടെ താത്പര്യപ്രകാരം നിർവചിക്കുകയും എന്ത് തള്ളണം എന്ത് കൊള്ളണം എന്ന് നമ്മെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. ഊഹങ്ങളെപ്പോലും വസ്തുതകളാക്കി അവതരിപ്പിച്ച്, ഇതാണ് സത്യം എന്ന് വിശ്വസിപ്പിക്കുകയും ചെയ്യുന്നു.

**പ്രവർത്തനം 2:** അന്വേഷണാത്മക റിപ്പോർട്ട്

കുട്ടികളെ രണ്ട് ഗ്രൂപ്പുകളാക്കുന്നു. അവർ ഒരു അന്വേഷണാത്മക റിപ്പോർട്ട് തയ്യാറാക്കുന്നു.

വേണ്ട സഹായക സാധനങ്ങൾ: ഫിലിം വീഡിയോ ക്ലിപ്പ്, ന്യൂസ് ചർച്ചാ വീഡിയോ ക്ലിപ്പ്, ഒരു ദിവസത്തേതന്നെ വ്യത്യസ്തമായ മൂന്നോ നാലോ പത്രങ്ങൾ (രണ്ടു സെറ്റ്).

കുട്ടികളെ പൊതുവായി വീഡിയോകൾ കാണിക്കുന്നു. തുടർന്ന് ഓരോ ഗ്രൂപ്പിനും ഒരു ദിവസത്തെ തന്നെ വ്യത്യസ്തമായ മൂന്നോ നാലോ പത്രങ്ങൾ നൽകുന്നു. കണ്ട വീഡിയോകളുടെയും നൽകപ്പെട്ട പത്രങ്ങളുടെയും അടിസ്ഥാനത്തിൽ, മാധ്യമങ്ങളുടെ ലക്ഷ്യങ്ങൾ എന്തൊക്കെയെന്ന് ഗ്രൂപ്പടിസ്ഥാനത്തിൽ കണ്ടെത്താൻ ടീച്ചർ ആവശ്യപ്പെടുന്നു. ഓരോ ഗ്രൂപ്പും തങ്ങളുടെ കണ്ടെത്തലുകൾ അവതരിപ്പിക്കണം. സഹായകമായി പാഠപുസ്തകത്തിലെ 'മാധ്യമങ്ങളുടെ മാസ്മരിക ശക്തി' എന്ന ഭാഗം ഉപയോഗിക്കാം. എന്നാൽ, കണ്ടെത്തലുകൾ അവതരിപ്പിക്കുമ്പോൾ, അതിനുള്ള ഉദാഹരണങ്ങൾ കൂടി, പത്രത്തിൽ നിന്നോ വീഡിയോയിൽ നിന്നോ നൽകുവാൻ കൂടി ശ്രദ്ധിക്കണം.

**ക്രോഡീകരണം:** അറിവ് നൽകുക, പഠിപ്പിക്കുക, വിനോദിപ്പിക്കുക, ബന്ധങ്ങൾ പരിപോഷിപ്പിക്കുക, വ്യാഖ്യാനിക്കുക, ജാഗ്രത പുലർത്തുക, സ്ഥിരപ്പെടുത്തുക എന്നിങ്ങനെയുള്ള ധർമങ്ങൾ മാധ്യമങ്ങൾ നിർവഹിക്കുന്നുണ്ട്.

**മൊഡ്യൂൾ 2 (സമയം 1 മണിക്കൂർ)**

മാധ്യമങ്ങളുടെ നിഷേധാത്മക സ്വാധീനങ്ങൾ മുതൽ മാധ്യമങ്ങളും സുവിശേഷ പ്രഘോഷണവും വരെ

**പ്രവർത്തനം 1:** പൊതു അവതരണം

വളർത്തിയെടുക്കൽ സിദ്ധാന്തം, അധമലോക സിൻഡ്രോം, ഫോമോ, നോമോഫോബിയ എന്നിവയെ PPT അല്ലെങ്കിൽ ചാർട്ടിന്റെ സഹായത്തോടെ ടീച്ചർ ക്ലാസ്സിൽ അവതരിപ്പിക്കുന്നു.

**ക്രോഡീകരണം:** മാധ്യമങ്ങൾ അവർക്കാവശ്യമായ വീക്ഷണങ്ങൾ കാഴ്ചക്കാരിൽ വളർത്തിയെടുക്കുന്നു. കൂടാതെ, സ്ഥിരമായി അശ്ലീല അക്രമ കാഴ്ചകൾ മാധ്യമങ്ങളിലൂടെ കാണുന്നവരിൽ അധമലോക സിൻഡ്രോം രൂപപ്പെട്ട് വരാൻ സാധ്യതയുണ്ട്. മൊബൈൽ ഫോണിന്റെയും സമൂഹ സമ്പർക്ക മാധ്യമങ്ങളുടെയും അമിത ഉപയോഗം നോമോഫോബിയ, ഫോമോ പോലുള്ള മാനസിക പ്രശ്നങ്ങളിലേക്ക് നയിക്കാം.

**പ്രവർത്തനം 2:** റോൾ പ്ലേ

കുട്ടികളെ മൂന്നു ഗ്രൂപ്പുകളായി തിരിക്കുന്നു. ഒരു രാഷ്ട്രീയപ്പാർട്ടി, സൗന്ദര്യവർധന വസ്തുക്കൾ വിൽക്കുന്ന ഒരു ബിസിനസ്സ് ഗ്രൂപ്പ്, വർഗീയത പ്രോത്സാഹിപ്പിക്കുന്ന ഒരു തീവ്രവാദ ഗ്രൂപ്പ് എന്നിങ്ങനെയുള്ള റോളുകൾ ഗ്രൂപ്പുകൾക്ക് നൽകുന്നു. ഇവർ ഒരു മാധ്യമ സംവിധാനം രൂപപ്പെടുത്തുകയാണെങ്കിൽ പരമാവധി ആളുകൾ അത് സ്വീകരിക്കുവാൻ ഇവർ എന്ത് തന്ത്രങ്ങൾ രൂപപ്പെടുത്തുമെന്നും ഇവർ രൂപം കൊടുക്കുന്ന മാധ്യമ ചാനൽ/പത്രം എന്നിവയുടെ സ്വഭാവം എന്തായിരിക്കും എന്നും ചർച്ചചെയ്ത് കണ്ടെത്തുക. ഇതിനു മുമ്പ് അധ്യാപകൻ അവതരിപ്പിച്ച വളർത്തിയെടുക്കൽ സിദ്ധാന്തം മാതൃകയായി ചർച്ചക്കു സ്വീകരിക്കാമെന്ന് ഇവരെ ഓർമിപ്പിക്കുക. ഒരു ബിസിനസ് അവതരണമെന്ന രീതിയിൽ ഇത് ക്ലാസ്സിൽ അവതരിപ്പിക്കുക.

**ക്രോഡീകരണം:** നന്മയുടെയും വളർച്ചയുടെയും വശത്തേക്കു നയിക്കുന്നതോടൊപ്പം തന്നെ മാധ്യമങ്ങൾ നിഷേധാത്മകമായ ദൗത്യങ്ങളും ചെയ്യുന്നുണ്ട്. നിക്ഷിപ്ത താത്പര്യങ്ങൾ സംരക്ഷിക്കുക, വ്യക്തിബന്ധങ്ങളെ വികലമാക്കുക, അക്രമവാസന പ്രോത്സാഹിപ്പിക്കുക, ലൈംഗിക അരാജകത്വത്തിലേക്ക് നയിക്കുക, തെറ്റായ സൗന്ദര്യസങ്കല്പങ്ങൾ നൽകുക, ഫോമോ, നോമോഫോബിയ മുതലായ നിഷേധാത്മകവും നെഗറ്റീവ് ആയതുമായ റോൾ മാധ്യമങ്ങൾ ചെയ്യുന്നു. അതിനാൽ മാധ്യമങ്ങൾ ഉപയോഗിക്കുമ്പോൾ ചുവടെ നൽകുന്ന കാര്യങ്ങൾ ശ്രദ്ധിക്കണം: 1. അവയെ വിമർശനാത്മകമായി സമീപിക്കുക, 2. മാധ്യമഅടിമത്തത്തേപ്പറ്റി ജാഗരൂകരാവുക, 3. മാധ്യമങ്ങളെ നന്മയുടെ ഉപാധികളാക്കാൻ ശ്രദ്ധിക്കുക 4. സൈബർ നിയമങ്ങൾ പാലിക്കുക.

**പ്രവർത്തനം 3: ഗ്രൂപ്പ് ചർച്ച**

ക്ലാസ്സിനെ മൂന്ന് ഗ്രൂപ്പ് ആയി തിരിക്കുന്നു. ഒരു ഗ്രൂപ്പിന് ഒരു ദിവസത്തെ മൂന്ന് പത്രങ്ങൾ നൽകി അവ ഒരേ വാർത്ത തന്നെ എപ്രകാരം വ്യാഖ്യാനിക്കുന്നു എന്ന് ചർച്ച ചെയ്ത് കണ്ടെത്തുക (വ്യത്യസ്ത ആശയങ്ങൾ പിന്തുടരുന്ന പത്രങ്ങൾ നൽകാൻ ശ്രദ്ധിക്കുക). രണ്ടാമത്തെ ഗ്രൂപ്പിന്, കഴിഞ്ഞ വർഷം ഇറങ്ങിയ സിനിമകളിൽ, ക്രൈസ്തവവിശ്വാസത്തെയും ക്രൈസ്തവ ആശയങ്ങളെയും നയിക്കുന്ന വ്യക്തികളെയും വികലമായി ചിത്രീകരിച്ചിരിക്കുന്നതിന്റെ പിന്നിലെ അജണ്ടകളും പ്രൊപ്പഗാന്തകളും കണ്ടെത്തി ചർച്ച ചെയ്യാൻ നൽകുക. മൂന്നാമത്തെ ഗ്രൂപ്പ്, വളർത്തിയെടുക്കൽ സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ, നന്മയുടെമൂല്യങ്ങൾ മാധ്യമങ്ങളിലൂടെ വളർത്തിയെടുക്കാൻ എന്ത് ചെയ്യാം എന്ന് ചർച്ച ചെയ്യുക. ചർച്ചയുടെ കണ്ടെത്തലുകൾ ക്ലാസ്സിൽ അവതരിപ്പിക്കുക.

**ക്രോഡീകരണം:** മാധ്യമങ്ങൾക്ക് അജണ്ടകൾ ഉണ്ട്. ക്രൈസ്തവമൂല്യങ്ങളെ വികലമാക്കുവാൻ ബോധപൂർവമായ ശ്രമം പലവശങ്ങളിൽ നിന്നും നടക്കുന്നുണ്ട്. സിനിമകളിൽ ബോധപൂർവം ഇപ്രകാരം ശ്രമിക്കുന്നുണ്ട്. മാധ്യമങ്ങൾ സാമൂഹ്യപ്രതിബദ്ധതയോടുകൂടി പ്രവർത്തിക്കണം. കത്തോലിക്കായുവജനങ്ങൾ മാധ്യമമേഖലയിൽ കൂടുതലായി ഇടപെടണം. നല്ല മാധ്യമപ്രവർത്തകരാവണം. സഭയ്ക്കും വിശ്വാസത്തിനുമെതിരെ മാധ്യമങ്ങളിൽ നടക്കുന്ന പ്രവർത്തനങ്ങൾക്കെതിരെ മാധ്യമങ്ങൾ ഉപയോഗിച്ചുതന്നെ പോരാടണം.

**തുടർപ്രവർത്തനം**

നവമാധ്യമങ്ങളെ വി. കാർലോ അകിത്തിസിന്റെ മാതൃകയിൽ സുവിശേഷവല്കരണത്തിനും ക്രൈസ്തവമൂല്യങ്ങളുടെ വ്യാപനത്തിനും എപ്രകാരം തങ്ങളുടെ ഇടവകയിലും സമൂഹത്തിലും ഉപയോഗിക്കാം എന്ന് പ്രൊജക്റ്റ് റിപ്പോർട്ട് ഗ്രൂപ്പടിസ്ഥാനത്തിൽ തയ്യാറാക്കി ക്ലാസ്സിലോ, ഇടവകയുടെ ഏതെങ്കിലും പൊതുവേദിയിലോ, ഇടവകയിലെ യുവജനങ്ങളുടെ സംഘടനാ മീറ്റിംഗിലോ (ഓരോ സൺഡേ സ്കൂളിലും ചെയ്യാൻ പറ്റാവുന്ന വേദിയിൽ) അവതരിപ്പിക്കുക. ഇതിന്റെ അടിസ്ഥാനത്തിൽ, വിശ്വാസപരവും ക്രൈസ്തവ മൂല്യാധിഷ്ഠിതവുമായ കാര്യങ്ങൾ മാത്രം പോസ്റ്റ് ചെയ്യുന്ന ഒരു വാട്സ് ആപ്പ് കൂട്ടായ്മയോ, ഇൻസ്റ്റഗ്രാം പേജോ, ഫേസ്ബുക്ക് പേജോ ഉണ്ടാക്കി അതിൽ ക്രിയാത്മകമായി ഇടപെടുക.



**ദൈവവചനം വായിക്കാം**

ശ്ലീഹന്മാരുടെ പ്രവർത്തനങ്ങൾ
അധ്യായങ്ങൾ 13-16

**ഹൃദയം ദീപ്തമാക്കാം**



"വയലിലെ ലില്ലികൾ എങ്ങനെ വളരുന്നു എന്ന് നോക്കുക;
അവ അധ്വാനിക്കുന്നില്ല, നൂൽനൂല്ക്കുന്നില്ല, സത്യമായും
ഞാൻ നിങ്ങളോടു പറയുന്നു സോളമൻ പോലും
തന്റെ സർവമഹത്ത്വത്തിലും ഇവയിൽ ഒന്നിനെപ്പോലെ
അലംകൃതനായിരുന്നില്ല" (മത്താ 6:28-29).



**എന്റെ തീരുമാനം**

ഞാൻ പ്രകൃതിയെ സ്നേഹിക്കുന്നു. കാരണം, അത് ദൈവത്തിന്റെ കരവേലയാണ്. പ്രകൃതിയെ മലിനമാക്കുന്ന ഒരു പ്രവർത്തനങ്ങളിലും ഞാൻ ഏർപ്പെടുകയില്ല.

**ചില ചോദ്യമാതൃകകൾ**

1. കേരളത്തിൽ അടുത്തകാലത്ത് യുവജനങ്ങളും വിദ്യാർഥികളും പ്രതികളായ അക്രമസംഭവങ്ങളിലും കൊലപാതകങ്ങളിലും പ്രേരണയായി ഇപ്പോൾ ഇറങ്ങുന്ന അക്രമം നിറഞ്ഞ സിനിമകൾ മാറുന്നു. നിങ്ങളുടെ അഭിപ്രായങ്ങൾ തുറന്നെഴുതുക.
2. റീലുകളും, സോഷ്യൽ മീഡിയയിലൂടെ നടക്കുന്ന അഭിപ്രായ പ്രകടനങ്ങളും യുവജനങ്ങളുടെ സന്മാർഗിക ചിന്തകളിലും, സ്ത്രീ പുരുഷ ബന്ധങ്ങളെക്കുറിച്ചുള്ള കാഴ്ചപ്പാടുകളിലും, വിവാഹം, കുടുംബം എന്നിവയെക്കുറിച്ചുള്ള അഭിപ്രായങ്ങളിലും ചെലുത്തുന്ന സ്വാധീനം എന്താണ്?
3. വിവിധ പരീക്ഷകൾക്ക് തയ്യാറെടുക്കുകയും, ജോലിമേഖലകൾ തിരഞ്ഞെടുക്കുന്നതിനെക്കുറിച്ച് ചിന്തിക്കുകയും ചെയ്യുന്ന നിങ്ങൾക്ക് മാധ്യമങ്ങൾ എപ്രകാരം ഒക്കെ സഹായകമാവുന്നു?
4. ഓരോ മാധ്യമവും വാർത്തകളെയും സംഭവങ്ങളെയും അവരുടെ താത്പര്യങ്ങൾക്കനുസരിച്ചാണ് അവതരിപ്പിക്കുന്നത്. നിങ്ങളുടെ അനുഭവത്തിൽ നിന്നുള്ള ഏതാനും ഉദാഹരണങ്ങൾ എഴുതുക?
5. ക്രൈസ്തവ വിശ്വാസത്തെയും സമർപ്പിതരെയും മോശമായി ചിത്രീകരിക്കുന്ന സിനിമ കണ്ട്, അതിൽ പറയുന്നവ സത്യമാണെന്ന് തെറ്റിദ്ധരിക്കുന്ന നിങ്ങളുടെ ഒരു സുഹൃത്തിനെ, 'പ്രൊപ്പഗാന്താ സിനിമകളെക്കുറിച്ചും', സിനിമയിലെ പ്രത്യേക അജണ്ടകളെക്കുറിച്ചും എപ്രകാരം പറഞ്ഞു ബോധ്യപ്പെടുത്താമെന്ന് വിവരിക്കുക.
6. 'വെളുത്തതിനാണ് സൗന്ദര്യം' എന്ന തെറ്റായ സന്ദേശവും സൗന്ദര്യസങ്കല്പവും യുവജനങ്ങളുടെ ഇടയിൽ വ്യാപിപ്പിക്കുന്നതിൽ മാധ്യമങ്ങൾക്കുള്ള പങ്കു വ്യക്തമാക്കുക.
7. നിങ്ങൾ ഉപയോഗിക്കുന്ന വസ്തുക്കൾ നിങ്ങളെക്കൊണ്ട് വാങ്ങിപ്പിക്കുന്നതിൽ മാധ്യമങ്ങൾക്കുള്ള പങ്ക് വിശദമാക്കുക.

അധ്യായം 10

# അധ്വാനത്തിന്റെ മഹത്വവും സമ്പത്തിന്റെ വിനിയോഗവും

## A. പാഠവിശകലനം

അധ്വാനത്തെ കേവലം ധനസമ്പാദനമാർഗമായി മാത്രം കാണുകയും, അതിലൂടെ ലഭിക്കുന്ന സമ്പത്ത് തങ്ങൾക്ക് മാത്രം അവകാശപ്പെട്ടത് എന്ന ജീവിത ശൈലി രൂപപ്പെട്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ അധ്വാനത്തിന്റെ ക്രിസ്തീയ കാഴ്ചപ്പാടിനെ വരച്ചുകാട്ടുവാനും ലഭിക്കുന്ന സമ്പത്ത് എങ്ങനെ മൂല്യമുള്ളതാക്കി മാറ്റാം എന്നുമുള്ള പഠനമാണ് ഈ അധ്യായത്തിൽ ഉള്ളത്.

**ലക്ഷ്യം:** അധ്വാനത്തിന് കേവലം മാനുഷിക അർഥം മാത്രമല്ല. പ്രത്യുത അത് ഒരു ദൈവിക പരിപാലനയുടെ ഉദാഹരണമാണ് എന്ന് കുട്ടികളെ ബോധ്യപ്പെടുത്തുക. സമ്പത്ത് ദൈവികദാനമാണെന്ന തിരിച്ചറിവ് ഉണ്ടാക്കിയെടുക്കുക.

**ബോധ്യങ്ങൾ**

1. ദൈവം നൽകിയ സമ്പത്ത് തന്റെയും കുടുംബത്തിന്റെയും സമൂഹത്തിന്റെയും ക്ഷേമത്തിനും പുരോഗതിക്കുമായി വിനിയോഗിക്കും.
2. അധ്വാനിക്കാതെയും അവിഹിത മാർഗങ്ങളിലൂടെയും ധനം സമ്പാദിക്കുന്നത് തെറ്റാണ്.
3. സമ്പത്ത് അനുഗ്രഹമായി മാറണമെങ്കിൽ അർഹതയുള്ളവരുമായി പങ്കുവയ്ക്കപ്പെടണം.

**ശീലം:** സമ്പത്ത് അന്യായമാർഗത്തിലൂടെ സമ്പാദിക്കുകയില്ല, മറ്റുള്ളവരെ സാമ്പത്തികമായി സഹായിക്കേണ്ട അവസരങ്ങളിൽ ക്രിസ്തീയ മൂല്യങ്ങളിൽ അടിയുറച്ചു നിന്ന് ഞാൻ മറ്റുള്ളവരെ സഹായിക്കും.

**പ്രധാന ആശയങ്ങൾ**

- അധ്വാനം എന്നത് ദൈവം മനുഷ്യനിൽ നിക്ഷേപിച്ചിരിക്കുന്ന വിവിധ കഴിവുകൾ ഉപയോഗിച്ച്, മനുഷ്യൻ തനിക്കാവശ്യമായ ജീവിത സാഹചര്യങ്ങൾ പണിതുയർത്തുന്ന പ്രക്രിയയാണ്.
- ദൈവത്തിന്റെ സൃഷ്ടികർമത്തിലുള്ള മനുഷ്യന്റെ പങ്കുചേരലാണ് അധ്വാനം.
- അധ്വാനത്തിലൂടെ സ്വയം വളരുവാനും മറ്റുള്ളവരെ സഹായിക്കുവാനും മനുഷ്യന് കഴിയുന്നു.

- അധ്വാനിച്ചു ജീവിക്കുക എന്നത് മനുഷ്യന്റെ കടമയാണ്.
- അധ്വാനിക്കാതെയും നല്ലതല്ലാത്തതുമായ മാർഗത്തിലൂടെയുള്ള ധന സമ്പാദനം തിന്മയാകുന്നു.
- അധ്വാനത്തിലൂടെ സമൂഹത്തിന്റെ വളർച്ചയുടെ ഭാഗമായി മാറുവാൻ മനുഷ്യന് കഴിയുന്നു.
- സമ്പത്ത് എന്നത് ധനത്തിനുമപ്പുറം മനുഷ്യൻ സ്വന്തമാകുന്ന അറിവുകളും കഴിവുകളും ഉൾപ്പെടുന്നു.
- സമ്പത്തിന്റെ സൃഷ്ടാവ് ദൈവമാകുന്നു. അത് എല്ലാവർക്കും വേണ്ടിയുള്ള ദൈവത്തിന്റെ സമ്മാനമാണ്.
- തെറ്റായ മാർഗത്തിലൂടെയുള്ള ധനസമ്പാദനം തിന്മയാകുന്നു.
- സമ്പത്തിന്റെ ഓഹരി പാവങ്ങൾക്കും സഭാപ്രവർത്തനങ്ങൾക്കും നൽകേണ്ടതാണ്.
- നികുതി അടയ്ക്കാൻ നാം കടപ്പെട്ടിരിക്കുന്നു എന്ന ബോധ്യം സൃഷ്ടിക്കണം.
- ദൈവത്തിനും ദൈവാലയത്തിനും നാം കൊടുക്കുന്ന ഓഹരി (പതവാരം) സുവിശേഷാനുസൃതമായ ഒരു നന്മയാണ് എന്ന ബോധ്യം ഉണ്ടാക്കിയെടുക്കണം.

**സഹായകഗ്രന്ഥങ്ങൾ**

- വി.ബൈബിൾ
- യൂകാറ്റ്
- കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം
- പാഠപുസ്തകം
- തൊഴിലിന്റെ മാഹാത്മ്യം, ജോൺ പോൾ II (ചാക്രിക ലേഖനം)

B. **പാഠാവതരണം**

രണ്ടര മണിക്കൂർ കൊണ്ട് പൂർത്തിയാവുന്ന രണ്ടു മൊഡ്യൂളുകൾ ഉൾക്കൊള്ളുന്നതാണ് ഈ അധ്യായം

**പഠനോപകരണങ്ങൾ**

ചാർട്ട്പേപ്പർ, വരയ്ക്കാനും എഴുതാനും ആവശ്യമായിട്ടുള്ള സാമഗ്രികൾ, അവതരിപ്പിക്കാൻ ആവശ്യമായ സാമഗ്രികൾ, കളർ പെൻസിൽ, പേന.

**മൊഡ്യൂൾ 1:** (സമയം 1.30 മണിക്കൂർ) (പാഠാരംഭം മുതൽ രാഷ്ട്രത്തിന്റെ കടമ വരെയുള്ള ഭാഗം)

**ആമുഖ പ്രാർഥന:** കുട്ടികൾ നേതൃത്വം നൽകുന്നതായിരിക്കും ഉചിതം. കുട്ടികൾക്ക് പ്രാർഥിക്കാൻ ഉള്ള അവസരം ഓരോ ആഴ്ചയും മാറി മാറി കൊടുക്കണം. പരിശുദ്ധാത്മാവിന്റെ നിറവിനു വേണ്ടിയുള്ള ഗാന ത്തോടെ പ്രാർഥന ആരംഭിക്കുന്നത് നല്ലതാണ്.

പാഠപുസ്തകത്തിന്റെആരംഭത്തിൽകൊടുത്തിരിക്കുന്നചോദ്യങ്ങൾക്കുള്ള കുട്ടികളുടെ ഉത്തരങ്ങൾ വിശകലനം ചെയ്തുകൊണ്ട് ക്ലാസ്സ് ആരംഭി ക്കാം. അധ്വാനത്തെയും ധനസമ്പാദനത്തെയും ക്രിസ്തീയമായ കാഴ്ചപ്പാടുകളിലൂടെ കാണേണ്ട ആവശ്യകത കുട്ടികൾക്കു മനസ്സിലാക്കി കൊടുക്കുകയും ചെയ്യാം

**പ്രവർത്തനം 1:** (ഗ്രൂപ്പ് ചർച്ച)

ടീച്ചർ കുട്ടികളെ വിവിധ ഗ്രൂപ്പുകളാക്കി തിരിച്ച് ഓരോ ഗ്രൂപ്പിനും വി.ഗ്രന്ഥം നൽകിയതിനു ശേഷം ലൂക്കാ 16;19-21 വരെയുള്ള വചന ഭാഗം വായിക്കാൻ ആവശ്യപ്പെടുക. തുടർന്ന് ധനവാന്റെ അധ്വാനം ദൈവ സന്നിധിയിൽ മൂല്യം ഇല്ലാതായിപോയതിനു കാരണം കണ്ടെത്തി അവതരിപ്പിക്കാൻ ആവശ്യപ്പെടുക.

**ക്രോഡീകരണം:** അധ്വാനത്തിന്റെ മൂല്യത്തെക്കുറിച്ച് കുട്ടികൾക്ക് മനസ്സിലാവുന്നു. അധ്വാനം സ്വയം വളരുവാനും സഹജീവികളെ സഹായിക്കാനും വേണ്ടിയുള്ള ഒരു മാർഗമാണെന്നു മനസ്സിലാവുന്നു.

**പ്രവർത്തനം 2**

കുട്ടികളോട് താഴെ പറയുന്ന ചോദ്യങ്ങളെ പരിഗണിച്ചുകൊണ്ട് ഒരു കുറിപ്പ് വ്യക്തിപരമായി തയ്യാറാക്കാൻ ആവശ്യപ്പെടുക. പാഠ പുസ്തകത്തിലെ അധ്വാനത്തിന്റെ ദൈവികമാനം, സാമൂഹിക മാനം (വ്യക്തിതലം, സാമൂഹിക തലം) എന്നീ ഭാഗങ്ങളെ ആസ്പദമാക്കിയുള്ള ചോദ്യങ്ങളാകയാൽ കുട്ടികൾ പുസ്തകത്തിൽ ഈ ഭാഗങ്ങൾ വായിച്ച തിനു ശേഷമായിരിക്കണം ഉത്തരങ്ങൾ തയ്യാറാക്കേണ്ടത്.

1. സൃഷ്ട പ്രപഞ്ചത്തിലെ വസ്തുക്കളെ കാണുമ്പോൾ അത് ദൈവ ത്തിന്റെ കരവേലയാണ് എന്ന ബോധ്യം ലഭിക്കാറുണ്ടോ?
2. മാതാപിതാക്കളിൽ നിന്നും നിങ്ങൾ സ്വീകരിച്ചിരിക്കുന്ന നന്മകൾ എന്തൊക്കെയാണ്? അതിനു നിങ്ങൾ എങ്ങനെയാണ് നന്ദി പ്രകാശി പ്പിക്കേണ്ടത്?

3. ജീവിതത്തിൽ നിങ്ങളെ സഹായിച്ച ഒട്ടനവധി വ്യക്തികൾ ഉണ്ടാകുമല്ലോ, അവരിൽ നിന്നും നിങ്ങൾ എന്തു നന്മകളാണ് സ്വീകരിച്ചിരിക്കുന്നത്? അത് അധ്വാനത്തിന്റെ സാമൂഹിക തലമായി നിങ്ങൾ എങ്ങനെ വ്യാഖ്യാനിക്കും.

അധ്യാപകരുടെ ഈ ചോദ്യങ്ങൾക്ക് കുട്ടികൾ വ്യക്തിപരമായി കണ്ടെത്തുന്ന ഉത്തരങ്ങളെ ക്രോഡീകരിച്ച് ഒരു പൊതുവായ ചർച്ചയിലൂടെ പാഠപുസ്തകത്തിൽ ഈ പാഠഭാഗങ്ങൾ എങ്ങനെ അവരുടെ ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന് വിശദമാക്കി കൊടുത്ത് ഈ പ്രവർത്തനം അവസാനിപ്പിക്കാവുന്നതാണ്.

**ക്രോഡീകരണം:** അധ്വാനത്തിന്റെ മാനുഷികമാനത്തിൽ വ്യക്തി തലവും, സാമൂഹിക തലവും എത്രത്തോളം പ്രധാനപ്പെട്ടതാണെന്നു മനസ്സിലാക്കാൻ സാധിക്കുന്നു. അധ്വാനം തന്റെ കടമയാണെന്നു കുട്ടികൾക്കു ബോധ്യപ്പെടുന്നു. സമൂഹത്തിന്റെ അധ്വാനത്തിന്റെ ഫലം നാം സ്വീകരിക്കുന്നതിനാൽ അതു മടക്കികൊടുക്കാൻ ബാധ്യസ്ഥരാണെന്ന ബോധ്യം ലഭിക്കുന്നു.

**പ്രവർത്തനം 3**

അധ്വാനത്തെയും അതിന്റെ മഹത്ത്വത്തെയും ദൈവിക കണ്ണുകളിലൂടെ നോക്കിക്കാണാൻ കുട്ടികളെ പ്രേരിപ്പിക്കുന്നതാണ് ഈ പ്രവർത്തനം.

മത്തായി 25:14-20 വരെയുള്ള തിരുവചനഭാഗത്തിലെ താലന്തുകളുടെ ഉപമയെ ആസ്പദമാക്കിയാണ് ഈ പ്രവർത്തനം പൂർത്തിയാക്കേണ്ടത്. യജമാനനായി ക്ലാസ്സ് ടീച്ചറും ദാസൻമാരായി കുട്ടികളും ഈ പ്രവർത്തനത്തിൽ ഒന്നു ചേരുന്നു.

കുട്ടികളെ 3 ഗ്രൂപ്പുകൾ ആയി തിരിക്കുക. ഓരോ ഗ്രൂപ്പിൽ നിന്നും ഓരോരുത്തരെ സെലക്ട് ചെയ്യുക. ശേഷം ഉപമ കൃത്യമായി ക്ലാസ് ടീച്ചർ കുട്ടികൾക്ക് വിശദമായി കൊടുക്കുക. താലന്ത് എന്നത് അവരിലെ കഴിവുകൾ ആണെന്ന ബോധ്യം ഉപമ വിശദീകരണത്തിലൂടെ കുട്ടികൾക്ക് ലഭിക്കണം. (പാട്ടുരൂപത്തിലോ, താളാത്മകമായി കഥ പറയുന്ന രൂപത്തിലോ ആയിരിക്കണം രംഗം അവതരിപ്പിക്കേണ്ടത്.)

പണ്ട് പണ്ടൊരു യജമാനൻ
ദൂരെ ദൂരെയൊരു യാത്രയായ് പുറപ്പെട്ടു.
ഭൃത്യരിൽ കേമരാം മൂന്നുപേർ
മൂന്നുപേർക്കും യജമാനൻ കൊടുത്തതെന്തോ?

മൂന്നുപേരിൽ മികച്ചവൻ ഒന്നാമൻ
അവനു ലഭിച്ചതോ 5 താലന്ത്.

**ടീച്ചർ:** ഒന്നാം ഗ്രൂപ്പിലെ കുട്ടിക്ക് 5 താലന്ത് കൊടുക്കുന്നതായി കാണിക്കുന്നു. (അവൻ തന്റെ ഗ്രൂപ്പിൽ തിരിച്ചു ചെന്ന് അവന് 5 താലന്ത് ലഭിച്ചതിനെ എങ്ങനെ ഇരട്ടിയാക്കാം എന്നും അഭിനയിച്ചു കാണിക്കുന്നു.)

**ടീച്ചർ :** കേമം അല്പം കുറഞ്ഞവൻ രണ്ടാമൻ അവനു ലഭിച്ചതോ 2 താലന്തും (പഴയതുപോലെ ഗ്രൂപ്പ് രണ്ടിലെ കുട്ടികളിൽ ഒരാൾക്ക് കൊടുക്കുന്നു. അവൻ ഗ്രൂപ്പിൽ ഷെയർ ചെയ്യുന്നു).

**ടീച്ചർ :** കേമത്തിൽ വീണ്ടും കുറഞ്ഞവൻ മൂന്നാമൻ അവനു ലഭിച്ചതോ 1 താലന്തും

(ഗ്രൂപ്പ് മൂന്നിലെ കുട്ടികളിൽ ഒരാൾക്ക് ഒരു താലന്ത് കൊടുക്കുന്നു. അവൻ പക്ഷേ ആരോടും ഷെയർ ചെയ്യാതെ അത് പോക്കറ്റിൽ ഇട്ടതായി കാണിക്കുന്നു).

**ടീച്ചർ:** നാളുകൾ ഏറെ കഴിഞ്ഞുപോയ്
വരവായ് യജമാനൻ കണക്കുകൾ കാണുവാൻ

(യജമാനൻ വരുന്നു, ഓരോ ഭൃത്യരും സന്തോഷത്തോടെ യജമാനന്റെ അരികിൽ വരുന്നു).

ഒന്നാമൻ : 5 താലന്ത് ലഭിച്ചവൻ ഞാൻ
എന്നാൽ എന്നിലിന്നുള്ളത് 10 താലന്ത്.

രണ്ടാമൻ : 2 താലന്ത് ലഭിച്ചവൻ ഞാൻ
എന്നാൽ എന്നിലിന്നുള്ളത് 4 താലന്ത്.

മൂന്നാമൻ : 1 താലന്ത് ലഭിച്ചവൻ ഞാൻ
നിന്നുടെ താലന്ത് നീ തന്നെ എടുക്കുക
(അവൻ പോക്കറ്റിൽ നിന്നും താലന്ത്
എടുത്ത് കൊടുക്കുന്നു).

യജമാനൻ: നാണയം കുഴിച്ചിട്ട നീ അനുഗ്രഹത്തിന്
അർഹനല്ല, എന്നാൽ മറ്റു രണ്ടു പേരും
അനുഗ്രഹത്തിന് അർഹരാകും.

പ്രവർത്തനത്തിന്റെ തുടർച്ചയായി ക്ലാസ്സ് ടീച്ചർ കുട്ടികളോട് അവരവരിൽ ദൈവം നിക്ഷേപിച്ചിരിക്കുന്ന കഴിവുകൾ (ഉദാഹരണത്തിന് വായന, പ്രസംഗം, പാട്ട്, മുതലായവ) (താലന്തുകൾ) എന്തൊക്കെയാണെന്ന് ഓർമിച്ചെടുക്കാൻ ആവശ്യപ്പെടുക.

കഴിവുകൾ നിലവിൽ ഏതെങ്കിലും മേഖലകളിൽ ഉപയോഗിക്കുന്നു വെങ്കിൽ Thumbs up signal കൊടുക്കാം കഴിവുകൾ കുഴിച്ചിട്ടവർ Thumbs down signal കൊടുക്കാം

ആംഗ്യങ്ങളിലൂടെ കുട്ടികൾക്ക് പ്രദർശിപ്പിക്കാം. തിരഞ്ഞെടുക്കുന്ന ഏതാനും ചിലർക്ക് കഴിവുകൾ പ്രർശിപ്പിക്കാൻ അവസരം നൽകുകയുമാകാം. തങ്ങളിൽ ദൈവം കഴിവുകൾ നിക്ഷേപിച്ചിരിക്കുന്നത് അവ അധ്വാനത്തിലൂടെ വളർത്തിയെടുക്കാനാണെന്നും മടിയും അലസതയും മൂലം കഴിവുകൾ നശിപ്പിച്ചു കളയുന്നവർ പാപം ചെയ്യുന്നു എന്ന ക്രോഡീകരണത്തിലൂടെ പ്രവർത്തനം അവസാനിപ്പിക്കാം.

**ക്രോഡീകരണം:** കഴിവുകൾ നമ്മളിൽ നിക്ഷേപിച്ചിരിക്കുന്നത് ദൈവമാണെന്നും, ആ കഴിവുകളിലൂടെ നാം എടുക്കുന്ന അധ്വാനത്തിന് ദൈവത്തെ മഹത്ത്വപ്പെടുത്തുവാൻ കഴിയുമെന്നും കുട്ടികൾക്ക് മനസ്സിലാക്കുന്നു. തൊഴിലിനോടുള്ള സമീപനം ദൈവിക ചിന്തയോടെയായിരിക്കണം എന്നും മനസ്സിലാക്കുവാൻ കുട്ടികൾക്ക് കഴിയുന്നു. മടി, അലസത തുടങ്ങിയവ തിന്മയാണെന്നും അതിലൂടെ അവരുടെ ഭാവി വളർച്ച മുരടിക്കും എന്നുംബോധ്യം ലഭിക്കുന്നു. തൊഴിൽ മാർഗങ്ങൾ ഇല്ലാതാക്കാൻ ശ്രമിക്കുന്ന അന്യായമായ കാര്യങ്ങൾ ദൈവികമല്ല എന്ന ബോധ്യവും ലഭിക്കുന്നു.

**തുടർപ്രവർത്തനം (മൊഡ്യൂൾ 2 –ന്റെ മുന്നൊരുക്കം)**

കുട്ടികളോട് ചാർട്ട് നിർമാണത്തിനാവശ്യമായ സാമഗ്രികൾ കൊണ്ടുവരണം എന്ന് ഓർമപ്പെടുത്തിവിടുക. ഒപ്പം തന്നെ വി. മത്തായി 25:31–40 വരെയുള്ള ഭാഗങ്ങൾ വായിച്ച് മനസിലാക്കി വരാൻ ആവശ്യപ്പെടുക. വചനഭാഗത്തിന് അനുസൃതമായ കാരുണ്യ പ്രവൃത്തികളുമായി ബന്ധപ്പെടുന്ന ചിത്രങ്ങൾ കൊണ്ടുവരാൻ ഓർമപ്പെടുത്തുക.

**മൊഡ്യൂൾ 2:** (1 മണിക്കൂർ) (സമ്പത്തും അതിന്റെ വിനിയോഗവും മുതൽ അവസാന ഭാഗം വരെ)

**ആമുഖ പ്രാർഥന:** കുട്ടികൾ നേതൃത്വം നൽകുന്നതായിരിക്കും ഉചിതം. കുട്ടികൾക്ക് പ്രാർഥിക്കാൻ ഉള്ള അവസരം ഓരോ ആഴ്ചയും മാറി മാറി കൊടുക്കണം. പരിശുദ്ധാത്മാവിന്റെ നിറവിനു വേണ്ടിയുള്ള ഗാനത്തോടെ പ്രാർഥന ആരംഭിക്കുന്നതായിരിക്കും ഉചിതം.

അധ്വാനവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ ചോദിച്ച് തലേ ആഴ്ചയിലെ ക്ലാസ്സ് കുട്ടികൾക്ക് മനസ്സിലായി എന്നുറപ്പു വരുത്തുക. അവർക്കു ലഭിച്ച ബോധ്യങ്ങൾ ശരിയാണ് എന്നുറപ്പുവരുത്താനും ഇതു മൂലം സാധിക്കും.

**പ്രവർത്തനം 1**

സമ്പത്തിനെക്കുറിച്ചുള്ള ക്രൈസ്തവ വീക്ഷണത്തെ വ്യക്തമാക്കാനായിട്ടാണ് ഈ പ്രവർത്തനം കൊടുത്തിരിക്കുന്നത്.

തലേ ആഴ്ചകൊടുത്തുവിട്ട തുടർപ്രവർത്തനത്തിന്റെ ഭാഗമായി കുട്ടികൾ ഗ്രൂപ്പുകളായി അവർക്കു കൊടുത്തിരിക്കുന്ന ചാർട്ട് പേപ്പറിൽ അവർ കൊണ്ടുവന്നിരിക്കുന്ന ജീവ കാരുണ്യ പ്രവൃത്തികളുടെ ചിത്രങ്ങൾ ഒട്ടിക്കുകയും അത് എന്ത് പ്രവൃത്തിയാണെന്ന് അടയാളപ്പെടുത്തുകയും ചെയ്യുക. തുടർന്ന് ആ പ്രവൃത്തികൾക്ക് ദൈവം കൊടുത്ത സമ്മാനം എന്തായിരുന്നു എന്നുകൂടി ചാർട്ട് പേപ്പറിൽ രേഖപ്പെടുത്തുക.

പ്രവർത്തനം ക്രോഡീകരണത്തിന്റെ ഭാഗമായി ടീച്ചർ കുട്ടികളോട് ചാർട്ട് ക്ലാസ്സിൽ പ്രസന്റ് ചെയ്യാൻ ആവശ്യപ്പെടുകയും താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് അവർ കണ്ടെത്തുന്ന ഉത്തരം ഒപ്പം അവതരിപ്പിക്കാനും ആവശ്യപ്പെടുക.

1. സമ്പത്ത് എങ്ങനെ വിനിയോഗിച്ചാൽ ദൈവിക അനുഗ്രഹത്തിന് നാം പാത്രമാകും.
2. ഇപ്രകാരം സമ്പത്ത് വിനിയോഗിക്കുന്ന ജീവകാരുണ്യ പ്രവൃത്തികൾക്ക് മുൻതൂക്കം കൊടുക്കുന്ന നിങ്ങളുടെ ഇടവകയിലോ പരിചയത്തിലോ ഉള്ള ഏതാനും ചില വ്യക്തികളെയോ സ്ഥാപനങ്ങളെയോ കണ്ടുപിടിച്ച് ചൂണ്ടിക്കാണിക്കുക.

**ക്രോഡീകരണം:** സമ്പത്ത് എന്ന വാക്കുകൊണ്ട് അർഥമാകുന്നത് എന്താണെന്നു കുട്ടികൾക്കു ബോധ്യമാകുന്നു. സമ്പത്തിനെ കുറിച്ചുള്ള ക്രൈസ്തവ വീക്ഷണം കുട്ടികൾ സ്വായത്തമാക്കുന്നു. സമ്പത്തിന്റെ യഥാർഥ സ്രഷ്ടാവ് ദൈവം ആകുന്നു, നാം അതിന്റെ കാര്യസ്ഥർ ആകുന്നു എന്ന ബോധ്യം ലഭിക്കുന്നു. സമ്പത്ത് അനുഗ്രഹമായി മാറുന്നു. ബൈബിൾ വിവക്ഷിക്കുന്ന പ്രകാരമുള്ള ജീവകാരുണ്യ പ്രവൃത്തികൾ കൂടി ഉൾക്കൊള്ളുമ്പോഴാണ് എന്ന പ്രധാനപ്പെട്ട ആശയം കുട്ടികൾക്ക് മനസ്സിലാകുന്നു.

**പ്രവർത്തനം 2:** സമ്പത്തിന്റെ ദുർവ്യയം (വിഷയ അപഗ്രഥനം)

സമ്പത്ത് ദുർവ്യയം ചെയ്യപ്പെടാനുള്ളതല്ല പ്രത്യുത അത് ആവശ്യങ്ങൾക്ക് ഉപകരിക്കപ്പെടാനായി ദൈവം നൽകുന്ന സമ്മാനമാണ് എന്ന ബോധ്യവും, ദുർവ്യയം ചെയ്യപ്പെട്ടാൽ അത് ദൈവസന്നിധിയിൽ ഒരു തിന്മയായി മാറും എന്ന ബോധ്യവും ഈ പ്രവർത്തനത്തിലൂടെ കുട്ടികൾ

സ്വായത്തമാക്കണം ലൂക്കാ 12:13–21 വരെയുള്ള തിരുവചന ഭാഗത്തിലെ ഭോഷനായ ധനികന്റെ ഉപമ വിശദമാക്കി കൊണ്ട് താഴെ പറയുന്ന ചോദ്യങ്ങൾക്ക് വ്യക്തിപരമായി ഉത്തരം കണ്ടെത്താൻ കുട്ടികളോട് ആവശ്യപ്പെടുക.

1. ഭോഷനായ മനുഷ്യന്റെ സമ്പത്തിനോടുള്ള കാഴ്ചപ്പാട് എന്തായിരുന്നു?
2. ധൂർത്തിന്റെ മറ്റൊരു മുഖമായി ധനികനെ ചൂണ്ടിക്കാണിക്കാൻ കഴിയുമോ?
3. നിത്യത എന്ന വലിയ സമ്പത്തിനെക്കുറിച്ച് അവനു ധാരണയുണ്ടായിരുന്നോ?

കുട്ടികളിൽ നിന്നും ഏതാനും ചിലർക്ക് ക്ലാസ്സിന്റെ സമയമനുസരിച്ച് അവർ കണ്ടെത്തിയ ഉത്തരങ്ങൾ അവതരിപ്പിക്കാൻ സമയം കൊടുക്കാം. കുട്ടികൾ വിഷയം അവതരിപ്പിച്ചുകഴിയുമ്പോൾ. സമ്പത്ത് ധൂർത്തടിക്കാനുള്ളതല്ല എന്ന ബോധ്യവും, നിത്യത എന്ന ഏറ്റവും പ്രധാനപ്പെട്ട സമ്പത്ത് നേടാൻ നാം കൂടുതൽ ശ്രമിക്കണം എന്ന ബോധ്യവും പകർന്നു കൊടുക്കാൻ ഈ പ്രവർത്തനത്തിലൂടെ ടീച്ചറിനുസാധിക്കണം. ഒപ്പം സമ്പത്തിന്റെ ഉപയോഗം എങ്ങനെയായിരിക്കണം എന്നത് ഈ പ്രവർത്തനത്തിന്റെ ക്രോഡീകരണത്തിലൂടെ വിശദമാക്കാൻ സാധിക്കും.

### ഗ്രൂപ്പ് ചർച്ച

ഈ ബൈബിൾ ഭാഗത്തെ ആസ്പദമാക്കി ആനുകാലിക ജീവിതത്തിലെ ഏതാനും ചില സംഭവങ്ങൾ കുട്ടികൾക്ക് വിശകലനം ചെയ്യാൻ ഒരു പഠന പ്രവർത്തനമായി കൊടുക്കുക (ഓരോ ഗ്രൂപ്പിനും വ്യത്യസ്ത വിഷയങ്ങൾ കൊടുക്കണം). ഏതാനും ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു. കൂടുതലായുള്ള വിഷയങ്ങൾ അധ്യാപകർ കണ്ടെത്തി കുട്ടികൾക്കു കൊടുക്കാം.

**വിഷയം 1:** ആഘോഷവേളകളിലെ ധൂർത്ത്.

**വിഷയം 2:** വിവാഹവേളകൾ, മറ്റ് ആഘോഷങ്ങൾ എന്നീ ഇടങ്ങളിൽ നശിപ്പിച്ചു കളയുന്ന ഭക്ഷണം.

**വിഷയം 3:** ആവശ്യത്തിലധികം വസ്ത്രങ്ങൾ ആഭരണങ്ങൾ തുടങ്ങിയവ വാങ്ങിക്കുകയും അധികം ഉപയോഗിക്കാതെ നശിപ്പിച്ചു കളയുകയും ചെയ്യുന്ന പ്രവണത.

അവരവരുടെ ഗ്രൂപ്പിനു ലഭിച്ചിരിക്കുന്ന മേഖലകളിലെ സമ്പത്തിന്റെ വിനിയോഗം ശരിയായ രീതിയിൽ ആണോ നടക്കുന്നത് എന്നതും നിങ്ങൾക്ക് ഈ മേഖലകളിൽ എങ്ങനെ മറ്റുള്ളവർക്ക് മാതൃകയാവും എന്നതിനെയും ആസ്പദമാക്കി ഈ വിഷയ അപഗ്രഥനം മുന്നോട്ടുകൊണ്ടു പോകാം. ഓരോ ഗ്രൂപ്പും അവരവരുടെ കണ്ടെത്തലുകൾ അവതരിപ്പിക്കാൻ അവസരം കൊടുക്കുക.

**ക്രോഡീകരണം:** സമ്പത്ത് ദുർവ്യയം ചെയ്യുന്നത് തിന്മയാകുന്നു എന്ന ബോധ്യം കുട്ടികൾക്ക് ലഭിക്കുന്നു. ധൂർത്ത് പോലെ പിശുക്കും തിന്മതന്നെയാണ് എന്ന് മനസ്സിലാക്കി കൊടുക്കാനും കഴിയുന്നു.

1. സമ്പത്ത് ദുർവ്യയം ചെയ്യപ്പെടാനുള്ളതല്ല എന്ന തിരിച്ചറിവ് സാധ്യമാകുന്നു.
2. ദൈവാനുഗ്രഹം ഉള്ളതിനാലാണ് അധ്വാനത്തിലൂടെ സമ്പത്ത് നേടാൻ സാധിക്കുന്നത് എന്ന ബോധ്യം ലഭിക്കുന്നു.
3. സമ്പത്തിന്റെ ദുർവ്യയം തിന്മയാകുന്നു എന്ന ബോധ്യം സൃഷ്ടിക്കപ്പെടുന്നു.
4. ധൂർത്ത് പോലെ പിശുക്കും തിന്മയുടെ മറ്റൊരു മുഖമാണ് എന്ന ബോധ്യത്തിലേയ്ക്കും നയിക്കപ്പെടുന്നു.
5. പാവങ്ങൾക്കും, അശരണർക്കും, താങ്ങായി നമ്മുടെ സമ്പത്തിന്റെ വിഹിതം മാറ്റണം എന്ന ഉത്തമ ബോധ്യത്തിലേയ്ക്ക് കുട്ടികളെ നയിക്കണം.

**പ്രവർത്തനം 3:** (ഗ്രൂപ്പ് ചർച്ച)

ദൈവാലയ പതവാരവുമായി ബന്ധപ്പെട്ട് കുട്ടികൾക്ക് എന്തു കാഴ്ചപ്പാടാണുള്ളതെന്ന് അധ്യാപകർ ചോദിച്ച് മനസ്സിലാക്കുക. തുടർന്ന് മലാക്കി 3:10-11 ഉം വി. മർക്കോസ് 12:41-44 വരെയുള്ള തിരുവചന ഭാഗങ്ങൾ കുട്ടികളോട് ഗ്രൂപ്പ് തിരിഞ്ഞ് വായിച്ച് മനസ്സിലാക്കാൻ ആവശ്യപ്പെടുക. ദശാംശം കൊടുക്കുമ്പോൾ എന്തു സംഭവിക്കുന്നു എന്നും, വിധവയുടെ കാണിക്കയെ ഈശോ എങ്ങനെ വിലയിരുത്തിയെന്നും ചർച്ച ചെയ്ത് അവർക്ക് ലഭിച്ച ബോധ്യങ്ങൾ ക്ലാസ്സിൽ അവതരിപ്പിക്കാൻ ആവശ്യപ്പെടുക. പ്രധാനമായും കുട്ടികൾ ദൈവാലയ പതവാരത്തിനു/ഓഹരിക്കും കൊടുക്കുന്ന മൂല്യം എന്തെന്നു തിരിച്ചറിയാൻ ഈ പ്രവർത്തനത്തിലൂടെ അധ്യാപകർക്കു സാധിക്കും. ചർച്ചയുടെ ക്രോഡീകരണത്തിലൂടെ ദൈവാലയത്തിൽ നാം കൊടുക്കുന്ന ഓഹരി നമ്മുടെ ജീവിതത്തിൽ

അനുഗ്രഹമായി മാറും എന്ന ബോധ്യം പകർന്നു കൊടുത്ത് പ്രവർത്തനം അവസാനിപ്പിക്കാവുന്നതാണ്.

**ക്രോഡീകരണം:** സമ്പത്തിന് ആനുപാതികമായ നികുതി രാഷ്ട്ര ത്തിനും, ഓഹരി ദൈവത്തിനും (ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും സുവിശേഷ വേലയ്ക്കും) കൊടുക്കാൻ ബാധ്യസ്ഥരാണ് എന്ന ബോധ്യം ലഭിക്കുന്നു. സമ്പത്തിന്റെ അനുഗ്രഹത്തിന്റെ പൂർണത നിയ മാനുസൃതം സമ്പാദിക്കുന്നതിലൂടെയും ചിലവഴിക്കുന്നതിലൂടെയും, ആണെന്ന ബോധ്യം കൊടുക്കുക.



**ദൈവവചനം വായിക്കാം**

ശ്ലീഹന്മാരുടെ പ്രവർത്തനങ്ങൾ

അധ്യായങ്ങൾ 17-20



**ഹൃദയം ദീപ്തമാക്കാം**

“അത്യുന്നതന്റെ കൽപനകളനുസരിച്ച് വേണം ധനം നേടാൻ, അതു സ്വർണത്തേക്കാൾ ലാഭകരമാണ്” (പ്രഭാ 29:11).



**എന്റെ തീരുമാനം**

ഞാൻ എന്റെ കഴിവിനൊത്ത് അധ്വാനിക്കും. സമ്പത്തിന്റെ വിഹിതം രാഷ്ട്രത്തിനും (നികുതി) സഭയുടെ ജീവകാരുണ്യ പ്രവൃത്തികൾക്കും കൊടുക്കും.

**ചില ചോദ്യമാതൃകകൾ**

1. നിങ്ങളുടെ ഒരു സുഹൃത്ത് സമ്പത്തിനെ കാണുന്നത്, അവന് സുഖസമൃദ്ധമായി ജീവിക്കാനുള്ള ഒരു കാരണമായിട്ടാണ്, നിങ്ങൾ അവനെ സമ്പത്ത് ദൈവദാനമാണെന്ന് എങ്ങനെ ബോധ്യപ്പെടുത്തും?
2. അലസതയും മടിയും തന്റെ വ്യക്തിത്വ വളർച്ചയ്ക്കും, സാമൂഹിക വളർച്ചയ്ക്കും വിഘാതം സൃഷ്ടിക്കുന്ന ഒരു ഘടകമാണ് എന്ന് നിങ്ങൾ എങ്ങനെ സ്ഥാപിക്കും.
3. കൈക്കൂലിയും അഴിമതിയും നടത്തി സമ്പാദിക്കുന്ന സമ്പത്ത് ഒരിക്കലും നിലനിൽക്കില്ല എന്ന് ഈ അധ്യായത്തിന്റെ വെളിച്ചത്തിൽ സമർഥിക്കുക.

4. മാതാപിതാക്കളുടെ അധ്വാനത്തിന് വലിയ മൂല്യം ഉണ്ട് എന്ന് സദാസമയവും മാതാപിതാക്കളെ കുറ്റം പറയുന്ന സുഹൃത്തിനെ ബോധ്യപ്പെടുത്തുക

5. സാമൂഹിക നന്മയെ ലക്ഷ്യമാക്കി എങ്ങനെയൊക്ക അധ്വാനി ക്കണം എന്നും സമ്പത്ത് എങ്ങനെ വിനിയോഗിക്കണം എന്നതും ഈ അധ്യായത്തിന്റെ വെളിച്ചത്തിൽ നിങ്ങളുടെ ക്ലാസ്സ് റൂമിൽ സമർ ഥിക്കുക.

6. നികുതി വെട്ടിക്കുന്നത് തിന്മയാകുന്നു എന്നും അത് ക്രിസ്തീയമല്ല എന്നും എങ്ങനെ നിങ്ങൾക്ക് മറ്റുള്ളവരെ ബോധ്യപ്പെടുത്താൻ കഴിയും?

7. നിങ്ങളുടെ സുഹൃത്ത് ദൈവാലയ പതവാരത്തെ എതിർത്തു സംസാരിക്കുകയും മറ്റുള്ളവരെ ഓഹരി കൊടുക്കുന്നതിൽ നിന്നും നിരുത്സാഹപ്പെടുത്തുകയും ചെയ്യുന്നു. എങ്ങനെ ഈ സുഹൃത്തിന്റെ ബോധ്യങ്ങളെ നിങ്ങൾക്ക് തിരുത്താൻ കഴിയും.

8. ന്യായമല്ലാത്ത കാര്യങ്ങൾക്കു വേണ്ടി സമരം ചെയ്യുകയും തൊഴിൽ സ്ഥാപനങ്ങളെ അപകടത്തിലാക്കുകയും ചെയ്യുന്ന ഏതാനും സുഹൃത്തുക്കൾ നിങ്ങൾക്ക് ഉണ്ടെങ്കിൽ അവർ മൂലം സമൂഹത്തിൽ സംഭവിക്കുന്ന പ്രശ്നങ്ങളെ നിങ്ങൾക്ക് എങ്ങനെ അവരെ ബോധ്യപ്പെടുത്താം.

9. ഒരു രാഷ്ട്രീയക്കാരൻ, ഒരു സംഘടനക്കാരൻ, ഒരു ജീവകാരുണ്യ പ്രവർത്തകൻ, ഇവർ മൂന്നുപേരും പിരിവിനായി/സംഭാവനക്കായി നിങ്ങളെ സമീപിച്ചാൽ നിങ്ങൾ ആർക്കായിരിക്കും മുൻഗണന കൊടുക്കുക. എന്തുകൊണ്ട്?

10. താഴെ പറയുന്ന മേഖലകളെ കാര്യകാരണ സഹിതം തിരുത്താൻ കഴിയുന്ന ഏതാനും ചില മാർഗങ്ങൾ നിർദ്ദേശിക്കുക.

    a) ഭക്ഷണത്തെ ബഹുമാനിക്കാതെ പാഴാക്കി കളയുന്ന വ്യക്തി.
    b) കൈക്കൂലി മേടിക്കുന്നത് ചെയ്തുകൊടുക്കുന്ന സേവനത്തിന്റെ കൂലിയായി കരുതുന്ന വ്യക്തി.
    c) ചെറിയ തൊഴിലുകളെ പുച്ഛത്തോടെ വീക്ഷിക്കുന്ന വ്യക്തി.

അധ്യായം 11

# ക്രൈസ്തവ സംഭാവനകൾ

## A. **പാഠവിശകലനം**

ജീവിതത്തിന്റെ സമസ്ത മേഖലകളിലും കാണപ്പെടുന്ന ക്രൈസ്തവ സാന്നിധ്യത്തെ, പാഠം വിശകലനം ചെയ്യുന്നു. ലോകചരിത്രവും ഭാരത ചരിത്രവും കേരളചരിത്രവും പരിശോധിച്ച് ക്രൈസ്തവ സംഭാവനകളുടെ ആഴം കുട്ടികളെ ബോധ്യപ്പെടുത്താനുള്ള ശ്രമമാണ് പാഠത്തിന്റെ ഉള്ളടക്കം.

**ലക്ഷ്യം:** ക്രൈസ്തവ സംഭാവനകൾ ആഴത്തിൽ മനസ്സിലാക്കി ക്രൈസ്തവൻ ആയിരിക്കുന്നതിൽ അഭിമാനബോധം ഉള്ളവരായിത്തീർന്ന് ലോകത്തിൽ ക്രൈസ്തവ ദൗത്യം തുടരുവാൻ പഠിതാക്കൾ ഒരുങ്ങുന്നു.

**ബോധ്യങ്ങൾ**

1. ലോകത്തിന്റെ മാനവിക പുരോഗതിക്ക് അടിത്തറയിടുന്നതിൽ സഭ നിർണായക പങ്കുവഹിച്ചിട്ടുണ്ട്.
2. മാതൃരാജ്യത്തിന്റെ സാമൂഹിക നവോത്ഥാനത്തിനും സ്വാതന്ത്ര്യത്തിനും വഴിതെളിച്ചതിൽ ക്രിസ്ത്യാനികൾ വലിയ സംഭാവനകൾ നൽകിയിട്ടുണ്ട്.
3. കേരളത്തിന്റെ സമഗ്രപുരോഗതിക്ക് പിന്നിൽ ക്രൈസ്തവസഭ നിർണായക പങ്കുവഹിച്ചുകൊണ്ടിരിക്കുന്നു.

**ശീലം:** സമകാലീന ലോകത്ത് ക്രൈസ്തവർ നൽകുന്ന സംഭാവനകൾ ശ്രദ്ധയോടെ പഠിച്ച് രേഖപ്പെടുത്തുന്ന ശീലം വളർത്തിയെടുക്കുന്നു.

**സഹായക ഗ്രന്ഥങ്ങൾ**

- വി. ബൈബിൾ
- കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം
- സേവനനിരതയായ സഭ- മാർ തോമസ് പാടിയത്ത്, കുടുംബ ജ്യോതി പ്രസിദ്ധീകരണം, ചങ്ങനാശ്ശേരി
- രാജ്യപുരോഗതിക്ക് ക്രൈസ്തവസംഭാവനകൾ- ഫാ. ജോസഫ് പനക്കേഴം, സന്ദേശനിലയം പ്രസിദ്ധീകരണം, ചങ്ങനാശ്ശേരി

**പ്രധാന ആശയങ്ങൾ**

1. സുവിശേഷമൂല്യങ്ങളിൽ അധിഷ്ഠിതമായ ആത്മീയ, ധാർമിക ജീവിതം സഭ ലോകത്തിന് നൽകിയ സംഭാവനയാണ്.
2. ഇരുൾമൂടിയ സാമൂഹ്യമേഖലകളിൽ വെളിച്ചം വീശുന്ന പ്രവർത്തനങ്ങൾക്ക് ക്രൈസ്തവസഭ ലോകമെമ്പാടും നേതൃത്വം നൽകിയിട്ടുണ്ട്.
3. ഇന്ത്യയുടെ സ്വാതന്ത്ര്യസമര ചരിത്രത്തിൽ ക്രൈസ്തവസഭയ്ക്ക് നിർണായകമായ സ്വാധീനമുണ്ട്.
4. വിദ്യാഭ്യാസം, ജീവകാരുണ്യം, ആരോഗ്യം തുടങ്ങിയ മേഖലകളിലെ ക്രൈസ്തവസംഭാവനകൾ വിലപ്പെട്ടതാണ്.
5. ഭാഷ സാഹിത്യ കലാമേഖലകളിലും കാർഷിക വ്യവസായ മേഖലകളിലും ക്രൈസ്തവർ തങ്ങളുടേതായ പങ്കുവഹിച്ചിട്ടുണ്ട്.

B. **പാഠാവതരണം**

2 മണിക്കൂർ കൊണ്ട് പൂർത്തിയാവുന്ന രണ്ടു മൊഡ്യൂളുകൾ ഉൾക്കൊള്ളുന്നതാണ് ഈ അധ്യായം.

**പഠനോപകരണങ്ങൾ**

സഭയുടെ സംഭാവനകളെകുറിച്ചുള്ള പത്രക്കട്ടിങ്ങുകൾ, മാഗസിൻ ഫീച്ചറുകൾ, വീഡിയോകൾ

**മൊഡ്യൂൾ 1** (സമയം 1 മണിക്കൂർ)

പാഠാരംഭം മുതൽ രാഷ്ട്ര നിർമാണം വരെ

**ആമുഖ പ്രാർഥന:** പാഠത്തിന്റെ ആശയവുമായി ബന്ധപ്പെടുത്തി ടീച്ചറിന്റെ നേതൃത്വത്തിൽ പ്രാർഥിക്കുന്നു.

**പ്രവർത്തനം 1:** ഗ്രൂപ്പ് കണ്ടെത്തൽ പഠനം

ഗ്രിഗർ മെൻഡൽ, കൊൽക്കത്തയിലെ വിശുദ്ധ തെരേസ, വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചൻ എന്നിവരുടെ സംഭാവനകൾ വ്യക്തമാകുന്ന വീഡിയോ കാണിച്ചതിനു ശേഷം മാനവസമൂഹത്തിന് ക്രൈസ്തവസമൂഹം നൽകിയ സംഭാവനകൾ പ്രധാനമായും ഏതൊക്കെ മേഖലകളിലായിരിക്കും എന്ന് ഗ്രൂപ്പ് ചർച്ചയിലൂടെ കണ്ടെത്താൻ ആവശ്യപ്പെടുന്നു.

**ക്രോഡീകരണം:** ക്രൈസ്തവ സംഭാവനകൾ- ധാർമിക മേഖല, ജീവകാരുണ്യ മേഖല, സാമൂഹ്യ മേഖല, വിദ്യാഭ്യാസ മേഖല, രാഷ്ട്രനിർമാണം, കാർഷിക വാണിജ്യ മേഖലകൾ, ഭാഷ സാഹിത്യ കലാമേഖലകൾ.

**പ്രവർത്തനം 2:** ഉദാഹരണങ്ങൾ കണ്ടെത്തൽ

വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ സമാധാനപ്രാർഥന ക്ലാസ്സിൽ ചൊല്ലിയതിനുശേഷം പ്രാർഥനയിൽ ഉൾക്കൊണ്ടിരിക്കുന്ന സുവിശേഷമൂല്യങ്ങൾ കണ്ടെത്തുന്നു. സഭ ലോകത്തിനു സമ്മാനിച്ച മൂല്യങ്ങൾക്ക് ഉദാഹരണങ്ങൾ ഗ്രൂപ്പുകൾ കണ്ടെത്തി അവതരിപ്പിക്കുന്നു.

**ക്രോഡീകരണം:** ലോകത്തിന്റെ ധാർമിക മനസ്സാക്ഷിയാണ് സഭ.

**പ്രവർത്തനം 3:** പാനൽ ചർച്ച

ഇന്ത്യയുടെ നവോത്ഥാനത്തിൽ ക്രൈസ്തവരുടെ സംഭാവനകൾ എന്ന വിഷയത്തിൽ പാഠപുസ്തകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന കർമരംഗങ്ങൾ രണ്ടെണ്ണം വീതം 4 ഗ്രൂപ്പുകൾക്ക് നൽകുന്നു. തങ്ങൾക്കു ലഭിച്ചിരിക്കുന്ന കർമരംഗങ്ങളിലെ ക്രൈസ്തവ ഇടപെടലുകളെപറ്റി ആഴത്തിൽ പഠിച്ചതിനുശേഷം ഗ്രൂപ്പ് പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു പാനൽചർച്ച സംഘടിപ്പിക്കുന്നു.

**ക്രോഡീകരണം:** ഇരുൾമൂടിയ സാമൂഹ്യമേഖലകളിൽ വെളിച്ചം വീശാൻ ക്രൈസ്തവർ നടത്തിയ ഇടപെടലുകൾ വലിയ സാമൂഹിക മാറ്റങ്ങൾക്ക് വഴിതെളിച്ചു.

**പ്രവർത്തനം 4:** അന്വേഷണ റിപ്പോർട്ട് തയ്യാറാക്കൽ

നിങ്ങളുടെ നാട്ടിലും പരിസര പ്രദേശങ്ങളിലും ക്രിസ്ത്യാനികൾ വരുത്തിയ/വരുത്തിക്കൊണ്ടിരിക്കുന്ന സാമൂഹ്യമാറ്റങ്ങൾ പട്ടികപ്പെടുത്തുക.

**ക്രോഡീകരണം:** നമ്മുടെ നാട്ടിലെ സാമൂഹ്യമാറ്റങ്ങളിൽ എന്റെ സഭയ്ക്ക് അഭിമാനകരമായ പങ്കുണ്ട്.

**പ്രവർത്തനം 5:** ചാർട്ട് നിർമാണം

ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിൽ ക്രൈസ്തവരുടെ പങ്ക് വ്യക്തമാക്കുന്ന ചാർട്ട് തയ്യാറാക്കി നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു.

**ക്രോഡീകരണം:** ഇന്ത്യയുടെ സ്വാതന്ത്ര്യ സമരചരിത്രത്തിൽ ക്രൈസ്തവർക്ക് നിഷേധിക്കാനാവാത്ത പങ്കുണ്ട്.

**മൊഡ്യൂൾ 2**

(സമയം 1 മണിക്കൂർ) വിദ്യാഭ്യാസമേഖല മുതൽ പാഠാവസാനം വരെ

**പ്രവർത്തനം 1:** പവർ പോയിന്റ് പ്രസന്റേഷൻ നിർമാണം, അവതരണം

ഗ്രൂപ്പ് അടിസ്ഥാനത്തിൽ കുട്ടികൾ തയ്യാറാക്കി കൊണ്ടുവരുന്ന പവർ പോയിന്റ് പ്രസന്റേഷൻ ക്ലാസ്സിൽ അവതരിപ്പിക്കുന്നു. വിഷയങ്ങൾ- വിദ്യാഭ്യാസരംഗത്തെ ക്രൈസ്തവ സംഭാവനകൾ, വിശുദ്ധ ചാവറയച്ചന്റെ സംഭാവനകൾ.

**ക്രോഡീകരണം:** വിദ്യാഭ്യാസരംഗത്തെ ക്രൈസ്തവ സംഭാവനകൾ, വിശുദ്ധ ചാവറയച്ചന്റെ സംഭാവനകൾ.

**പ്രവർത്തനം 2:** ഫീൽഡ് ട്രിപ്

അഗതിമന്ദിരം, ഭിന്നശേഷിക്കാരായ കുട്ടികളെ പാർപ്പിച്ചിരിക്കുന്ന സെന്ററുകൾ, മാനസികരോഗികളെ പാർപ്പിച്ചിരിക്കുന്ന സ്ഥലങ്ങൾ സന്ദർശനം നടത്തിയതിനുശേഷം (സാധ്യമല്ലെങ്കിൽ പ്രവർത്തനങ്ങൾ വ്യക്തമാക്കുന്ന വീഡിയോ കണ്ടതിനുശേഷം) താഴ്ന്ന ക്ലാസ്സിലെ കുട്ടികൾക്ക് ജീവകാരുണ്യ മേഖലയിലെ ക്രൈസ്തവ സാന്നിധ്യം പരിചയപ്പെടുത്തുന്നു.

**ക്രോഡീകരണം:** ജീവകാരുണ്യ മേഖലയിലെ സംഭാവനകൾ.

**പ്രവർത്തനം 3:** സൂചനകളിലൂടെ കണ്ടെത്തൽ


ഭാഷ സാഹിത്യ കലാമേഖലകളിലും  കാർഷിക വ്യവസായ മേഖലകളിലും സംഭാവനകൾ നൽകിയിട്ടുള്ള 4 വ്യക്തികളെ ഓരോ ഗ്രൂപ്പും കണ്ടെത്തുന്നു. ഇവരെപ്പറ്റി പഠിച്ചു സംഭാവനകളെക്കുറിച്ച്  ചെറുവിവരണം നൽകുന്നു. മറ്റു ഗ്രൂപ്പുകൾ ഈ വ്യക്തി ആരാണെന്ന് കണ്ടെത്താൻ ശ്രമിക്കുന്നു.

**ക്രോഡീകരണം:** ഭാഷ സാഹിത്യ കലാമേഖലകളിലെയും കാർഷിക വ്യവസായ മേഖലകളിലെയും സംഭാവനകൾ.

**തുടർ പ്രവർത്തനങ്ങൾ**

വിദ്യാഭ്യാസരംഗത്തെ ക്രൈസ്തവ സംഭാവനകൾ എന്ന വിഷയത്തിൽ ഒരു സെമിനാർ സംഘടിപ്പിക്കുന്നു.

1945, 1957, 1972, 2006 എന്നീ വർഷങ്ങളിലെ കേരളത്തിലെ വിദ്യാഭ്യാസ അവകാശ സമരങ്ങൾ എന്തിനുവേണ്ടിയായിരുന്നുവെന്ന് കണ്ടെത്തുന്നു. രൂപതയിലും ഇടവകയിലും സംഘടനകളിലും കഴിഞ്ഞവർഷം നടത്തിയ ജീവകാരുണ്യ പ്രവർത്തനങ്ങളെപ്പറ്റി പഠിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കുന്നു.



**ദൈവവചനം വായിക്കാം**

ശ്ലീഹന്മാരുടെ പ്രവർത്തനങ്ങൾ

അധ്യായങ്ങൾ 21-24



**ഹൃദയം ദീപ്തമാക്കാം**

"നിങ്ങളിൽ വലിയവനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷകനും നിങ്ങളിൽ ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ദാസനുമായിരിക്കണം" (മത്താ 20:27).



**എന്റെ തീരുമാനം**

ക്രിസ്തീയമൂല്യങ്ങളെ മുറുകെപ്പിടിച്ചുകൊണ്ടും പൂർവികരുടെ പാത പിന്തുടർന്നുകൊണ്ടും സഭയോടുചേർന്ന് രാജ്യപുരോഗതിക്കായി ഞാൻ പ്രവർത്തിക്കും.

**ചില ചോദ്യമാതൃകകൾ**

1. സമകാലീന ജീവിതത്തിൽ സുവിശേഷ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാൻ സഭ ശ്രമിക്കുന്നതിന് ആനുകാലിക സംഭവങ്ങളിൽ നിന്ന് ഉദാഹരണങ്ങൾ കണ്ടെത്തുക?
2. ഭാരതത്തിന്റെ സാമൂഹിക മേഖലകളിൽ ക്രൈസ്തവർ നടത്തിയ ഇടപെടലുകൾ എന്ന വിഷയത്തിൽ സമൂഹ മാധ്യമങ്ങളിൽ നടക്കുന്ന സംവാദത്തിൽ നിങ്ങൾ നടത്താൻ ഉദ്ദേശിക്കുന്ന അവതരണം തയാറാക്കാമോ?
3. നിങ്ങളുടെ രൂപതയിൽ നടക്കുന്ന പ്രധാനപ്പെട്ട സാമൂഹിക പ്രവർത്തനങ്ങളെ കണ്ടെത്താമോ?
4. ഇന്ത്യയുടെ സ്വാതന്ത്ര്യസമര ചരിത്രത്തിൽ ക്രൈസ്തവർക്ക് പങ്കില്ല എന്ന് പറയുന്ന നിങ്ങളുടെ സുഹൃത്തിന് എന്ത് മറുപടി നൽകും?

5. 'വർത്തമാനപുസ്തക'ത്തെപ്പറ്റി ഒരു ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക?
6. കേരളത്തിന്റെ വിദ്യാഭ്യാസരംഗത്ത് വി. ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചന്റെ സംഭാവനകൾ വരുത്തിയ മാറ്റങ്ങൾ കണ്ടെത്തുക?
7. എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്തു കൊടുത്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തുതന്നത്. ഈശോയുടെ ഈ വാക്കുകളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് നിങ്ങളുടെ രൂപത നടത്തുന്ന ജീവകാരുണ്യ പ്രവർത്തനങ്ങളെപ്പറ്റി ഒരു കുറിപ്പ് തയ്യാറാക്കുക?
8. ഭാരതസഭയുടെ തനതു കലാരൂപങ്ങളിൽ ഏതെങ്കിലും ഒന്നിനെപ്പറ്റി ഒരു കുറിപ്പ് തയ്യാറാക്കുക?
9. കേരളത്തിൽ പട്ടിണിക്ക് അറുതി വരുത്തിയതിനു പിന്നിൽ ക്രൈസ്തവരുടെ നേതൃത്വത്തിൽ നടന്ന മലബാർ ഹൈറേഞ്ച് കുടിയേറ്റങ്ങൾക്കുള്ള പങ്ക് വിശദമാക്കുക?
10. സ്ത്രീ വിദ്യാഭ്യാസത്തിൽ ക്രൈസ്തവർ നടത്തിയ ഇടപെടലുകൾ എന്തൊക്കെയായിരുന്നു?

## അധ്യായം 12
# ഞാൻ ഈശോയുടെ സാക്ഷി

**A. പാഠവിശകലനം**

സുവിശേഷവത്കരണ പ്രക്രിയയെന്താണെന്നും ക്രൈസ്തവസാക്ഷ്യവും അതിന്റെ വിവിധതലങ്ങളും രീതികളുമെന്താണെന്നും നാം ഈ ഭൂമിയിലായിരിക്കുന്നതിന്റെ ആത്യന്തിക ലക്ഷ്യമെന്തെന്നും ഈ പാഠം വിശകലനം ചെയ്യുന്നു.

**ലക്ഷ്യം:** നാം ഈ ഭൂമിയിലായിരിക്കുന്നതിന്റെ ലക്ഷ്യം ഉൾക്കൊണ്ട് നമ്മുടെ കർത്താവിനു സാക്ഷ്യം വഹിക്കുവാൻ ഏവരേയും പ്രാപ്തമാക്കുക എന്നതാണ് ഈ പാഠത്തിന്റെ ലക്ഷ്യം.

**ബോധ്യങ്ങൾ**

1. ഞാൻ ഈ ലോകത്തിൽ ആയിരിക്കുന്നത് ഈശോയെ അറിഞ്ഞ് സ്നേഹിച്ച് നന്മ ചെയ്ത് അവിടത്തോട് അനുരൂപപ്പെട്ട് സ്വർഗത്തിൽ എത്തിച്ചേരാനാണ്.
2. ഈശോ പിതാവായ ദൈവത്തിന് സാക്ഷ്യം വഹിച്ചതുപോലെ മാമോദീസാ സ്വീകരിച്ച നമ്മുടെ കടമയാണ് ഈശോയ്ക്ക് സാക്ഷ്യം വഹിക്കുകയെന്നത്.
3. വിശ്വാസത്തെപ്രതി എനിക്കുണ്ടാകുന്ന സഹനങ്ങൾ ക്രിസ്തീയ രക്തസാക്ഷിത്വത്തിന്റെ ഭാഗമാണ്.

**ശീലം:** ഞാനായിരിക്കുന്ന സാഹചര്യങ്ങളിലെല്ലാം ഈശോയ്ക്ക് സാക്ഷ്യം നൽകുന്നതിൽ നിന്ന് വിരമിക്കുകയില്ല.

**സഹായക ഗ്രന്ഥങ്ങൾ**

- വി. ബൈബിൾ
- യൂകാറ്റ്
- കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം
- രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ

**പ്രധാന ആശയങ്ങൾ**

1. മാമോദീസാ സ്വീകരിച്ച ക്രിസ്തുശിഷ്യരായ നമ്മുടെ കടമയാണ് സുവിശേഷപ്രഘോഷണം.
2. സുവിശേഷവത്കരണപ്രക്രിയ വിശ്വാസപ്രഘോഷണമാണ്.
3. പരിശുദ്ധാത്മാവിലൂടെയാണ് 'സുവിശേഷത്തിന്റെ ജീവനുള്ള ശബ്ദം'

സഭയിലും സഭയിലൂടെ ലോകത്തിലും മുഴങ്ങുന്നത്.

4. കുടുംബം, ഇടവക, സമൂഹം എന്നീ തലങ്ങളിലൂടെ ക്രൈസ്തവ ജീവിതസാക്ഷ്യം നയിക്കാൻ ഓരോരുത്തരും തയ്യാറാകണം.
5. ക്രൈസ്തവ ജീവിതസാക്ഷ്യത്തിന്റെ വിവിധ രീതികളാണ് പ്രാർഥന, മാതൃകാജീവിതം, സുവിശേഷപ്രഘോഷണം, കൗദാശികജീവിതം, കാരുണ്യപ്രവർത്തനങ്ങൾ, സാമൂഹ്യപ്രവർത്തനങ്ങൾ, സഹനജീവിതവും രക്തസാക്ഷിത്വവും.
6. മനുഷ്യനായിരിക്കുക എന്നതിന്റെ അർഥം ദൈവത്തിൽ നിന്നുവരുകയും ദൈവത്തിലേക്ക് പോവുകയും ചെയ്യുകയെന്നതാണ്.

**B. പാഠാവതരണം**

3 മണിക്കൂർ കൊണ്ട് പൂർത്തിയാവുന്ന രണ്ടു മൊഡ്യൂളുകൾ ഉൾക്കൊള്ളുന്നതാണ് ഈ അധ്യായം

**പഠനോപകരണങ്ങൾ**

വിശുദ്ധരുടെ ജീവചരിത്രങ്ങൾ, ചാർട്ടുകൾ, വീഡിയോകൾ,

**മൊഡ്യൂൾ 1:** ആമുഖം മുതൽ ക്രൈസ്തവസാക്ഷ്യത്തിന്റെ തലങ്ങൾവരെ (സമയം 1.30 മണിക്കൂർ)

**ആമുഖ പ്രാർഥന:** പാഠത്തിന്റെ ആശയവുമായി ബന്ധപ്പെടുത്തി ടീച്ചറിന്റെ നേതൃത്വത്തിൽ പ്രാർഥിക്കുന്നു.

ആമുഖഭാഗത്തെ മൂന്ന് ചോദ്യങ്ങൾ ചോദിച്ചുകൊണ്ട് ടീച്ചർ ക്ലാസ്സിലേക്ക് പ്രവേശിക്കുന്നു. നമ്മെ ഒരുപാട് സ്നേഹിച്ച്, നമുക്ക് വേണ്ടി നിലകൊണ്ട്, നമുക്ക് വേണ്ടി രക്തംചിന്തി മരിച്ച നമ്മുടെ സ്വന്തം ഈശോയെ ലോകത്തിനു പരിചയപ്പെടുത്തേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കുന്നു.

**പ്രവർത്തനം 1:** വി. ഗ്രന്ഥത്തിൽ നിന്നുള്ള കണ്ടെത്തൽ

ടീച്ചർ കുട്ടികളെ വിവിധ ഗ്രൂപ്പുകളാക്കി ഓരോ ഗ്രൂപ്പിനും വി. ബൈബിൾ നൽകുന്നു. സുവിശേഷം എങ്ങനെ ലോകമെങ്ങും വ്യാപിച്ചു എന്ന് വി. മർക്കോസിന്റെ സുവിശേഷത്തിലെ അധ്യായം 16-ൽ നിന്നും 'ശ്ലീഹന്മാരുടെ പ്രവർത്തനങ്ങൾ' അധ്യായം 1-ൽ നിന്നും കണ്ടെത്തി ക്ലാസ്സിൽ പങ്കുവയ്ക്കാൻ ആവശ്യപ്പെടുന്നു.

**ക്രോഡീകരണം:** സുവിശേഷം ലോകമെങ്ങും വ്യാപിപ്പിക്കാൻ ഈശോ തീവ്രമായി ആഗ്രഹിച്ചിരുന്നു. ഈ ആഗ്രഹപൂർത്തീകരണത്തിന് ഈശോ ശ്ലീഹന്മാർക്ക് പരിശുദ്ധാത്മാവിനെ നൽകി. ഇതിനടിസ്ഥാനമായുള്ള വി. ഗ്രന്ഥ വചനങ്ങൾ കണ്ടെത്താനും അത് സ്ഥിരീകരിക്കുന്നതിനും കുട്ടികൾക്ക് കഴിയുന്നു.

**പ്രവർത്തനം 2:** ചുവർപത്രിക തയ്യാറാക്കൽ

സുവിശേഷവത്കരണത്തിന്റെ മാധ്യസ്ഥരും വിശുദ്ധരുമായ വി. കുര്യാക്കോസ് ഏലിയാസ് ചാവറച്ചൻ, വാ. റാണി മരിയ, വാ. തേവർപറമ്പിൽ കുഞ്ഞച്ചൻ എന്നിവരുടെ ജീവചരിത്രം ക്ലാസ്സിലെ മൂന്ന് ഗ്രൂപ്പുകൾക്ക് നൽകി ഈ പുണ്യാത്മാക്കൾ നമ്മുടെ നാട്ടിൽ സുവിശേഷവത്കരണം നടത്തിയതെങ്ങനെയെന്ന് കണ്ടെത്തി ചുവർപത്രിക തയ്യാറാക്കാൻ ആവശ്യപ്പെടുന്നു.

**ക്രോഡീകരണം:** കേരളസമൂഹത്തെ നവോത്ഥാനത്തിലേക്ക് നയിച്ച് 'വിദ്യ' എന്ന പുണ്യം എല്ലാവരിലേക്കും എത്തിച്ച് ഈശോയെ പ്രഘോഷിച്ചും ജീവിച്ചും സാക്ഷ്യം വഹിച്ച കാലാതിശായിയായ പരിഷ്കർത്താവും വൈദികനുമായ വിശുദ്ധ ചാവറയച്ചന്റെയും; മരണംവരെ ഈശോയ്ക്കുവേണ്ടി സാക്ഷ്യം വഹിച്ച് ഇൻഡോറിലെ അടിച്ചമർത്തപ്പെട്ടവർക്കും പതിതർക്കും സാന്ത്വനമേകി അവർക്കുവേണ്ടി നിലകൊണ്ടും അവരുടെ ശബ്ദമായും ഈശോയെ അനുകരിച്ചും പ്രഘോഷിച്ചും ജീവിച്ച വാ. റാണി മരിയയുടെയും; പുലയർ, പറയർ തുടങ്ങിയ ദളിതരായ ജനങ്ങളുടെ ആവശ്യങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് ഈശോയ്ക്ക് സാക്ഷ്യം നൽകിയ വൈദികനായിരുന്ന വാ. തേവർപറമ്പിൽ കുഞ്ഞച്ചന്റെയും (നിങ്ങളുടെ രൂപതയിലും/ഇടവകയിലും ഇത്തരത്തിൽ ജീവിച്ച മറ്റു പ്രധാന വ്യക്തികളെയും) ജീവിതത്തിലെ പ്രധാന സുവിശേഷവത്കരണ മേഖലകളെ കുട്ടികൾ കണ്ടെത്തുന്നു. ചുവർപത്രികയുടെ സഹായത്തോടെ എല്ലാവരിലേക്കും എത്തിക്കുന്നു.

**പ്രവർത്തനം 3:** സന്ദേശം തയ്യാറാക്കൽ

കുടുംബാംഗം എന്ന നിലയിൽ കുടുംബത്തിലും ഇടവകാംഗം എന്ന നിലയിൽ ഇടവകയിലും വിദ്യാർഥി എന്ന നിലയിൽ പഠിക്കുന്ന വിദ്യാലയത്തിലും ഓരോ കുട്ടിയും നൽകുന്ന ക്രൈസ്തവസാക്ഷ്യം വ്യക്തമാക്കുന്ന ഒരു സന്ദേശം തയ്യാറാക്കാൻ ആവശ്യപ്പെടുന്നു.

**ക്രോഡീകരണം:** ഒരു വ്യക്തി എന്ന നിലയിൽ ക്രൈസ്തവജീവിതസാക്ഷ്യത്തിലെ തലങ്ങൾ മനസ്സിലാക്കി തീക്ഷ്ണതയോടെ ഈശോയുടെ സാക്ഷിയാകാൻ സജ്ജരാകുന്നു. സുവിശേഷവത്കരണത്തിന്റെ കണ്ണികളായി ഓരോരുത്തരും മാറുന്നു.

**തുടർപ്രവർത്തനങ്ങൾ**

1. നിങ്ങളുടെ ഇടവകയിലെ യുവജനങ്ങളുടെ കൗദാശികജീവിതത്തിലെ ആത്മാർഥമായ ഭാഗഭാഗിത്വത്തെക്കുറിച്ച് ഒരു സർവേ നടത്തുക. കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ എല്ലാവരിലും കൗദാശിക

ജീവിതത്തിലെ സജീവപങ്കാളിത്തം ഉറപ്പുവരുത്താനുള്ള കർമപദ്ധതി തയ്യാറാക്കി അടുത്തക്ലാസ്സിൽ അവതരിപ്പിക്കുക.

2. ക്രൈസ്തവജീവിതത്തിൽ റോൾമോഡലായി നിങ്ങൾക്ക് തോന്നുന്ന ഇടവകയിലെ ഒരു വ്യക്തിയുമായി അഭിമുഖം സംഘടിപ്പിച്ച് വിശ്വാസജീവിതത്തിലെ അദ്ദേഹത്തിന്റെ കാഴ്ചപ്പാടുകളെക്കുറിച്ച് റിപ്പോർട്ടുണ്ടാക്കി അടുത്ത ക്ലാസ്സിൽ ചർച്ചചെയ്യുക.

**മൊഡ്യൂൾ 2:** ക്രൈസ്തവ ജീവിതസാക്ഷ്യത്തിന്റെ വിവിധരീതികൾ മുതൽ പാഠാവസാനം വരെ

(സമയം 1.30 മണിക്കൂർ)

കഴിഞ്ഞ ക്ലാസ്സിലെ തുടർപ്രവർത്തനങ്ങളെ അവതരിപ്പിച്ച് ക്ലാസ്സ് തുടങ്ങുന്നു.

**പ്രവർത്തനം 1:** അനുഭവസാക്ഷ്യം

സ്വന്തം ജീവിതത്തിൽ ഈശോയെ അനുഭവിച്ച നിമിഷങ്ങളെ ടീച്ചർ ക്ലാസ്സിൽ പങ്കുവയ്ക്കുന്നു. അതുപോലെ കുട്ടികളോട് അവരുടെ അനുഭവങ്ങൾ ക്ലാസ്സിൽ പങ്കുവയ്ക്കാൻ ആവശ്യപ്പെടുന്നു.

**ക്രോഡീകരണം:** എവിടെയായിരുന്നാലും ഏത് ജോലിയിലായിരുന്നാലും നമ്മുടെ ജീവിതം വഴി ദൈവം നമ്മെ അനുഗ്രഹിക്കുകയാണെന്ന ബോധ്യത്തോടെ ശുശ്രൂഷാമനോഭാവത്തോടെ ജീവിച്ച് കുട്ടികൾ ഈശോയ്ക്ക് സാക്ഷ്യം വഹിക്കുന്നവരാകുന്നു.

**പ്രവർത്തനം 2:** ഗ്രൂപ്പ് ചർച്ച

ക്ലാസ്സിലെ വിവിധ ഗ്രൂപ്പുകൾക്ക് അധ്യാപിക/അധ്യാപകൻ ccc no 3 പരിചയപ്പെടുത്തുന്നു. നിങ്ങളുടെ ജീവിതത്തിൽ എവിടെയെല്ലാം സുവിശേഷ പ്രഘോഷണം നടത്താമെന്ന് ചർച്ചചെയ്ത് കണ്ടെത്തി ക്ലാസ്സിൽ അവതരിപ്പിക്കാൻ ആവശ്യപ്പെടുന്നു.

**ക്രോഡീകരണം:** തലമുറകളിലേക്ക് വിശ്വാസനിക്ഷേപം പകർന്നുകൊടുക്കേണ്ടത് വിശ്വാസം പരസ്യമായി ഏറ്റുപറഞ്ഞും സാഹോദര്യത്തിന്റെ പങ്കുവയ്ക്കലിലൂടെ ജീവിച്ചുകൊണ്ടും ആരാധനാക്രമത്തിലും പ്രാർഥനയിലും ആഘോഷിച്ചുകൊണ്ടുമാണ് എന്ന വസ്തുതയുൾകൊണ്ട് വിവിധ സുവിശേഷപ്രഘോഷണ സാഹചര്യങ്ങളെ കുട്ടികൾ കണ്ടെത്തുന്നു.

**പ്രവർത്തനം 3:** വിശുദ്ധരെ പരിചയപ്പെടുത്തൽ

വിവിധ വിശുദ്ധരുടെ ജീവചരിത്രങ്ങൾ ടീച്ചർ ക്ലാസ്സിലെ ഗ്രൂപ്പുകൾക്ക് നൽകുന്നു. തങ്ങളുടെ സഹനജീവിതംവഴി ഈശോയ്ക്ക് സാക്ഷികളായി

ത്തീർന്ന ഏതെങ്കിലും രണ്ട് വിശുദ്ധരെ ക്ലാസ്സിലെ ഓരോ ഗ്രൂപ്പിനോടും പരിചയപ്പെടുത്തുവാൻ ആവശ്യപ്പെടുന്നു. ആവർത്തനം ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുമല്ലോ.

**ക്രോഡീകരണം:** ക്രിസ്തീയസഹനം ഒരു അനുഗ്രഹവും യോഗ്യതയും ഭാഗ്യവുമാണെന്നും ഈശോയുടെ രക്ഷാകരപ്രവൃത്തിയിലുള്ള പങ്കുചേരലാണെന്നും കുട്ടികൾ മനസ്സിലാക്കുന്നു.

**പ്രവർത്തനം 4:** ഗ്രൂപ്പ് ചർച്ച

ഈശോമിശിഹായ്ക്ക് സാക്ഷ്യം വഹിക്കാൻ വിളിക്കപ്പെട്ട നമ്മെ കാത്തിരിക്കുന്ന ഈ ലോകത്തിന്റെ വെല്ലുവിളികൾ എന്തെല്ലാമെന്ന് കണ്ടെത്തി അവയെ അതിജീവിക്കാനുള്ള മാർഗങ്ങൾ ക്ലാസ്സിൽ ചർച്ചചെയ്ത് ക്രോഡീകരിക്കുവാൻ ആവശ്യപ്പെടുന്നു.


**ക്രോഡീകരണം:** ക്രിസ്തീയവിശ്വാസം സ്വീകരിക്കുകയും ജീവിക്കുകയും ചെയ്യുന്നതുവഴി സഹനങ്ങളും നഷ്ടങ്ങളും രക്തസാക്ഷിത്വം വരെയും ഉണ്ടാകുമെന്ന വസ്തുത ഉൾക്കൊണ്ട് പരിശുദ്ധാത്മകൃപയാൽ തളരാതെ ഈശോമിശിഹായ്ക്ക് സാക്ഷ്യം വഹിച്ച് നാം ഈ ഭൂമിയിലായിരിക്കുന്നതിന്റെ അർഥം മനസ്സിലാക്കി ജീവിക്കാൻ കുട്ടികൾ പ്രാപ്തരാകുന്നു.

തുടർപ്രവർത്തനങ്ങൾ (ഈ പ്രവർത്തനങ്ങളുടെ follow up ഉണ്ടാകാൻ ശ്രദ്ധിക്കുമല്ലോ)

1. ശ്ലീഹന്മാരുടെ രക്തസാക്ഷിത്വത്തെ സൂചിപ്പിക്കുന്ന ചിത്രങ്ങളും ലഘു വിവരണങ്ങളും e-poster ആയി നിർമിച്ച് സാമൂഹ്യസമ്പർക്ക മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുക.
2. നിങ്ങളുടെ സമീപപ്രദേശത്തുള്ള സഭയുടെ ജീവകാരുണ്യസ്ഥാപനങ്ങൾ സന്ദർശിച്ച് അവയുടെ പ്രസക്തിയും അതിന്റെ പിന്നിലെ സമർപ്പണവും ദൈവപരിപാലനയും കണ്ടെത്തി അടുത്ത ക്ലാസ്സിൽ അവതരിപ്പിക്കുകയും സാമൂഹ്യസമ്പർക്ക മാധ്യമങ്ങളിൽ പോസ്റ്റു ചെയ്യുകയും ചെയ്യുക.

**പ്രത്യേകം ശ്രദ്ധിക്കുക**

ടീച്ചർ എടുക്കാൻ പോകുന്ന പാഠഭാഗങ്ങൾ മുൻകൂട്ടി വായിച്ച്, അടുത്ത ക്ലാസ്സിലേക്ക് വേണ്ട പ്രവർത്തനങ്ങൾ കുട്ടികൾക്ക് മുൻകൂട്ടി കൊടുക്കാവുന്നതാണ്. ഈ പാഠത്തിലെ തുടർപ്രവർത്തനങ്ങൾ പ്രത്യേകമായും നേരത്തെ നൽകി ചെയ്തുവരാൻ പറഞ്ഞാൽ അഭികാമ്യം.



**ദൈവവചനം വായിക്കാം**
ശ്ലീഹന്മാരുടെ പ്രവർത്തനങ്ങൾ
അധ്യായങ്ങൾ 25-28



**ഹൃദയം ദീപ്തമാക്കാം**
"നമ്മുടെ കർത്താവിനു സാക്ഷ്യം നൽകുന്നതിൽ
നീ ലജ്ജിക്കരുത്" (2 തിമോ 1:8).



**എന്റെ തീരുമാനം**
ജീവിതത്തിന്റെ എല്ലാ സാഹചര്യത്തിലും വാക്കിലും
പ്രവൃത്തിയിലും ഞാൻ ഈശോയ്ക്ക് സാക്ഷിയായിരിക്കും.

**ചില ചോദ്യമാതൃകകൾ**

1. സുവിശേഷത്തിന്റെ ജീവനുള്ള ശബ്ദമാകാൻ' എങ്ങനെ സാധിക്കും. (പേജ് 117)
2. 'യേശുക്രിസ്തു ക്രിസ്ത്യാനിയുടെ മാത്രമല്ല മുഴുവൻ ലോകത്തിന്റേതുമാണ്. എന്ന മഹാത്മഗാന്ധിയുടെ പ്രസ്താവനയുടെ പൊരുൾ എന്തായിരിക്കും. (പേജ് 118)
3. വിശ്വാസ കൈമാറ്റത്തിന്റെ പ്രഥമവേദി കുടുംബമാണന്നു പറയുന്നതിനോട് നിങ്ങൾ യോജിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ എന്തുകൊണ്ട്? (പേജ് 119)
4. എവിടെയായിരുന്നാലും ഏത് ജോലിയിലായിരുന്നാലും നമ്മടെ ജിവിതം വഴി ദൈവം മറ്റുള്ളവരെ അനുഗ്രഹിക്കുകയാണെന്ന ബോധ്യത്തോടെ ജോലിചെയ്യണം. പാഠപുസ്തകത്തിലെ ഈ പ്രസ്താവനയോട് ഒരു വിദ്യാർഥി എന്ന നിലയിൽ എങ്ങനെ നീതി പുലർത്താനാകും. (പേജ് 120)
5. ക്രിസ്ത്യാനി എന്ന നിലയിൽ നിങ്ങളുടെ ക്രൈസ്തവ ജീവിതത്തെ പരിപോഷിക്കാനും മറ്റുള്ളവരെ വിശ്വാസ ജീവിതത്തിലെ പ്രചോദനമേകുവാനായി എന്തെല്ലാം ചെയ്യാറുണ്ട്? നിങ്ങളുടെ വിശ്വാസ ജീവിതം എത്രപേർക്ക് പ്രചോദനമായി എന്ന് കണ്ടെത്തി വിശദീകരിക്കുക. (പേജ് 121)
6. ഒരു ക്രൈസ്തവന് ഒഴിച്ചുകൂടാനാകാത്ത ഒന്നാണ് ഞായറാഴ്ചയാചരണം ഈ പ്രസ്താവനയെ സാധൂകരിക്കാൻ ഉതകുന്ന വസ്തുതകൾ നിരത്തുക. (പേജ് 122)
7. നല്ല സമരിയാക്കാരൻ ഉപമയിലെ നല്ല അയൽക്കാരനാകാൻ ഞാൻ എന്ന വ്യക്തിക്ക് എന്തെല്ലാം ചെയ്യാനാകും. (പേജ് 122)
8. ജീവിതക്ലേശങ്ങളാൽ വലയുന്ന ഒരു വ്യക്തിയെ ക്രിസ്തീയ സഹ

നത്തിന്റെ അടിസ്ഥാനത്തിൽ നിങ്ങൾ എങ്ങനെ ആശ്വസിപ്പിക്കും. വ്യക്തമാക്കുക. (പേജ് 123)

9. മഹത്ത്വമുള്ള ഒരു ക്രൈസ്തവ ജീവിതം സന്തോഷത്തോടെ നയിക്കാൻ നിങ്ങളുടെ കൂട്ടുകാർക്ക് എന്തെല്ലാം നിർദേശങ്ങൾ നൽകാനാകും. വിശദീകരിക്കുക? (പേജ് 124)
10. ഞാൻ ഈശോയുടെ സാക്ഷി എന്ന ഉത്തമബോധ്യത്തോടെ ജീവിക്കാൻ വീട്ടിലും വിദ്യാലയത്തിലും കൂട്ടുകാരുടെ ഇടയിലും ഞാൻ യത്നിക്കും. ഈ തീരുമാനം എന്നും അനുവർത്തിക്കാൻ എന്തെല്ലാം ചെയ്യാനാകും. പലപ്പോഴും ഈ തീരുമാനം അനുവർത്തിക്കാൻ സാധിക്കാതെ പോകുന്നു. എന്താണ് ഇതിന് കാരണം? ജോഷ്വ 1:8 ന്റെ അടിസ്ഥാനത്തിൽ ഇവയെ എങ്ങനെ മറികടക്കാം?

**അപ്പസ്തോലന്മാരുടെ മരണവും അവരുടെ കബറിടങ്ങളും**

1. വി. യാക്കോബ് (AD 44) വാളുകൊണ്ടു വധിക്കപ്പെട്ടു. സെന്റ് ജെയിംസ് ചർച്ച്, Compostela, സ്പെയിൻ
2. വി. പീലിപ്പോസ് (AD 54) കുരിശിൽ തറയ്ക്കപ്പെട്ടു. Church of the Dodici, റോം
3. വി. യാക്കോബ് (ചെറിയ) (AD 63) കല്ലെറിഞ്ഞ് വധിക്കപ്പെട്ടു. Holy Apostles Basilica, റോം
4. വി. പത്രോസ് (AD 64) തലകീഴായി കുരിശിൽ തറയ്ക്കപ്പെട്ടു. സെന്റ് പീറ്റേഴ്സ് ബസിലിക്ക, റോം
5. വി. അന്ത്രയോസ് (AD 70) X ആകൃതിയിലുള്ള കുരിശിൽ തറയ്ക്കപ്പെട്ടു. അമാൽഫി കത്തീഡ്രൽ, ഇറ്റലി
6. വി. മത്തിയാസ് (AD 70) കുരിശിൽ തറയ്ക്കപ്പെട്ടു. St. Mathias Abbey, Trier, Germany
7. വി. ബർത്തലോമിയോ (AD 70) കുരിശിൽ തറയ്ക്കപ്പെട്ടു. സെന്റ് ബർത്തലോമിയോ ബസിലിക്ക ചർച്ച്, റോം
8. വി. മത്തായി (AD 70) കുരിശിൽ തറയ്ക്കപ്പെട്ടു. St. Matthew Cathedral Messina, Sicily
9. വി. തോമസ് (AD 72) കുന്തത്താൽ വധിക്കപ്പെട്ടു. സെന്റ് തോമസ് കത്തീഡ്രൽ, മൈലാപ്പൂർ, ഇന്ത്യാ; തിരുശേഷിപ്പ് ഇറ്റലിയിലെ ഓർത്തോണായിൽ സൂക്ഷിക്കപ്പെടുന്നു.
10. വി. യൂദാ തദേവൂസ് (AD 72) അമ്പുകളാൽ വധിക്കപ്പെട്ടു. His remains were buried in St. Peter’s Basilica, Rome
11. വി. ശിമയോൻ (AD 74) വാളുകളാൽ വധിക്കപ്പെട്ടു. ഹോൾട്ടർ ഓഫ് ക്രൂസിഫിക്കേഷൻ, റോം
12. വി. യോഹന്നാൻ (AD 95) സാധാരണ മരണം. സെന്റ് ജോൺ ബസിലിക്ക, എഫേസൂസ്, തുർക്കി
13. വി. പൗലോസ് (AD 67) ശിരച്ഛേദം ചെയ്തു. സെന്റ് പോൾ ബസിലിക്ക ചർച്ച്, റോം